**നിയമനിർമ്മാണകാര്യം**

## 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ചർച്ച</u>

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. ഈ നിയമസഭാ സെഷനിൽ ഞാൻ ആദ്യമായാണ് സംസാരിക്കുന്നത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി ഞാൻ മത്സരിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. നമ്മുടെ നിയമസഭയിൽനിന്നും മത്സരിച്ച് പാർലമെന്റിലേക്കുപോയ ബഹുമാന്യരായ കെ. രാധാകൃഷ്ണൻ, ഷാഫി പറമ്പിൽ എന്നിവർ നല്ല പാർലമെന്റേറിയന്മാരായിരിക്കട്ടെയെന്ന ആശംസകൾകൂടി അർപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

നാം ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കുന്ന സമയത്ത് ഇന്ത്യയുടെയും കേരളത്തിന്റെയും സാമ്പത്തിക ബന്ധത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഈ നിയമസഭാ സെഷനിൽ ഒട്ടേറെ ചർച്ചകൾ നടന്നുകഴിഞ്ഞു. അതിൽ തർക്കമില്ലാത്ത ഒരു വിഷയം നമ്മുടെ ജനാധിപത്യ ഫെഡറലിസം പാടെ അട്ടിമറിക്കപ്പെടുന്നുവെന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനം ഒരുപാട് തരത്തിലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്ന ഘട്ടത്തിലാണെങ്കിലും അതിനെ സാമ്പത്തിക

പ്രതിസന്ധിയെന്നൊന്നും പറയാൻ കഴിയില്ല. റവന്യൂ വരുമാനം വർധിപ്പിച്ചും കാര്യങ്ങൾ കൃത്യമായി കൈകാര്യം ചെയ്തും ഈ സാമ്പത്തിക പ്രയാസങ്ങളെ മറികടക്കാൻ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നല്ല പരിശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. എന്നാലും സാമ്പത്തിക പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ട്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഫെഡറൽ ഡെമോക്രസിയുടെ അസ്തമനമാണ് എന്നുള്ളത് നമുക്ക് കാണാൻ സാധിക്കും. ഫെഡറൽ ഡെമോക്രസിയിൽ വളരെ വ്യക്തമായി സൂചിപ്പിക്കുന്നത് 'Power to govern is shared between the national and state governments' എന്നാണ്. എന്നാൽ അങ്ങനെയുള്ള ഒരു അധികാര വികേന്ദ്രീകരണമല്ല നടക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ രാജ്യത്തിന്റെ central-state relationship-ൽ വലിയ മാറ്റമുണ്ടാക്കിയാൽ മാത്രമേ സംസ്ഥാനം ആര് ഭരിച്ചാലും സുഗമമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, കേരളത്തിന് 60% ടാക്സ് ഷെയർ നൽകണമെന്നാണ്. 50 ശതമാനംപോലും ഇതുവരെ നൽകാത്തിടത്താണ് നാം അത് ആവശ്യപ്പെടുന്നത്. പക്ഷെ അത് ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയുമെല്ലാം

ആവശ്യകതയാണെന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. ‘ Power of taxation is vested in Central Government’ അതാണ് ഇന്നത്തെ അവസ്ഥ. നികുതി പിരിക്കാനും വിതരണം ചെയ്യാനുമുള്ള അധികാരം കേന്ദ്രസർക്കാരിനാണ്. സംസ്ഥാന സർക്കാരുകൾക്ക് കുറച്ചുകൂടി അധികാരം നൽകുമ്പോൾ മാത്രമേ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലും സംസ്ഥാന സർക്കാരുകൾ തമ്മിലുമുള്ള സന്തുലനം സാധ്യമാകുകയുള്ളൂ. അതെല്ലാം മനസ്സിലാക്കിക്കൊണ്ടുള്ള നികുതി വിഹിതം ലഭ്യമായാൽ മാത്രമേ നമുക്ക് കാര്യമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്രം വായ്പയെടുക്കുന്ന കാര്യത്തിൽത്തന്നെ, വായ്പയെടുക്കുന്നത് ഒരു മഹാഅപരാധമല്ല. കേന്ദ്ര ഗവൺമെന്റ് ജനാധിപത്യപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുവെങ്കിൽ വായ്പയെടുക്കാതെ മുന്നോട്ടുപോകാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിലേക്ക് വരാനിരിക്കുന്ന എല്ലാ സാമ്പത്തിക മാർഗ്ഗങ്ങളും അവസാനിപ്പിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെയടക്കം വിറ്റുതുലയ്ക്കുന്ന മുതലാളിത്ത സമീപനം സ്വീകരിക്കുന്നതുകൊണ്ടാണ് കേന്ദ്ര സർക്കാരിന് കടം വാങ്ങേണ്ടി വരുന്നത്. എൽ.ഐ.സി.-യുടെ കാര്യം അറിയാമല്ലോ, നമ്മൾ എത്രയോ തവണ ഇവിടെ

ചർച്ച ചെയ്തതാണ്. കേന്ദ്ര ട്രഷറിയിലേക്ക് പണം വരേണ്ട എല്ലാ ഭാഗങ്ങളും അടച്ചുകൊണ്ട് സെൻട്രൽ ഗവൺമെന്റിന്റെ പണം സ്വകാര്യ കോർപ്പറേറ്റുകൾക്ക് ഒഴുക്കിക്കൊടുക്കുന്ന സമീപനം സ്വീകരിക്കുന്നതുകൊണ്ടാണ് കടം വാങ്ങേണ്ടി വരുന്നത്. കേന്ദ്രവും കടം വാങ്ങുകയാണ്. കേന്ദ്രം 17 ലക്ഷം കോടി രൂപ കടം വാങ്ങിയതാണ് കേന്ദ്ര ബജറ്റിന്റെ ഭാഗമായി വരുന്ന കണക്ക്. നിയമപ്രകാരം കേന്ദ്രത്തിനായാലും സംസ്ഥാനത്തിനായാലും എടുക്കാവുന്ന വായ്പ 3 ശതമാനമാണ്. കേന്ദ്രം 5.8 ശതമാനം വായ്പയാണെടുത്തത്, അത് ഭീമമായ തുകയാണ്. കേരളത്തിനാണെങ്കിൽ 2.5 ശതമാനം വായ്പയെടുക്കാനാണ് അനുവാദം നൽകുന്നത്. ഇതിലൊന്നും നമ്മൾ തർക്കിക്കേണ്ട കാര്യമില്ല. എല്ലാവരും യോജിച്ചുകൊണ്ട് ഈ വ്യത്യാസം കേന്ദ്ര ഗവൺമെന്റിനോട് സംസാരിക്കേണ്ടതാണ്. പുതിയ സാഹചര്യത്തിൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് 3.5 ശതമാനമെങ്കിലും വായ്പയെടുക്കാൻ കേരളത്തെ അനുവദിക്കണമെന്നാണ്. അങ്ങനെ അനുവദിച്ചാൽ കേരളത്തിലെ ജനങ്ങളുടെ ധാരാളം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. കഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ

സമയത്ത് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും എല്ലാവരും പറഞ്ഞിട്ടുണ്ടോയെന്ന് എനിക്കറിയില്ല ഒരുപാട് ആളുകൾ പ്രസംഗിച്ചത്, കേരളത്തെ കടപ്രതിസന്ധിയിലാക്കി, കടബാധ്യതയിൽ വരിഞ്ഞുകെട്ടിയിരിക്കുന്നു, വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുന്നു, കടക്കെണിയിലാക്കിയിരിക്കുന്നു എന്നൊക്കെയാണ്. എന്നാൽ നമ്മുടെ ജനാധിപത്യ ഫെഡറൽ സംവിധാനം നഷ്ടപ്പെട്ടതുകൊണ്ടുതന്നെ എല്ലാ സംസ്ഥാനങ്ങളും കടമെടുക്കുകയാണ്. കേരളത്തിന്റെ കഴിഞ്ഞ വർഷത്തെ കടം 30839 കോടി രൂപയാണ്. എന്നാൽ തമിഴ്നാട് 87000 കോടി രൂപ, പടിഞ്ഞാറൻ ബംഗാൾ 63000 കോടി രൂപ, രാജസ്ഥാൻ 46000 കോടി രൂപയിലേറെ കടമെടുത്തിരിക്കുന്നു. ആന്ധ്രാപ്രദേശ് പോലും കടമെടുത്തിരിക്കുന്നു എന്നുള്ളതാണ്. പക്ഷെ കടമെടുക്കേണ്ടി വന്നപ്പോഴും നമ്മൾ പരിധിക്കപ്പുറത്തേയ്ക്ക് പോയിട്ടില്ല. നമ്മുടെ തനത് വരുമാനം വർധിപ്പിക്കാൻ ശ്രമിച്ചു. ധനകാര്യ കെടുകാര്യസ്ഥതയുണ്ടായെന്ന് ചിലർ പറയുന്നതു കേട്ടു, അങ്ങനെ പറയാൻ സാധിക്കുമോ? കേരളത്തിന്റെ തനത് നികുതി വരുമാനം 78.7 ശതമാനം വർധിപ്പിച്ചിട്ടുണ്ട്. പക്ഷെ നമ്മുടെ

ആവശ്യകതകളുമായി തട്ടിക്കുമ്പോൾ അതുകൊണ്ടുമാത്രമാകുന്നില്ല ടാക്സ് ഷെയർകൂടി ലഭിച്ചാൽ മാത്രമേ മതിയാകുകയുള്ളൂ. തനത് നികുതി വരുമാന വർധനവിന്റെ ദേശീയ ശരാശരി 65.4 ശതമാനമാണ്. നമ്മളതിൽ 78.7 ശതമാനം വർധനവുണ്ടാക്കിയിട്ടുണ്ട്. പക്ഷെ അതുകൊണ്ടും തികയാതെ വന്നിരിക്കുകയാണ്. അപ്പോൾ ഈ പ്രത്യേക സാമ്പത്തിക സാഹചര്യത്തിൽ നമ്മൾ എന്താണ് ചെയ്യുക? ഇത് ഭരണപക്ഷവും പ്രതിപക്ഷവും കൂടിയാലോചിച്ച് കൈകാര്യം ചെയ്യേണ്ട ഒരു വിഷയമായി മാറിയിരിക്കുകയാണ്. നമ്മുടെ ഗവൺമെന്റ് മുൻഗണന നിശ്ചയിച്ച് മുന്നോട്ടുപോകാനാണ് ആലോചിക്കുന്നത്. പ്രയോറിറ്റി നിശ്ചയിക്കേണ്ടി വരും. പ്രയോറിറ്റി നിശ്ചയിക്കുമ്പോൾ എന്ത് പ്രയോറിറ്റിയാണ് കൊടുക്കേണ്ടത്? എൽ.ഡി.എഫ്. ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രയോറിറ്റി നിശ്ചയിച്ച് മുന്നോട്ടുപോകണമെന്നാണ് സ്വാഭാവികമായും ഞങ്ങളെല്ലാവരും പറയുന്നത്. വളരെ എളുപ്പമല്ലെങ്കിലും അതിന് സാധിക്കും. അതിനുവേണ്ടിയുള്ള പരിശ്രമമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രിയുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്.

കോവിഡ് കഴിഞ്ഞ പശ്ചാത്തലം നമ്മൾ ഓർമ്മിക്കണം. ലോകമെമ്പാടും കോവിഡാനന്തര കാലത്ത് വലിയ പ്രതിസന്ധിയുണ്ടായി. സാധാരണക്കാരുടെ ജീവിതമാർഗ്ഗം നഷ്ടപ്പെട്ടു, അവരുടെ വരുമാനം കുറഞ്ഞു, വലിയ ദാരിദ്ര്യമുണ്ടായി. ഇതൊക്കെ ഇന്ത്യയിലും കേരളത്തിലുമുണ്ടായിട്ടുണ്ട്. കേരളത്തിലെ നമ്മുടെ നാട്ടിൻപുറങ്ങളിൽ ചെറിയ ചെറിയ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുപോയവരുണ്ട്. കോവിഡ് കാലത്ത് ഗൾഫ് രാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് വന്നശേഷം പിന്നെ തിരിച്ചുപോകാൻ കഴിയാത്ത ആളുകളുണ്ട്. അവരെയെല്ലാം നമുക്ക് സംരക്ഷിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ചെയ്യാനിരിക്കുന്ന കാര്യങ്ങൾ ആലോചിക്കുമ്പോൾ ഇങ്ങനെയുള്ള തൊഴിൽ നഷ്ടങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾകൂടി മുമ്പിലുണ്ടായിരിക്കണമെന്നുള്ളതാണ് പ്രത്യേകിച്ച് പറയാനുള്ളത്. ഇവിടെ പലരും സംസാരിച്ചതുപോലെ ചെറുകിട- പരമ്പരാഗത വ്യവസായ മേഖലകളിലും പരമ്പരാഗത-തൊഴിൽ മേഖലയിലുമുണ്ടായിട്ടുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ മുൻഗണന കൊടുക്കേണ്ടതുണ്ട്. കയർ, കൈത്തറി, കശുവണ്ടി, മറ്റ് രീതിയിലുള്ള പരമ്പരാഗത തൊഴിൽ മേഖല എന്നിവയെ

കൂടുതൽ ശ്രദ്ധിക്കണം. ഉപധനാഭ്യർത്ഥന നടത്തുന്നത് അത്തരം കാര്യങ്ങൾകൂടി കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണെന്ന് ഉറപ്പായും കരുതാം. അതുപോലെ വായ്പയെടുത്തിട്ട് തൊഴിൽ നഷ്ടത്തിന്റെ ഭാഗമായി തിരിച്ചടയ്ക്കാൻ കഴിയാതെ ഉഴലുന്ന ആളുകളുണ്ട്. എങ്ങനെയാണ് അത്തരം ആളുകൾക്ക് ചെറിയ ആശ്വാസമെങ്കിലും ചെയ്തുകൊടുക്കാൻ നമുക്ക് സാധിക്കുക? സാമൂഹികക്ഷേമ നടപടികളൊന്നും ഉപേക്ഷിക്കാൻ നമുക്ക് സാധിക്കില്ല. കണക്കുകൾ പരിശോധിച്ചാൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും കൂടുതൽ തുക സാമൂഹികക്ഷേമ നടപടികൾക്കുവേണ്ടി നാം ചെലവഴിക്കുന്നുണ്ട്. കേരളത്തിന്റെ റവന്യൂ വരുമാനം പൊതുവെ വളരെ കുറവാണ്, അതനുസരിച്ച് നോക്കുമ്പോൾ നമ്മൾ ചെലവഴിക്കുന്നത് വളരെ കൂടുതലാണ്. പക്ഷെ അതിൽനിന്ന് പിന്നോട്ടുപോകാൻ നമുക്ക് സാധിക്കില്ല. അതുകൊണ്ട് എല്ലാ ക്ഷേമപെൻഷനുകളും കുടിശ്ശിക തീർത്തുകൊടുക്കേണ്ടതും ക്ഷേമ പദ്ധതികൾ കൃത്യമായി നടത്തിക്കൊണ്ടുപോകേണ്ടതുമുണ്ട്. കഴിഞ്ഞ ഗവൺമെന്റ് വളരെ ശ്രദ്ധേയമായ സാമൂഹികപരിഷ്കരണ നടപടികളാണ് മുന്നോട്ടുവച്ചിരുന്നത്. അവയെല്ലാം മുന്നോട്ടുകൊണ്ടുപോകണം. നാല് മിഷനുകൾ, ലൈഫ് പദ്ധതിയെ

ഇവിടെ അനുകൂലിച്ചും എതിർത്തും ഒരുപാട് ചർച്ചകൾ നടന്നു. പക്ഷെ ലൈഫ് പദ്ധതി ഒരു അനുഗ്രഹം തന്നെയാണ്. ലോകത്ത് ഒരു ഗവൺമെന്റും മൊത്തം ജനസംഖ്യയുടെ കണക്കെടുത്ത് വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുണ്ടാക്കി കൊടുത്തിട്ടില്ല. അത് സമ്പന്ന രാഷ്ട്രങ്ങൾപോലും ചെയ്യാത്ത കാര്യമാണ്. അങ്ങനെ ചെയ്യാൻ പുറപ്പെടുമ്പോൾ ഒരുപാട് പരാതികളും അപാകതകളുമുണ്ടാകും. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചതിനുശേഷം നാലുലക്ഷത്തിലേറെ വീടുകൾ നിർമ്മിച്ചുകൊടുത്തു. ആ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ പണം വേണം. അതിനുവേണ്ടി നമുക്ക് നന്നായി പരിശ്രമിക്കേണ്ടതുണ്ട്. പരസ്പരം എതിർത്തുകൊണ്ടല്ല പരസ്പരം യോജിച്ചുകൊണ്ട് എങ്ങനെ ജനകീയ പങ്കാളിത്തത്തോടുകൂടി ലൈഫ് മിഷൻ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നതിനെക്കുറിച്ച് നല്ല ചർച്ച നടക്കേണ്ടതാണ്.

മാലിന്യ നിർമ്മാർജ്ജനം നന്നായി ശ്രദ്ധിക്കണം. കുടിവെള്ള വിതരണത്തെ സംബന്ധിച്ച് കഴിഞ്ഞ സബ്മിഷന് മറുപടിയായി മന്ത്രി ഇവിടെ പറഞ്ഞു. നല്ല രീതിയിൽ മുന്നേറിയിട്ടുണ്ട്. എല്ലാവർക്കും കുടിവെള്ളം, ജൽ

ജീവൻ മിഷൻ പദ്ധതിയിൽ കേരളത്തിന്റെ പങ്കും കേന്ദ്രത്തിന്റെ ഷെയറുമുണ്ട്. അതെല്ലാം വച്ചുകൊണ്ട് എം.എൽ.എ.-മാരെല്ലാം ശ്രദ്ധിച്ചുകൊണ്ട് ഓരോ മണ്ഡലത്തിലും കുടിവെള്ള വിതരണം വളരെ നന്നായി കൊണ്ടുപോകുന്നുണ്ട്. എന്നാൽ ശുദ്ധജലം വിതരണം ചെയ്യണം. നമ്മുടെ terrain, കാലാവസ്ഥ ഇതെല്ലാം വച്ചുകൊണ്ട് കേരളത്തിൽ പകർച്ചവ്യാധിയുണ്ടാകാൻ നല്ല സാധ്യതയുണ്ട്. അതുകൊണ്ട് ശുദ്ധമായ കുടിവെള്ളം നൽകണം. കുടിവെള്ളം പരിശോധിക്കാനുള്ള ലാബുകൾ എല്ലായിടത്തും സ്ഥാപിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് മലബാർ മേഖലയിലെ കൂത്തുപറമ്പിൽ ഫുഡ് സേഫ്റ്റിയുടെ ഒരു ലാബ് പ്രഖ്യാപിച്ച് തുടങ്ങിവച്ചിരുന്നു. കോവിഡ് കാലത്ത് തടസ്സപ്പെട്ടുപോയതെല്ലാം പുനരുജ്ജീവിപ്പിച്ച്, പൂർത്തിയാക്കിക്കൊണ്ട് ഈ മേഖലയിൽ ജനങ്ങളുടെ ആരോഗ്യം രക്ഷിക്കാൻ ഇടപെടണം. ആരോഗ്യ മേഖലയിൽ പകർച്ചവ്യാധി പ്രതിരോധം, ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പുനരുദ്ധാരണം/മെച്ചപ്പെടുത്തൽ ഇതെല്ലാം മുന്നോട്ടുകൊണ്ടുപോകണം. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സർക്കാരിന് നല്ല ബാധ്യതയാണ്. 42 ലക്ഷം കുടുംബങ്ങൾക്കുള്ള

പ്രീമിയത്തിൽ 18 ലക്ഷം കുടുംബങ്ങളുടെ 60 ശതമാനം മാത്രമേ കേന്ദ്രം നൽകുന്നുള്ളൂ. എന്നാലും അവരുടെ പേരെഴുതി വയ്ക്കണമെന്ന് പറയുകയാണ്. ഇപ്പോഴും അങ്ങനെയാണ് പറയുന്നത്. ബാക്കി മുഴുവൻ പ്രീമിയം തുകയും കേരള ഗവൺമെന്റ് സൗജന്യമായി അടയ്ക്കുകയാണ്. അത് നമുക്ക് മുന്നോട്ടുകൊണ്ടുപോകാതിരിക്കാൻ സാധിക്കില്ല. വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരം നടക്കണം. സാമൂഹ്യനീതി ഉറപ്പുവരുത്താൻ സാമൂഹ്യനീതി വകുപ്പ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ പോലെയുള്ള കാര്യങ്ങൾ വളരെ ശക്തമായി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അതെല്ലാം ഓരോന്നായി ഇവിടെ പറയുന്നില്ല. അതിനെല്ലാം പണം വേണം. അത് എങ്ങനെ സ്വരൂപിക്കുമെന്നും എങ്ങനെ വിതരണം ചെയ്യണമെന്നും അതിൽ ഏതിന് ആദ്യം മുൻഗണന കൊടുക്കണമെന്നുള്ളതും നമ്മൾ തീരുമാനിക്കേണ്ടതുണ്ട്. ഇതിനെല്ലാം പ്രതിപക്ഷം സഹകരിക്കണ്ടേ? എന്നാൽ അങ്ങനെയൊരു സഹകരണാത്മകമായ സമീപനമല്ല പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. വിമർശനം സംഹാരാത്മകമായി മാറുകയാണ്. കേന്ദ്ര ഗവൺമെന്റിനെതിരായി സമരം ചെയ്യാൻപോലും വന്നില്ല. നമ്മൾ

ഒരുമിച്ചുപോയി സമരം ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു. പക്ഷെ വന്നില്ല. ഞങ്ങളെല്ലാവരും അവിടെ പോയി സമരം ചെയ്തു. സമരം ചെയ്യേണ്ട ആവശ്യമുണ്ടായതുകൊണ്ടാണ്. വെറുതെ ഒരു ഷോ കാണിക്കാനാണോ അവിടെ പോയത്; അല്ലല്ലോ. എന്തുകൊണ്ടാണ് പ്രതിപക്ഷം അതിൽ സഹകരിക്കാതിരുന്നതെന്ന് മനസ്സിലാകുന്നില്ല. തിരഞ്ഞെടുപ്പിൽ വലിയ വിജയം ബി.ജെ.പി.-ക്കുണ്ടാകുമെന്നാണ് കരുതിയത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഒരു കാര്യത്തിൽ നമുക്ക് സന്തോഷമുണ്ട്. നാലിൽ മൂന്ന് ഭൂരിപക്ഷത്തോടെ, അങ്ങനെയായിരുന്നല്ലോ പറഞ്ഞിരുന്നത് 400+ സീറ്റ് നേടി ബി.ജി.പി. വരും, മോദി ഗ്യാരന്റി എന്ന് പ്രചരിപ്പിച്ചു. എന്തായാലും ഇന്ത്യാ ബ്ലോക്കിന്റെ രൂപീകരണവും പ്രവർത്തനവുമെല്ലാം ചേർന്ന് അത്തരമൊരു അവസ്ഥയിലെത്തിയില്ല. അവർക്ക് വിചാരിച്ച രീതിയിൽ സീറ്റ് ലഭിച്ചില്ലെന്നത് വസ്തുതയാണ്. അതിൽ നമുക്ക് സന്തോഷിക്കാം. പക്ഷെ കോൺഗ്രസ് സ്വീകരിക്കുന്ന സമീപനമെന്താണ്? വലിയ ഏകാധിപത്യപരമായ സമീപനം ബി.ജെ.പി. സ്വീകരിക്കുന്നുവെന്ന് പറയുമ്പോൾ കോൺഗ്രസ് ധാരാളം കാര്യങ്ങൾ തിരുത്തേണ്ടതായിട്ടുണ്ട്. തിരുത്തുമെന്ന് പ്രതീക്ഷിക്കാം.

പ്രസിദ്ധ എഴുത്തുകാരനായ ആനന്ദ് മുമ്പെഴുതിയ ഒരു ലേഖനം ഞാൻ അടുത്തിടെ വായിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് 'നെഹ്റുവിന്റെ കോൺഗ്രസ് ഫാസിസ്റ്റ് സ്വഭാവം കാണിക്കുമെന്ന് ആരെങ്കിലും വിശ്വസിക്കുമോ, പക്ഷെ നെഹ്റു പോയി ദശാബ്ദം കഴിഞ്ഞപ്പോൾ, തന്റെ സർക്കാരിനെതിരെ ജനകീയ പ്രക്ഷോഭം ഉയർന്നുവന്നപ്പോൾ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി ഭരണഘടനയുടെതന്നെ കല്ലുകൾ അടർത്തിയെടുത്ത് സ്വന്തം കൊട്ടാരത്തിനുചുറ്റും കോട്ടകൾ പണിതു' എന്നാണ്. ആ ഇളകിയ കല്ലുകൾ പിന്നീട് ഒരിക്കലും നേരെ ഉറപ്പിച്ചിട്ടില്ല. മൗലികാവകാശത്തിന്റെ കല്ലുകൾ ഇളക്കാമെങ്കിൽ സെക്യുലറിസത്തിന്റെ കല്ലുകളും ഇളക്കാമെന്ന് പിന്നീട് വന്നവർ പരിശോധിച്ച് കാണുകയാണ്. ഇത് എതിർക്കണം. കോൺഗ്രസ് കുറേക്കൂടി നന്നാകണം. സമയമില്ലാത്തതുകൊണ്ട് കൂടുതൽ കാര്യങ്ങൾ ഞാൻ പറയുന്നില്ല. പാർലമെന്റ് തിരഞ്ഞെടുപ്പിൽ വടകര മണ്ഡലത്തിൽനിന്നും മത്സരിച്ച ഒരാളാണ് ഞാൻ. നിങ്ങൾ പലതും ഇവിടെ പ്രസംഗിച്ചു. ബഹുമാന്യനായ നജീബ് കാന്തപുരം പറഞ്ഞു ഞങ്ങൾക്കുവേണ്ടി ഗോളടിച്ചിട്ടുള്ള മെസ്സിവന്നുവെന്ന്, ശ്രീ. നജീബേ, കുഴപ്പമില്ല, നല്ല

ഗോളായിരുന്നു, അതിലൊന്നും തർക്കം പറയുന്നില്ല. പക്ഷെ ഈ ഗോൾ മുസ്ലീം ലീഗിന്റെ ഗോൾ വലയത്തിലേയ്ക്ക് എത്രവരുമെന്നത് നിങ്ങൾ നോക്കിക്കോളൂ. മുസ്ലീം ലീഗിനെ ഒരു വർഗ്ഗീയ പാർട്ടിയായി ഞങ്ങൾ പറഞ്ഞിട്ടില്ല. ഭൂരിപക്ഷ ഹൈന്ദവ വർഗ്ഗീയതയെ എതിർക്കുമ്പോൾ ന്യൂനപക്ഷ വിഭാഗത്തിലെ വർഗ്ഗീയതയെയും എതിർക്കാൻ ഞങ്ങൾ തയ്യാറാകുന്നുണ്ട്. ഹൈന്ദവ രാഷ്ട്രവാദത്തെ എതിർക്കുമ്പോൾ ഇസ്ലാം രാഷ്ട്രവാദത്തെയും എതിർക്കാൻ എൽ.ഡി.എഫ്.നും യു.ഡി.എഫ്.-നും സാധിക്കണം. അവിടെ ജമാഅത്തെ ഇസ്ലാമിക്കും എസ്.ഡി.പി.ഐ.-യ്ക്കും സ്ഥാനാർഥിയുണ്ടായിരുന്നില്ല. (.....ബഹളം.....) നിങ്ങൾക്ക് പറയാനുള്ളത് നേരത്തെ പറഞ്ഞു.......... തെരഞ്ഞെടുപ്പിൽ വിജയിച്ചതിൽ നിങ്ങൾക്ക് ഇപ്പോൾ നല്ല സന്തോഷമുണ്ട്. എന്നാൽ നിങ്ങൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളുണ്ടെന്നാണ് ഞാൻ പറയുന്നത്. മുസ്ലീം ലീഗിൽ ഒരുപാട് വർഗ്ഗീയതയൊന്നുമില്ലാത്ത ആളുകളല്ലേ കൂടുതലുള്ളത്; ഈ കൂട്ടുകെട്ട് ശുഭകരമാണ്. നാളെ കോൺഗ്രസ്സിനും മുസ്ലീം ലീഗിനുമുണ്ടാകാൻ പോകുന്ന അപകടം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. ആ അപകടം കേരളത്തിനുകൂടി അപകടമാണെന്ന കാര്യം നിങ്ങൾ ഓർക്കണം.

നവമാധ്യമങ്ങളിലൂടെയുള്ള കാര്യങ്ങളെല്ലാമുണ്ട്. നിങ്ങളുടെ 'കാഫിർ' പ്രയോഗമൊക്കെ പറഞ്ഞു. അതിനുമുമ്പ് മറ്റൊരു വാർത്ത വന്നിരുന്നു.

മി. സ്പീക്കർ: ടീച്ചർ .......... പ്ലീസ്.....പ്ലീസ്.......

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമെല്ലാം ഇവിടെ ഇരിക്കുകയാണ്. മാതൃഭൂമി ഓൺലൈൻ പേജ് ക്രിയേറ്റ് ചെയ്തുകൊണ്ട് ഒരു വാർത്ത വന്നു; 'ലവ് ജിഹാദ് ഉണ്ട്: കെ. കെ. ശൈലജ ടീച്ചർ' . ഇത് ആരെ ബോധിപ്പിക്കാനായിരുന്നു; ഇതിനെക്കുറിച്ച് ഞാൻ മാതൃഭൂമിയുടെ ഓഫീസിൽ അന്വേഷിച്ചപ്പോൾ അങ്ങനെ ഒരു വാർത്ത അവർ നൽകിയിട്ടില്ലെന്നും അത് fake പേജാണെന്നുമാണ് അറിയിച്ചത്. അതിന്റെ ഉത്തരവാദി ആരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഞാൻ അക്കാര്യം പറഞ്ഞ് ഇവിടെ തർക്കിക്കുന്നില്ല. അത് ചെയ്തത് ആരാണെന്ന് മനസ്സിലായിട്ടുണ്ട്. ധാർമ്മികതയെന്ന് പറയുന്ന ഒരുകാര്യമുണ്ടെന്ന് നിങ്ങളെല്ലാവരും മനസിലാക്കേണ്ടതാണ്. രാഷ്ട്രീയ ധാർമ്മികത കാണിച്ചില്ലെങ്കിൽ വരാനിരിക്കുന്ന നാളുകളിൽ അപകടമുണ്ടാകാൻ സാധ്യതയുണ്ടെന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാൻ ഇവിടെയിത്

പറഞ്ഞത്. അതുപോലെ നിരവധി കാര്യങ്ങളുണ്ട്. നമുക്ക് ഒരുമിച്ചുനിന്ന്, പ്രയോരിറ്റി നിശ്ചയിച്ചുകൊണ്ട് സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും എങ്ങനെ കേരളത്തെ മുന്നോട്ടുനയിക്കാമെന്നതിനും കേരളത്തിലെ ജനങ്ങൾക്ക് എത്രമാത്രം ആശ്വാസമെത്തിക്കാമെന്നതിനും വേണ്ടിപരിശ്രമിക്കണം. അതിന് പ്രതിപക്ഷത്തിന്റെ സഹായമുണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അങ്ങനെ ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ, മാവേലി സ്റ്റോറിൽ അരി എത്തിക്കുന്നതിനും പെൻഷൻ നൽകുന്നതിനുമെല്ലാം സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഒരിക്കൽകൂടി ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നേരത്തെ ഇവിടെ സൂചിപ്പിച്ച ക്വസ്റ്റ്യൻ ഓഫ് പ്രയോരിറ്റിയുണ്ട്. ആ ക്വസ്റ്റ്യൻ ഓഫ് പ്രയോരിറ്റിയെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്. പക്ഷെ ക്വസ്റ്റ്യൻ ഓഫ് കൺവീനിയൻസിനെകുറിച്ചാണ് അങ്ങ് സംസാരിച്ചത്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിലുള്ള വിവിധ ആനുകൂല്യങ്ങൾ നൽകാൻ 465 കോടി രൂപയും 15 മാസത്തോളം കുടിശ്ശികയുള്ള കെട്ടിടനിർമ്മാണ ക്ഷേമനിധി

പെൻഷൻ നൽകുന്നതിന് 700 കോടി രൂപയും മറ്റാനുകൂല്യങ്ങൾക്കുവേണ്ടി 36 കോടി രൂപയും ആവശ്യമാണ്. നമ്മുടെ നാട്ടിലെ പാവപ്പെട്ടവരും ഒരു നേരത്തെ ആഹാരം ലഭിക്കാത്ത പട്ടിണി പാവങ്ങളുമാണ് ഇതിൽ ഉൾപ്പെടുന്നത്. നമ്മൾ ലോകമാതൃകയാണെന്ന് പറയുകയും ലോകത്തിലെ ഏറ്റവും ചെറിയ രൂപത്തിൽ നിൽക്കുകയും ചെയ്താൽ മതിയോ? അതുകൊണ്ടാണ് ക്വസ്റ്റ്യൻ ഓഫ് പ്രയോരിറ്റിയാണെന്ന് ഞങ്ങൾ പറയുന്നത്. ഞങ്ങളെ കുറ്റപ്പെടുത്തുന്നതിനുവേണ്ടി കുറച്ച് രാഷ്ട്രീയമൊക്കെ അങ്ങ് പറഞ്ഞു. ഒരു തിരഞ്ഞെടുപ്പിനുശേഷം അങ്ങ് വന്ന് രാഷ്ട്രീയം പറയുന്നതിനെ ഞാൻ എതിർക്കുന്നില്ല. ഞങ്ങൾ വ്യക്തിയെയല്ല പ്രസ്ഥാനത്തെയാണ് എതിർക്കുന്നത്. നിലപാടുകളെയാണ് എതിർക്കുന്നത്. കോൺഗ്രസ് എല്ലാ സ്ഥലത്തും ഒരുപോലെ നിൽക്കണമെന്ന് ഇവിടെ പറഞ്ഞു. കോൺഗ്രസ് എല്ലാ സ്ഥലത്തും ഒരുപോലെ നിന്നതുകൊണ്ടാണ് തമിഴ്നാട്ടിൽനിന്നും രാജസ്ഥാനിൽനിന്നുമുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ എം.പി.-മാർ പാർലമെന്റിലെത്തിയത്. നിങ്ങളുടെ പാർട്ടിയെ ഒരു recognised രാഷ്ട്രീയ പാർട്ടിയാകത്തക്ക വിധത്തിലെത്തിക്കാൻ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും കൂടുതൽ ശ്രമിച്ചിട്ടുള്ളത് ശ്രീ. രാഹുൽ

ഗാന്ധിയാണെന്ന യാഥാർത്ഥ്യം മറക്കരുതെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. ഞാൻ ഇനി വിഷയത്തിലേയ്ക്ക് കടക്കാം. ധനകാര്യത്തെ സംബന്ധിച്ച് പറയുമ്പോൾ രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, വിഭവസമാഹരണമാണ്. അതിനുവേണ്ടി നല്ല പരിശ്രമം വേണ്ടതുണ്ട്. രണ്ട്, ചെലവഴിക്കുന്ന കാര്യത്തിൽ അതിര് കടന്നുപോകരുത്. ഈ രണ്ടിന്റെയും ബാലൻസ് സൂക്ഷിക്കാൻ സാധിക്കുമെങ്കിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. പക്ഷെ വിഭവസമാഹരണത്തിന്റെ കാര്യത്തിൽ അങ്ങനെ സാധിക്കുന്നുണ്ടോ; 2017 മുതൽ തുടർച്ചയായി ആറ് തവണ ആംനെസ്റ്റി സ്കീം കൊണ്ടുവന്നു. അത് വിജയിച്ചുവെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുമെന്ന് എനിക്ക് തോന്നുന്നില്ല. 13,000 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി ആറ് പ്രാവശ്യമായിട്ടാണ് ആംനെസ്റ്റി സ്കീം കൊണ്ടുവന്നത്. അത് വേണ്ടവിധം മുന്നോട്ടുപോയില്ല. വിഭവസമാഹരണത്തിന്റെ കാര്യത്തിൽ ഒരു രംഗം മറന്നുപോകുകയാണ്. 2016 സാമ്പത്തിക വർഷത്തിൽ സ്വർണ്ണത്തിൽനിന്നുള്ള നികുതി വരുമാനമായി 653 കോടി രൂപയായിരുന്നു ലഭിച്ചതെങ്കിൽ ഇന്ന് ആ ഇനത്തിൽ

സംസ്ഥാനത്തിന് 383 കോടി രൂപ മാത്രമാണ് ലഭിക്കുന്നത്. അതായത്, നികുതിവരുമാന നിരക്ക് കുത്തനെ താഴോട്ടുപോകുകയാണ്. വാറ്റ് നികുതി ഏർപ്പെടുത്തിയിരുന്നകാലത്ത് സംസ്ഥാനത്ത് 5000 രജിസ്ട്രേഷനുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് 10649 രജിസ്ട്രേഷനുകളായി ഉയർന്നിട്ടുണ്ട്. പക്ഷെ സംസ്ഥാനത്തിന്റെ വിഹിതം വർദ്ധിക്കുന്നില്ല. സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തെ സംബന്ധിച്ച് വലിയൊരു കാഴ്ചപ്പാട് ഉണ്ടായെങ്കിൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ. ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ പ്രതിവർഷം 1000 ടൺ സ്വർണ്ണം ക്രയവിക്രയം നടത്തുന്നു. അതിൽ 30 ശതമാനവും കേരളത്തിലാണ്. അതിന്റെ ടാക്സ് കേരളത്തിന് ലഭിക്കുന്നില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. കേരളത്തിൽ പ്രതിവർഷ സ്വർണ്ണ ഉപഭോഗം 200 മുതൽ 300 ടൺവരെയാണ്. ആ കച്ചവടത്തിൽനിന്ന് സംസ്ഥാനത്തിന് 65 ശതമാനം നികുതി ലഭിക്കേണ്ടതാണ്. സർക്കാർ വിവരാവകാശ നിയമപ്രകാരം പുറത്തുവിട്ടിരിക്കുന്ന കണക്കനുസരിച്ച് 2022-23-ൽ സ്വർണ്ണക്കച്ചവടത്തിന്റെ ടേൺ ഓവർ കേവലം 1,11,000 കോടി രൂപമാത്രമാണ്. അതിൽ എൺപത് ശതമാനത്തോളം വഹിക്കുന്നത് ചില

വ്യക്തികൾ മാത്രമാണെന്ന യാഥാർത്ഥ്യം ഞാൻ മറക്കുന്നില്ല. 2016-ൽ ഒരു ഗ്രാം സ്വർണ്ണത്തിന് 2,820 രൂപയായിരുന്നുവെങ്കിൽ 653 കോടി രൂപയാണ് നികുതിയായി സംസ്ഥാനത്തിന് ലഭിച്ചത്. നിലവിൽ ഒരു ഗ്രാം സ്വർണ്ണത്തിന് 6,649 രൂപയുണ്ടായിട്ടും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി 700 കോടി രൂപ മാത്രമാണ്. അതായത്, വിഭവസമാഹരണം താഴോട്ട് പോകുകയാണ്. ടാപ്പ് ചെയ്യേണ്ട മേഖലയിൽ വേണ്ടവിധം ചെയ്യാൻ കഴിയുന്നില്ലെന്നതല്ലേ യാഥാർത്ഥ്യം; ഇക്കോണമിയുടെ വലിപ്പം മൂന്നിരട്ടി വർദ്ധിച്ചിട്ടും നികുതിവരുമാനം വർദ്ധിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ എണ്ണം പകുതിയായി വെട്ടിക്കുറച്ച് പരിശോധനകൾ ദുർബലമാക്കിയെന്ന ആക്ഷേപമുണ്ട്. അത് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണം. ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് 2023 ഓഗസ്റ്റ് മുതൽ ഇ-വേ ബിൽ നിഷ്കർഷിക്കണമെന്ന തീരുമാനമുണ്ടായിരുന്നു. കേരളത്തിന് ഈ വിജ്ഞാപനം നടപ്പാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. അതിന് കാരണമെന്താണെന്ന് അങ്ങയുടെ മറുപടിയിൽ വ്യക്തമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വിഭവസമാഹരണത്തിന്റെ കാര്യത്തിൽ നമുക്ക് സംഭവിച്ചിട്ടുള്ള

പാളിച്ചകൾ മാറ്റുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെന്ന പോസിറ്റീവ് ക്രിട്ടിസിസം ഞാൻ നടത്തുകയാണ്. അതോടൊപ്പം ധനകാര്യ വകുപ്പ് എതിർത്താലും ധനകാര്യ വകുപ്പുദ്യോഗസ്ഥർ ഫയലിനകത്ത് ' should not be given' എന്ന് എഴുതിയാലും ചില കാര്യങ്ങൾ മറ്റ് വഴികളിലൂടെ പാസ്സാക്കി പോകുകയാണ് ചെയ്യുന്നത്. ധനകാര്യ വകുപ്പ് എതിർത്തിട്ടും മന്ത്രിസഭയുടെ അനുമതിയോടുകൂടി നടപ്പാക്കിയ സിംഗിൾ ബിഡ്ഡുള്ള പ്രവൃത്തികളെല്ലാം ഉയർന്ന ടെൻഡർ എക്സസിന് അനുമതി നൽകിയിരിക്കുകയാണ്. അങ്ങയുടെ ഓർമ്മയ്ക്കുവേണ്ടി ഞാൻ രണ്ട് ഫയൽ നമ്പരുകൾ പറയാം. ആ തീയതി പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണ്. 14-03-2024-ലെ ജി.ഒ.(എം.എസ്.)16/2024 പ്രകാരം 110,67,14,407 രൂപയുടെ 11 പദ്ധതികൾക്ക് നിബന്ധനകൾ ലംഘിച്ച് അനുമതി നൽകിയിട്ടുണ്ട്. അങ്ങനെ ഒരു വശത്തുകൂടി പണം ഒഴുകിപോകുകയാണ്. സമാഹരിക്കേണ്ട തുകകൾ സംസ്ഥാനത്തിന് വേണ്ടവിധം ലഭിക്കുന്നില്ല. എന്നാൽ ഉള്ള തുകയെല്ലാം ഒരു വശത്തുകൂടി ഒഴുകിപോകുകയാണ്. വിജിലൻസ് കേസന്വേഷണം നേരിടുന്ന കമ്പനിക്കുപോലും ചട്ടങ്ങൾക്ക് വിരുദ്ധമായി 31.98 ശതമാനം ടെൻഡർ

എക്സൈസിൽ ടെൻഡർ കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലിൽ ഉദ്യോഗസ്ഥർ ‘ should not be given’ എന്നാണ് എഴുതിയിരിക്കുന്നത്. കാരണം അവർ നിബന്ധനവിട്ടുള്ള കാര്യങ്ങൾക്ക് നിൽക്കില്ല. പക്ഷെ ഈ വിഷയം കാബിനറ്റിലേയ്ക്ക് പോകുമ്പോൾ അത് നൽകാൻ പാടില്ലെന്നാണ് ഉദ്യോഗസ്ഥർ ഫയലിൽ എഴുതിയിട്ടുള്ളതെന്ന വിവരം അറിഞ്ഞുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രി 31 ശതമാനം എക്സൈസിൽ ടെൻഡർ നൽകുന്നതിന് അനുകൂലമായി നിൽക്കും. കാബിനറ്റ് രഹസ്യം നിയമസഭയിൽ പറയണമെന്ന് ഞാൻ പറയുന്നില്ല. പക്ഷെ അങ്ങനെ അനുകൂലമല്ലായിരുന്നുവെങ്കിൽ ഇക്കാര്യത്തിൽ ക്ലിയറൻസ് ലഭിക്കില്ലായിരുന്നു. അതേ കമ്പനിക്കുതന്നെ 27.98 ശതമാനം ടെൻഡർ എക്സൈസിന് ജി.ഒ.(എം.എസ്.) 36/2024 പ്രകാരം 95 കോടി രൂപയുടെ......

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്.....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച അംഗത്തിന് മൂന്ന് മിനിട്ട് അധികം സംസാരിക്കാൻ അവസരം നൽകി. ....അങ്ങനെ 142.21 കോടി രൂപയുടെ ടെൻഡർ

എക്സൈസിനപ്പുറത്തേയ്ക്കുപോയി. ഞങ്ങൾ വളരെ പോസിറ്റീവായ രീതിയിലാണ് കാര്യങ്ങൾ പറയുന്നത്. കാരണം സർക്കാർ നന്നായി മുന്നോട്ടുപോകണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. അക്കാര്യത്തിൽ നെഗറ്റീവായിട്ടുള്ള നിലപാടൊന്നും ഞങ്ങൾക്കില്ല. എന്റെ കൈവശം ഇതുസംബന്ധിച്ച രേഖകളും നിയമസഭയിൽ നൽകിയ ഉത്തരങ്ങളുമുണ്ട്. അങ്ങ് ആവശ്യപ്പെടുകയാണെങ്കിൽ എന്റെ കൈവശമുള്ള ഉത്തരങ്ങൾ അങ്ങേയ്ക്ക് പ്രത്യേകിച്ച് നൽകാം. അതുകൊണ്ട് ഈ നിലയിലുള്ള നടപടികൾ മാറേണ്ടതുണ്ട്. എ.ഡി.ബി വായ്പയുടെ മറവിൽ കുടിവെള്ള സ്വകാര്യവത്കരണം തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എളമരം കരീമും കൊച്ചിയിൽ ഒരു സമരം ഉദ്ഘാടനം ചെയ്തു. അദ്ദേഹം മാത്രമല്ല, വാട്ടർ അതോറിറ്റിയിലെ CITU, AITUC, INTUC നേതാക്കന്മാരുൾപ്പെടെ എല്ലാവരും ആ സമരത്തിൽ പങ്കെടുത്തിരുന്നു. സമരത്തിന്റെ കാരണം എന്താണ്; എ.ഡി.ബി. വായ്പയുടെ മറവിൽ കുടിവെള്ള സ്വകാര്യവത്കരണം നടത്തുന്നുവെന്നുള്ളതാണ്. അവരുടെ ഡിമാൻഡുകളടങ്ങിയ രേഖകൾ എന്റെ കൈവശമുണ്ട്. ഞാൻ ബഹുമാനപ്പെട്ട ചെയറിനെ നൂറ് ശതമാനം മാനിക്കുന്നതുകൊണ്ട് അധികമായി

സംസാരിക്കുന്നില്ല. ഏതായാലും ഇതുപോലുള്ള നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാനത്തിന് ഗുണകരമല്ല. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷണം നടത്തണം. അന്വേഷണം അങ്ങ് സുതാര്യമായി നടത്തുമെന്ന് എനിക്കറിയാം. പൂർവകാലത്തുണ്ടായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പാപഭാരം ചുമക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയാണ് അങ്ങെന്നറിയാവുന്ന ഞാൻ അങ്ങയെ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്, ഇതുപോലെ പരിധിവിട്ടുപോകുന്ന കാര്യങ്ങൾക്ക് അങ്ങ് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുത്തുകൊണ്ട് ധനകാര്യ നിലപാടുകൾ കറക്ടായി പോകുന്നതിനുവേണ്ടിയുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകണം. നമ്മുടെ നാട്ടിൽ തടഞ്ഞുവച്ചിട്ടുള്ള ചില പദ്ധതികളുണ്ട്. നടന്നുകൊണ്ടിരുന്ന പല വർക്കുകൾക്കും സർക്കാർ മാറിയപ്പോൾ അവിടെ സ്റ്റോപ്പ് മെമ്മോ നൽകുകയാണ്. എന്തൊരു കഷ്ടമാണ്; ശ്രീ. രമേശ് ചെന്നിത്തല ഒരു ധർണ്ണ ഉദ്ഘാടനം ചെയ്തു. അവിടെ ഞാൻതന്നെയാണ് ഉപവാസമിരുന്നത്. ഉപവാസം നിയമസഭയിൽ ഇരിക്കേണ്ടതായിരുന്നു, പക്ഷെ ബഹുമാനപ്പെട്ട ചെയറിനോടുള്ള ബഹുമാനവും മതിപ്പുംകൊണ്ട് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി.

അതുകൊണ്ട് അതുപോലുള്ള സ്ഥിതിയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. ഒരു കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഇവിടെ MoRTH എന്ന ഒരു ഏജൻസിയുണ്ട്. ആര് പറഞ്ഞാൽ അവരെ നിലയ്ക്കുനിർത്താൻ സാധിക്കുമെന്ന് എനിക്കറിയില്ല. ആ കുടിവെള്ള പദ്ധതിയുടെ ഭാഗമായി അവർ പൈപ്പിടാൻ സമ്മതിക്കില്ല. അതേ സമയം സ്വകാര്യ ഏജൻസിക്ക് പൈപ്പിടുന്നതിനായി വെട്ടിക്കുഴിക്കാൻ അനുമതി നൽകുകയും ചെയ്യു. എന്ത് MoRTH ആണ്; ഇത് MoRTH അല്ല, മോർച്ചറിയാണ്. സാധാരണഗതിയിൽ ഇത് നാടിന്റെ വികസനത്തെ തകർക്കുന്ന ഒന്നാണ്. ഇതിനെക്കുറിച്ച് ആലോചിക്കണം. അതുകൊണ്ട് വളരെ നല്ല രൂപത്തിൽ ഇക്കാര്യങ്ങൾ പോകണമെന്നുള്ള ആഗ്രഹത്തോടുകൂടി ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി എതിർക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കേരളം ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്ന മേഖല ആരോഗ്യ മേഖലയാണെന്ന് അറിയാമല്ലോ; കുടുംബക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കാണ് കൂടുതൽ പണം ചെലവഴിക്കേണ്ടിവരുന്നത്. മഴക്കാലത്ത്

അമീബിക് മസ്തിഷ്ക ജ്വരം, ഷിഗല്ല വൈറസ് എന്നിവയുൾപ്പെടെ നമ്മൾ നേരിടുന്ന പ്രതിസന്ധികൾ വളരെ പ്രധാനപ്പെട്ടതാണ്. അതോടെ ഇന്നുവരെ ഇല്ലാത്തവിധം സംസ്ഥാനത്തെ ശിക്ഷിക്കുന്ന നിലപാടുകളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നതെന്നും അറിയാവുന്നകാര്യമാണ്. അതുകൊണ്ടുതന്നെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയിൽ മാതൃകാപരമായ ഇടപെടലുകളാണ് കഴിഞ്ഞ വർഷങ്ങളിലെല്ലാം നടത്തിയിട്ടുള്ളത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ആദ്യ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും തുടർന്ന് വന്ന ഈ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും ഈ നേട്ടങ്ങൾ നിലനിർത്തി മുന്നോട്ടുപോകുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ലഭ്യമായ കണക്കുകളനുസരിച്ച് പൊതുജനാരോഗ്യത്തിന്റെ അടിസ്ഥാന സൂചകങ്ങളായ ശിശുമരണ നിരക്ക്, ജനിക്കുന്ന ആയിരം കുട്ടികളിൽ അഞ്ചിനുതാഴെയും മാതൃമരണ നിരക്ക്, ഒരു ലക്ഷം പ്രസവങ്ങളിൽ ഇരുപതിനുതാഴെയും എന്നുള്ള നിലയിൽ കേരളം മറ്റെല്ലാ

സംസ്ഥാനങ്ങളെക്കാളും ബഹുദൂരം മുന്നിലാണെന്ന് നമുക്കറിയാം. ഇന്ത്യയിൽ ഏറ്റവുമധികം സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. ഏറ്റവുമധികം ചികിത്സാ സഹായം നൽകുന്ന സംസ്ഥാനം ഏതെന്ന ചോദ്യത്തിന് മറുപടിയാണ് തുടർച്ചയായി നാം നേടുന്ന 'ആരോഗ്യ മന്ഥൻ' പുരസ്കാരം. എന്നുമാത്രമല്ല, ചികിത്സാ സഹായത്തിനായി സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന തുക കേന്ദ്രം നീക്കിവയ്ക്കുന്ന പണത്തിന്റെ പത്തിരട്ടിയാണ്. അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്ക് 'കാരുണ്യ ആരോഗ്യ സുരക്ഷ ഇൻഷ്വറൻസ്' പദ്ധതിയും പൊതുചികിത്സാമേഖലയിൽ സർക്കാരിന്റെ മുതൽമുടക്കും സമന്വയിപ്പിച്ചിട്ടും താങ്ങാനാകാത്തവിധമുള്ള ഭാരിച്ച ചികിത്സാചെലവുകൾ ഉണ്ടാകുന്നുവെന്നതാണ് വസ്തുത. സർക്കാർ നിയന്ത്രിത ക്രൗഡ് ഫണ്ടിംഗ് മാർഗ്ഗങ്ങളുപയോഗിച്ച് ആരോഗ്യവകുപ്പുതന്നെ ധനസഹായം നേടിക്കൊടുക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. മികച്ച ആശുപത്രികൾക്കുള്ള ദേശീയ അംഗീകാരം, നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് തുടർച്ചയായി കഴിഞ്ഞ മൂന്നുവർഷവും ലഭിക്കുന്നത് നമ്മുടെ സംസ്ഥാനത്താണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത്, ചരിത്രത്തിലാദ്യമായി

രാജ്യത്തുള്ള മികച്ച മെഡിക്കൽ കോളേജുകളുടെ കൂട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജും അതുപോലെ ദന്തൽ കോളേജും ഇടം പിടിച്ചിരിക്കുകയാണ്. കേരളത്തിലാദ്യമായി ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം (കേരള പബ്ലിക്ക് ഹെൽത്ത് ആക്ട്) ഉണ്ടാകുന്നത് 2023-ലാണ്. ആരോഗ്യ സൂചകങ്ങളുടെ ഏത് അളവുകോൽവച്ച് പരിശോധിച്ചാലും രാജ്യത്തെ ഏതൊരു സംസ്ഥാനത്തെക്കാളും ബഹുദൂരം മുന്നിലാണ് കേരളമെന്ന് കാണാൻ സാധിക്കും. ഇതുപറയുമ്പോഴും കേരളം ആരോഗ്യമേഖലയിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ലെന്നതും നാം കാണണം. ഇക്കാര്യം ഏറ്റവുമുറക്കെ പറയാൻ ആർജ്ജവം കാണിച്ചിട്ടുണ്ട് നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി എന്ന വസ്തുതയും ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ജീവിതശൈലീ രോഗങ്ങളുടെ കടന്നുവരവ്, പുത്തൻ പകർച്ചവ്യാധികൾ, ആരോഗ്യമേഖലയുടെ അമിതമായ സ്വകാര്യവത്കരണം, വർദ്ധിച്ച ചികിത്സാച്ചെലവ് തുടങ്ങിയ കാര്യങ്ങളൊക്കെ ചേർന്ന് ആരോഗ്യത്തിന്റെ കേരള മോഡൽ എന്ന സങ്കൽപത്തിന്റെ നിലനിൽപ്പിനെതന്നെ ചോദ്യം ചെയ്യുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാന മേഖലയെ

ശക്തിപ്പെടുത്തുന്ന ആർദ്രം-2, പൊതുജനാരോഗ്യ കേഡർ, പൊതുജനാരോഗ്യ നിയമം തുടങ്ങിയവയിലൂടെ പുതിയ പ്രശ്നങ്ങളെ നേരിടാനുള്ള മറ്റൊരു കേരള മോഡൽ സൃഷ്ടിക്കാനാണ് കേരളം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രോഗാതുരതയാണ് ആധുനിക കേരളം നേരിടുന്ന ഏറ്റവും വലിയ പൊതുജനാരോഗ്യ ഭീഷണി. മുപ്പതുവയസ്സിനുതാഴെയുള്ള മൂന്നിലൊരാൾക്ക് രക്താതിമർദ്ദവും നാലിലൊരാൾക്ക് പ്രമേഹവുമുണ്ടെന്നത് ലോകത്തിലെതന്നെ ഉയർന്ന നിരക്കുകളിലൊന്നാണ്. അതാണിപ്പോൾ കേരളത്തിൽ നിലനിൽക്കുന്നത്. ഇന്ത്യയിലാദ്യമായി ഇവയെ നേരിടുന്നതിനുള്ള പ്രവർത്തനത്തിന് തുടക്കം കുറിച്ചത് 2006-ലെ ഇടതുപക്ഷ സർക്കാരാണ്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ നാം കാര്യമായി മുന്നോട്ടുപോയിട്ടുണ്ടെന്നത് കാണാൻ സാധിക്കും. എങ്കിലും ഈ മേഖലയിൽ നാം ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ വർധിച്ചുവരുന്ന രോഗാതുരതയുടെ കാരണങ്ങൾ കണ്ടെത്താനും പരിഹരിക്കാനും നമുക്ക് കഴിഞ്ഞേ മതിയാകൂ. അല്ലെങ്കിൽ മരുന്നുതീനികളുടെ നാടായി കേരളം തളരും എന്നതിൽ

സംശയമില്ല. ഇത് സഭയും സർക്കാരും പൊതുസമൂഹവും ഉൾക്കൊള്ളേണ്ട കാര്യമാണ്. ആളുകളുടെ ശരാശരി പ്രായം ഇന്ത്യയിൽ ഏറ്റവുമുയർന്ന സംസ്ഥാനമാണ് കേരളം. നമ്മുടെ നാട്ടിലെ 65 വയസിനുമുകളിൽ പ്രായമുള്ളവരുടെ ശതമാനം ഇന്ത്യൻ ശരാശരിയുടെ ഇരട്ടിയോളം വരും. അതുകൊണ്ടുതന്നെ പ്രായാധിക്യമുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾ നമുക്ക് വളരെ വലിയ വെല്ലുവിളിയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പലപ്രാവശ്യം ഇവിടെ ചൂണ്ടിക്കാട്ടിയിട്ടുള്ളതുമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽമാത്രം ഒരു മാസം അഡ്മിറ്റ് ചെയ്യുന്ന വൃദ്ധജനങ്ങളുടെ എണ്ണം മൂവായിരമാണെന്നാണ് കണക്ക്. ഈ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞ കണക്കാണ്. അത് കോട്ടയത്ത് 2800-ഉം, തൃശ്ശൂരിൽ 2975-ഉം എന്ന നിലയിലാണ്. എന്തുകൊണ്ട് ചില ജില്ലകളിൽ ജനസംഖ്യയ്ക്കാനുപാതികമല്ലാതെ വൃദ്ധജന രോഗികളുണ്ടാകുന്നു; ഉണ്ടാകുന്ന രോഗികളുടെ എണ്ണത്തിൽ ആനുപാതികമായാണോ വൃദ്ധജന ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്? ആരോഗ്യ ആസൂത്രണം നയരൂപീകരണം എന്നിവയിൽ പ്രധാനപ്പെട്ട ചോദ്യങ്ങളെന്നനിലയ്ക്ക് ഇത് മുഴച്ചുനിൽക്കുകയാണ്.

പ്രാഥമികാരോഗ്യതലങ്ങളിലും ഗ്രാമസഭകളിലും വികസനത്തെ മുൻനിർത്തി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രായാധിക്യമുള്ളവരുടെ എണ്ണത്തിലും ശതമാനത്തിലും വരുന്ന വർദ്ധനയും അതുയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളും പരിഗണനയിലേയ്ക്ക് വരുന്നുണ്ടോ; അവയെ എങ്ങനെ നേരിടാമെന്നുള്ള കാര്യങ്ങളും നമ്മുടെ പരിഗണനയിൽ വരേണ്ടതായിട്ടുണ്ട്. ആരോഗ്യപ്രവർത്തകർ വൃദ്ധജനങ്ങളുടെ ഭവനസന്ദർശന പരിപാടികളും അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണനയും നൽകേണ്ടതായിട്ടുണ്ട്. കുട്ടികളിൽപ്പോലും നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ഉയരുന്ന ആധിക്യം നിയന്ത്രിച്ചില്ലെങ്കിൽ അവ നമ്മുടെ ആരോഗ്യ സംവിധാനങ്ങൾക്ക് വലിയ വെല്ലുവിളിയാകും. മാത്രമല്ല, താങ്ങാനാകാത്ത ചികിത്സാ ചെലവുകളിലേയ്ക്ക് സംസ്ഥാനത്തെ തള്ളിവിടുകയും ചെയ്യും. അങ്ങനെവന്നാൽ നമ്മൾ അഭിമാനത്തോടെ പറയുന്ന കേരള ആരോഗ്യ മാതൃക മുന്നോട്ടുകൊണ്ടുപോകാൻ നമ്മൾ ഇനിയും ഏറെ പണിപ്പെടേണ്ടതായി വരും. സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് വലിയ മുന്നേറ്റമാണുണ്ടായത്. ജീവിതശൈലീ രോഗങ്ങളെയും കാൻസറിനെയും നേരത്തെ കണ്ടെത്തി ചികിത്സിക്കാനായി

സർക്കാർ ആർദ്രം ജീവിതശൈലി രോഗനിർണ്ണയ കാമ്പയിൻ ആരംഭിച്ചു. മുപ്പത് വയസ്സിന് മുകളിലുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് നടത്തുകയും നാൽപ്പത്താറായിരത്തോളം പേരെ ആർ.സി.സി.-യിൽ കാൻസർ പരിശോധനയ്ക്ക് വിധേയരാക്കുകയും ചെയ്തു. സർക്കാർ മേഖലയിൽ ആദ്യമായി കാൻസറിന് റോബോട്ടിക് സർജറി ആർ.സി.സി.-യിലും എം.സി.സി.-യിലും ആരംഭിച്ചുവെന്നത് നമുക്ക് കാണാൻ കഴിയും. മാത്രമല്ല കാൻസർ ഗ്രിഡും കാൻസർ സ്യൂട്ടും ആരംഭിച്ചു. എന്നാൽ കാൻസർ ആശുപത്രിയിലെത്തുന്ന കുഞ്ഞുങ്ങളുടെ എണ്ണം നമ്മളെ അമ്പരപ്പിക്കുന്നതാണ്. അതിന്റെ കാരണം തേടുമ്പോൾ പഠിച്ച കാര്യങ്ങളും ഗവേഷണങ്ങളും മതിയാകാതെ പോകുന്നു. കാൻസർ ബാധിച്ച കുഞ്ഞുങ്ങളുടെ എണ്ണം കൂടുന്നത് എന്തുകൊണ്ടെന്ന ചോദ്യത്തിന് നമ്മൾ ഉത്തരം കണ്ടെത്തിയേ മതിയാകൂ. കേരളത്തിൽ ഹൃദയാഘാതത്തിന്റെ തോത് ലോകത്തുതന്നെ ഏറ്റവും ഉയർന്നതാണ്. ഹൃദ്രോഗ ചികിത്സയുടെ കാര്യത്തിൽ ഇക്കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്നത് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ്. കോട്ടയം മെഡിക്കൽ കോളേജ് പോലുള്ള സ്ഥാപനങ്ങൾ

വിജയകരമായി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ അടക്കം നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാ വലിയ ആശുപത്രികളിലും കാത്ത് ലാബ് സൗകര്യമൊരുക്കിയിട്ടുണ്ട്. സർക്കാർ ആരോഗ്യ മേഖലയിൽ വലിയ തോതിൽ പണം മുടക്കിക്കൊണ്ടാണ് ഇതൊക്കെ ചെയ്യുന്നത്. ഹൃദയാഘാതംമൂലമുള്ള മരണങ്ങൾ തടയുന്നതിന് ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഏതെങ്കിലും സന്ദർഭങ്ങളിൽ ആൾക്കൂട്ടത്തിനിടയിൽ ഒരാൾക്ക് ഹൃദയാഘാതം സംഭവിച്ചിട്ടുണ്ടെങ്കിൽ ചുറ്റുമുള്ളവർക്ക് അത് കണ്ടെത്താനും അവരെ തൽസമയം ഏറ്റവുമടുത്ത ആശുപത്രികളിലെത്തിക്കാനും ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് വിധേയരാക്കാനും കഴിയണമെന്നതാണ് പ്രധാനപ്പെട്ട കാര്യം. Global Burden of Disease-ന്റെ പഠനങ്ങളനുസരിച്ച് ഇനിയുള്ള വർഷങ്ങളിൽ ആഗോള വ്യാപകമായി വിഷാദരോഗമുൾപ്പെടെയുള്ള മാനസിക പ്രശ്നങ്ങളും വർദ്ധിച്ചുവരുമെന്നാണ് പറയുന്നത്. കേരളത്തിൽ അതിനുള്ള സാധ്യത പത്തിൽ ഒരാൾക്കെങ്കിലും ഉണ്ടാകുമെന്നാണ് അത് സൂചിപ്പിക്കുന്നത്. ചികിത്സ ആവശ്യമായ രീതിയിലുള്ള വിഷാദരോഗങ്ങളുണ്ട്. എന്നാൽ ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുടെ ആധിക്യമുണ്ടാകാനുള്ള സാധ്യത കണക്കിലെടുക്കുമ്പോൾ ഇനിയും

കൂടുതൽ പരിഗണന ഈ മേഖലയിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. നമ്മുടെ ആരോഗ്യമേഖല കൂടുതൽ ശ്രദ്ധിക്കേണ്ടത് പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലാണ്. ഗിരിവർഗ്ഗ വിഭാഗങ്ങൾ, ആദിവാസികൾ, തീരദേശവാസികൾ ഉൾപ്പെടെയുള്ളവരാണ് ഏറ്റവും കൂടുതൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കപ്പെടേണ്ടത്. ഈ വിഭാഗങ്ങൾക്കുപുറമെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ കാര്യത്തിൽ നമുക്ക് പ്രത്യേകമായി ശ്രദ്ധയുണ്ടാകേണ്ടതായിട്ടുണ്ട്. കോവിഡ്-19 പടർന്നുപിടിച്ച സമയത്ത് അതിന്റെ ഏറ്റവും വലിയ ദുരിതമനുഭവിച്ചത് തീരദേശ മേഖലയിൽ തിങ്ങിപ്പാർക്കുന്നവരായിരുന്നു. അവിടെയുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നമുക്ക് ഇനിയും വലിയ തോതിൽ അവിടേയ്ക്ക് കടന്നുചെല്ലാനും അവരുടെ ചികിത്സാ സൗകര്യം ഉറപ്പാക്കാനും കഴിയേണ്ടതായിട്ടുണ്ട്. ഇന്ന് ലോകവ്യാപകമായി ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നൊരു പൊതുജനാരോഗ്യ സംരക്ഷണ രീതിശാസ്ത്രമാണ് ഏകാരോഗ്യം. ഏകാരോഗ്യ രീതി അവലംബിക്കുമ്പോൾ ചില മേഖലകൾകൂടി നാം പരിഗണിക്കേണ്ടതായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന്

ആന്റിബയോട്ടിക്ക് അതിജീവനത്തെ നേരിടുക എന്നതാണ്. ആന്റിബയോട്ടിക്കുകൾ കൊണ്ട് ചികിത്സിച്ച് മാറ്റാൻ കഴിയാത്ത അണുബാധകൾ ഒരു മഹാമാരിപോലെ ലോകമെമ്പാടും പടർന്ന് പിടിക്കുകയാണ്. ഇക്കാര്യം ശ്രദ്ധക്ഷണിക്കലിലൂടെ കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ ഇവിടെ അവതരിപ്പിക്കുകയും ചെയ്തതാണ്. ഈ സന്ദർഭത്തിൽ ഇന്നലെ മാതൃഭൂമി പത്രത്തിൽ വന്ന പ്രധാനപ്പെട്ട വാർത്തകൂടി പറയാനാഗ്രഹിക്കുന്നു. ലോകത്ത് പൊതുവെയുള്ള വൃക്ക രോഗങ്ങൾ കുട്ടികളിലുമുണ്ടാകുന്നതിന്റെ ഏറ്റവും വലിയ ഭീതിയുളവാക്കുന്ന പ്രശ്നമാണ് നിലനിൽക്കുന്നത്. ആഗോള തലത്തിൽ പതിനെട്ട് വയസ്സിന് താഴെയുള്ള വൃക്ക രോഗബാധിതർ രണ്ട് ശതമാനമാണെങ്കിൽ ഇന്ത്യയിൽ അത് 4.9 ശതമാനമാണെന്നാണ് പറയുന്നത്. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമായി പറയാൻ ആഗ്രഹിക്കുന്നത്, കാസർഗോഡ് ജില്ലയിലെ ആരോഗ്യ മേഖലയിൽ നടത്തേണ്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചില വിഷയങ്ങളാണ്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഈ ഗവൺമെന്റ് 2016-ന് വന്നതിനുശേഷമാണ് സജീവമായി മുന്നോട്ടുപോയത്. എന്നാൽ

അതിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിന്റെ അന്തിമഘട്ടത്തിൽ ഒരുപാട് കാര്യങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുപോയിട്ടുണ്ടെങ്കിലും അതിനായി കിഫ്ബി 160 കോടി രൂപ അനുവദിച്ചിരുന്നു. അത് ലഭ്യമാക്കാനുള്ള നടപടികൂടി ഉണ്ടാകേണ്ടതായിട്ടുണ്ട്. കാസർഗോഡ് മലയോര മേഖലയിലെ വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രി എന്റെ നിയോജകമണ്ഡലത്തിലാണ്. ഈ മേഖലകളിലൊക്കെയുള്ള ഏറ്റവും ഗൗരവതരമായ വിഷയങ്ങളും അവിടെ അടിയന്തരമായി ഉണ്ടാകേണ്ട സഹായങ്ങളും സംബന്ധിച്ച് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിക്ക് ഞാൻ നേരത്തെ അതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചിരുന്നു. കേരളത്തിന്റെ പൊതുജനാരോഗ്യം സവിശേഷമായ കാലഘട്ടത്തിലൂടെ കടന്നുപോകുകയാണ്. പ്രായാധിക്യമുള്ളവരുടെ എണ്ണം, പ്രവാസമുൾപ്പെടെയുള്ള ജനസംഖ്യാപരമായ പരിഗണനകൾ, വേഗത്തിൽ മാറുന്ന കാലാവസ്ഥ, നിലനിൽക്കുന്ന രോഗാവസ്ഥകളിൽ വരുന്ന മാറ്റങ്ങൾ, വിഭവങ്ങളുടെ അപര്യാപ്തത തുടങ്ങിയ ഒട്ടേറെ വെല്ലുവിളികൾ നാം നേരിടുന്നു.

<u>മി. സ്പീക്കർ</u>: യെസ്....

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഒരു വാചകംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഈ വെല്ലുവിളികൾ നേരിടാൻ കഴിയുന്ന രീതിയിൽ പൊതുജന പങ്കാളിത്തത്തോടെ നമ്മുടെ പൊതുജനാരോഗ്യ നയം രൂപപ്പെടണം. പൊതുജനപങ്കാളിത്തത്തോടെ എന്നത് ഞാൻ അടിവരയിട്ട് പറയുകയാണ്. ഇക്കാര്യങ്ങളിൽ സർക്കാർ സംവിധാനങ്ങൾ മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തതുകൊണ്ടായില്ല, പൊതുജനങ്ങളുടെകൂടി പിന്തുണ ഇതിൽ സജീവമായി ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ലോക്സഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞ് അതിന്റെ പരാജയകാരണങ്ങളൊക്കെ സി.പി.ഐ.(എം)-സി.പി.ഐ കമ്മിറ്റികൾ ചേർന്ന് തലനാരിഴകീറി പരിശോധിച്ച് വിലയിരുത്തിക്കൊണ്ടിരിക്കുന്നതിന്റെ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്ന് ചർച്ച ആരംഭിച്ച ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചർക്ക് മാത്രം ഇപ്പോഴും കാര്യം ബോധ്യപ്പെടാത്തതാണോ അതോ ബോധ്യപ്പെട്ടത് ഇവിടെ പറയാത്തതാണോ എന്ന് എനിക്കറിയില്ല. ശ്രീമതി കെ. കെ. ശൈലജ

ടീച്ചർ ഇപ്പോഴും പറഞ്ഞത് വർഗ്ഗീയ കക്ഷികളുമായിട്ടുള്ള ഞങ്ങളുടെ കൂട്ടുകെട്ടെന്നാണ്. മലപ്പുറത്ത് തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ കൊട്ടിക്കലാശ ദിവസം മലപ്പുറം ടൗണിൽ ചെങ്കൊടിയുടെ മുകളിൽ ഒരു കൊടിയുള്ളതായിട്ടാണ് ഞാൻ കണ്ടത്. അത് പി.ഡി.പി.-യുടെ കൊടിയായിരുന്നു. ഏത് വർഗ്ഗീയ സംഘടനയുമായാണ് കൂട്ടുകെട്ടുള്ളതെന്ന് എനിക്കറിയില്ല. ഞങ്ങൾ ഒരു വർഗ്ഗീയ സംഘടനകളുമായും ഇതുവരെയും കൂട്ടുകെട്ടുണ്ടാക്കിയിട്ടില്ല. കൂട്ടുകെട്ടുണ്ടാക്കിയിട്ടുള്ള അനുഭവമെല്ലാം ഭരണപക്ഷത്താണ്. ഞാൻ അത് പറയുന്നില്ല. ഈരാറ്റുപേട്ട മുനിസിപ്പൽ തിരഞ്ഞെടുപ്പിലും ചെയർമാൻ തിരഞ്ഞെടുപ്പിലും നിങ്ങൾ ആരുമായിട്ടാണ് ചേർന്നതെന്ന് ഞാനിപ്പോൾ പറയുന്നില്ല. നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിങ്ങളിപ്പോൾ വർഗ്ഗീയ കക്ഷികളെന്ന് ആക്ഷേപിക്കുന്നവരുമായി പരസ്യമായി കൂട്ടുകെട്ടിലേർപ്പെട്ട് അവരോടൊപ്പം ഭരണം പങ്കുവച്ചവരാണെന്ന കാര്യം ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചറെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. നമ്മൾ ഇവിടെ ധനവിനിയോഗ ബില്ലിനെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ധനവിനിയോഗ ബില്ലിനെക്കുറിച്ച്

ചർച്ച ചെയ്യുമ്പോൾ ധനം എങ്ങനെ വിനിയോഗിക്കണമെന്നാണ് പറയേണ്ടത്. ധനം വിനിയോഗിക്കുന്ന കാര്യത്തിൽ ഫസ്റ്റ് പ്രയോരിറ്റി നൽകേണ്ടത് വിദ്യാഭ്യാസ മേഖലയ്ക്കാണെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ കുട്ടികൾ നന്നായി പഠിച്ച് വളർന്ന് വരണം. ആ കുട്ടികൾക്ക് പഠിക്കാൻ അവസരമൊരുക്കണം. ഇപ്പോൾ എസ്.എസ്.എൽ.സി. പാസ്സായവർക്ക് പ്ലസ് ടു പഠിക്കാൻ സീറ്റില്ല, പ്ലസ് ടു കഴിഞ്ഞവർക്ക് കോളേജിൽ ചേരാൻ കോഴ്സും സീറ്റുമില്ലാത്ത സ്ഥിതിയാണ്. അതിന് പ്രയോരിറ്റി നൽകി നമ്മുടെ ധനം വിനിയോഗിക്കാൻ സാധിക്കണം. രണ്ടാമത് നമ്മൾ പ്രയോരിറ്റി നൽകേണ്ടത് ആരോഗ്യ മേഖലയിലാണ്. ആരോഗ്യ മേഖലയാകെ തകർന്നുകിടക്കുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ കാര്യമൊക്കെ ശ്രീ. യു. എ. ലത്തീഫ് സ്ഥിരമായി ഈ സഭയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന് നമ്മൾ മുൻഗണന നൽകണം. ഇവിടെ സംസ്ഥാനം നികുതി പിരിച്ചെടുക്കുന്നുണ്ട്. ആരിൽ നിന്നാണ് നികുതി പിരിക്കുന്നത്? സാധാരണക്കാരിൽ നിന്നാണ് നികുതി പിരിക്കുന്നത്. വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, കെട്ടിടനികുതി എന്നിവയൊക്കെ വർധിപ്പിക്കുന്നു അതോടൊപ്പം കെട്ടിടം നിർമ്മിക്കാനുള്ള

പെർമിറ്റ് ഫീസും അത് പുതുക്കാനുള്ള ഫീസും വർധിപ്പിക്കുന്നു. ഇതിന്റെയെല്ലാം പ്രയാസമനുഭവിക്കുന്നത് സാധാരണക്കാരാണ്. വൻകിടക്കാരുടെ നികുതി ഈടാക്കാൻ നമുക്കിപ്പോഴും കഴിയുന്നില്ല. അഞ്ച് രൂപയുടെ ചായയും 6 രൂപയുടെ പഴംപൊരിയും വിൽക്കുന്ന ചായക്കടയിൽ ജി.എസ്.ടി. ഉദ്യോഗസ്ഥർ കയറിയിട്ട് എന്താണ് കാര്യം? വലിയ സ്ഥാപനങ്ങളിൽ ജി.എസ്.ടി. ഉദ്യോഗസ്ഥർ കയറി നികുതിയിനത്തിൽ ലഭിക്കാനുള്ള കോടിക്കണക്കിന് കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് നമുക്കിപ്പോഴും ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. ഏതൊക്കെ ഫീസും നികുതിയും വർധിപ്പിക്കാൻ സാധിക്കുകയെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഈ നികുതിയും ഫീസുമെല്ലാം അധികവും സാധാരണക്കാരെയാണ് ബാധിക്കുന്നത്. എന്റെ അടുത്ത് ശ്രീ. എൻ. ഷംസുദ്ദീൻ ഇരിക്കുന്നുണ്ട്. അഡ്വ. എ. എ. റസാഖും അഡ്വ. എം. പി. ഹുസൈനും നേതൃത്വം നൽകുന്ന Kerala Lawyers Forum സെക്രട്ടേറിയറ്റിന് മുമ്പിൽ കോർട്ട് ഫീസ് വർദ്ധിപ്പിച്ചത് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഒരു സമരം സംഘടിപ്പിച്ചു. ആരെയാണ് ഈ കോർട്ട് ഫീസ് വർദ്ധന ബാധിക്കുന്നത്? കുടുംബ കോടതികളിൽ

വ്യവഹാരവുമായി എത്തുന്ന സാധാരണക്കാരായ നമ്മുടെ സഹോദരിമാർ, അവരുടെ കുടുംബ പ്രശ്നങ്ങൾ, ജീവിത പ്രയാസങ്ങൾ ഇതൊക്കെ ആയിട്ടാണ് അവർ വരുന്നത്. ആ കുടുംബകോടതികളിൽ എത്തുന്ന സാധാരണക്കാരെ ബാധിക്കുന്ന കോർട്ട് ഫീ ഈയടുത്തിടെ വർധിപ്പിക്കുകയുണ്ടായി. ആശുപത്രിയിൽ പോയാൽ എന്താണ് സ്ഥിതി; കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രൈവറ്റ് ആശുപത്രികളിലൂടെ ചികിത്സ നടത്തിയതിന്റെ ഭാഗമായി അവർക്ക് 1128.6916163 കോടി രൂപയാണ് നൽകാനുള്ളത്. ഇവിടെ കാസ്പ് ചികിത്സ നിർത്തി വച്ചിരിക്കുന്നുവെന്നും ദയവ് ചെയ്ത് സഹകരിക്കണമെന്നും കാണിച്ച് പല പ്രൈവറ്റ് ആശുപത്രികളുടെയും മുന്നിൽ ബോർഡ് സ്ഥാപിച്ചിരിക്കുകയാണ്. പാവപ്പെട്ടവർക്ക് ലഭിച്ചിരുന്ന ചികിത്സാ സൗകര്യംപോലും ഇന്ന് പ്രൈവറ്റ് ആശുപത്രികളിൽ നിർത്തി വച്ചിരിക്കുകയാണ്. ആർ.ബി.എസ്.കെ., ആരോഗ്യ കിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം, മെഡിസെപ് തുടങ്ങിയ എല്ലാ പദ്ധതികളിലും ഭീമമായ തുകയാണ് ആശുപത്രികൾക്ക് ഗവൺമെന്റ് നൽകാനുള്ളത്. ഞാൻ വെറുതെ പറയുന്നതല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ബഹുമാനപ്പെട്ട ആരോഗ്യ

വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഈ കുടിശ്ശികകകൾ സംബന്ധിച്ച കണക്ക് വളരെ കൃത്യമായി പറയുന്നുണ്ട്. ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കരാർ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർ, അവരെല്ലാവരും പണക്കാരല്ല. ഒരു ജീവിത മാർഗ്ഗമെന്ന നിലയിൽ ബാങ്കിൽനിന്ന് വലിയ പലിശയ്ക്ക് വായ്പയെടുത്തിട്ടുള്ള പല കരാറുകാരും ഇന്ന് ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുകയാണ്. ബാങ്കിൽ നിന്നെടുത്ത തുക തിരിച്ചടയ്ക്കാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ട് അവരുടെ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ള തീരുമാനമുണ്ടാകണം. എല്ലാവിഭാഗം ആളുകളും അസംതൃപ്തരല്ലേ? പോലീസ് സേനയിൽ വലിയ തോതിലുള്ള അസംതൃപ്തി നിലനിൽക്കുകയാണ്. പോലീസ് സേനയിൽ ആത്മഹത്യകൾ വർധിക്കുന്നതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ചർച്ച ചെയ്തിട്ടുണ്ട്. ഡി.എ. കിട്ടിയില്ലെങ്കിലും കുഴപ്പമില്ല, രണ്ട് കാലിൽ നടക്കാൻ സമ്മതിച്ചാൽ മതിയെന്നാണ് കോളേജ് അധ്യാപകർ പറയുന്നത്. എസ്.എഫ്.ഐ. പ്രവർത്തകർ എപ്പോഴാണ് നെഞ്ചത്ത് അടുപ്പുകൂട്ടുകയെന്നുള്ളത് അറിയാത്തതിനാൽ കോളേജ് പ്രിൻസിപ്പൽമാരും അധ്യാപകരും നെഞ്ചിടിപ്പോടുകൂടിയാണ് കോളേജിലേയ്ക്ക്

പോയിക്കൊണ്ടിരിക്കുന്നത്. ഒന്നുരണ്ട് കാര്യങ്ങൾകൂടി ഞാൻ സൂചിപ്പിക്കുകയാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്ന് യഥേഷ്ടം നമ്മൾ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് പണം നീക്കിവയ്ക്കാൻ ഇപ്പോഴും സ്വാതന്ത്ര്യമില്ല. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന ബഡ്സ് സ്കൂളുകൾ, പ്രതീക്ഷാ ഡേ കെയർ സെന്ററുകൾ എന്നിവയ്ക്ക് വാഹനം വേണമെന്നാവശ്യപ്പെട്ടാൽ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്ന് കൊടുക്കാൻ കഴിയുന്നില്ല. അതിനൊരു സംവിധാനമുണ്ടാകണം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക്കുകൾ നമ്മുടെ നാട്ടിലുണ്ട്. അവർക്ക് ഈ ഫണ്ടിലുൾപ്പെടുത്തി വാഹനം നൽകാൻ നമ്മുടെ നിയമം അനുവദിക്കുന്നില്ല. അവർക്ക് ഹോം കെയർ വാഹനങ്ങളാണ് ആവശ്യം. എം.എൽ.എ. ഫണ്ട് കൊടുക്കാമെന്ന് പറയുന്നുണ്ടെങ്കിലും അത് ആംബുലൻസിനുവേണ്ടിയെ നൽകാൻ സാധിക്കുകയുള്ളൂ. പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് ആബുലൻസിന്റെ ആവശ്യമില്ല, അവർക്ക് ഹോം കെയർ വാഹനങ്ങളാണ്

നൽകേണ്ടത്. അതുകൊണ്ട് അതിനുള്ള ഒരു സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. യു. എ. ലത്തീഫ്: സർ, ഒരുമിനിട്ട് പറയാൻ അനുവദിക്കുമോ?

ശ്രീ. പി. ഉബൈദുള്ള: സർ, അവസാനം സമയം നൽകാം. നിങ്ങളുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞല്ലോ; ഞാൻ പറഞ്ഞുകൊണ്ടിരുന്ന കാര്യത്തിന്റെ ഫ്ലോ നഷ്ടപ്പെടുത്തി. എം.എൽ.എ. ഫണ്ട് പത്ത്-ഇരുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പാണ് ഒരു കോടി രൂപയായി നിശ്ചയിച്ചത്. ഇപ്പോൾ മെറ്റീരിയലുകളുടെ വില വർധിച്ചതിനാൽ ഒരു ലക്ഷം രൂപ ചെലവിൽ 20 മീറ്റർ റോഡ് മാത്രമെ കോൺക്രീറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. പണ്ടുകാലത്ത് 60 മീറ്റർ വരെ കോൺക്രീറ്റ് ചെയ്യാൻ സാധിക്കുമായിരുന്നു. അതിനാൽ എം.എൽ.എ.-എസ്.ഡി.എഫ്. ഫണ്ട് 1 കോടി രൂപയെന്നത് 3 കോടി രൂപയായി വർധിപ്പിക്കണമെന്നാണ് നിർദ്ദേശമായി പറയാനുള്ളത്. സർക്കാരിന്റെ എല്ലാ പദ്ധതികളും ഏറ്റെടുത്ത് നടപ്പാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അതുകൊണ്ട് പദ്ധതി വിഹിതം വെട്ടിക്കുറച്ചത് തിരിച്ച് നൽകണം. ജൽ ജീവൻ മിഷൻ (JJM) പദ്ധതിയുടെ

ഭാഗമായി തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കുകൾ ശേഖരിച്ച് പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. തുച്ഛമായ പെൻഷൻകൊണ്ട് ജീവിതം നയിക്കുന്ന അൻപത് ലക്ഷത്തോളം വരുന്ന ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരുടെ പെൻഷൻ അഞ്ച് മാസമായി കൊടുക്കുന്നില്ല. അത് കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാകണം. സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ നിത്യവേതനം 600 രൂപയാണ്. അതും കുടിശ്ശികയായി നിലനിൽക്കുകയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, സർജിക്കൽ മെറ്റീരിയൽസ് വാങ്ങിയതിന്റെ ഭാഗമായി കോൺട്രാക്ടർക്ക് കൊടുക്കേണ്ട പണം കുടിശ്ശികയായി കിടക്കുന്നതിനാൽ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഹൃദ്രോഗ വിഭാഗം അടച്ചിടുന്ന അവസ്ഥയിലേയ്ക്കെത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് പരിഹാരമായി പ്രയോരിറ്റി നിശ്ചയിക്കുമ്പോൾ, ഇതുപോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇക്കാര്യം അദ്ദേഹം പലപ്പോഴായി ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഇന്നത്തെ ചർച്ച ധനവിനിയോഗ ബില്ലായതുകൊണ്ട് ഇക്കാര്യത്തിന് മുൻഗണന നൽകാൻവേണ്ടിയാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹത്തിന് അനുവദിച്ച സമയംകൂടി എനിക്ക് നൽകിയാൽ മതി.

സർക്കാർ ജീവനക്കാർ അസംതൃപ്തരാണെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. അവർക്ക് 19 ശതമാനം ഡി.എ. കുടിശ്ശികയായി കിടക്കുകയാണ്. കോവിഡ് കാലത്ത് വിതരണം ചെയ്ത കിറ്റുകളുടെ കമ്മിഷൻ കിട്ടിയില്ലെന്ന് ആവശ്യപ്പെട്ട് റേഷൻ വ്യാപാരികൾ രാപ്പകൽ സമരം നടത്തുകയാണ്. ബഹുമാന്യനായ മോൻസ് ജോസഫ് ഇന്ന് രാവിലത്തെ ശ്രദ്ധക്ഷണിക്കൽ വേളയിൽ അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. കുടുംബശ്രീ ജനകീയ ഹോട്ടലുകൾ നടത്താൻ നമ്മുടെ സഹോദരിമാരെയാണ് ഏൽപ്പിച്ചത്. ആ സഹോദരിമാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി തുക പൂർണ്ണമായി ഇതുവരെയും വിതരണം ചെയ്തിട്ടില്ല. തൊഴിലുറപ്പ് തൊഴിലാളികളെ

ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ആ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ ബോധിപ്പിക്കുന്നതിനായി സ്വതന്ത്ര ട്രേഡ് യൂണിയൻ (എസ്.ടി.യു.)-ന്റെ നേതാക്കൾ പുറത്ത് കാത്തിരിക്കുകയാണ്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. സാധാരണക്കാരെ ബാധിക്കുന്ന വിഷയങ്ങളിൽ അവർക്ക് അനുകൂലമായൊരു നിലപാട് സ്വീകരിക്കാതിരിക്കുകയും നികുതിയും മറ്റ് ഫീസുകളും വർധിപ്പിച്ച് അവരിൽനിന്ന് കൂടുതൽ തുക ഈടാക്കുന്ന ഈ സമീപനം ശരിയല്ലായെന്നതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ സർക്കാർ അധികാരമേറ്റത് മുതൽ എല്ലാ മേഖലയിലും വികസനം എത്തിക്കുകയാണ്. തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള പരമാവധി കാര്യങ്ങൾ നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. പി. ഉബൈദുള്ള ഇവിടെ പ്രസംഗിച്ചപ്പോൾ ചില കൂട്ടുകെട്ടുകളെക്കുറിച്ച് സൂചിപ്പിച്ചു. കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഏത്

കൂട്ടുകെട്ടിലാണ് യു.ഡി.എഫ്. ഭരിക്കുന്നതെന്ന് അങ്ങ് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവിടെ ബി.ജെ.പി.-യുമായി ചേർന്നുകൊണ്ട് യു.ഡി.എഫ്. ഭരിക്കുന്നതെന്ന് അങ്ങ് മറന്നുപോകാൻ പാടില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കുടിശ്ശികയെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് നൽകാനുള്ള കുടിശ്ശികയാണത്. അത് യു.ജി.സി. ശമ്പള പരിഷ്കരണത്തിൽ 750 കോടി രൂപയും നഗരവികസന ഗ്രാന്റിൽ 546.45 കോടി രൂപയും ഗ്രാമവികസന ഗ്രാന്റിൽ 1008 കോടി രൂപയും ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ (നെല്ല് സംഭരണമുൾപ്പെടെ) 800 കോടി രൂപയും വിവിധ ദുരിതാശ്വാസത്തിന് 138 കോടി രൂപയും സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ 69 കോടി രൂപയും കാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിൽ 1925 കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരത്തിന് 511 കോടി രൂപയും ലഭിക്കാനുണ്ട്. അതുപോലെ നാഷണൽ ഹെൽത്ത് മിഷനിലും കുടിശ്ശികയുണ്ട്. ഈ കുടിശ്ശികയൊന്നും കാണാതെ കേരളം കൊടുക്കാനുള്ള കാശിനെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ ഒന്ന് ഓർക്കണം, കേന്ദ്ര ഗവൺമെന്റ് നമുക്ക് നൽകാനുള്ള പൈസയെല്ലാം തന്നേമതിയാകൂ. ആ തുക ലഭിക്കാതെ

ഇവിടെ എന്ത് വികസനം കൊണ്ടുവന്നാലും നടക്കില്ല. കിഫ്ബി പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. കിഫ്ബി ഫണ്ട് ചെലവാക്കുന്നത് സംബന്ധിച്ചും പദ്ധതി മുടങ്ങികിടക്കുന്നതും സംബന്ധിച്ചും ഇവിടെ എത്രയോ സബ്മിഷനുകൾ വരുന്നത് നമുക്ക് അറിയാവുന്നതാണ്. 85869 കോടി രൂപയുടെ 1108 പദ്ധതികളാണ് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും കൊടുത്തത്. ഈ പദ്ധതികൾക്കായി 28800 കോടി രൂപ കിഫ്ബിവഴി വിതരണം ചെയ്തു. ഇക്കാര്യങ്ങളൊക്കെ പറയുമ്പോൾ പ്രതിപക്ഷ മെമ്പർമാർക്ക് ഇക്കാര്യത്തെക്കുറിച്ച് ചിന്തയില്ല. കേവലമായ രാഷ്ട്രീയം കണ്ടുകൊണ്ട് കേരളത്തിലെ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താൻ കഴിയുമോയെന്നാണ് അവർ ചിന്തിക്കുന്നത്. കേരളത്തിലെ ഗവൺമെന്റ് നടത്തുന്ന നല്ല പ്രവർത്തനങ്ങളെ തുറന്നുകാട്ടാതെ മാധ്യമങ്ങളുമായി ചേർന്ന് നിന്നുകൊണ്ട് ഗവൺമെന്റിനെതിരെ പ്രചരണം നടത്തുമ്പോൾ നിങ്ങൾ ഒരുകാര്യം ഓർക്കണം, ഇത് നിങ്ങളെത്തന്നെ തിരിച്ച് കുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരോഗ്യരംഗത്തുള്ള പ്രവർത്തനങ്ങളെക്കുറിച്ച് നമുക്കറിയാം. ആരോഗ്യരംഗത്തെ പല മേഖലകളിലും ധാരാളം

മുന്നേറ്റങ്ങളുണ്ടായി. ആശുപത്രികളെല്ലാം മികച്ച നിലവാരത്തിലേയ്ക്ക് ഉയർന്നു. ചങ്ങനാശ്ശേരി ഗവൺമെന്റ് ജനറൽ ആശുപത്രിക്ക് കിഫ്ബി പദ്ധതിവഴി 80 കോടി രൂപയാണ് അനുവദിക്കാൻ പോകുന്നത്. ജൽ ജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് ഇന്നലെ പ്രതിപക്ഷം റൂൾ 50 പ്രകാരം നോട്ടീസ് നൽകി. 140 നിയോജകമണ്ഡലത്തിലും ജൽ ജീവൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി റോഡ് കുഴിച്ച് പൈപ്പിട്ട് വെള്ളമെത്തിക്കുന്നതിനുള്ള ശ്രമം ഒന്നുരണ്ട് ദിവസംകൊണ്ട് നടക്കുന്ന കാര്യമല്ല. അതിന് ഒന്നര വർഷത്തോളമെടുക്കും. 2025-ൽ കാലാവധി പൂർത്തിയാകുന്ന ഒരു പദ്ധതിയെ ജനങ്ങളുടെ മുമ്പിൽ തെറ്റിദ്ധാരണ പരാത്താനായി, റോഡ് മുഴുവൻ കുഴിച്ചിട്ടിരിക്കുകയാണെന്ന് കള്ളപ്രചരണം നടത്തുന്ന പ്രതിപക്ഷത്തിന്റെ അടവ് നയം ശരിയല്ല. നിങ്ങൾ ചെയ്യേണ്ടത് എന്താണ്; ജനങ്ങളോട് ചേർന്ന് നിന്നുകൊണ്ട് കുടിവെള്ളം ജനങ്ങൾക്ക് എത്തിക്കാൻ വേണ്ടിയുള്ള ശ്രമം നടത്തണം. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും കുടിവെള്ള പ്രശ്നമുണ്ട്. ആ പ്രശ്നം പരിഹരിക്കാൻവേണ്ടി ഇപ്പോൾ വന്നിരിക്കുന്ന അവസരം പാഴാക്കാതെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കാതെ അതിനെതിരെ കള്ളപ്രചരണം

പത്രത്തിലും അല്ലാതെയും പ്രചരിപ്പിക്കുന്ന ശ്രമങ്ങൾ ഒരിക്കലും നമുക്ക് യോജിക്കുന്നതല്ല. ജനങ്ങളുടെ പലരീതിയിലുള്ള വിഷയങ്ങളെപ്പറ്റി ഇവിടെ നമ്മൾ സംസാരിച്ചു. ധനകാര്യം, ജലസേചനം തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ഒരുപോലെ ഒന്നുചേർന്ന് പ്രവർത്തിച്ച് ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കണം. 2023-24-ൽ ധനകമ്മി 2.44 ശതമാനമായി കുറഞ്ഞിട്ടുണ്ട്. റവന്യൂ കമ്മി 0.88 ശതമാനമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. നികുതി വരുമാനം 2020-21-ൽ 47000 കോടി രൂപയായിരുന്നത് 2021-22-ൽ 58340 കോടി രൂപയായി വർധിച്ചു. 2023-24-ൽ 71968 കോടി രൂപയായി വർധിച്ചു. അതോടൊപ്പം 23.35 ശതമാനം വർധനവാണുണ്ടായിരിക്കുന്നത്. നികുതി വെട്ടിപ്പ് തടയുന്നവരെ കർശനമായി പിടിക്കാൻ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളും ശക്തമാക്കി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിലുൾപ്പെട്ട കോടതി ഫീസ് വർധനവ് സംബന്ധിച്ച കാര്യങ്ങൾ ധനകാര്യ ബില്ല് പരിഗണിക്കുമ്പോൾ പുനഃപരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. അതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. അമിതമായ കോടതി ഫീസ് കുറയ്ക്കണമെന്നാണ് ഈയവസരത്തിൽ പറയാനുള്ളത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സ്വർണത്തിന് ഇ-വേ ബിൽ നടപ്പാക്കുന്ന കാര്യത്തിൽ കേരളം വലിയ താല്പര്യമാണ് കാണിച്ചിട്ടുള്ളത്. അത് കേരളം ഇതുവരെ നടപ്പാക്കിയിട്ടില്ല. സ്വർണ്ണ വ്യാപാരരംഗത്ത് ഗവൺമെന്റിന് ലഭിക്കാനുള്ള വലിയൊരു നികുതിയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. അതോടൊപ്പം, ഓൺലൈൻ വ്യാപാരത്തിൽ കുറച്ചുകൂടി ഇടപെടലുകൾ നടത്തിയാൽ ഗവൺമെന്റിന് വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ കഴിയില്ലേ?

ശ്രീ. ജോബ് മൈക്കിൾ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. എല്ലാ ദിവസവും പത്രത്തിൽ സ്വർണ്ണക്കള്ളക്കടത്തിനെപ്പറ്റിയുള്ള വാർത്തകളാണ് വരുന്നത്. സ്വർണ്ണത്തിന്റെ നികുതിയെ സംബന്ധിച്ച കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുകയാണെങ്കിൽ കൂടുതൽ വരുമാനമാർഗ്ഗത്തിന് അത് കാരണമാകും. ഞങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ പദ്ധതി നിർത്തലാക്കുമെന്ന് പറഞ്ഞവരുണ്ട്. കേരളത്തിൽ നാല് ലക്ഷം രൂപയ്ക്ക് പാവപ്പെട്ട ആളുകൾക്ക് വീട് പണിത് നൽകിയ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു.

ഇന്ന് രാവിലെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ, റേഷൻ വ്യാപാരികളുടെ ഒരു സമരത്തിൽ ഞാനും പ്രസംഗിച്ചു. പാവപ്പെട്ട റേഷൻ വ്യാപാരികൾക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കാൻ സർക്കാർ തയ്യാറാകണം. 92 ലക്ഷം വരുന്ന ജനങ്ങളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന റേഷൻ വ്യാപാരികളുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കാൻ സർക്കാർ ശ്രദ്ധാപൂർവ്വമായ ശ്രമം നടത്തണം. കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ റേഷൻ വിതരണരംഗത്തും റേഷൻ വ്യാപാരികളുടെ വരുമാനരംഗത്തും കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ടും ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, സർക്കാരിന്റെ ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ സർക്കാരിന്റെ സാമ്പത്തിക നയമെന്താണ്? നാം അകപ്പെട്ട ഈ സാമ്പത്തിക ചുഴിയിൽനിന്നും രക്ഷപ്പെടാൻ എന്ത് എക്സിറ്റ് പ്ലാനാണ് അങ്ങയുടെ കയ്യിലുള്ളത്? ഇത്ര ദരിദ്രനായ ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ സങ്കടങ്ങൾ നമുക്ക്

മനസ്സിലാക്കാനാകും. എന്നാൽ നിങ്ങളിപ്പോഴും ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാനാണ് ശ്രമിക്കുന്നത്. ഇതുകൊണ്ട് എന്താണ് കാര്യം? നമുക്ക് ഈ പ്രതിസന്ധിയെ മറികടക്കണം, നിങ്ങൾ ഞങ്ങളെ കേൾക്കണം, പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കണം. നിങ്ങൾക്ക് പ്രതിപക്ഷത്തെയെന്നല്ല; നിങ്ങളുടെ മുന്നണിയെത്തന്നെ വിശ്വാസമുണ്ടോ? നിങ്ങൾ സി.പി.ഐ.(എം.) നേതാക്കളെപ്പോലും കേൾക്കാൻ തയ്യാറല്ലല്ലോ? അവർ എത്ര നല്ല നിർദ്ദേശങ്ങളാണ് നിങ്ങൾക്ക് മുമ്പിൽവയ്ക്കുന്നത്. എന്നിട്ട് ഇപ്പോൾ നിങ്ങൾ അവരുടെ തലയിൽ കയറുകയല്ലേ ചെയ്യുന്നത്? ശ്രീ. ബിനോയ് വിശ്വം ചില സത്യങ്ങൾ വിളിച്ചുപറഞ്ഞപ്പോൾ അദ്ദേഹത്തെ വളഞ്ഞിട്ട് ആക്രമിക്കാൻ നിങ്ങൾ ക്വട്ടേഷൻ കൊടുക്കുകയല്ലേ; എസ്.എഫ്.ഐ. എന്താണ് കാണിക്കുന്നത്? കൊയിലാണ്ടിയിലെ ആ പ്രിൻസിപ്പാളിനോട് നിങ്ങളുടെ കുട്ടികൾ കാണിച്ചത് എന്തൊരു നെറികേടാണ്. എല്ലാ കാര്യങ്ങളെയും നിങ്ങൾ ന്യായീകരിക്കുകയല്ലേ? ഇടതുപക്ഷത്തിന്റെ തോൽവിയിൽ എസ്.എഫ്.ഐ.-ക്ക് നിർണ്ണായകമായ പങ്കുണ്ട്. xxxxxxxxxx+..(...ബഹളം....), ശ്രീ. ബിനോയ്

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.11962/ഇ.ബി/2024/ലെജി. തീയതി 10-07-2024) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

വിശ്വം നല്ല രാഷ്ട്രീയബോധത്തോടെ സംസാരിക്കുന്ന ഒരാളാണ്. അദ്ദേഹം പറഞ്ഞത് യാഥാർഥ്യമാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ചെയർപേഴ്സൺ: ശ്രീ. എ.കെ.എം.അഷ്റഫ്... പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, xxxxxxxxxx+ (….ബഹളം....) അടുത്ത കാലത്തുണ്ടായ സംഭവവികാസങ്ങൾ മാത്രം പരിശോധിച്ചാൽ മതിയാകും. ശ്രീ. ബിനോയ് വിശ്വത്തിന്റെ.....

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ? (….ബഹളം....)

ശ്രീ. ലിന്റോ ജോസഫ്: സർ, ചട്ടം 307 പ്രകാരം സഭയിൽ ഇല്ലാത്ത ഒരംഗം പറഞ്ഞുവെന്നുള്ള നിലയിൽ xxxxxxxxxx+ അത് തിരുത്തണം. അത് സഭാരേഖയിലുണ്ടാകാൻ പാടില്ല.

ചെയർപേഴ്സൺ: ഇക്കാര്യം പരിശോധിക്കാം.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പൂക്കോട് വെറ്ററിനറി കോളേജിന്റെ വിഷയം ഈ സഭയിൽ വളരെ ഗൗരവതരമായി ചർച്ച ചെയ്തതാണ്. കഴിഞ്ഞ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.11962/ഇ.ബി/2024/ലെജി. തീയതി 10-07-2024) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.11962/ഇ.ബി/2024/ലെജി. തീയതി 10-07-2024) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

ശനിയാഴ്ചയാണ് കണ്ണൂർ സർവ്വകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് നടന്നത്. എന്റെ ജില്ലയായ കാസർഗോഡ് കാഞ്ഞങ്ങാട് ഓർഫനേജ് അറബിക് കോളേജിൽ പഠിക്കുന്ന ഫാത്തിമ എന്ന പെൺകുട്ടിയെ എസ്.എഫ്.ഐ. പ്രവർത്തകർ യഥാർഥ വോട്ടർ അല്ലെന്ന വ്യാജ ആരോപണമുന്നയിച്ച് വോട്ട് ചെയ്യാൻ അനുവദിക്കാതെ മണിക്കൂറുകളോളം പോളിംഗ് സ്റ്റേഷനിൽ തടഞ്ഞുവയ്ക്കുകയുണ്ടായി. അവസാനം കുട്ടിയെ പഠിപ്പിക്കുന്ന ടീച്ചർ അടക്കം വീഡിയോ കോളിലൂടെ ബന്ധപ്പെട്ടതിനുശേഷം മാത്രമാണ് വോട്ടുചെയ്യാൻ അനുവദിച്ചത്. വോട്ട് ചെയ്തതിനുശേഷം കരഞ്ഞുകൊണ്ട് തനിക്ക് നേരിടേണ്ടി വന്ന ദുരനുഭവത്തെക്കുറിച്ച് ആ വിദ്യാർഥിനി മാധ്യമങ്ങളോട് പറയുന്നത് നമ്മളൊക്കെ കേട്ടതും കണ്ടതുമാണ്. സംരക്ഷണം നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പോലീസിനോട് നിർദ്ദേശിച്ച തെരഞ്ഞെടുപ്പായിരുന്നു കണ്ണൂർ യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പ്. വോട്ട് ചെയ്യാനായി കൈവശമുണ്ടായിരുന്ന യു.യു.സി.-മാരുടെ തിരിച്ചറിയൽ കാർഡ് പോലീസിന്റെ സാന്നിധ്യത്തിലാണ് എസ്.എഫ്.ഐ. പ്രവർത്തകർ തട്ടിപ്പറിച്ച് കൊണ്ടുപോയത്. ഇതേ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യേണ്ടിയിരുന്ന എന്റെ

ജില്ലയിലെ തൃക്കരിപ്പൂരിൽ നിന്നുള്ള MSF-ന്റെ യു.യു.സി.-യെ എസ്.എഫ്.ഐ.-യും പ്രാദേശിക സി.പി.ഐ.(എം.) നേതൃത്വവും ഇടപെട്ടാണ് വോട്ടുചെയ്യാൻ വരുന്നതിൽനിന്നും തടഞ്ഞത്. ഞാൻ ഈ പറഞ്ഞ കാര്യങ്ങളൊക്കെ ശ്രീ. ബിനോയ് വിശ്വത്തിന്റെ പ്രസ്താവനയ്ക്കുശേഷം എസ്.എഫ്.ഐ. നടത്തിയതാണ് എന്നുകൂടി ചേർത്തുവായിച്ചാൽ അദ്ദേഹത്തിന്റെ പ്രസ്താവനയുടെ പ്രസക്തിയെക്കുറിച്ച് മനസ്സിലാകും.

എസ്.എഫ്.ഐ. എന്ന വിദ്യാർഥി സംഘടന കാലഹരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആശയപരമായി യാതൊരു അടിത്തറയും ഇന്ന് ആ സംഘടനയ്ക്കില്ല. കാലം ആവശ്യപ്പെടുന്ന പ്രവർത്തനങ്ങളോ മുദ്രാവാക്യങ്ങളോ ആ സംഘടനയ്ക്കില്ലെന്നത് യാഥാർഥ്യമാണ്. ഒരു വിദ്യാർഥി സംഘടനയ്ക്ക് ദിശാബോധം നഷ്ടപ്പെട്ടാൽ അത് വലിയ അപചയങ്ങളിലേയ്ക്ക് സമൂഹത്തെ കൊണ്ടുപോകുകയും തലമുറകളുടെ ചിന്തകളെ തെറ്റായി സ്വാധീനിക്കുകയും ചെയ്യും.

ഇവിടെ പ്രസംഗത്തിന്റെ ആരംഭത്തിൽ ബഹുമാന്യയായ മുൻആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നമ്മുടെ സഭയിൽ ഒരു പ്രസംഗം

നടത്തുമ്പോൾ സൂചിപ്പിച്ചു...... ടീച്ചറോട് ഞങ്ങൾക്കെന്നും ബഹുമാനമാണ്. ഇത്ര വലിയ ഭൂരിപക്ഷത്തിന് ശ്രീ. ഷാഫി പറമ്പിൽ വിജയിച്ചത് ആരുടെ വോട്ടുകൊണ്ടാണ്? ഇത് ടീച്ചറോടുള്ള വിരോധം കൊണ്ടല്ല; ടീച്ചറുടെ പാർട്ടി പ്രവർത്തകർ സ്വന്തം പാർട്ടിയുടെ നിലപാടിനെതിരെ പ്രതിഷേധിച്ചതുകൊണ്ടാണ്. എന്റെ സുഹൃത്ത് ശ്രീ. നജീബ് കാന്തപുരം ഈ നിയമസഭയിൽ പറഞ്ഞതും അതുതന്നെയാണ്. 60,000 വോട്ടിന്റെ ഭൂരിപക്ഷം നൽകി ടീച്ചറെ ഈ നിയമസഭയിലേയ്ക്ക് അയച്ച ജനങ്ങൾ തന്നെയാണ് അത് തിരിച്ചെടുത്തത്. അവർക്ക് ഈ പാർട്ടിയെ മടുത്തിരിക്കുന്നു. ഞങ്ങളുടെ വിമർശനം ഒരിക്കലും വ്യക്തിപരമല്ല. നിങ്ങളുടെ പാർട്ടിക്കാർതന്നെ നൽകിയ മനോഹരമായ പാസിലാണ് ഞങ്ങളുടെ മെസി ഗോൾ അടിച്ചതെന്ന് നിങ്ങളോർക്കുന്നത് നന്നായിരിക്കും. ഒരു ബജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിലെ എല്ലാ ജനങ്ങളും വളരെ പ്രതീക്ഷയോടുകൂടിയാണ് ആ ബജറ്റിനെയും ബജറ്റിനുശേഷമുള്ള ചർച്ചകളെയും കാണുന്നത്. ഞാൻ പലപ്പോഴും ഈ സഭയിൽ സംസാരിക്കുന്ന സന്ദർഭത്തിൽ അത്യുത്തര കേരളത്തിന്റെ കാസർഗോഡ് ജില്ലയോട് കാണിക്കുന്ന അവഗണനയുടെ കാര്യം

നിരന്തരമായി ഉയർത്തിയ ഒരാളാണ്. എയിംസിന്റെ പട്ടികയിൽ എന്റെ ജില്ലയുടെ പേര് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാസങ്ങളായി ആ ജില്ലയിൽ സമരം നടക്കുകയാണ്. എയിംസ് ലഭ്യമാക്കണമെന്നല്ല പറയുന്നത്. കേരള സർക്കാർ നൽകുന്ന ലിസ്റ്റിൽ എന്റെ ജില്ലയുടെ ഒരു പേര് ഉൾപ്പെടുത്തണമെന്ന കാര്യത്തിൽപ്പോലും അനുഭാവപൂർവ്വമുള്ള ഒരു നടപടിയെടുക്കാൻ കഴിയാത്ത ഒരു സർക്കാരാണിത്. കോവിഡുകാലത്ത് അനുവദിച്ച TATA Hospital തകർച്ചയിലായി. അതിപ്പോൾ കോഫി ഷോപ്പിലേയ്ക്ക് അതിന്റെ കണ്ടെയ്നർ കൊണ്ടുപോകുന്ന ഒരു അവസ്ഥയിലാണ് ആ ജില്ലയിൽനിന്നും കാണാൻ കഴിയുന്നത്.

അതുമാത്രമല്ല; എന്റെ മണ്ഡലത്തെ സംബന്ധിച്ചിടത്തോളം, കോവിഡ് കാലത്ത് കർണ്ണാടക അതിർത്തി അടച്ചപ്പോൾ 22 പേർ പിടഞ്ഞുപിടഞ്ഞു മരിച്ചത് എന്റെ മണ്ഡലത്തിലാണ്. അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ 15 കോടി രൂപ കിഫ്ബിയിൽ എന്റെ മണ്ഡലത്തിലെ അതിർത്തിയിലെ ഒരു ഹോസ്പിറ്റലിലേയ്ക്ക് കെട്ടിട നിർമ്മാണത്തിനുവേണ്ടി നീക്കിവച്ചു. ഞാൻ

എം.എൽ.എ.-യായി ഈ മൂന്ന് വർഷക്കാലംകൊണ്ട് നിരവധി തവണ ഇപ്പോഴുള്ള ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയുടെ മുമ്പിലേയ്ക്ക് ഞാൻ പോയിട്ടുണ്ട്. ഇനിയും ഞാൻ പോകുമ്പോൾ സെഞ്ച്വറി അടിക്കും. അമ്പതിലധികം പ്രാവശ്യം പോയി ഞാനത് ആവശ്യപ്പെട്ടിട്ടുപോലും ഒരിഞ്ച് അനങ്ങാൻപോലും തയ്യാറായിട്ടില്ല. അതുമാത്രമല്ല; എന്റെ മണ്ഡലത്തിലെ പോലീസ് ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ട ഒരു കാര്യമാണ്- മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് ഒരു പോലീസ് സ്റ്റേഷൻ എന്നുള്ളത്. ഇന്ന് എന്റെ മണ്ഡലത്തിന്റെ അവസ്ഥ, പകൽ പത്ത് മണിക്ക് വീടുകൾ കയറി കൊള്ളക്കാർ കൊള്ളയടിക്കുന്നു. നട്ടുച്ചയ്ക്ക് കൊള്ളയാണ്; പ്രവാസിയായ മച്ചമ്പാടിയിലെ ഇബ്രാഹിം ഖലീൽ എന്ന ചെറുപ്പക്കാരന്റെ വീട്ടിൽ നടന്ന ഏറ്റവും ഭീകരമായ ഒരു മോഷണം ഇന്നും വലിയ രീതിയിൽ ചർച്ച ചെയ്യുകയാണ്. പട്ടാപ്പകൽ ഒരു മണിക്കാണ് ആക്സിസ് ബാങ്കിന്റെ എ.ടി.എം. നിറയ്ക്കുന്നതിനുവേണ്ടി കൊണ്ടുവന്ന 50 ലക്ഷം രൂപ എ.ടി.എം.-ന്റെ മുമ്പിൽനിന്നും മോഷണം പോയത്. മുപ്പത്തിയഞ്ചിലധികം മോഷണങ്ങൾ.... പണ്ടൊക്കെ മോഷണങ്ങൾ നടക്കുന്നത് രാത്രികാലത്താണ്. അതിർത്തിയിൽ

ഇത്ര ഭീകരമായി മുപ്പത്തിയഞ്ചോളം മോഷണങ്ങൾ നടന്നിട്ടുപോലും ഒരാളെപ്പോലും പോലീസിന് പിടിക്കാൻ കഴിയാത്ത ഒരവസ്ഥ ഇപ്പോഴും നിലനിൽക്കുകയാണ്. ഞാനിവിടെ ധനവിനിയോഗ ബില്ലിൽ സംസാരിക്കുമ്പോൾ പറയുന്നൊരു കാര്യം, പണ്ട് ആവശ്യപ്പെട്ട ഒരു പോലീസ് സ്റ്റേഷന്റെ കാര്യം പലപ്പോഴും സാമ്പത്തിക പ്രതിസന്ധിയുടെ പേര് പറഞ്ഞുകൊണ്ടാണ് തള്ളുന്നത്. അതിന് ഒരു പരിഹാരം കാണണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

പ്ലസ് വൺ സീറ്റിന്റെ കാര്യം എല്ലാവർക്കുമറിയാം. വിദ്യാഭ്യാസ മേഖലയിൽ ഏറെ പിന്നാക്കം നിൽക്കുന്ന ഒരു മണ്ഡലമാണ് മഞ്ചേശ്വരം. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി എല്ലാ വർഷവും എന്റെ മണ്ഡലത്തിന് പ്രത്യേക പരിഗണന നൽകി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിലൂടെ കുറേ കുട്ടികളെ ക്ലാസിലേയ്ക്ക് എത്തിക്കാൻ കഴിയുന്നുവെങ്കിലും ഇപ്പോഴും പുതിയ ബാച്ചുകൾ അനുവദിക്കാത്തതിന്റെ പേരിൽ പ്ലസ് വണിന് സീറ്റ് കിട്ടാതെ അഞ്ഞൂറോളം കുട്ടികൾ ഈ പ്രത്യേക ഉത്തരവിനുവേണ്ടി കാത്തുനിൽക്കുന്ന വളരെ വേദനാജനകമായ ഒരവസ്ഥ എന്റെ മണ്ഡലത്തിലുണ്ട്. എന്റെ

മണ്ഡലത്തിലെ ഏക സർക്കാർ കോളേജാണ് ഞാൻ പഠിച്ച മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജ്. ആ കോളേജിന് പ്രത്യേക കോഴ്സുകൾ നൽകിക്കൊണ്ട് കർണ്ണാടകയെ ആശ്രയിച്ച് ഡിഗ്രിക്ക് പോകുന്ന കുട്ടികളെ നമ്മുടെ സംസ്ഥാനത്ത് എന്റെ ജില്ലയിൽ എന്റെ മണ്ഡലത്തിൽ അവർക്ക് പഠിക്കാനുള്ള അവസരം ആവശ്യപ്പെട്ടുകൊണ്ട് നിരന്തരമായി ഞാൻ മാത്രമല്ല; എന്റെ മുൻകാല എം.എൽ.എ.-മാർപോലും ആവശ്യപ്പെട്ടിട്ടും 25 വർഷമായി പുതിയ ഒരു കോഴ്സുപോലും നൽകാതെ..., പുതിയ കെട്ടിടങ്ങൾ വന്നു; പുതിയ കോഴ്സുകളില്ലാതെ വിദ്യാഭ്യാസമേഖലയിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ തുടർച്ചയായ വികസനത്തിനും മുന്നേറ്റത്തിനും നവകേരള സൃഷ്ടിക്കും സഹായകരമായ വിധത്തിൽ എല്ലാ വകുപ്പുകളെയും

ചേർത്തുപിടിച്ചുകൊണ്ട്, പാവപ്പെട്ട സാധാരണക്കാരായ മനുഷ്യരെയും നിരാലംബരായ ആളുകളെയും സർക്കാർ ആശുപത്രികൾ അഭയകേന്ദ്രമായി കാണുന്ന ആയിരക്കണക്കിന് രോഗികളെയും വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളെയും പരമ്പരാഗത-ആധുനിക വ്യവസായങ്ങളിലെ തൊഴിലാളികളെയും പശ്ചാത്തല സൗകര്യ വികസനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിരവധി റോഡുകളും കെട്ടിടങ്ങളും വിദ്യാലയങ്ങളുമെല്ലാം പൂർത്തിയാക്കി മുന്നോട്ടുപോകണമെങ്കിൽ അതിനാവശ്യമായ ധനമാർഗ്ഗം കണ്ടെത്തണം. ആ ധനാഗമ മാർഗ്ഗങ്ങളെ സംബന്ധിച്ച് അതിന്റെ അടിസ്ഥാനത്തിലുള്ള ഉപധനാഭ്യർഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പ്രതിപക്ഷക്കാർ അവരുടെ ജോലി നിരന്തരമായി ചെയ്തുകൊണ്ടിരിക്കും. അതിൽ അത്ഭുതമൊന്നുമില്ലല്ലോ; അവരുടെ ചർച്ചകളെല്ലാം കേൾക്കുമ്പോൾ കേരളമെന്ന് പറയുന്നത് ഒരു സ്വാതന്ത്ര്യ പരമാധികാര രാഷ്ട്രമാണെന്നാണ് തോന്നുക. ഇന്ത്യൻ യൂണിയന്റെ ഭാഗമായി ഭരണഘടനാപ്രകാരം നിലനിന്നുപോകുന്നൊരു സംസ്ഥാനമല്ലേ ഇത്; യൂണിയൻ - സ്റ്റേറ്റുകളുടെ യൂണിയനാണ്. ആ യൂണിയൻ ഗവൺമെന്റുമായി

ബന്ധപ്പെട്ട കേന്ദ്രനിലപാടുകൾ ഓരോ സംസ്ഥാനത്തിന്റെയും മുന്നേറ്റത്തിനും തിരിച്ചടിക്കും കാരണമാകുമെന്ന് അറിയാത്തവരല്ലല്ലോ ഇവർ. ഇപ്പോൾ എട്ട് വർഷക്കാലമായി ഇടതുപക്ഷമാണ് അധികാരത്തിലുള്ളത്. അതിന്റെ ഒരു പ്രയാസം അവർക്കുണ്ടാകും. പക്ഷേ കേരളത്തിൽ നേരത്തെ നടന്ന തിരഞ്ഞെടുപ്പിലും ഇപ്പോൾ നടന്ന തിരഞ്ഞെടുപ്പിലും നിർഭാഗ്യകരമെന്ന് പറയട്ടെ, വിജയിച്ച മലയാളികളായ/കേരളീയരായ പാർലമെന്റ് മെമ്പർമാരുടെ നിലപാട്, മാനസികാവസ്ഥ,.... അവർ മലയാളികളും കേരളീയരുമല്ലേ; കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ഭരിക്കുന്നുവെന്നതുകൊണ്ട് അതിനെ പ്രയാസപ്പെടുത്താനാവശ്യമായ നിലപാട് സ്വീകരിക്കുകയാണ്. നമുക്ക് അർഹതപ്പെട്ട പദ്ധതി വിഹിതം, ഫണ്ട് വിഹിതം, നികുതി വിഹിതം, ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഭരണഘടനാനുസൃതമായി തരേണ്ട കാര്യങ്ങൾ തരാതെ വരുമ്പോൾ അതിനെ അരുതെന്നും പറ്റില്ലെന്നും സമ്മതിക്കില്ലെന്നും പറയണ്ടേ; ആരുടെയെങ്കിലും ശബ്ദങ്ങൾ നിങ്ങൾ കേട്ടോ? നമുക്കുണ്ടായ ഈ അവസ്ഥയ്ക്ക് കാരണം കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിലും ഇപ്പോൾ നടന്ന തിരഞ്ഞെടുപ്പിലും യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുള്ള ബഹുമാന്യനായ

അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ട് പോയിയെന്നത് അവരുടെ ഭാഗം ന്യായീകരിക്കപ്പെടുമ്പോഴും അത് പൊതുവായ ഈ കേരളത്തിന്റെ മുന്നേറ്റത്തിനും വികസനത്തിനും തടസ്സമായെന്ന അഭിപ്രായത്തിനാണ് മുൻതൂക്കം കിട്ടുകയെന്നതാണർത്ഥം. ഇവിടെ സാമൂഹ്യ സുരക്ഷാ പെൻഷനെ സംബന്ധിച്ച് പറഞ്ഞത്, പെൻഷൻ കിട്ടുമെന്ന് കണക്കാക്കിയ ആളുകൾ അത് കിട്ടാൻ വേണ്ടി കാത്തിരിക്കുകയാണ്. നിങ്ങളുടെ ഭരണകാലത്ത് പെൻഷനുവേണ്ടി ആരും കാത്തിരുന്നിട്ടില്ല. കാത്തിരുന്നിട്ട് കാര്യവുമില്ല. അത് കിട്ടുകയില്ലെന്ന് അവർ തീരുമാനിച്ചിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി വന്നാൽ അവർക്കത് കിട്ടുമെന്ന് ബോധ്യമുണ്ടായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലത്ത് ബഹുമാന്യനായ ഡോ. എം. കെ. മുനീർ, ശ്രീ. പി. കെ. അബ്ദു റബ്ബ് എന്നിവർ അസംബ്ലിയിൽ പറഞ്ഞ കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കാം. സാമൂഹ്യക്ഷേമ പെൻഷന്റെ കാര്യത്തിൽ ഫണ്ടിന്റെ അപര്യാപ്തതയുണ്ടെന്നും അതിനാൽ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കുന്നില്ലെന്നും അന്നത്തെ മന്ത്രിയായിരുന്ന ഡോ. എം. കെ. മുനീർ പറയുന്നു. സമൂഹ്യക്ഷേമ പെൻഷനും മൂന്ന് മാസത്തെ വികലാംഗ

പെൻഷനും നാല് മാസത്തെ വിധവാ പെൻഷനും ആറുമാസത്തെ ദേശീയ വാർദ്ധക്യകാല പെൻഷനും മൂന്നുമാസത്തെ അൻപത് വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷനും കുടിശ്ശികയാണ്. കുടിശ്ശികയുടെകാര്യം പറഞ്ഞ ഒറ്റ മുസ്ലീംലീഗിന്റെ സുഹൃത്തുകളും ഇവിടെ ഇല്ല. എന്നാലും നമ്മൾ പറഞ്ഞ പ്രസംഗത്തിന്റെ രേഖകൾ വായിച്ചാൽ അവർക്ക് മനസ്സിലാകുമല്ലോ; അതുപോലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടും നിങ്ങൾ ആശങ്കപ്പെടുന്നുണ്ട്.......

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു, ഞങ്ങൾ രണ്ടുമൂന്ന് തവണ ഈ പെൻഷന്റെ വിഷയം ഇവിടെ പറഞ്ഞതാണ്. കഴിഞ്ഞ ബില്ലിലും സംസാരിച്ചതാണ്.

<u>ചെയർപേഴ്സൺ</u>: ഇതിൽ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ചട്ടം 307 പ്രകാരം, വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞാൽ ഞങ്ങളുടെ പാർട്ടിക്കും ഞങ്ങൾക്കും അത് അപകീർത്തികരമാണെന്ന് ചൂണ്ടിക്കാണിക്കുന്നു.

<u>ചെയർപേഴ്സൺ</u>: അത് പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് അല്ലേ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അത് പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് അല്ല. ഞങ്ങളുടെ കാലത്ത് പെൻഷൻ കൊടുക്കില്ലായിരുന്നു, അതുകൊണ്ട് ആരും ചോദിക്കില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഉമ്മൻ ചാണ്ടിയുടെ കാലത്ത് മൂന്നുമാസം മാത്രമായിരുന്നു കുടിശ്ശിക ഉണ്ടായിരുന്നത്. ഇത് നിയമസഭ രേഖകളിലുണ്ടെന്നാണ് (....ബഹളം......)

ചെയർപേഴ്സൺ: ശ്രീ. പി. മമ്മിക്കുട്ടിക്ക് തുടരാവുന്നതാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, അദ്ദേഹം സ്ഥിരമായി പറയുന്നൊരു കാര്യമാണിത്. അതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല. ഞാൻ ഒരു കാര്യം പറയാം, കുട്ടികൾ പാസ്സായിവരുന്നു, നന്നായി റിസൽട്ടുണ്ടാകുന്നു. അവർക്ക് തുടർപഠനത്തിനാവശ്യമായ സീറ്റുകളില്ലെങ്കിൽ സീറ്റുകളുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുന്നില്ലേ; അർഹതപ്പെട്ട ഒരു കുട്ടിക്കും സീറ്റുകിട്ടാതെ പുറത്ത് പോകേണ്ടിവരില്ലെന്ന് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലെല്ലാം വലിയ വക്താക്കളായി മാറുന്ന നിങ്ങളുടെ നിലപാടുകളെ സംബന്ധിച്ച് ചോദ്യം ചെയ്യാൻ വേണ്ടിയാണ് ശ്രീ. പി. കെ. അബ്ദു റബ്ബ് പറഞ്ഞ സ്റ്റേറ്റ്മെന്റ്- "കഴിഞ്ഞ സാമ്പത്തിക വർഷം

സംസ്ഥാനത്ത് 2332 ലാഭകരമല്ലാത്ത സ്കൂളുകൾ കണ്ടെത്തി" സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസമെന്ന് പറഞ്ഞാൽ ലാഭമാണോ; കൊപ്രാ കച്ചവടമോ, മറ്റ് കച്ചവടങ്ങളോ ആണോ; അത് സേവനവുമായി ബന്ധപ്പെട്ട മേഖലയല്ലേ; അവരുടെ ഗവൺമെന്റിനുവേണ്ടി മന്ത്രി പറഞ്ഞത്, 2332 വിദ്യാലയങ്ങൾ ലാഭകരമല്ലെന്ന് കണ്ടെത്തിയെന്ന് പറഞ്ഞ ആളുകളാണ് ഇപ്പോൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച വലിയ വക്താക്കളായി മാറുന്നത്. സീറ്റുലഭിക്കാത്ത ഒരു കുട്ടിയുമുണ്ടാകില്ല. എല്ലാ കുട്ടികൾക്കും സീറ്റ് ലഭിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ടൊരു കാര്യം പറയാം. എസ്.എഫ്.ഐ.-യെ സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഇതെല്ലാം പറഞ്ഞിട്ട് പോകാം, പക്ഷേ ജനാധിപത്യത്തിൽ സഹിഷ്ണുതാ വളരെ പ്രധാനമാണ്. പണ്ഡിത് ജവഹർലാൽ നെഹ്റു പറഞ്ഞത് "ജനാധിപത്യമെന്ന് പറഞ്ഞാൽ അതിന്റെ അടിസ്ഥാന ആണിക്കല്ല് സഹിഷ്ണുത" എന്നാണ്. തങ്ങളെ അനുകൂലിക്കുന്നവരോടുള്ള സഹിഷ്ണുതയല്ല, മറിച്ച് തങ്ങളെ എതിർക്കുന്നവരോടുള്ള സഹിഷ്ണുതയാണ് പരമപ്രധാനമെന്ന് പഠിപ്പിച്ച മഹാനാണ് പണ്ഡിത് ജവഹർലാൽ നെഹ്റു. പറയാനുള്ള കാര്യങ്ങൾ എന്തും

പറഞ്ഞ് പോകുക, പിന്നെ അത് കേൾക്കേണ്ട ബാധ്യതയില്ലല്ലോ; മുപ്പത്തിയഞ്ചോളം വരുന്ന ഉശിരന്മാരായ ചെറുപ്പക്കാരായ കുട്ടികളെ കേരളത്തിന്റെ കലാലയങ്ങളിൽവച്ച് കുത്തിക്കൊന്ന ആളുകളുടെ വക്താക്കളാണ് എസ്.എഫ്.ഐ. മോശമാണെന്ന് പ്രചരിപ്പിക്കാൻ വേണ്ടിയുള്ള തെളിവ് സഹിതം ഇവിടെ പരാമർശിക്കപ്പെടുന്നത്. ധീരജ് ഉൾപ്പെടെയുള്ള 35 സഖാക്കളാണ്. അധ്യാപകനെ വിദ്യാലയത്തിൽവച്ച് ചവിട്ടിക്കൊന്ന ആളുകളാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ചും അധ്യാപക പ്രസ്ഥാനത്തെ സംബന്ധിച്ചും വിദ്യാർഥി പ്രസ്ഥാനത്തെ സംബന്ധിച്ചും ഇവിടെ പറയുന്നതെന്നാണ് അക്കാര്യത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. മറ്റൊന്ന്, ശ്രീ. പി. ഉബൈദുള്ള നമ്മുടെ സുഹൃത്താണ്. അദ്ദേഹം പറഞ്ഞത് മലപ്പുറത്തെ ഏതോ പ്രകടനത്തിൽ പി.ഡി.പി.-കാരുടെ കൊടി കണ്ടുവെന്നാണ്. അതിന്റെ കൂടെ പച്ച നിറത്തിലുള്ള ഐ.എൻ.എൽ.കാരുടെ കൊടിയുമുണ്ടായിരുന്നു. ബഹുമാന്യനായ ശ്രീ. രാഹുൽ ഗാന്ധി മത്സരിക്കുന്ന വയനാട് മണ്ഡലത്തിലെ സ്വന്തം പാർട്ടിയുടെ കൊടിയഴിച്ച് കക്ഷത്തുവച്ചിട്ട് ആ കൊടിപോലും പണയപ്പെടുത്തി അതിന്റെ പിന്നാലെ പോകുന്ന നിങ്ങളുടെ

നിലപാട്, അവനവന്റെ പാർട്ടിയുടെ കൊടിയെങ്കിലും സംരക്ഷിക്കണമെന്നൊരു അഭിമാന ബോധമില്ലാതെ.... ഈ രാജ്യത്ത് പത്ത് വോട്ടിനുവേണ്ടി കോൺഗ്രസ്സിനേയോ ആർ.എസ്.എസ്. -കാരെയോ തൃപ്തിപ്പെടുത്താനാണോ; ആർക്കുവേണ്ടിയാണ്? മുസ്ലീം ലീഗിന്റെ പതാക അഴിച്ച് കക്ഷത്തുവച്ച് ഒളിച്ചോടിയ ആളുകൾ ഇവിടെ ഏതോ ഒരു കൊടി കണ്ടെന്ന് പറയുന്നതിൽ എന്താണ് അർത്ഥം; ആ കൊടിയോട് ആത്മാർഥതയുണ്ടെങ്കിൽ ആ കൊടിയെ സംരക്ഷിക്കാനുള്ള നിലപാട് പറയണ്ടേ; അവരുടെ പിന്തുണയോടെ ഇവിടെ പറഞ്ഞു ബഹുമാന്യനായ ശ്രീ. രാഹുൽ ഗാന്ധി അദ്ദേഹത്തോട് എല്ലാ ബഹുമാനവുമുണ്ട്. അവരുടെ ഭാഗമായി രണ്ട് സീറ്റ് ലഭിച്ചതല്ലേ; ഉത്തർ പ്രദേശിൽ ശ്രീ.രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള ആളുകൾ ജയിച്ചുവന്നത് മുലായംസിംഗ് യാദവിന്റെ സമാജ്‌വാദി പാർട്ടിയുടെയും മറ്റ് പ്രസ്ഥാനക്കാരുടെയും പിന്തുണയില്ലായിരുന്നുവെങ്കിൽ ശ്രീ.രാഹുൽ ഗാന്ധി ഉത്തർപ്രദേശിൽ ഇത്തവണ ജയിക്കുമായിരുന്നില്ല. എന്നാൽ കോൺഗ്രസ്സിന്റെ ശക്തികൊണ്ട് അവരുടെ വോട്ട് കിട്ടിയിട്ടുണ്ടാകാം. തമിഴ് നാട്ടിലും കിട്ടിയിട്ടുണ്ടാകാം, ഞങ്ങളുടെ വോട്ടും അവർക്ക് ലഭിച്ചിട്ടുണ്ടാകും.

രാജസ്ഥാനിലും ഇപ്പോഴും അങ്ങനെ തന്നെയല്ലേ; പണ്ട് പറഞ്ഞതുപോലെ, 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' എന്നുപറയുന്നൊരു നിലപാട് സ്വീകരിക്കാൻ സാധിക്കില്ല. ആ യാഥാർത്ഥ്യ ബോധത്തോടുകൂടി നമ്മുടെ രാജ്യത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കികൊണ്ട് വർഗ്ഗീയതയെയും തീവ്രവാദത്തെയും എതിർക്കാൻ മതരാഷ്ട്രവാദക്കാരെ എതിർക്കാനാവശ്യമായ ഒരു നിലപാട് സ്വീകരിച്ച് നമുക്ക് മുന്നോട്ടുപോകാം. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രസ്താവനയെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. അത് സി.പി.ഐ.(എം.) ആണ്, ഇടതുപക്ഷം ആണ്. പ്രസ്ഥാനത്തിനകത്തും പാർട്ടിക്കകത്തും ചർച്ച നടത്തും തെറ്റുകളും കുറ്റങ്ങളുമുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കും, തിരുത്താനാവശ്യപ്പെടും. അങ്ങനെ പാർട്ടി കമ്മിറ്റികളിൽ പരസ്യമായി കാര്യങ്ങൾ പറയാൻ ധൈര്യം കാണിക്കുന്ന പ്രസ്ഥാനമേതാണ്; നിങ്ങൾക്ക് അതിന് കഴിയുമോ? അഴിമതി നടത്തിയിട്ടുണ്ടെന്നല്ല അതിനർത്ഥം. അത്തരം ആളുകൾക്ക് ഈ പാർട്ടിയിൽ സ്ഥാനമുണ്ടാകില്ലെന്ന് പാർട്ടി കമ്മിറ്റിയിൽ ഉച്ചൈസ്തരം പറയാൻ കഴിയുന്നൊരു പ്രസ്ഥാനമാണ് സി.പി.ഐ.(എം.)

എന്നുള്ളതുകൊണ്ടാണ് അങ്ങനെ പറയാൻ കഴിയുന്നത്. നിങ്ങൾക്ക് അത് പറയാൻ കഴിയില്ല. നിങ്ങൾക്ക് അങ്ങനെ പറയാൻ സാധിക്കാത്തിന്റെ വേവലാതിയാണ്. മറ്റ് പ്രസ്ഥാനങ്ങൾ പറയുന്നതുകൊണ്ട് വിഷമിക്കേണ്ട കാര്യമില്ല. ഇവിടെ പെൻഷനും മറ്റ് കാര്യങ്ങളും നൽകാൻ സാധിക്കാത്തത് ധൂർത്തുകൊണ്ടാണെന്നാണ് പറയുന്നത്. എന്താണ് ധൂർത്ത്? ധൂർത്തിന്റെ കണക്കുകൾ ഇവിടെയുണ്ട്. ആവശ്യമെങ്കിൽ യു.ഡി.എഫ്.-കാർക്ക് നൽകാം. യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിരുന്ന മന്ത്രിമാർ, അവരുടെ പേഴ്സണൽ സ്റ്റാഫ്, അവർ നടത്തിയ വിദേശയാത്രകൾ അതെല്ലാം ഞാൻ വായിക്കണോ? അന്നത്തെ 21 മന്ത്രിമാർ, ബഹുമാന്യരായ ഒന്നുരണ്ട് മന്ത്രിമാർ മാത്രം അതിൽ വളരെ പിന്നിലായിരുന്നു. ഈ ധൂർത്ത് നടത്തുന്ന ആളുകൾ, നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രിമാരുടെ കാര്യമൊന്ന് പറയൂ. സർക്കാർ സംവിധാനത്തിന്റെ ഭാഗമായ ഏതെങ്കിലും കാര്യങ്ങൾക്കോ അല്ലെങ്കിൽ മറ്റ് കാര്യങ്ങൾക്കോ പോകുമ്പോൾ അത് ധൂർത്താണെന്നാണ് പറയുന്നത്. 'നവകേരള സദസ്സ് ധൂർത്ത് എന്നാണ് പറയുന്നത്. നവകേരള സദസ്സ് നടത്തി, ശരിയാണ്. അതിന്റെ പേരിൽ എത്ര തുകയാണ് സംസ്ഥാന ഗവൺമെന്റ്

ചെലവഴിച്ചത്? ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചു. ഞങ്ങൾ അതിനെ ആക്ഷേപിക്കാൻ വേണ്ടി പറയുന്നതല്ല. രാവും പകലുമില്ലാതെ ജനങ്ങളെ സംഘടിപ്പിച്ചില്ലേ; അതിനുവേണ്ടി എത്ര രൂപയാണ് ചെലവാക്കിയത്; എത്ര അപേക്ഷകൾ കൊടുത്തു; വില്ലേജ് ഓഫീസർ പാസ്സാക്കികൊടുക്കേണ്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ടൊരു കാര്യത്തിന് പാലക്കാട്ടേയ്ക്കും കണ്ണൂരിലേയ്ക്കും കോഴിക്കോട്ടേയ്ക്കും മൂവായിരം നാലായിരം രൂപ ടാക്സി ചാർജ്ജിനത്തിൽ ചെലവഴിച്ച് ആളുകളെ കൊണ്ടുപോയില്ലേ; ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് നടത്തിയ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്? കേരളത്തിലെ മുഖ്യമന്ത്രിയുൾപ്പെടെ 21 മന്ത്രിമാർ നടത്തിയ ഈ യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എത്ര രൂപ ചെലവഴിച്ചുവെന്നത് പരിശോധിച്ചാൽ ലഭിക്കില്ലേ; എന്നിട്ട് ഇവിടെ ധൂർത്തിന്റെയും ധിക്കാരത്തിന്റെയും കാര്യം പറയുകയാണ്; ധൂർത്തിന്റെയും ധിക്കാരത്തിന്റെയും കാര്യം പറഞ്ഞാലൊന്നും കേരളത്തിലെ ജനങ്ങൾ ഇക്കാര്യങ്ങളൊന്നും അംഗീകരിക്കില്ല. ദേശീയ

രാഷ്ട്രീയവുമായി, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ നിങ്ങൾക്ക് ഒരു മുന്നേറ്റമുണ്ടായെന്ന കാര്യത്തിൽ തർക്കമില്ല. അത് ഞങ്ങൾ അംഗീകരിക്കുകയാണ്. ഞങ്ങൾക്കുണ്ടായ കുറവുകൾ കണ്ടെത്തി പരിഹരിക്കാനുള്ള ഏർപ്പാടുകൾ ഞങ്ങൾ ചെയ്യും. എന്നാൽ അതിനെക്കുറിച്ച് ചർച്ച നടത്താനേ പാടില്ലെന്നാണ് പറയുന്നത്, ഞങ്ങളുടെ കാര്യം ഞങ്ങൾ ചർച്ച നടത്തിക്കോളും. ....

ചെയർപേഴ്സൺ: അങ്ങേയ്ക്ക് അനുവദിച്ച സമയം അവസാനിച്ചു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, കോൺഗ്രസും നിങ്ങളും ചേർന്ന മുന്നണിയിലാണ്, ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പതാക കെട്ടാൻ പാടില്ലെന്ന് പറഞ്ഞ ആ മുന്നണി രാഷ്ട്രീയവും ആ മുന്നണി ബന്ധവും അതിന്റെ മുന്നണി ഐക്യവും എന്താണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല എന്നതാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. മറ്റൊരു കാര്യം, കൂരിരുട്ടത്ത് അന്ധനായ ഒരാൾ കരിംപൂച്ചയെ തപ്പുന്ന രീതിയിലാണ് യു.ഡി.എഫ്. നിലപാട് സ്വീകരിക്കുന്നത്.

ചെയർപേഴ്സൺ: അങ്ങ് കൺക്ലൂഡ് ചെയ്യണം. അടുത്ത ആളെ വിളിക്കാൻ പോകുകയാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, കേന്ദ്ര സർക്കാരിന്റെ നിലപാടിനെതിരായി ശക്തമായൊരു വാക്കോ ഒരു പദപ്രയോഗമോ കേരളത്തിൽനിന്നും ജയിച്ചുപോയ പാർലമെന്റ് അംഗങ്ങൾ കേരളത്തിനുവേണ്ടി ശബ്ദിച്ചിരുന്നെങ്കിൽ കേരളത്തിന് ഈ ദുര്യോഗമുണ്ടാകുമായിരുന്നില്ല. നികുതിയും നികുതി പിരിവും മറ്റ് രൂപത്തിലുള്ള വരുമാന മാർഗ്ഗങ്ങളും വർദ്ധിപ്പിച്ചു. എന്നാൽപോലും സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം ലഭിക്കേണ്ടതല്ലേ? മുപ്പത്തിയേഴായിരത്തി നാന്നൂറോ ........

<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ആ പണം ലഭിക്കുന്നതിനനുസരിച്ച് ഇവിടത്തെ കൃഷിക്കാരന് നെല്ലിന്റെ സംഭരണ വില നൽകാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. മറ്റ്... ....... (മൈക്ക് ഓഫ്).......

<u>ചെയർപേഴ്സൺ</u>: ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അങ്ങേയ്ക്ക് സംസാരിക്കാം.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, സഭയിൽ പ്രതിപക്ഷത്തിന്റെ റോൾ എന്താണെന്നതാണ് എന്റെ സംശയം. ക്രിയാത്മക പ്രതിപക്ഷമായിരിക്കണം, എന്നാൽ, ആ ഉത്തരവാദിത്വം ഇവിടെ നിർവ്വഹിക്കപ്പെടുന്നുണ്ടോ

എന്നുള്ളതാണ് എന്റെ ആദ്യത്തെ ചോദ്യം. കാരണം നല്ല കാര്യങ്ങളെ അനുകൂലിച്ചുകൊണ്ടും ഭരണപക്ഷത്തെ തെറ്റായ പ്രവണതകളെ ചൂണ്ടിക്കാണിച്ച് അത് തിരുത്തുന്ന റോളാണ് യഥാർത്ഥത്തിൽ പ്രതിപക്ഷത്തിനുണ്ടാവേണ്ടത്. പക്ഷെ, ഇവിടെ അതല്ല കണ്ടുവരുന്നത്. എല്ലാത്തിനെയും എതിർക്കുകയെന്ന നയമാണ് ഇവിടത്തെ പ്രതിപക്ഷം സ്വീകരിച്ചുവരുന്നത്. നമ്മളെല്ലാവരും മലയാളികളും കേരളത്തിനുവേണ്ടി പ്രവർത്തിക്കുന്നവരുമായതിനാൽ കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ കൂട്ടായൊരു സമീപനം ഉണ്ടാവേണ്ടതല്ലേ; എന്നാൽ പലപ്പോഴും അത്തരമൊരു സമീപനം ഇല്ലാതെ പോകുന്നുവെന്നതാണ് ഏറ്റവും വലിയൊരു പോരായ്മയായി ഞാൻ കാണുന്നത്.

കേരളത്തിന്റെ വികസനത്തിന് പുതിയ ദിശാബോധം നൽകുന്ന തരത്തിലാണ് ഇടതുപക്ഷ സർക്കാരിന്റെ ഓരോ ബഡ്ജറ്റുകളും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയത്തിന്റെ ഭാഗമായി വലിയ സാമ്പത്തികപ്രയാസം അനുഭവിക്കുമ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പരമാവധി ഇടപെടലുകളാണ് സർക്കാർ

നടത്തുന്നത്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച കാര്യക്ഷമമായ സമീപനം ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. തനത് നികുതി വരുമാനത്തിൽ വലിയ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനത് നികുതി വരുമാനം വൻതോതിൽ വർദ്ധിപ്പിച്ചു. 2020-21 കാലഘട്ടത്തിൽ 47661 കോടി രൂപയായിരുന്ന തനത് നികുതി വരുമാനം 2022-23-ൽ 71968 കോടി രൂപയായും ഈ സാമ്പത്തികവർഷം 78000 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര നികുതി വിഹിതം കുറയ്ക്കുകയുണ്ടായി. പത്താം ധനകാര്യ കമ്മീഷനിൽ 3.87 ശതമാനമുണ്ടായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷനായപ്പോൾ 1.92 ശതമാനമായി കുറയുകയുണ്ടായി. ഇത് വലിയ നഷ്ടമുണ്ടാക്കുന്നുവെന്നത് ഒരു വസ്തുതയാണ്. പുതിയ കാലഘട്ടത്തിന്റെ സാധ്യതകൾക്കനുസരിച്ച് ജി.എസ്.ടി. വകുപ്പിൽ നടത്തിയ പുനഃസംഘടന ഉൾപ്പെടെ നികുതി വരുമാനത്തിന്റെ വർദ്ധനവിന് കാരണമായി. സ്വർണ്ണത്തിന്റെ വരുമാനത്തിലുണ്ടായ വലിയ കുറവിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജി.എസ്.ടി. വളരെ കാര്യക്ഷമമായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ അടുത്തകാലത്തായി നിരവധി റെയ്ഡുകൾ

നടത്തിയിട്ടുണ്ട്. ആക്രി കച്ചവടമേഖലയിൽ നടത്തിയ റെയ്ഡിനെക്കുറിച്ച് നിങ്ങളെല്ലാവരും പത്രത്തിൽ വായിച്ചിട്ടുണ്ടാകും. വലിയ തോതിൽ നികുതി വെട്ടിപ്പ് നടത്തിയിരുന്നത് മുഴുവൻ പിടിക്കുകയുണ്ടായി. വലിയ വരുമാന മാറ്റമുണ്ടാക്കാൻ അത് സഹായിക്കുമെന്ന കാര്യത്തിൽ ഒരു സംശയമില്ല. പൂർത്തിയാകാത്ത പദ്ധതികൾ ഉദ്ഘാടനം ചെയ്ത് കൊട്ടിഘോഷിച്ച യു.ഡി.എഫ്. കാലമല്ല ഇന്ന്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാകുന്നതിന് ഉദാഹരണങ്ങളാണ് നാഷണൽ ഹൈവേയും മെട്രോ വിപുലീകരണവും. പലപ്പോഴും സഭയിൽ ചെലവിനെക്കുറിച്ച് പറയാറുണ്ട്. എന്നാൽ എന്തിനുവേണ്ടി ധനം ഉപയോഗിക്കുന്നുവെന്നതാണ് പ്രശ്നം. കടമെടുക്കുന്നുണ്ട്. ഒരു കാലഘട്ടത്തിലുമില്ലാത്ത വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. യു.ഡി.എഫ്. 25 വർഷം ഭരണത്തിലിരുന്നാലും ഇക്കഴിഞ്ഞ എട്ടുവർഷക്കാലത്തെ ഭരണത്തിലുണ്ടായതുപോലുള്ള വികസനം ഒരിക്കലും സാധ്യമാകില്ല. അത്തരത്തിലുള്ള പ്രവർത്തനമാണ് എൽ.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ മേഖലയെയും ഒരുപോലെ

പരിഗണിച്ച് മുന്നേറുകയെന്ന സർക്കാർ നയത്തിലൂടെ സംസ്ഥാനത്തിന്റെ എല്ലാപ്രദേശത്തും വികസന പ്രവർത്തനങ്ങളെത്തിക്കാൻ കഴിഞ്ഞു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലത്തിലും കൃത്യമായി വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. വിദ്യാഭ്യാസമേഖലയിൽ കൂടുതൽ പ്രയോറിറ്റി കൊടുക്കണമെന്ന് എന്റെ സുഹൃത്തായ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ള ഇവിടെ സൂചിപ്പിച്ചു. എട്ടുവർഷത്തിനുള്ളിൽ എൽ.ഡി.എഫ്. സർക്കാർ വിദ്യാഭ്യാസ മേഖലയ്ക്ക് കൊടുത്ത പ്രയോറിറ്റിയെക്കുറിച്ച് ആർക്കെങ്കിലും ചിന്തിക്കാൻ കഴിയുമോ; ഏത് മണ്ഡലത്തിലെ സ്കൂളുകളാണ് ഇപ്പോൾ മോശമായിട്ടുള്ളത്; അത്രയും മികച്ച വികസനപ്രവർത്തനങ്ങൾ നടത്താനും ഭൗതിക സൗകര്യങ്ങളൊരുക്കാനും ഈ സർക്കാരിന് സാധിച്ചില്ലേ; ഒരു മണ്ഡലത്തിൽ ചുരുങ്ങിയത് 50 കോടി രൂപയുടെയെങ്കിലും പ്രവർത്തനം എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്നിട്ടുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. അത്രയും മികച്ച നിലയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ വേണ്ടി ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ഒരു വാസ്തവമാണ്. നാഷണൽ ഹൈവേ വരുന്നതിനെക്കുറിച്ചൊക്കെ പലപ്പോഴും

പറയാറുണ്ട്. ഒന്ന് ചിന്തിച്ചു നോക്കൂ, ഏതെങ്കിലും സംസ്ഥാനത്ത് സ്ഥലമേറ്റെടുക്കുന്നതിന് 25 ശതമാനം തുക വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇവിടെ ആവശ്യപ്പെട്ടു. എന്നാൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അത് കൊടുക്കാതെ നീണ്ടുപോയതാണ്. അല്ലെങ്കിൽ ഇപ്പോൾ പണി പൂർത്തിയാകുമായിരുന്നു. പക്ഷെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ആ പണം കൊടുത്തു. അയ്യായിരത്തി എണ്ണൂറ് കോടിയിലധികം രൂപയാണ് അതിനുവേണ്ടി മാത്രം നൽകിയിട്ടുള്ളത്. പിന്നെ എങ്ങനെ സാമ്പത്തിക ബാധ്യത വരാതിരിക്കും; സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം കിട്ടുന്നില്ലെന്ന് മാത്രമല്ല, ചെലവുകൾ വർദ്ധിച്ചുവരികയും ചെയ്യുന്നു. ശബരിഗിരി റെയിൽ യാഥാർത്ഥ്യമാകണമെങ്കിൽ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് അതിനൊന്നും വിമുഖത കാട്ടിയിട്ടില്ല. കാരണം, കഴിയുന്നത്ര തുക അനുവദിച്ച് പരമാവധി സൗകര്യങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയെന്നുള്ള ഏറ്റവും വലിയ ദൗത്യമാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ചെലവുകൾ വളരെയധികം വർദ്ധിച്ചതിന്റെ ഭാഗമായാണ് ക്ഷേമപെൻഷൻ

മുടങ്ങാനുള്ള സാഹചര്യമുണ്ടായത്. അത് സ്വാഭാവികമാണ്. എന്നാലും അത് കൊടുക്കില്ലായെന്ന് പറയുന്നില്ല. നിശ്ചയമായും കൊടുക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. കേവലം രാഷ്ട്രീയ തിമിരം ബാധിച്ചുനടക്കുന്ന കേരള വിരുദ്ധനീക്കം സംസ്ഥാനത്തിനുതന്നെ ഗുണകരമാണോയെന്ന് ബന്ധപ്പെട്ടവർ ചിന്തിക്കണം. പ്രതിപക്ഷത്തോടാണ് ഈകാര്യം സൂചിപ്പിക്കുന്നത്. കഴിഞ്ഞ എട്ടുവർഷക്കാലത്തെ ഇടതുപക്ഷ ഭരണത്തിലൂടെ മലബാർ മേഖലയിൽ വൻവികസന കുതിപ്പിനാണ് വഴിയൊരുക്കിയത്. നാഷണൽ ഹൈവേയുടെ പണി അതിവേഗം നടന്നുകൊണ്ടിരിക്കുന്നു. ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഇന്ത്യയിൽതന്നെ മറ്റൊരു സംസ്ഥാനത്തും നടത്താത്ത, ഇന്ത്യാ ഗവൺമെന്റ് തന്നെ നടത്താത്ത അവയവമാറ്റ ശസ്ത്രക്രിയയ്ക്കുവേണ്ടി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരാശുപത്രി ആരംഭിക്കാൻ 583 കോടി രൂപയാണ് വകയിരുത്തിരിയിക്കുന്നത്. അത് ചെറിയ നേട്ടമാണോ; ശസ്ത്രക്രിയ നടത്തണമെങ്കിൽ എത്ര ലക്ഷം രൂപയുടെ ചെലവ് വേണ്ടിവരും. അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി എന്തെല്ലാം ബുദ്ധിമുട്ടുകളാണ് സഹിക്കേണ്ടി വരുന്നത്.

അതിനുവേണ്ടി മാത്രമായിട്ടുള്ളൊരു ആശുപത്രിയാണ് ഇവിടെ ആരംഭിക്കാൻ പോകുന്നത്. കോഴിക്കോട് കനാൽ സിറ്റി പദ്ധതിക്ക് 1,180 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതൊന്നും ചെറിയ തുക അല്ലല്ലോ? ഇതുപോലുള്ള ധാരാളം പദ്ധതികളുണ്ട്, സമയമില്ലാത്തതുകൊണ്ടാണ് എല്ലാം പറയാത്തതാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഫണ്ട് നൽകാതെ നിശ്ചലമായിരുന്ന മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് എന്റെ നിയോജകമണ്ഡലത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 350 കോടി രൂപ അനുവദിച്ചാണ് ഇപ്പോൾ ആ റോഡ് യാഥാർത്ഥ്യമാക്കിയിട്ടുള്ളത്. കൂടാതെ, പുതിയ റോഡ് നിർമ്മിക്കുന്നതിനായി 131.5 കോടി രൂപ വകയിരുത്തുകയും ചെയ്തിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് പണം തടസ്സമാകില്ലെന്നതിന്റെ മികച്ച ഉദാഹരണങ്ങളാണിവ. കോഴിക്കോട് നഗരത്തിലെ റോഡ് വികസനത്തിന് ആരംഭിച്ചിട്ടുള്ള സിറ്റി റോഡ് ഇപ്രൂവ്മെന്റ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആറ് റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിനുപുറമെ 12 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1,312.675 കോടി രൂപ വകയിരുത്തുകയും

ആയതിന്റെ പ്രവൃത്തികളുടെ ആരംഭഘട്ടത്തിലുമാണ്. ഏകദേശം 195 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ പി.എം.എസ്.എസ്.വൈ. ബ്ലോക്കിന് 75.93 കോടി രൂപ സംസ്ഥാന സർക്കാരാണ് അനുവദിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന സർക്കാർ വിഹിതമായി ഭീമമായ തുക നൽകേണ്ടിവന്നിട്ടുണ്ട്. എന്നാൽ, കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണ് ആ പദ്ധതി നടപ്പിലാക്കിയതെന്നാണ് പൊതുജനങ്ങൾ ഇപ്പോഴും കരുതുന്നത്. സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോഴും ഈ സർക്കാർ നിയമനങ്ങൾ നടത്താതിരിക്കുന്നില്ല. കഴിഞ്ഞവർഷം പി.എസ്.സി. മുഖേന 34000 പേരാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. ഇത് ചെറിയൊരു സംഭവമാണോ? അതിനുമുമ്പുള്ള വർഷങ്ങളിലും 25000-30000-നുമിടയിൽ ആളുകൾക്ക് ജോലി ലഭിച്ചിട്ടുണ്ടെന്നതും വാസ്തവമാണ്. കേരളമാണ് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നൽകിയിട്ടുള്ളതെന്ന് യു.പി.എസ്.സി.-യുടെ റിപ്പോർട്ടിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കോഴിക്കോട് കോർപ്പറേഷനിലെ പ്രഥമ മേയർ (1962-ൽ) ആയിരുന്ന മഞ്ജുനാഥ റാവു-ന്റെ പേരിൽ ഒരു റോഡുണ്ട്. അത് ഈസ്റ്റ് ഹിൽ റോഡ്

എന്നാണ് അറിയപ്പെടുന്നത്. ആ റോഡിന് സ്ഥലം അക്വിസിഷൻ നടത്താൻ വേണ്ടി..... രണ്ട് സെൻട്രൽ സ്കൂളുകളും ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, ഹയർ സെക്കണ്ടറി സ്കൂൾ, രണ്ട് മ്യൂസിയങ്ങൾ എന്നിങ്ങനെ നിരവധി പ്രധാനപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് എത്തിച്ചേരുന്ന ആ റോഡ് വീതി കൂട്ടാൻ ആവശ്യമായ തുക 25 കോടി രൂപയെങ്കിലും ബജറ്റിൽ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിന് ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. അതിതീവ്ര സാമ്പത്തിക കടന്നാക്രമണങ്ങൾക്ക് കേരളം വിധേയമായിക്കൊണ്ടിരിക്കുകയാണ്. തനത് വരുമാനം ഉയർത്തിയും അതീവ ശ്രദ്ധയാർന്ന ധനമാനേജ്മെന്റിലൂടെയും ഈ പ്രതിസന്ധികളെ മറികടക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് ധനകാര്യ വകുപ്പ് ഇന്ന് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അധിക ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തികദൃഢീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുമാണ് സംസ്ഥാനത്ത് ധനമാനേജ്മെന്റ്

നടപ്പിലാക്കുന്നത്. ട്രഷറി പൂട്ടാതെ ആവശ്യചെലവുകളെല്ലാം നിർവ്വഹിച്ച് സാമ്പത്തികസ്ഥിതി കൈകാര്യം ചെയ്യുകയാണ് കേരളത്തിന്റെ ധനകാര്യ വകുപ്പ്. മുൻവർഷത്തെ അപേക്ഷിച്ച് കഴിഞ്ഞവർഷം ജി.എസ്.ടി. വരുമാനം 23,000 കോടി രൂപ വർദ്ധിപ്പിക്കാനായി. 2021-22-ൽ തനത് നികുതി വരുമാന വർദ്ധനവ് 22.41 ശതമാനമായിരുന്നു. അത് ഈ വർഷം 23.36 ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചു. റവന്യൂകമ്മി 0.9 ശതമാനത്തിലെത്തിച്ചു. റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയെത്തിയത് ചരിത്രത്തിലാദ്യമായിട്ടാണ്. രാജ്യം ശ്രദ്ധിക്കുന്ന വിധത്തിൽ ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയിലൂടെ നികുതി ഭരണത്തിന്റെ കാര്യക്ഷമതയും വർദ്ധിപ്പിക്കാനായിട്ടുണ്ട്. രാജ്യത്തെ ഉയർന്ന വരുമാന വർദ്ധനവ് നിരക്കും ഉൽപ്പാദന വളർച്ചാനിരക്കും ആർജ്ജിക്കുവാൻ ഈ കാലഘട്ടത്തിൽ കേരളത്തിന് സാധിച്ചുവെന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കേരള സർക്കാർ മാതൃകാപരമായി മുന്നോട്ടുപോകുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സമീപനംകൂടി നാം പരിശോധിക്കേണ്ടതായിട്ടുണ്ട്. കേരളം ഇന്ന് നേരിടുന്ന ധനഞെരുക്കത്തിന്റെ അടിസ്ഥാന കാരണം കേന്ദ്ര റവന്യൂ വിഹിതത്തിലും

വായ്പ അനുമതിയിലും വന്നിട്ടുള്ള കുറവാണ്. യഥാർത്ഥത്തിൽ കേന്ദ്രനയങ്ങൾമൂലം കേരളത്തിനുണ്ടാകുന്ന വരുമാനനഷ്ടം ഏകദേശം 95,901 കോടി രൂപയാണ്. ഈ വർഷം കേരളത്തിന് കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന തുകയിലും വായ്പാനുപാതത്തിലും മുൻവർഷത്തെ അപേക്ഷിച്ച് 57,400 കോടി രൂപയാണ് കുറവുവന്നത്. വായ്പാ അനുമതിയിൽ 19,000 കോടി രൂപ നിഷേധിച്ചു. റവന്യൂകമ്മി ഗ്രാന്റിൽ 8,400 കോടി രൂപ കുറച്ചു. ജി.എസ്.ടി. നഷ്ടപരിഹാരം 12,000 കോടി രൂപയോളം ഇല്ലാതായി. നികുതി വിഹിതം 3.58 ശതമാനത്തിൽനിന്ന് 1.925 ശതമാനമായി കുറച്ചതിലൂടെ 18,000 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായി. കേരളത്തിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക 5891 കോടി രൂപയാണ്. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോൾ, കേന്ദ്ര ഗവൺമെന്റ് ആ സമീപനം തുടരുമ്പോൾ പ്രതിപക്ഷത്തിന്റെ സമീപനം എന്താണെന്നാണ് ഇവിടെ നാം കാണേണ്ടത്. സാധാരണ അമ്മായിയമ്മ പോരിന്റെ കഥകൾ നാട്ടിൽ പറയാറുണ്ട്. 'മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണുനീർ കണ്ടാൽ മതി' എന്ന സമീപനമല്ലേ കേരളത്തിന്റെ പ്രതിപക്ഷം ഈ വിഷയത്തിൽ

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി.-ക്കെതിരായും കേന്ദ്ര സർക്കാരിനെതിരായും ഒരക്ഷരം മിണ്ടാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറാകുന്നുണ്ടോ? ഇപ്പോൾ ഈ ഘട്ടത്തിലെങ്കിലും പ്രതിപക്ഷം അതിന് തയ്യാറാകുമോയെന്ന് ഞങ്ങൾ ചോദിക്കുകയാണ്. നേരത്തെ നിങ്ങൾ പറഞ്ഞത്, പാർലമെന്റ് തിരഞ്ഞെടുപ്പ് വരുന്ന ഘട്ടത്തിൽ ഞങ്ങൾ എങ്ങനെ നിങ്ങളോടോപ്പം നിൽക്കും എന്നാണ്. എന്നാൽ ഇപ്പോൾ തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു, നിങ്ങൾ തയ്യാറാകുമോ? ഈ കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർക്കും ഇടതുപക്ഷക്കാർക്കും വേണ്ടിയല്ല. ഇവിടുത്തെ കോൺഗ്രസ്സുകാർക്കും ബി.ജെ.പി.-കാർക്കും രാഷ്ട്രീയമില്ലാത്ത ജനതയുണ്ടെങ്കിൽ അവർക്കുവേണ്ടികൂടിയാണ് നാം ശബ്ദിക്കേണ്ടത്. ഇത് നമുക്ക് അവകാശപ്പെട്ടതാണ്. അത് വാങ്ങിയെടുക്കാൻ ഇവിടുത്തെ യു.ഡി.എഫ്./പ്രതിപക്ഷം തയ്യാറാകുമോ? ക്ഷേമപെൻഷൻ ഉൾപ്പെടെ അട്ടിമറിക്കപ്പെട്ടു. എങ്ങനെയാണ് ക്ഷേമപെൻഷൻ അട്ടിമറിക്കപ്പെട്ടത്? ക്ഷേമപെൻഷൻ നൽകാൻ സാധിക്കാത്തതിൽ നിങ്ങൾ ബി.ജെ.പി.-യോട് ചേർന്നുനിന്നുകൊണ്ട് തിരഞ്ഞെടുപ്പുഘട്ടത്തിൽ ആഘോഷിക്കുകയായിരുന്നു.

ഞാൻ അതിന്റെ മറ്റ് ചരിത്രത്തിലേയ്ക്ക് പോകുന്നില്ല. യു.ഡി.എഫ്.-ന്റെ, ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് 600 രൂപ വീതം 18 മാസം കുടിശ്ശികയായിരുന്നു. ഇപ്പോൾ ക്ഷേമപെൻഷൻ 1,600 രൂപയാണ്. ഇത് മാസാമാസം കൃത്യമായി നൽകുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ഇടപെടൽ നടത്തിയല്ലോ? അതിനുവേണ്ടി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി രൂപീകരിച്ചു. എങ്ങനെയാണ് ആ പെൻഷൻ കമ്പനി തകർന്നുപോകുന്ന സാഹചര്യമുണ്ടായത്. അതിൽ യു.ഡി.എഫ്-നുൾപ്പെടെ പങ്കില്ലേ? അത് കേന്ദ്ര സർക്കാർ തകർക്കാൻ ശ്രമിച്ചപ്പോൾ യു.ഡി.എഫ് കൂട്ടുനിന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കാണാൻ സാധിക്കുന്നുണ്ട്. കേരളത്തെ തകർക്കുന്ന സാമ്പത്തിക ഇടപെടലുകൾ കേന്ദ്ര സർക്കാർ നടത്തുമ്പോൾ അതിന് യു.ഡി.എഫും പ്രതിപക്ഷവും കൂട്ടുനിൽക്കുകയാണ്. അതിന് നിങ്ങൾ ഈ നാട്ടിലെ ജനതയോട് മറുപടി പറയേണ്ടിവരും. എല്ലാ കാര്യങ്ങളിലും പ്രതിപക്ഷത്തിന്റെ സമീപനം എന്താണ്? എസ്.എഫ്.ഐ. ആണ് ഈ നാട്ടിലെ ഏറ്റവും വലിയ പ്രശ്നമെന്നാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ പറയുന്നത്. എസ്.എഫ്.ഐ. ക്വട്ടേഷൻ കൊടുക്കുന്ന പ്രസ്ഥാനമാണെന്നാണ്

പ്രതിപക്ഷനിരയിലെ ഒരംഗം ഇവിടെ പറഞ്ഞത്. ക്വട്ടേഷൻ നൽകുന്നത് ഞങ്ങളല്ല. കൂടോത്രംവഴി ഉൾപ്പെടെ ക്വട്ടേഷൻ നൽകുന്നത് ആരാണെന്നുള്ളത് യു.ഡി.എഫ്. അവിടെത്തന്നെ പരിശോധിച്ചാൽ മതി. പ്രാകൃത സംഘടന എന്നാണ് എസ്.എഫ്.ഐ.-യെക്കുറിച്ച് പറയുന്നത്. എസ്.എഫ്.ഐ. കാലഹരണപ്പെട്ടു, മുദ്രാവാക്യമില്ല എന്നെല്ലാം എസ്.എഫ്.ഐ.-ക്കുറിച്ച് പറയുകയുണ്ടായി. കേരളത്തിന്റെ വിദ്യാഭ്യാസ പോരാട്ടങ്ങളുടെ ചരിത്രം പ്രതിപക്ഷാംഗങ്ങൾ ഒന്ന് എടുത്തുനോക്കണം. ഈ രാജ്യത്തെ പാവപ്പെട്ടവന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ മുദ്രാവാക്യം ഉയർത്തി പോരാട്ടം നടത്തി വിദ്യാർത്ഥി ഹൃദയങ്ങളിൽ ഇടം നേടിയ പ്രസ്ഥാനത്തിന്റെ പേരാണ് എസ്.എഫ്.ഐ. ഇവിടെ എസ്.എഫ്.ഐ.-ക്കാരാണോ അക്രമകാരികൾ? ഈ പ്രസ്ഥാനത്തിന് 1970 മുതൽ ഇന്നുവരെയുള്ള കാലഘട്ടത്തിൽ 35 സഖാക്കളെയാണ് നഷ്ടപ്പെട്ടത്. രക്തസാക്ഷിത്വം വരിച്ച ബ്രണ്ണൻ കോളേജിലെ അഷ്റഫ്, ജി. ഭുവനേശ്വരൻ, തൃപ്പൂണിത്തുറ ആയുവേദ കോളേജിലെ യൂണിറ്റ് സെക്രട്ടറിയായിരുന്ന പി. കെ. രാജൻ, ജോബി ആൻഡ്രൂസ്, എം.എസ്.എഫ്.-ന്റെയും കെ.എസ്.യു.-വിന്റെയും ഗുണ്ടകൾ ഒരു വിദ്യാർത്ഥി നേതാവിനെ

കല്ലെറിഞ്ഞ് കൊലപ്പെടുത്തിയ ചരിത്രം കേരളത്തിൽ ഇന്നുവരെ കേട്ടിട്ടുണ്ടോ; രാജ്യത്തെ ഇന്നുവരെ കേട്ടിട്ടുണ്ടോ? ധീരജ് വരെ നമ്മുടെ മുമ്പിൽ നിൽക്കുന്ന ആ രക്തസാക്ഷിത്വത്തിന്റെ പരമ്പരയിൽ 12 പേരെ കൊലപ്പെടുത്തിയത് എം.എസ്.എഫ്.-ഉം കെ.എസ്.യു.-ഉം ആണ്. എന്നിട്ട് നിങ്ങൾ പറയുന്ന എസ്.എഫ്.ഐ.-ക്കാർ അക്രമകാരികളാണെന്ന്. ആരാണ് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ അക്രമം നടത്തിയവർ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഡോ. സിറിയക് തോമസിന്റെ മൂക്ക് ഇടിച്ചുതകർത്ത പ്രസ്ഥാനമാണ് കെ.എസ്.യു.; ഹയർ സെക്കണ്ടറി ഡയറക്ടറായിരുന്ന കേശവേന്ദ്രകുമാർ ഐ.എ.എസ്.-ന്റെ ശരീരത്ത് കരിഓയിൽ ഒഴിച്ച പ്രസ്ഥാനമാണ് കെ.എസ്.യു. എന്ന് നമുക്കറിയാം. ഒരു അധ്യാപകനെ ചവിട്ടിക്കൊന്ന സംഭവം ഓർക്കുന്നില്ലേ. ആരാണ് ചവിട്ടി കൊന്നത്; ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ കാര്യങ്ങൾ സൂചിപ്പിച്ചില്ലേ. നിങ്ങളുടെ യൂത്ത് സംഘടനയാണ്, യൂത്ത് ലീഗിലെ അഞ്ച് പേരാണ് പ്രതികൾ. കേരളത്തിന്റെ ചരിത്രത്തിൽ ജെയിംസ് അഗസ്റ്റിൻ എന്ന അധ്യാപകനെ ചവിട്ടിക്കൊലപ്പെടുത്തിയ പ്രസ്ഥാനത്തിന്റെ പേര് യൂത്ത് ലീഗ് എന്നാണ്.

എന്നിട്ട് എസ്.എഫ്.ഐ.-ക്കാർ ആക്രമണകാരികളാണെന്ന് ഇവിടെ വന്നുപറയുകയാണ്. എസ്.എഫ്.ഐ.യ്ക്ക് മുദ്രാവാക്യമില്ലെന്നാണ് പറയുന്നത്. NEET വിഷയവുമായി ബന്ധപ്പെട്ട് കേരളത്തിൽ സമരം നടത്തിയതിന്റെ പേരിൽ എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് ഉൾപ്പെടെയുള്ള ഒൻപത് സഖാക്കൾ ജയിലിൽ അടയ്ക്കപ്പെട്ടു. ഈ രാജ്യത്തിന്റെ വിദ്യാഭ്യാസമേഖലയിൽ ശക്തമായ നിലപാടാണ് എസ്.എഫ്.ഐ. സ്വീകരിക്കുന്നത്. പൂക്കോട് വെറ്ററിനറി കോളേജിലെ വിഷയം നിങ്ങൾ എസ്.എഫ്.ഐ.-യുടെ തലയിൽ അടിച്ചേൽപ്പിക്കാൻ നോക്കണ്ട. യാഥാർത്ഥ്യമൊക്കെ പുറത്തുവന്നിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വിഷയത്തിൽ നിങ്ങൾ പരാജയപ്പെട്ടെങ്കിൽ അത് സമ്മതിക്കണം. അതിനെതിരെ നിയമസഭയിൽ വന്ന് നുണകൾ പ്രചരിപ്പിക്കുകയല്ല പ്രതിപക്ഷം ചെയ്യേണ്ടത്. എസ്.എഫ്.ഐ. എന്ന സംഘടന വിദ്യാർത്ഥി ഹൃദയത്തിലാണ്. ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അവിടെ എസ്.എഫ്.ഐ. തിരിച്ചുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ നാടിന്റെ വിദ്യാഭ്യാസ മേഖലയിൽ സജീവമായി എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി

പ്രസ്ഥാനമുണ്ടാകും. നിങ്ങൾക്ക് എങ്ങനെ എസ്.എഫ്.ഐ.-യെ ആക്രമിച്ച് സംസാരിക്കാൻ കഴിയുന്നു; നിങ്ങൾ ഏറ്റെടുക്കേണ്ട മുദ്രാവാക്യങ്ങൾ നിങ്ങൾ ഏറ്റെടുക്കുന്നുണ്ടോ; ഈ നാട്ടിലെ സമരങ്ങൾ കൃത്യമായി ഏറ്റെടുക്കാൻ നിങ്ങൾ തയ്യാറാകുന്നുണ്ടോ? കൃത്യമായി ബി.ജെ.പി.യെ സഹായിക്കുന്ന സമീപനമാണ് ഇവിടെ തുടർന്നുകൊണ്ടിരിക്കുന്നത്. ധൂർത്തിനെക്കുറിച്ചാണ് യു.ഡി.എഫ്. ഇവിടെ പറയുന്നത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് നിയമസഭയിൽ ചോദിച്ച ചോദ്യമാണ്. ആ പരിപാടി രണ്ട് ഘട്ടങ്ങളായി നടത്താൻ ഉമ്മൻ ചാണ്ടി സർക്കാർ ചെലവഴിച്ച തുക എത്രയായിരുന്നുവെന്നാണ് ചോദ്യം. ഒന്നാംഘട്ടത്തിൽ 4,42,64,000 രൂപയും രണ്ടാംഘട്ടത്തിൽ 4,84,62,000 രൂപയുമാണ്. ഇങ്ങനെ രണ്ട് ഘട്ടങ്ങളായി എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കാൻ മാത്രം ചെലവായത് ഒൻപതരക്കോടിയോളം രൂപയാണ്. നവകേരള സദസ്സിനെക്കുറിച്ചാണ് പ്രതിപക്ഷം ഇവിടെ പറയുന്നത്. നവകേരള സദസ്സ് നടത്തിയതിലൂടെ കേരള ഖജനാവിൽനിന്നും എത്ര രൂപയാണ് ചെലവായത്? ഈ നാട്ടിലെ ജനങ്ങളുമായി മുഖ്യമന്ത്രിയും മന്ത്രിമാരും സംവദിച്ച് നാട്ടിലെ

വിഷയങ്ങൾ മനസ്സിലാക്കി അതിലിടപെട്ട് മികച്ച പ്രവർത്തനം കാഴ്ചവച്ചു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ധൂർത്ത് സംഘടിപ്പിച്ചതെന്ന് നിങ്ങൾ തിരിച്ചറിയേണ്ടതായിരുന്നു. ധനകാര്യ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ച് കേന്ദ്ര സർക്കാർ കേരളത്തെ തകർക്കാനുള്ള ശ്രമം നടത്തുമ്പോൾ അതിനോട് ചേർന്ന് നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് യു.ഡി.എഫ്. നേതൃത്വം കൊടുക്കുന്നത്. പ്രതിപക്ഷം ഏതുതരത്തിൽ എൽ.ഡി.എഫ്.-നെ തകർക്കാൻ നോക്കിയാലും ഞങ്ങൾ തോറ്റ് പിന്നോട്ടുപോകില്ല. ഞങ്ങൾ മുന്നോട്ടുതന്നെ കുതിക്കുകയും നവകേരളം സൃഷ്ടിക്കുകയും ചെയ്യും. പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-ന് താൽക്കാലിക പരാജയമാണുണ്ടായത്, അതുപോലെ യു.ഡി.എഫ്-ന്റെ വിജയവും താൽക്കാലികമാണ്. പക്ഷെ, യു.ഡി.എഫ്- അവരുടെ വിജയത്തിൽ അഹങ്കരിക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഞങ്ങളുടെ കരുത്തിനെ നിങ്ങൾ തകർക്കാൻ ശ്രമിക്കുകയാണ്. ഈ പരാജയത്തെത്തുടർന്ന് മാധ്യമങ്ങളെ കൂട്ടുപിടിച്ച് ഞങ്ങളുടെ മുഖ്യമന്ത്രിയെ കടന്നാക്രമിച്ച് കരുത്തിനെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. ഇത്രമേൽ ആക്രമിക്കപ്പെട്ട, വേട്ടയാടപ്പെട്ട, മാധ്യമങ്ങൾ

പിന്തുടർന്ന് വേട്ടയാടിയ മറ്റൊരു മനുഷ്യൻ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലുണ്ടായിരുന്നില്ല. അടിയന്തരാവസ്ഥ കാലത്ത്, കൂത്തുപറമ്പ് എം.എൽ.എ.-യായിരുന്ന ശ്രീ. പിണറായി വിജയനെ 1975 സെപ്റ്റംബർ 28-ന് നിങ്ങളുടെ പോലീസ് അറസ്റ്റ് ചെയ്യുകയും പോലീസ് സ്റ്റേഷനിലിട്ട് മൃഗീയമായി മർദ്ദിക്കുകയും ചെയ്തു. ആ മർദ്ദനത്തെക്കുറിച്ച് 1977 മാർച്ച് 30-ന് ഇതേ സഭയിൽ ഇന്നത്തെ കേരളത്തിന്റെ മുഖ്യമന്ത്രി പ്രസംഗിക്കുകയുണ്ടായി. അഞ്ച് പേർ ചേർന്ന് 25 മിനിട്ട് നിർത്താതെ മർദ്ദിച്ചു. അടികൊണ്ട് പലതവണ വീഴുകയും പിന്നെയും എണീക്കുകയും ചെയ്തു. എന്നിട്ടുപോലും തളരാത്ത പോരാട്ട വീര്യമാണ് കേരളത്തിന്റെ കരുത്തുറ്റ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ആ കരുത്തിനെ നിങ്ങൾക്ക് തകർക്കാൻ കഴിയില്ല. അദ്ദേഹം മുന്നോട്ടുവയ്ക്കുന്നത് മനുഷ്യത്വത്തിന്റെ രാഷ്ട്രീയമാണ്, ശരികളുടെ നിലപാടുകളാണ്. ആ നിലപാടുകളോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെയും ഈ സംവിധാനത്തെയും നയിച്ചുകൊണ്ട് കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി മുന്നോട്ടുപോകും. ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും ഞങ്ങൾ ജനങ്ങളിലേയ്ക്കിറങ്ങി

അവരിൽനിന്നും കാര്യങ്ങൾ ഉൾക്കൊണ്ട് വീണ്ടും കരുത്തോടെ രാജ്യത്തിന്റെയും കേരളത്തിന്റെയും രാഷ്ട്രീയതലങ്ങളിൽ ഉയർന്നു നിൽക്കുക തന്നെ ചെയ്യുമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എം. വിജിൻ സൂചിപ്പിച്ച കാര്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് സംസാരിച്ചുതുടങ്ങാം. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകൊണ്ടിരിക്കുന്ന എസ്.എഫ്.ഐ.-യുടെ പ്രതാപകാലം സംസാരിക്കുന്നത് സി.പി.ഐ.-യെക്കൂടി ബോധ്യപ്പെടുത്താൻ നിങ്ങൾ തയ്യാറാകണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ആൾക്കൂട്ട വിചാരണ നടത്തുന്ന, ഇടിമുറികൾ കോടതികളായി പ്രവർത്തിക്കുന്ന, അധ്യാപകരെ വന്ദിച്ചില്ലെങ്കിലും നിന്ദിക്കുന്ന രീതിയിലുള്ള നടപടി സ്വീകരിക്കുന്ന എസ്.എഫ്.ഐ.-യെ നാടിന് വേണ്ടെന്ന് കുട്ടികൾ തീരുമാനിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പല കാര്യങ്ങളിലും ഇന്ത്യക്കും ചിലപ്പോൾ ലോകത്തിന് തന്നെയും മാതൃകയായൊരു സംസ്ഥാനമാണ് കേരളം.

വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലുള്ള പ്രവർത്തനം ഇന്ത്യയിലും പുറംനാട്ടുകളിലും പെരുമ നേടിയിട്ടുണ്ട്. എന്നാൽ കുറച്ചുകാലമായി സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം പ്രതിസന്ധികളിൽനിന്ന് കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് കുതിക്കുകയാണ്. നികുതി-നികുതിയേതര വരുമാനങ്ങളിൽ വളർച്ചയുണ്ടായിട്ടുണ്ട്. എന്നാൽ ഓരോ വർഷം കഴിയുന്തോറും കേരളത്തിന്റെ കടബാധ്യത കൂടുകയാണ്. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേടാണ് സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറാനുള്ള കഴിവുകേടും കൂടുതൽ പ്രശ്നങ്ങളിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടെത്തിച്ചിരിക്കുകയാണ്. വേണ്ടത്ര മുന്നൊരുക്കമില്ലാതെയുള്ള ജി.എസ്.ടി. നടപ്പിലാക്കൽ കേരള സമ്പദ്ഘടനയ്ക്ക് കനത്ത നഷ്ടമാണുണ്ടാക്കിയത്. ലഭിക്കേണ്ട നികുതി ഉൾപ്പെടെയുള്ള വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലും യുക്തിസഹമായി വിനിയോഗിക്കുന്നതിലുമുള്ള സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണം. നമ്മുടെ സമ്പദ്വ്യവസ്ഥ ഏറ്റവും വലിയ

ഭീഷണിനേരിടുന്ന, റവന്യൂകമ്മി നേരിടുന്ന സാഹചര്യത്തിൽ, കടമെടുക്കുന്ന അവസരങ്ങൾ കുറഞ്ഞിരിക്കുന്ന സന്ദർഭത്തിൽ, കേന്ദ്രസർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, പാവപ്പെട്ടവരിൽനിന്നും പുറമ്പോക്കിലുള്ളവരിൽ നിന്നുമുള്ള വിഭവസമാഹരണത്തിനുപകരം മധ്യവർഗ്ഗത്തിൽനിന്നും സമ്പന്നരിൽനിന്നും കൂടുതൽ വിഭവസമാഹരണം നടത്താനുള്ള ആലോചനയുണ്ടാകേണ്ടതായിരുന്നു. പെട്രോൾ, ഡീസൽ വില വർദ്ധിപ്പിച്ചും ലോട്ടറി വിൽപ്പനക്കാരെ പിഴിഞ്ഞും മദ്യഷാപ്പുകൾ മുക്കിനുമുക്കിന് തുറന്ന് കൊടുത്തുമാണ് ഈ സർക്കാർ പരിഹാരം കാണാൻ ശ്രമിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം 2023-24 സാമ്പത്തികവർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,68,039 കോടി രൂപയാണ്. 28,258 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്നാണ് സി.&എ.ജി. റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഇതിനാവശ്യമായ ശ്രമമൊന്നും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നില്ലെന്നത് ഖേദകരമാണ്. ഏകദേശം 50,000 കോടിയിലധികം രൂപയുടെ കുടിശ്ശികയാണ് കേരള സർക്കാർ കൊടുത്തുതീർക്കാനുള്ളത്. ശമ്പളം,

പെൻഷൻ പരിഷ്കരണത്തിന്റെ ഗഡുക്കൾ, ക്ഷാമബത്ത എന്നീ ഇനങ്ങളിൽ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 25,000 കോടിയിലധികം രൂപ കുടിശ്ശികയുണ്ട്. കരാറുകാർക്ക് 16,000 കോടിയോളം രൂപ കൊടുക്കാനുണ്ട്. ഇതുകാരണം ഒരു പുതിയ പ്രവൃത്തികൾ ടെണ്ടറെടുക്കാൻ കരാറുകാർ തയ്യാറാകുമോയെന്നത് ആലോചിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളൊന്നും ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ മുന്നോട്ടുവരുന്നില്ല. സപ്ലൈകോ, കാരുണ്യ നിക്ഷേപ പദ്ധതി, ക്ഷേമ പെൻഷനുകൾ, കർഷകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി ആർക്കെല്ലാമാണ് സർക്കാർ കുടിശ്ശിക കൊടുത്തു തീർക്കാനുള്ളത്? 'വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ, വിവിധ വകുപ്പുകൾക്ക് നൽകുന്നതിനുള്ള കുടിശ്ശിക, കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക, എന്നിവയ്ക്കുവേണ്ടി എത്ര തുക വേണ്ടി വരുമെന്ന കണക്ക് നോക്കിയിട്ടുണ്ടോ' എന്ന 11-06-2024-ന് ശ്രീ. പി. കെ. ബഷീർ എം.എൽ.എ.-യുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി, 'വിവിധ സ്ഥാപനങ്ങൾക്കും വിഭാഗങ്ങൾക്കും നൽകേണ്ട കുടിശ്ശികയും ആനുകൂല്യങ്ങളും

സംബന്ധിച്ച ബാധ്യത സർക്കാർ നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല' എന്നതാണ്. ഈ ആധുനിക കാലത്ത് ഡിജിറ്റൽ സംവിധാനങ്ങൾ നിലവിലിരിക്കെ വിരൽത്തുമ്പിൽ കിട്ടേണ്ട കണക്കുകൾ സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ തലപ്പത്തിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിക്കുപോലും ലഭ്യമല്ലെന്നത് ലജ്ജാവഹമാണ്. കൊടുത്തുതീർക്കാനുള്ള കടങ്ങളുടെ കണക്കെങ്കിലും ശരിയായി സൂക്ഷിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് പറയണം. ഇതിനെക്കുറിച്ച് യാതൊരു കണക്കും ബോധ്യവുമില്ലാത്തതിലാണോ കിട്ടുന്ന പണം മുഴുവൻ സർക്കാരിന്റേതാണെന്ന് വിചാരിച്ച് ഇങ്ങനെ ധൂർത്തടിക്കുന്നത്? നാഴികയ്ക്ക് നാൽപ്പതുവട്ടം കേന്ദ്രം സംസ്ഥാന സർക്കാരിനെ അവഗണിക്കുന്നതിനെക്കുറിച്ച് പഴിചാരി ആലസ്യത്തിലിരിക്കാതെ ഈ പ്രതിസന്ധി അതിജീവിച്ച് സ്വന്തം കാലിൽ നിൽക്കാൻ സർക്കാരിന് കഴിയണം. അതോടൊപ്പം കേന്ദ്രവിഹിതത്തിനായി നമുക്ക് ഒരുമിച്ച് പോരാടുകയും ചെയ്യാം.

സംസ്ഥാന സർക്കാരിന് പകുതിയിലേറെ വരവ് നേടിക്കൊടുക്കുന്ന ജി.എസ്.ടി. വകുപ്പ് നാഥനില്ലാകളരിയാണ്. നിർണ്ണായക തസ്തികകളിൽ

പലതും ഒഴിഞ്ഞുകിടക്കുന്നതുമൂലം മന്ദഗതിയിലാണ് വകുപ്പ് പ്രവർത്തിക്കുന്നത്. തിരുവമ്പാടിയിൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ പ്രതിയെന്ന് ആരോപിക്കുന്ന വ്യക്തിയുടെ മാതാപിതാക്കൾ താമസിക്കുന്ന വീട്ടിലെ വൈദ്യുതി വിച്ഛേദിച്ചുയെന്നും വീണ്ടും പുനസ്ഥാപിച്ചുയെന്ന വാർത്ത കഴിഞ്ഞ ദിവസം വായിക്കാൻ ഇടയായി. ആരെ ആക്രമിക്കുന്നതും കുറ്റകരമാണ്. പ്രത്യേകിച്ച് വൈദ്യുതി, ആരോഗ്യ മേഖലയിലെയും പോലീസ് സുരക്ഷാ ഉദ്യോഗസ്ഥരെയും ആക്രമിക്കുന്നത് അതീവ കുറ്റകരമാണ്. ഇത്തരം പ്രവർത്തനങ്ങളെ നിഷിദ്ധമായി വിമർശിക്കുന്നതിനോടൊപ്പം ശക്തമായ നടപടി സ്വീകരിക്കുക തന്നെ വേണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. എന്നാൽ പ്രതിയെന്ന് ആരോപിക്കുന്ന വ്യക്തിയുടെ വൃദ്ധരായ മാതാപിതാക്കൾ താമസിക്കുന്ന വീട്ടിലെ വൈദ്യുതി ബിൽ അടച്ചതിനുശേഷവും കണക്ഷൻ വിച്ഛേദിക്കാൻ ഉന്നത ഉദ്യോഗസ്ഥർ നിർദ്ദേശം നൽകിയെന്നത് അപമാനകരമാണ്. ആ കുറ്റകൃത്യത്തിൽ പങ്കാളിയല്ലാത്ത മറ്റൊരാളുടെ പേരിലുള്ള വൈദ്യുതി ബന്ധം വിച്ഛേദിക്കാൻ എന്ത് ന്യായമാണുള്ളത്. Collective punishment മാതൃകയിലുള്ള ഈ പ്രവർത്തനം

കേരളത്തിന് അഭികാമ്യമല്ല. ഈ നടപടിയെ ന്യായീകരിച്ചുകൊണ്ടുള്ള മന്ത്രിയുടെ ഇടപെടൽ മാപ്പ് അർഹിക്കാത്ത കുറ്റം തന്നെയാണ്. ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാർ നീതി നടപ്പാക്കുമ്പോൾ അതിൽ ഉദാത്തമായ നീതിബോധം അവർക്ക് ഉണ്ടാകണമെന്നില്ല. എന്നാൽ അവർ ചെയ്യുന്നത് തെറ്റാണെങ്കിൽ അവർക്ക് നീതിബോധം പറഞ്ഞുകൊടുക്കാൻ രാഷ്ട്രീയനേതൃത്വത്തിന് ബാധ്യതയുണ്ടായിരിക്കണം. ഇടതുപക്ഷ സർക്കാരിന്റെ ഭാഗമായുള്ള മന്ത്രി Collective punishment എന്ന ഈ പ്രാകൃതത്വം ന്യായീകരിച്ചത് തീർത്തും അപലപനീയമാണ്.

ധനപ്രതിസന്ധിയുടെ കാരണം പറഞ്ഞ് എന്റെ മണ്ഡലമായ തൃക്കാക്കരയിലെ കിടപ്പുരോഗികളും കുട്ടികളും അടങ്ങുന്ന ജനതയുടെ അവകാശങ്ങളിൽ ഒന്നായ കുടിവെള്ളം ലഭ്യമാക്കാതിരിക്കുന്നതും തെറ്റാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കണക്ഷൻ പുനസ്ഥാപിക്കാൻ നിർദ്ദേശം നൽകിയത് ഞാനാണ്. അക്കാര്യം മറക്കരുതേ.

ശ്രീമതി ഉമ തോമസ്: സർ, ആദ്യം കണക്ഷൻ കൊടുക്കുകയും പിന്നെ വിച്ഛേദിക്കുകയും വീണ്ടും കൊടുക്കുകയും ചെയ്യുന്നത് തെറ്റല്ലേ. അക്കാര്യം അങ്ങ്

ആദ്യം ന്യായീകരിച്ചിരുന്നു. അക്കാര്യമാണ് ഞാൻ തെറ്റെന്ന് പറഞ്ഞത്. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവിക്കുന്ന തൃക്കാക്കരയിൽ കുടിവെള്ള പദ്ധതിക്കായി 190-MLD Plant സ്ഥാപിക്കാനുള്ള നടപടിയുണ്ടാവണം. കിടത്തി ചികിത്സിക്കാൻ സർക്കാർ ആശുപത്രിയില്ലാത്ത എന്റെ മണ്ഡലത്തിലെ പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ആശുപത്രിയാക്കി മാറ്റണം. മുൻ എം.എൽ.എ.-യുടെ ഫണ്ടിൽ ഉൾപ്പെടുത്തി മാറ്റിവച്ച ഒരുകോടി ഇരുപതുലക്ഷം രൂപയുടെ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ നടപടിയുണ്ടാവണം. അമ്പതാം വാർഷികം ലക്ഷങ്ങൾ ചെലവഴിച്ച് ആഘോഷിക്കുന്ന സപ്ലൈകോ സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാർക്ക് ശമ്പളം കൃത്യസമയത്ത് വിതരണം ചെയ്യാൻ സാധിക്കുന്നില്ലായെന്ന് മാത്രമല്ല സാധാരണക്കാർക്ക് കൈത്താങ്ങ് ആകേണ്ട സപ്ലൈകോക്ക് വിപണിയിൽ ഇടപ്പെടാൻപോലും സാധിക്കുന്നില്ല. 'ഏട്ടിലെ പശു പുല്ലുതിന്നുകയില്ല' എന്ന് പറയുംപോലെ കടലാസ്സിൽ മാത്രം ഒതുങ്ങി നിൽക്കുന്ന, നടപ്പിലാക്കാൻ സാധ്യമാകാത്ത ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കോൺഗ്രസ്സിനെന്താണ് പറ്റിയത്. നമ്മുടെ പ്രതിപക്ഷനേതാവ് ഇവിടെ ഇരിക്കുന്നതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. നിങ്ങൾ ഇപ്പോൾ വിജയിച്ചത് നിങ്ങളുടെ അധപതനത്തിന്റെ തുടക്കമായാണ് കാണുന്നത്. കാരണം നിങ്ങൾക്ക് അത്രയ്ക്ക് അഹങ്കാരമാണ്. കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരനെ അപായപ്പെടുത്താൻ കൂടോത്രം ചെയ്തെന്നും അദ്ദേഹത്തിന്റെയും ശ്രീ. രാജ്മോഹൻ ഉണ്ണിത്താന്റെയും സാന്നിദ്ധ്യത്തിൽ പത്തനംതിട്ടക്കാരനായ മന്ത്രവാദി കൂടോത്ര സാധനങ്ങൾ കണ്ടെടുക്കുന്ന വീഡിയോ ദൃശ്യങ്ങൾ പുറത്തുവരികയും ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, താങ്കൾക്ക് കാസർഗോഡ് വച്ച് ചെറിയൊരു അപകടം സംഭവിച്ചു. ഞങ്ങളുടെ മനസ്സിൽ പെട്ടെന്ന് വന്നത് കൂടോത്രമാണ്. നിങ്ങൾ വളരെ അപകടത്തിലാണ് പോകുന്നതെന്ന് ആലോചിക്കണം. കണ്ണൂരിലുള്ള ശ്രീ. കെ. സുധാകരന്റെ നാടാലിലെ വീട്ടിലെ കന്നിമൂലയിലാണ് കൂടോത്രം വച്ചത്. കന്നിമൂല വീടിന്റെ പ്രധാനപ്പെട്ട ഭാഗമാണല്ലോ. തെയ്യം, ആൾ, കൈ, കാൽ, ഹൃദയം, വീട് എന്നിവയുടെ രൂപങ്ങളാണ് മന്ത്രവാദി പുറത്തെടുത്തത്. തിരുവനന്തപുരത്തെ ഇന്ദിര ഭവനിലും പേട്ടയിലെ കെ.പി.സി.സി.

പ്രസിഡന്റിന്റെ താമസസ്ഥലത്തും ഡൽഹിയിലെ നർമ്മദ ഫ്ലാറ്റിലും കൂടോത്രം വയ്ക്കുകയുണ്ടായി. നർമ്മദ ഫ്ലാറ്റിൽനിന്നും തകിടും ഭസ്മവും കിട്ടുകയും ഭസ്മം മാറ്റുന്നതിനിടെ ജീവനക്കാരന് ബോധക്ഷയമുണ്ടാവുകയും ചെയ്തു. ഒരാഴ്ചക്കുള്ളിലാണ് ഇവ കണ്ടെത്തിയത്. തന്നെ തോൽപ്പിക്കാൻ ഡി.സി.സി.-യിലും എം.പി. ഓഫീസിലും കൂടോത്രം വച്ചുയെന്ന് ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ, കാസർഗോഡ് പറഞ്ഞു. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ തനി അന്ധവിശ്വാസിയാണെന്ന് കെ.പി.സി.സി. സെക്രട്ടറി ബാലകൃഷ്ണൻ പെരിയ പറഞ്ഞു. ദുർമന്ത്രവാദത്തിലും കൂടോത്രത്തിലും കുടുങ്ങി കോൺഗ്രസ് ഒരുവഴിക്കെത്തി. അതാണ് ഞാൻ പറഞ്ഞത് നിങ്ങൾ അധപതനത്തിന്റെ കാലത്താണെന്ന്. കെ.പി.സി.സി. എന്നാൽ 'കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി' എന്നാണ്. ഇപ്പോഴത് 'കേരള പ്രദേശ് കൂടോത്രം കമ്മിറ്റി'യായി നിങ്ങൾ മാറിയിട്ടുണ്ട്. നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല, കൂടോത്രത്തിൽ കുടുങ്ങി. കാസർഗോഡ് എം.പി. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ തന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച Hi-Max, Mini-Max പദ്ധതിയിൽനിന്ന് ഓരോന്നിനും ഓരോ ലക്ഷം രൂപ വീതം 350 എണ്ണത്തിന്

മൂന്നരകോടിരൂപ അഴിമതി നടത്തിയെന്ന് പറയുന്നത് കെ.പി.സി.സി. സെക്രട്ടറിയാണ്, ഞങ്ങളാരും പറഞ്ഞതല്ല. വലംകൈയായി നടന്ന കെ.പി.സി.സി. സെക്രട്ടറി ബാലകൃഷ്ണൻ പെരിയയാണ് ഇങ്ങനെ അഴിമതി നടത്തിയിട്ടുണ്ടെന്ന് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ടി വിഷയത്തിൽ അന്വേഷണം നടത്തി അഴിമതിക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരണം. കോൺഗ്രസ് ആകെ അധപതനത്തിന്റെ വക്കിൽ നിൽക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീമതി ഉമ തോമസ് ഒരുകാര്യം പറയുകയുണ്ടായി. നിങ്ങളെ വിഷമിക്കാൻവേണ്ടി പറയുന്നതല്ല. നിങ്ങൾ എസ്.എഫ്.ഐ.-യെക്കുറിച്ച് പറഞ്ഞല്ലോ, എസ്.എഫ്.ഐ. നേതാവായിരുന്ന സൈമൺ ബ്രിട്ടോയെ ആക്രമിച്ച് കൊല്ലാൻ ശ്രമിച്ചതിനു പിന്നിൽ ആരായിരുന്നു. ഞാൻ ഇപ്പോൾ പേര് പറയുന്നില്ല, ആരായിരുന്നുയെന്ന് നിങ്ങൾ പരിശോധിച്ച് പറഞ്ഞാൽ മതി. നിങ്ങൾ എസ്.എഫ്.ഐ.-യെ ആക്രമിക്കുമ്പോൾ കെ.എസ്.യു. എന്താണെന്ന് ആലോചിച്ച് കാര്യങ്ങൾ പറഞ്ഞാൽ മതിയെന്നു മാത്രമേ അതിനെക്കുറിച്ച് പറയാനുള്ളൂ. ഞാൻ ഇനി ധനവിനിയോഗ ബില്ലിലേയ്ക്ക് വരാം.

കേന്ദ്രം നമ്മുടെ സംസ്ഥാനത്തോട് കാണിക്കുന്നത് അതിതീവ്ര സാമ്പത്തിക കടന്നാക്രമണമാണ്. അതിനെ ചെറുക്കാൻ, സംസ്ഥാന താൽപര്യം സംരക്ഷിക്കാൻ സങ്കുചിത രാഷ്ട്രീയം കാരണം യു.ഡി.എഫ്. തയ്യാറല്ല. നമ്മുടെ സംസ്ഥാനത്തെ തകർച്ചയിലേയ്ക്ക് എത്തിക്കാനാണ് യു.ഡി.എഫ്.-ന് താൽപര്യം. അക്കാരണത്താലാണ് നിങ്ങൾക്ക് വോട്ട് കിട്ടി ജയിച്ചുയെന്ന് കരുതുന്നുണ്ടാവാം. പക്ഷേ കേരളത്തിന്റെ തകർച്ചയിൽ ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ ദുഃഖിക്കും. ഇന്ന് സന്തോഷിക്കുന്ന നിങ്ങൾ നാളെ ദുഃഖിക്കാനിരിക്കുന്നതേയുള്ളൂയെന്നാണ് ഈ സംഭവങ്ങൾ തെളിയിക്കുന്നത്. എന്നിട്ടും കേരളം അഭിമാനത്തോടുകൂടി തലഉയർത്തി നിൽക്കുന്നു. നിങ്ങൾ എന്ത് ആക്ഷേപം ഉന്നയിച്ചാലും ശ്രീ. കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ ഉള്ള സമ്പത്തിനെ കൃത്യമായി വിനിയോഗിച്ച് ശരിയായ രീതിയിലുള്ള ധനമാനേജ്മെന്റാണ് കേരളത്തിൽ നടക്കുന്നത്. പ്രതിപക്ഷനേതാവ് ഇതുകേട്ട് ചിരിക്കുന്നുണ്ട്, എനിക്കറിയാം. തനതു വരുമാനം നല്ലതുപോലെ വർദ്ധിപ്പിച്ചു, ഇല്ലായെന്ന് പറയാൻ പറ്റുമോ. നികുതി പിരിവ് ഊർജ്ജിതമാക്കി, അതുപോലെതന്നെ ചെലവ് ചുരുക്കി. നിങ്ങൾ ചെലവ് കൂട്ടി

എന്നാണ് പറയുന്നത്. ഏതെങ്കിലും ഒരുദിവസം ട്രഷറി പൂട്ടിയോ. നിങ്ങളുടെ കാലത്ത് ട്രഷറി പൂട്ടിയിരുന്നില്ലേ? വികസനപ്രവർത്തനത്തിന് പണം എവിടെയെങ്കിലും തടസ്സമായോ. എല്ലാ വികസന പ്രവർത്തനങ്ങളും നടക്കുകയല്ലേ. ഇതെല്ലാം ഇവിടെ ഉണ്ടാകുമ്പോൾ നിങ്ങൾ ആക്ഷേപം പറയുന്നു. കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് ചില വിഷയങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ നന്നായി ശ്രദ്ധിച്ചയാളാണ് ഞാൻ. നിങ്ങൾ പറഞ്ഞ ചില കാര്യങ്ങളോട് ഞങ്ങൾക്ക് യോജിപ്പുണ്ട്, പക്ഷേ ചില വസ്തുത മറച്ചുവച്ചു. ഈ ധനപ്രതിസന്ധിക്ക് കാരണം കേന്ദ്രമല്ലെന്നും സർക്കാരിന്റെ ധൂർത്തും അഴിമതിയുമാണെന്നാണ് നിങ്ങൾ പറയുന്നത്. കഴിഞ്ഞ എട്ടു കൊല്ലമായി ഏകദേശം പത്തുപന്ത്രണ്ട് അഴിമതി ആരോപണങ്ങൾ നിങ്ങൾ ഉന്നയിച്ചു. ഈ അഴിമതി ആരോപണങ്ങളുടെ ആയുസ്സ് എത്രയായിരുന്നു; ഒരു ദിവസം, അര ദിവസം, ഒരു മിനിട്ട് എല്ലാം ജലരേഖയായില്ലേ, ഏതെങ്കിലും ഒരു അഴിമതി ആരോപണം തെളിയിക്കാൻ നിങ്ങൾക്ക് പറ്റിയോ. നിങ്ങൾ ജയിച്ചതിന് ഇതൊന്നുമല്ല കാരണം. നിങ്ങളൊരു പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ ജയിച്ചതാണ്. അത് കഴിഞ്ഞ തവണ വിശദീകരിച്ചതുകൊണ്ട് വീണ്ടും

കടക്കുന്നില്ല. ആ ജയത്തിൽ നിങ്ങൾ അഹങ്കരിക്കുകയൊന്നും വേണ്ട. നിങ്ങൾക്ക് കനത്ത തിരിച്ചടി നമ്മുടെ നാട്ടിലെ ജനങ്ങൾ തന്നുകൊള്ളും. അതിനെ നിങ്ങൾ ഭയപ്പെടണം. അഴിമതിയും ധൂർത്തുമാണെന്ന് പറയുന്നത് യാതൊരു അർത്ഥവുമില്ലാതെയാണ്. നിങ്ങൾ എപ്പോഴും പറയാറുള്ളത് ധൂർത്തിനെക്കുറിച്ചാണ്, എന്താണ് ഈ ധൂർത്ത്. ധൂർത്തെന്നു പറഞ്ഞാൽ അനാവശ്യ ചെലവ്, ആഡംബരം അങ്ങനെയല്ലേ. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ധൂർത്ത് എന്താണ്? കേരളീയം പരിപാടിയാണോ നിങ്ങൾ ധൂർത്തെന്ന് പറയുന്നത്. അതിന് ചെലവായ 3 കോടി രൂപയുണ്ടെങ്കിൽ കേരളത്തിലെ പ്രശ്നങ്ങൾ തീർക്കാൻ സാധിക്കുമോ? അതുപോലെ നവകേരള സദസ്സിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. നവകേരളസദസ്സിനുവേണ്ടി ഖജനാവിൽനിന്ന് ചെലവഴിച്ച തുക പൂജ്യമാണ്. ഓരോ സ്ഥലത്തും ലക്ഷകണക്കിന് ആളുകൾ ആർഭാടത്തോടുകൂടി നടത്തിയ പരിപാടിയാണ് നവകേരളസദസ്സ്. ജനങ്ങൾ സ്പോൺസർ ചെയ്ത പരിപാടിയാണത്. നവകേരളസദസ്സിനുവേണ്ടി ഖജനാവിൽനിന്ന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. മെച്ചപ്പെട്ട പൊതുജനാരോഗ്യവും പൊതുവിദ്യാഭ്യാസവും

ലഭ്യമാക്കിയതിനെയാണോ അഴിമതിയെന്നും ധൂർത്തെന്നും പറയുന്നത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ യു.ഡി.എഫ്.-ന്റെ കാലത്ത് 2000 സ്കൂളുകൾ പൂട്ടാൻ തീരുമാനിച്ച സ്ഥാനത്താണ് ഇന്ന് പൊതുവിദ്യാഭ്യാസ സ്ഥാപനത്തെ ഏറ്റവും മികച്ച നിലയിൽ ഇന്ത്യയിൽ തന്നെ, കേരളത്തിനെ ഒന്നാം സ്ഥാനത്തേക്ക് എത്തിച്ചു. പാവപ്പെട്ടവർക്ക് ലൈഫ് പദ്ധതിയിലൂടെ വീട് ലഭ്യമാക്കിയതാണോ ഭയങ്കര ധൂർത്തായി നിങ്ങൾ വ്യാഖ്യാനിക്കുന്നത്. അതുപോലെ 64006 അതിദരിദ്രരെ കണ്ടെത്തി. പല കാരണങ്ങളാൽ സാമ്പത്തികമായും മാനസികമായും പിന്നോക്കമായ ആളുകളെ കണ്ടെത്തുകയും depression-ൽ ആയ കുടുംബത്തിന് **micro development scheme** അനുസരിച്ച് അവരെ മുഖ്യധാരയിലെത്തിക്കാൻ വേണ്ടിയുള്ള ശ്രമം നടത്തിയതാണോ ഈ സർക്കാരിന്റെ ധൂർത്തും അഴിമതിയുയെന്ന് നിങ്ങൾ പറയുന്നത്. priority എന്ന് നിങ്ങൾ പറയാറുണ്ട്. എന്താണ് ഈ priority? നിങ്ങളുടെ priority-ലാണ് തകരാറെന്ന് പ്രതിപക്ഷനേതാവ് ഇടയ്ക്കിടെ പറയാറുണ്ട്. ഞങ്ങൾ priority നൽകുന്നത് പാവങ്ങൾക്കാണ്. പെൻഷൻ നൽകുന്നത് പാവങ്ങളെ സഹായിക്കാൻ വേണ്ടിയാണ്. കഴിഞ്ഞ യു.ഡി.എഫ്.-

ന്റെ ഭരണകാലത്ത് 600/- രൂപ വീതം ഏകദേശം ഇരുപത് ലക്ഷത്തോളം രൂപ ആളുകൾക്ക് പെൻഷൻ നൽകിയപ്പോൾ 18 മാസം കുടിശ്ശികയുണ്ടായിരുന്നു. 18 മാസം എന്ന് പറയുമ്പോൾ അല്ലെന്ന് പറഞ്ഞ് അതിനെ നിങ്ങൾ നിഷേധിക്കും. 18 മാസം എന്നത് രേഖയിലുള്ളതാണ്. എൽ.ഡി.എഫ്. സർക്കാർ ഇപ്പോൾ 1600/- രൂപയാണ് പെൻഷനായി നൽകുന്നത്. 18 മാസം എന്നുള്ളത് പ്രതിപക്ഷനേതാവിന് പരിശോധിച്ചാൽ മനസ്സിലാകും. എൽ.ഡി.എഫ്. ഭരണകാലത്ത് 1600/- രൂപയുടെ പെൻഷൻ അറുപത്തിനാല് ലക്ഷം പേർക്ക് നൽകി. മൂന്ന് മാസം വരെ കുടിശ്ശികയുണ്ട്, അത് നൽകും. ഒരു രൂപപോലും കുടിശ്ശികയില്ലാതെ മുഴുവൻ തുകയും നൽകുമെന്ന് ബഹുമാനപ്പെട്ട ധനമന്ത്രിയും മുഖ്യമന്ത്രിയും പ്രഖ്യാപിച്ചിട്ടുണ്ട്, അത് നൽകുന്നതാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 31154 കോടി രൂപയാണ് നൽകിയത്. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് 29958 കോടി രൂപ ഇപ്പോൾ തന്നെ നൽകി കഴിഞ്ഞു. നിങ്ങളുടെ കാലത്ത് ഇതിന്റെ കാൽ ഭാഗമുണ്ടായിരുന്നോ? ചുരുക്കി പറഞ്ഞാൽ നിങ്ങൾ ഇങ്ങനെ വെറുതെ പറയുകയാണ്. കേരളം ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണം കേന്ദ്രഗവൺമെന്റ്

റവന്യൂ വിഹിതത്തിലും വായ്പ അനുപാതത്തിലും വരുത്തിയ കുറവാണ് എന്നത് യാഥാർത്ഥ്യമല്ലേ. ആ യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. പത്താം ധനകാര്യ കമ്മീഷനിൽ ഡിവിസിബിൾ പൂളിൽനിന്ന് നമുക്ക് ലഭിക്കേണ്ട തുക സംബന്ധിച്ച് ധനമന്ത്രി ഇവിടെ പറയാറുണ്ട്. പത്താം ധനകാര്യ കമ്മീഷൻ 3.8 ശതമാനം, പതിനാലാം ധനകാര്യ കമ്മീഷൻ 2.5 ശതമാനം, പതിനഞ്ചാം ധനകാര്യ കമ്മീഷനിലേയ്ക്കെത്തുമ്പോൾ 1.9 ശതമാനമായി. തുക കുറയുകയാണോ കൂടുകയാണോ? ചുരുക്കി പറഞ്ഞാൽ നിങ്ങൾ വസ്തുതകളുടെയും സത്യത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും കൂടെ നിൽക്കേണ്ടതാണ്. നിങ്ങൾ കൂടോത്രത്തിലാണ് അകപ്പെട്ടിരിക്കുന്നത്. കേരളത്തെ രക്ഷപ്പെടുത്തണമെന്നുണ്ടെങ്കിൽ നമ്മൾ യോജിച്ച് മുന്നോട്ടുപോകണം. മറ്റ് കാര്യങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിച്ചോളൂ. കേരളം രക്ഷപ്പെടണ്ടേ? കേരളം ഇന്ത്യയ്ക്ക് എല്ലാ രംഗത്തും മാതൃകയാണ്. സമയമില്ലാത്തതുകൊണ്ട് അധികം പറയുന്നില്ല, ഏകദേശം 32 അവാർഡുകൾ കേരളം വാങ്ങിയിട്ടുണ്ട്. ഞാൻ പെട്ടെന്ന് വായിക്കാം. വികസന ക്ഷേമ രംഗത്തെ public affairs index-ലും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനം എന്ന നിലയിലും സുസ്ഥിര വികസന

സൂചികയിലും ദേശീയ-ആരോഗ്യ സൂചികയിലും ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമെന്ന നിലയിലും വർഗ്ഗീയ കലാപങ്ങളില്ലാത്ത സംസ്ഥാനമെന്ന നിലയിലും വിദ്യാഭ്യാസ വികസന സൂചികയിലും കേരളം ഒന്നാം സ്ഥാനത്താണ്. വയോജന പരിപാലന രംഗത്ത് ഏറ്റവും മികച്ച സംസ്ഥാനമാണ് കേരളം. വയോജന ശ്രേഷ്ഠ പുരസ്കാരം നേടിയ സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസ മികവിന്റെ കാര്യത്തിലും രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതും കേരളമാണ്. അതുപോലെ പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഗ്രാമപഞ്ചായത്ത് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ രംഗത്തും കുടുംബശ്രീ നടത്തിപ്പിലും ഒന്നാം സ്ഥാനം കേരളത്തിനാണ്. എല്ലാ രംഗത്തും മുന്നേറികൊണ്ടിരിക്കുന്ന കേരളത്തെ തകർക്കാൻ പ്രതിപക്ഷം ശ്രമിക്കരുത്. നിങ്ങൾ ക്രിയാത്മകമായി കേരളത്തിനോടൊപ്പം നിൽക്കണമെന്ന് മാത്രം പറയുകയാണ്. ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്രഗവൺമെന്റ് ശ്രമിക്കുകയാണ്. സഖാവ് പിണറായി വിജയൻ നേതൃത്വത്തിൽ സ്ഥായിയായ സാമ്പത്തിക വളർച്ചയിലൂടെയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. സാമ്പത്തിക ഞെരുക്കമുള്ള ഈ ഘട്ടത്തിലും വിവിധ മേഖലകളിൽ മുന്നേറ്റമുണ്ടാക്കി കേന്ദ്ര സർക്കാരിനെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങളാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ നടത്തുന്നത്. നമ്മുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരി വച്ച് നോക്കുമ്പോൾ ഒന്നര ശതമാനം മടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. വരുമാനം **കൂടുതലാണ്.** അതുപോലെ റവന്യൂ വരുമാനവും വർദ്ധിക്കുന്നു. ജി.എസ്.ടി. വരുമാനം 6.6 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. വലിയ മാറ്റങ്ങളും മുന്നേറ്റങ്ങളും സൃഷ്ടിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കേന്ദ്രഗവൺമെന്റ് 205 ലക്ഷം കോടി രൂപയാണ് കടമെടുത്തിട്ടുള്ളത്. അതായത് 5.8 ശതമാനം. കേരളത്തിന് 3 ശതമാനം കടമെടുക്കാൻ അർഹതയുണ്ടെങ്കിലും അനുവദിക്കുന്നില്ല. ഇപ്പോഴത്തെ

സാഹചര്യത്തിൽ മൂന്നര ശതമാനമായി അത് അനുവദിച്ച് കിട്ടേണ്ടതുണ്ട്. നമുക്ക് അർഹതപ്പെട്ട അവകാശം നേടിയെടുക്കാൻ നമ്മളെല്ലാം ഒന്നിച്ച് മുന്നോട്ടുവരേണ്ടതുണ്ട്. പ്രത്യേക ഘട്ടങ്ങളിൽ സ്വീകരിച്ച നിലപാടുകളുടെ ഫലമായി അതിന്റെ ദുരന്തങ്ങളും ദുരിതങ്ങളും അനുഭവിച്ചവരാണ് പ്രതിപക്ഷം. പ്രളയകാലത്തും കോവിഡ് കാലത്തും അത് കണ്ടതാണ്. നമുക്ക് പലതരത്തിലുള്ള സഹായങ്ങൾ ലഭ്യമാകുന്ന സാഹചര്യം വന്നപ്പോൾ അതിന് തടസ്സം നിൽക്കാൻ പരിശ്രമം നടത്തിയത് ജനങ്ങൾ കണ്ടതാണ്. ആ അനുഭവം നിങ്ങൾ മറക്കാതിരിക്കണം. ഇവിടെ വലിയ പ്രയാസങ്ങൾ സൃഷ്ടിച്ച് ഈ ഗവൺമെന്റിനെ ശിഥിലീകരിക്കാനുള്ള പരിശ്രമമാണ് നടത്തിയത്. അതിന്റെ കൂടെ പ്രതിപക്ഷം നിൽക്കുന്നത് എത്രമാത്രം നന്നായിരിക്കുമെന്ന് നിങ്ങൾ ചിന്തിക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് നമുക്കറിയാം. എൻ.എച്ച്.എം. പോലെയുള്ള പദ്ധതികൾ സംസ്ഥാനവും കേന്ദ്രവുമായുള്ള ഒരു സംയോജിത പദ്ധതിയാണ്. നമ്മുടെ ആരോഗ്യ മേഖലയിലെ മുന്നേറ്റങ്ങൾക്കുവേണ്ടിയാണ് അത് രൂപപ്പെടുത്തിയത്. കേരളത്തിലെ ജനങ്ങളുടെ ജീവിത ചെലവിനെ അടിസ്ഥാനപ്പെടുത്തിയുള്ള തുകയൊന്നും

അതിൽ വകയിരുത്തിയിട്ടില്ല. അതിനായി നീക്കിവയ്ക്കുന്ന തുക പോലും അനുവദിക്കുന്നില്ലെന്നത് പ്രതിഷേധാർഹമായ കാര്യമാണ്. ആശാ വർക്കർമാർ, അങ്കണവാടി ടീച്ചർമാർ, ദേശീയ പദ്ധതിയുടെ ഭാഗമായി സംസ്ഥാനവും കേന്ദ്രവും ഒരുമിച്ച് നടത്തുന്ന പദ്ധതികളാണ്. അതിന്റെ വിഹിതങ്ങൾ കിട്ടുന്നില്ല. സാമൂഹിക പെൻഷന്റെ വിഹിതങ്ങൾ ലഭ്യമാക്കുന്നില്ല. അങ്ങനെ ന്യായമായ രീതിയിൽ നമുക്ക് ലഭിക്കേണ്ട വിഹിതങ്ങൾപോലും തടഞ്ഞുവച്ച് ജനങ്ങൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങളും അർഹതപ്പെട്ട അവകാശങ്ങളും ലഭിക്കാത്ത അവസ്ഥ സൃഷ്ടിക്കുകയാണ്. അങ്ങനെ ഒരു അവസ്ഥ സൃഷ്ടിച്ച് ജനങ്ങളുടെ ഇടയിൽ അതൃപ്തിയുണ്ടാക്കുന്നു. പ്രതിപക്ഷത്തിന് ഇത് ഗുണകരമാകുമെന്ന് കണ്ടിട്ടാണ് ചെയ്യുന്നതെന്ന് ഞങ്ങൾക്കും കേരളത്തിലെ ജനങ്ങൾക്കും അറിയാം. പക്ഷേ നമ്മുടെ നാടിന് ഒരുപാട് ദോഷം ചെയ്യുന്ന കാര്യമായി മാറുമെന്ന് നിങ്ങൾ കാണേണ്ടതുണ്ട്.

ഈ സാമ്പത്തിക ഞെരുക്കത്തിനിടയിലും നിരവധി പദ്ധതികൾ കേരളത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ലൈഫ് മിഷനാണെങ്കിലും പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്ന കാര്യത്തിലാണെങ്കിലും

പൊതുജനാരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിലാണെങ്കിലും ഇത് കാണാൻ സാധിക്കും. ഇപ്പോൾ പൊതുഗതാഗതം സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടികളിലേയ്ക്ക് പോകുകയാണ്. ഇത്തരം ഇടപെടലുകൾ നടത്തി മുന്നോട്ടുപോകും.

എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഒന്നുരണ്ട് കാര്യങ്ങളാണ്. രണ്ടാം പിണറായി സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് മൊബിലിറ്റി ഹബ്ബാക്കി മാറ്റുമെന്ന് പറഞ്ഞിരുന്നു. പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാന്റ്, നഗരമധ്യത്തായി നാഷണൽ ഹൈവേയോട് ചേർന്ന് നാലേക്കറോളം സ്ഥലമുണ്ട്. അത് കെ.എസ്.ആർ.ടി.സി. വിഭാവനം ചെയ്ത പദ്ധതിയാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനുവേണ്ടി ആ നാലേക്കർ സ്ഥലത്ത് വലിയ ഒരു സംവിധാനമൊരുക്കാൻ വേണ്ടി തീരുമാനിക്കുകയും പദ്ധതിയുണ്ടാക്കുകയും ചെയ്തു. കിഫ്ബിയുടെ സഹായത്തോടുകൂടി ആ പദ്ധതി നടപ്പാക്കുമെന്നാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞത്. നയപ്രഖ്യാപനം കഴിഞ്ഞ് ബഡ്ജറ്റ്

പ്രസംഗത്തിലും അക്കാര്യം സൂചിപ്പിച്ചിരുന്നു. കിഫ്ബിയുടെ മേൽ കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധങ്ങളുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഈ സാമ്പത്തിക സ്ഥിതിയിലും പദ്ധതി നടപ്പാക്കേണ്ടതുണ്ടെന്ന് പ്രത്യേകം ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

വ്യവസായ വകുപ്പ് വലിയ മുന്നേറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള സംരംഭക സഭയുൾപ്പെടെ സംഘടിപ്പിച്ച് അതിൽ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് ചെറുകിട, സൂക്ഷ്മ ചെറുകിട, ഇടത്തര വ്യവസായ പദ്ധതികൾ പ്ലാൻ ചെയ്തു മുന്നോട്ടുപോകുകയാണ്. അത് വിജയകരമായി മുന്നോട്ടുപോകുന്നു.

ഒന്നുരണ്ടുകാര്യങ്ങൾകൂടി പറയാനുള്ളതിൽ പുതുക്കാട് മണ്ഡലത്തിലെ പ്രധാനപ്പെട്ട പദ്ധതിയായ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്-മായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി വലിയ രീതിയിലുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. **തോട്ടുമുഖം** ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ഫണ്ട് അനുവദിച്ച് പൂർത്തീകരിക്കുകയും അതിന്റെ രണ്ടാം ഘട്ടത്തിനായുള്ള ഫണ്ട് അനുവദിക്കുകയും ചെയ്തത് വളരെ

അഭിനന്ദനാർഹമായ കാര്യമാണ്, ഈ അവസരത്തിൽ അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ പ്രദേശത്ത് വെള്ളം ലഭ്യമാക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി.-യും ജലവിഭവ വകുപ്പുമായി സംയുക്തയോഗം ചേരേണ്ടതും ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുമുണ്ട്. ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിൽ ഒരു ഗർത്തം രൂപപ്പെട്ടിട്ട് രണ്ടര വർഷത്തോളമായി. അതുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായുള്ള കാര്യങ്ങൾ ചെയ്തുതീർക്കേണ്ടതുമുണ്ട്.

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ വലിയ പങ്കുവഹിക്കുന്ന ഒരു ജനകീയപ്രസ്ഥാനമാണ് സഹകരണ സ്ഥാപനങ്ങൾ. രണ്ടര ലക്ഷം കോടി രൂപയോളം വരുന്ന ഈ മേഖലയെ കൈവശപ്പെടുത്തുന്നതിനായി കോർപ്പറേറ്റുകൾ വലിയ രീതിയിലുള്ള ഇടപെടലുകൾ നടത്തുകയാണ്. സംസ്ഥാനത്തിന്റെ അധികാരപരിധിയിൽപ്പെട്ട സഹകരണ പ്രസ്ഥാനത്തെ കേന്ദ്രഗവൺമെന്റ് പ്രത്യേകിച്ച് ആഭ്യന്തരമന്ത്രി ശ്രീ. അമിത് ഷായുടെ കീഴിൽ ഒരു വകുപ്പ് തയ്യാറാക്കുകയും മൾട്ടി സ്റ്റേറ്റ് പർപ്പസ് സൊസൈറ്റിയെന്ന

നിലയിൽ വിവിധ സംസ്ഥാനങ്ങൾക്ക് വായ്പ നൽകാവുന്നതും ഡെപ്പോസിറ്റ് സ്വീകരിക്കാൻ സാധിക്കുന്ന വിധത്തിലുമുള്ള സഹകരണ സ്ഥാപനങ്ങളുണ്ടാക്കി നമ്മുടെ സഹകരണ സ്ഥാപനങ്ങളെ തകർക്കുന്നതിനുള്ള പരിപാടികളുമായി മുമ്പോട്ടുപോകുകയാണ്. വിജയ് മല്യയും നീരവ് മോദിയുമൊക്കെ നാടുവിട്ടുപോയ കാര്യം നമുക്കറിയാവുന്നതാണ്. പതിനായിരം കോടി രൂപയോളമാണ് അവർ അപഹരിച്ചത്. സഹകരണ ബാങ്കുകളിൽനിന്നും ഒരു രൂപപോലും എടുക്കാൻ കഴിയാത്ത സാഹചര്യമുള്ളതുകൊണ്ടാണ് കേന്ദ്ര സർക്കാർ ഈ മേഖലയെ കൈവശപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും എല്ലാവരും പറഞ്ഞിട്ടുണ്ട്, അത് ഞാൻ ആവർത്തിക്കുന്നില്ല. റേഷൻ കടകളിലെത്തുന്ന അരി എല്ലാമാസവും ആരംഭത്തിൽത്തന്നെ വിതരണം ചെയ്യാൻ സാധിക്കണം. മാസാവസാനം വിതരണം നടത്തുമ്പോൾ റേഷൻ കടകളിൽനിന്നും അരിവാങ്ങി ജീവിക്കുന്നവർക്ക് വലിയ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. തിരഞ്ഞെടുപ്പിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് ലഭ്യമാക്കിയ അരി നമ്മൾ കണ്ടതാണ്, അത് ഇപ്പോൾ നിന്നുപോകുകയും ചെയ്തു.

സാധാരണക്കാർ എന്നും അരി വാങ്ങുന്ന റേഷൻ കടകളിലൂടെയുള്ള വിതരണത്തിൽ ചെറിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്, റേഷൻ വ്യാപാരികൾ സമരത്തിലുമാണ്. അവരുടെ സമരം ഒത്തുതീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ പല കാര്യങ്ങളും ചർച്ച ചെയ്യുന്നില്ല, ബീഹാറിൽ പാലങ്ങൾ തകർന്നുകൊണ്ടിരിക്കുന്നത് ഒരു കഥയായി മാറുകയാണ്, ഓരോ ദിവസവും പാലങ്ങൾ തകർന്നുവീഴുകയാണ്. എന്തുകൊണ്ടാണ് അവർ ഇതിനെക്കുറിച്ച് സംസാരിക്കാതിരിക്കുന്നത്. സംസാരിച്ചാൽ ആളുകൾക്ക് യു.ഡി.എഫ്.-ന്റെ ഭരണകാലത്തെക്കുറിച്ച് ഓർമ്മ വരും. പഞ്ചവടിപ്പാലം അഥവാ പാലാരിവട്ടം പാലം, യു.ഡി.എഫ്.-ന് നെഞ്ചിടിപ്പാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നില്ലായിരുന്നുവെങ്കിൽ കേരളത്തിൽനിന്നും വ്യത്യസ്തമായി ഇതരസംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന, ഇന്ത്യയിൽ ഇപ്പോൾ കാണുന്ന പൊതുവായ അവസ്ഥ കേരളത്തിലും ഉണ്ടാകുമായിരുന്നു. എല്ലാ മേഖലകളിലും നമ്മൾ മുന്നേറുകയാണ്. ആ മുന്നേറ്റങ്ങൾ തടസ്സപ്പെടുത്താൻവേണ്ടി പല രീതിയിലുള്ള കുത്സിതശ്രമങ്ങൾ നടക്കുന്നുണ്ട്.

വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടങ്ങൾ സംഘടിപ്പിക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കെതിരായി വലിയ അപവാദപ്രചരണങ്ങൾ നടത്തുന്നു. ഒറ്റപ്പെട്ട ചെറിയ കാര്യങ്ങളൊക്കെ പർവ്വതീകരിച്ച് വാർത്തകളാക്കി കുഴപ്പങ്ങളുണ്ടാക്കുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ആകെ കുഴപ്പമാണെന്നുപറയുകയും എസ്.എഫ്.ഐ. വിജയിച്ചപ്പോൾ അക്രമം നടത്തിയെന്നുമായി. ഇങ്ങനെ ഓരോ കഥകളും എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. അതിനെയൊക്കെ ശരിയായി രീതിയിൽ അതിജീവിച്ച് വിദ്യാർത്ഥി പ്രസ്ഥാനം അവരുടെ പ്രവർത്തന പരിപാടികളുമായി മുന്നോട്ടുപോകുമെന്നാണ് കരുതുന്നത്. ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, 2024-25 വർഷത്തെ ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധി എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 140 എം.എൽ.എ.-മാരാണ് കേരള നിയമസഭയിലുള്ളത്. **കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ**

പ്രതീക്ഷയോടെ കാത്തിരിക്കുന്ന ധാരാളം ജനങ്ങൾ ഓരോ മണ്ഡലത്തിലുമുണ്ട്. പ്രത്യേകിച്ച് എന്റെ മണ്ഡലമായ കുട്ടനാട്, എന്റെ പിന്നിലിരിക്കുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. ജോബ് മൈക്കിളിന്റെ മണ്ഡലമായ ചങ്ങനാശ്ശേരി, എന്റെ സഹോദരിമാരായ ശ്രീമതി ദെലീമ, ശ്രീമതി യു. പ്രതിഭ, പ്രിയപ്പെട്ട എച്ച്. സലാം ഉൾപ്പെടെ ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും മണ്ഡലത്തിലുള്ള ജനങ്ങൾ ഒരുപാട് പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. എന്ത് പദ്ധതികളാണ് അവരവരുടെ നിയോജകമണ്ഡലങ്ങളിലെത്തിക്കുക എന്നുള്ളതാണ് വിഷയം. ഇവിടത്തെ പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ വലിയ പ്രശ്നങ്ങളൊന്നുമില്ല, കാരണം പ്രശ്നമുണ്ടായിരുന്നുവെങ്കിൽ ഇപ്പോഴത്തെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറും ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. ബഷീറും ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധം പോലെയാണ് ബഹളമുണ്ടാക്കുന്നത്. കുറച്ചു സമയം കഴിയുമ്പോൾ ഇവർ രണ്ടുപേരും തമ്മിൽ വളരെ സ്നേഹത്തോടെ കൈ കൊടുത്തുകൊണ്ട് സംസാരിക്കുന്ന ഒരു രീതിയാണ് ഞാൻ ഈ സഭയിൽ കണ്ടിട്ടുള്ളത്. ഇതിന്റെ അർത്ഥം ആർക്കും ഉള്ളിൽ പ്രശ്നങ്ങളൊന്നുമില്ലെന്നാണ്. കാര്യങ്ങൾ പറയുന്നു, കാര്യങ്ങൾ പറയണം,

തെറ്റുണ്ടെങ്കിൽ തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാൻ ക്രിയാത്മകമായ ഒരു പ്രതിപക്ഷം ഇവിടെ വളരെ നല്ല രീതിയിലാണ് പോകുന്നത്. നമ്മുടെ പ്രശ്നമെന്നുപറയുന്നത് സാമ്പത്തിക ബുദ്ധിമുട്ടാണ്. എന്റെ മണ്ഡലത്തെ സംബന്ധിച്ചിടത്തോളം കുട്ടനാട്ടിൽ ധാരാളം പാലങ്ങളും നല്ല റോഡുകളും സംവിധാനങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ അവയെല്ലാം പൂർത്തീകരിക്കുന്നതിന് പണം ആവശ്യമാണ്. ഈ പണം വാങ്ങിയെടുക്കുന്നതിന് ശക്തനായ..... ചിലർ മന്ത്രിമാരായാൽ അവിടെനിന്നും ഇറങ്ങില്ല, അത് അവരുടെ കുഴപ്പമല്ല. അവർക്ക് ഇറങ്ങാൻ അറിയില്ല. കോൺട്രാക്ടും മറ്റ് സംവിധാനങ്ങളും മറന്നുപോകും, അത് നമ്മുടെ വിഷയമല്ല. നമുക്ക് ലഭിക്കാനുള്ള പണം കേന്ദ്രത്തിൽനിന്നും വാങ്ങിയെടുക്കണം. അതിശക്തമായ ഒരു പ്രതിപക്ഷമാണ് ഇപ്പോൾ കേന്ദ്രത്തിലുള്ളത്. ശ്രീ. രാഹുൽ ഗാന്ധിയും ഞങ്ങളുടെ പ്രിയങ്കരനായ ശ്രീ. കെ. രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ ഒരേ വേദിയിലിരുന്നാണ് എല്ലാ കാര്യങ്ങളിലും കേന്ദ്രത്തിനെ എതിർക്കുന്നത്. നമുക്ക് അത് നേടിയെടുക്കാൻ സാധിക്കും. കേരളത്തിന് ലഭിക്കേണ്ട പണം നേടിയെടുക്കാൻ സാധിക്കുന്ന വളരെ നല്ല ഒരു

അവസരമാണിത്. യഥാർത്ഥത്തിൽ കേന്ദ്രത്തിൽനിന്നുള്ള പണം ലഭിച്ചെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. നിങ്ങൾക്കെല്ലാവർക്കുമറിയാവുന്നതുപോലെ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കണം. എന്റെ മണ്ഡലത്തിലെ തട്ടാശ്ശേരി പാലത്തിനായി 77 കോടി രൂപ അനുവദിച്ചതാണെങ്കിലും ഇതുവരെ നിർമ്മാണം തുടങ്ങാനായിട്ടില്ല. നിസ്സാരമായ പ്രശ്നങ്ങളാൽ ഇവയെല്ലാം തടഞ്ഞുവച്ചിരിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോയിരിക്കുന്നു. ഈ പ്രവർത്തനങ്ങളെല്ലാം നടക്കണമെങ്കിൽ പണം ആവശ്യമാണ്. ആദരണീയനായ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുകയും കാര്യങ്ങൾ നല്ല രീതിയിൽ ക്രമപ്പെടുത്തുന്നതിനുള്ള ആഗ്രഹവും അവർക്കുണ്ട്. എന്നാൽ പണമില്ലാത്തതാണ് പ്രധാന പ്രശ്നം. ഇക്കാര്യങ്ങൾക്കായി പണം ആവശ്യപ്പെടുന്ന സമയത്ത് അവർ പരസ്പരം നോക്കുന്നതിന്റെ കാരണം ഈ പ്രവൃത്തികൾക്കായി നൽകാനുള്ള പണം ഗവൺമെന്റിന്റെ കൈവശമില്ലെന്നതാണ് സത്യം. അതുകൊണ്ട് പരസ്പരമുള്ള യുദ്ധങ്ങൾ അവസാനിപ്പിച്ച് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പണം വാങ്ങിയെടുത്താൽ

സുഗമമായി ഇവിടെ കാര്യങ്ങളൊക്കെ നടക്കും. പെൻഷൻ നൽകാനുള്ള പണം ലഭിക്കും. ശ്രീ. ശരദ് പവാർജി-യോട് നമുക്ക് പറയാം. കാരണം അദ്ദേഹം വളരെ ശക്തനായ നേതാവല്ലേ. ഒറ്റയ്ക്ക് മത്സരിച്ചാണല്ലോ മഹാരാഷ്ട്ര പിടിച്ചെടുത്തത്. അതുകൊണ്ട്..... കോൺഗ്രസ് അവിടെ ഞങ്ങളുടെ സഹോദരങ്ങളാണല്ലോ, ഇവിടെ വരുമ്പോഴാണല്ലോ പ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, അദ്ദേഹത്തിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തരുത്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഇവിടുത്തെ പ്രശ്നം, നമുക്ക് സാമ്പത്തിക ഭദ്രതയുണ്ടാകണമെങ്കിൽ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പണം നേടിയെടുത്തേ മതിയാകുകയുള്ളൂ. എന്റെ മണ്ഡലത്തിൽ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ്. ഇവയെല്ലാം പൂർത്തീകരിക്കുന്നതിനായി പണം അനിവാര്യമാണ്. പല കാര്യങ്ങളും നൽകിയിട്ടുണ്ട്, ആദരണീയനായ മുൻമന്ത്രി ശ്രീ. ജി. സുധാകരൻ പത്ത് പാലങ്ങളാണ് കുട്ടനാടിന് നൽകിയത്. ഇതെല്ലാം പൂർത്തീകരിക്കണമെങ്കിൽ പണം വളരെ അനിവാര്യമാണ്, പണം ഇല്ലാതെ കാര്യങ്ങൾ

മുമ്പോട്ടുപോകുകയില്ല. അതുകൊണ്ട് നമ്മുടെ പരസ്പരമുള്ള വാഗ്വാദങ്ങളും കാര്യങ്ങളും അവസാനിപ്പിച്ച് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പണം വാങ്ങിയെടുക്കുന്നതിനുള്ള ഒരു സംവിധാനത്തിലേയ്ക്ക് ചേർന്ന് പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എങ്കിൽ മാത്രമേ കാര്യങ്ങൾ മുമ്പോട്ടുപോകുകയുള്ളൂ. 2019-ലെ കോവിഡ് നമ്മെയെല്ലാം തകർത്തു. എനിക്ക് കുവൈറ്റിൽ ഉന്നതമായ ബിസിനസും കാര്യങ്ങളും സംവിധാവുമൊക്കെയുള്ളതാണ്, എന്നാൽ കോവിഡ് വന്നതോടുകൂടി അവിടെയും ഇവിടെയും ദൈനംദിനകാര്യങ്ങൾ വളരെയധികം ബുദ്ധിമുട്ടിലാണ് പോകുന്നത്. ഇവയൊക്കെ മാറ്റിയെടുക്കുന്നതിന് സാമ്പത്തിക ഭദ്രത വേണം. ഈ പ്രതിസന്ധികളെയെല്ലാം വളരെ കരുതലോടുകൂടി നേരിട്ട ഒരു ഗവൺമെന്റാണ് പിണറായി ഗവൺമെന്റ്, വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടുമാത്രമാണ് നമുക്ക് ഇത്തരത്തിൽ മുമ്പോട്ടുപോകാൻ സാധിക്കുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, അങ്ങ് കുട്ടനാടിന്റെ വികസന കാര്യങ്ങളിൽ വളരെ ശ്രദ്ധാലുവായി പ്രവർത്തിക്കുന്ന എം.എൽ.എ. ആണ്. കുട്ടനാട്ടിൽനിന്നും

ജനങ്ങൾക്ക് ഏറ്റവും വേഗത്തിൽ ദേശീയ പാതയിലേക്കെത്താൻ സാധിക്കുന്ന നെടുമുടി - കരുവാറ്റ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ട് വളരെ നാളുകളായി. അത് എത്രയുംവേഗം പൂർത്തീകരിക്കേണ്ടതല്ലേ, അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തോമസ് കെ. തോമസ്: സർ, നെടുമുടി-കരുവാറ്റ റോഡ് എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കേണ്ട റോഡാണ്. ഞാനിവിടെ പറഞ്ഞതിന്റെയെല്ലാം സാരം അതുതന്നെയാണ്. അത് മനസ്സിലാക്കാനുള്ള കഴിവ് നിങ്ങൾക്കെല്ലാവർക്കുമുണ്ട്. അതുകൊണ്ട് ആവശ്യമില്ലാത്ത കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കുട്ടനാട് രക്ഷപ്പെട്ടാൽ ചങ്ങനാശ്ശേരിയും ചങ്ങനാശ്ശേരി രക്ഷപ്പെട്ടാൽ കായംകുളവും കായംകുളം രക്ഷപ്പെട്ടാൽ അമ്പലപ്പുഴയും കണ്ണൂരുമെല്ലാം രക്ഷപ്പെടും. ഓരോ സ്ഥലവും രക്ഷപ്പെടണമെങ്കിൽ പണം അനിവാര്യമാണ്. എങ്ങനെ പണമുണ്ടാക്കാം; കേരളത്തിന് പ്രത്യേകിച്ച് വരുമാനമാർഗ്ഗമില്ല. ജി.എസ്.ടി. കൂടാതെ ടൂറിസം, ബിവറേജസ്, ലോട്ടറി തുടങ്ങിയവയിൽനിന്നും ലഭിക്കുന്ന വരുമാനം മാത്രമേയുള്ളൂ. കുവൈറ്റ്, യു.എ.ഇ., അബുദാബി തുടങ്ങിയ രാഷ്ട്രങ്ങളിലെപ്പോലെ

ഞൊടിക്കുമ്പോൾ ലക്ഷങ്ങൾ വരുന്ന സംവിധാനമോ എണ്ണ ഖനികളോ ഒന്നും കേരളത്തിലില്ല. എന്നാൽ നമുക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കും; നിക്ഷേപകരെ കണ്ടുപിടിക്കാൻ സാധിക്കും. ഇന്ന് കുവൈറ്റിൽനിന്ന് ഹംസ എന്നുപേരുള്ള എന്റെ ഒരു സഹോദരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ വന്നിരുന്നു. അദ്ദേഹം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും കണ്ടിരുന്നു. കുവൈറ്റിൽ ഏകദേശം എട്ട് ആശുപത്രികളുള്ള ആ വ്യക്തി, 2000 കോടി രൂപ കേരളത്തിൽ നിക്ഷേപിക്കാൻ തയ്യാറാണ്. അദ്ദേഹത്തെപ്പോലുള്ള നിക്ഷേപകരെ നമ്മൾ ഇവിടെ കൊണ്ടുവരണം. അവരെ രണ്ട് കൈയും നീട്ടിയാണ് നമ്മുടെ സർക്കാർ സ്വീകരിക്കേണ്ടത്. അവർക്ക് നല്ലരീതിയിൽ ഇവിടെ ഇൻവെസ്റ്റ് ചെയ്യാനാകും. ശ്രീ. അൻവർ സാദത്തിന്റെ നിയോജകമണ്ഡലമായ ആലുവയിലും ഇൻവെസ്റ്റ് ചെയ്യാം. അങ്ങ് പേടിക്കേണ്ട. കുട്ടനാട്ടിൽ സ്ഥലമില്ല നാലുവശവും വെള്ളമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... പ്ലീസ്... കൺക്ലൂഡ്.....

ശ്രീ. തോമസ് കെ. തോമസ്: സർ, ഇത് വളരെ നല്ലൊരു വിഷയമാണ്. അങ്ങ് കുട്ടനാടിനോട് അനുകമ്പയുള്ള ഒരു ഡെപ്യൂട്ടി സ്പീക്കറാണ്. അങ്ങയെ

വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണ് ഞങ്ങളെല്ലാം. എനിക്ക് അല്പസമയംകൂടി അനുവദിക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്...അങ്ങയുടെ സമയം കഴിഞ്ഞു.. പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, നിക്ഷേപകരെ രണ്ടുകൈയും നീട്ടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെയിരിക്കുവന്നവർ എല്ലാവരും കഴിവും പ്രാപ്തിയുമുള്ളവരാണ്. ഞാൻ കൊണ്ടുവന്നതുപോലെ എല്ലാവരും നിക്ഷേപകരെ കൊണ്ടുവരണം. ശ്രീ. മഞ്ഞളാംകുഴി അലിയെപ്പോലുള്ളവർക്ക് മറ്റുള്ള സ്ഥലങ്ങളിൽനിന്ന് നിക്ഷേപകരെ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

മറ്റൊന്ന്, ഐ.ടി. സ്റ്റാർട്ടപ്പുകൾ വിപുലീകരിക്കണം. ഐ.ടി. ആൻഡ് ടെലികമ്മ്യൂണിക്കേഷൻ, മോട്ടോർ വെഹിക്കിൾ, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ കൂടുതൽ നിക്ഷേപകരെ ക്ഷണിക്കണം. ഏകജാലക സംവിധാനത്തിലൂടെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനമുണ്ടാക്കണം. വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒരു

മേഖലയാണ് ടൂറിസം. ഏറ്റവും നല്ലൊരു ടൂറിസം വകുപ്പുമന്ത്രിയാണ് നമുക്കുള്ളത്. കൂടാതെ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ അച്ചടക്കം നിലനിർത്തുന്നതിനും ഗുണനിലവാരം വർധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. കുട്ടനാടിനെ പ്രത്യേകമായി പരിഗണിക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. കാരണം, കുട്ടനാട്ടിലെ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണ/നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കണം. നമ്മുടെ പ്രിയങ്കരിയായ ശ്രീമതി യു. പ്രതിഭ പരാമർശിച്ച നെടുമുടി-കരുവാറ്റ റോഡിന്റെ നവീകരണം പൂർത്തിയാക്കണം. കുട്ടനാടിനെ കൈയയഞ്ഞ് സഹായിക്കണം. ഒരു കാർഷിക കലണ്ടർ വഴി കൃഷി ചെയ്യുന്നതിനുള്ള സംവിധാനംകൂടി ഒരുക്കിത്തരണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. യാഥാർഥ്യവുമായി ഒരുതരത്തിലും ചേർന്ന് പോകാത്തതും യാതൊരു കാഴ്ചപ്പാടില്ലാത്തതുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്കുമുമ്പിൽ അവതരിപ്പിച്ച ബജറ്റ്. പല സർക്കാർ നിയന്ത്രണ

സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ശമ്പളവും പെൻഷനും ക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭിക്കാത്ത ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. 'പാടത്ത് ജോലി വരമ്പത്ത് കൂലി' എന്നതാണ് ഈ സർക്കാരിന്റെ പാർട്ടിയുടെ നയം. ആ പാർട്ടി ഭരിക്കുന്ന സർക്കാരിന്റെ അവസ്ഥയാണിത്. എല്ലാ സ്ഥലത്തെയും സ്കൂളുകളിൽ തസ്തികകൾ പുനർനിർണ്ണയിക്കുകയും അധ്യാപകരുടെ സ്ഥിരനിയമനം നടത്തുകയും ചെയ്യുന്നില്ല. എല്ലായിടത്തും ഒഴിവുകളാണ്; കരാറടിസ്ഥാനത്തിലുള്ള താൽക്കാലികമായ നിയമനങ്ങളാണ് നടത്തുന്നത്. പി.എസ്.സി.-യിൽ നിയമനം നടത്തുന്നില്ല. പി.എസ്.സി. അംഗമാക്കാനായി കോഴ വാങ്ങുന്ന ഒരൊറ്റ കാര്യമാണ് പി.എസ്.സി.-യിൽ ഇപ്പോൾ നടക്കുന്നത്. പ്രത്യേകിച്ചും ഇടതുപക്ഷം എന്ന പാർട്ടിയുടെ അപചയം. തെറ്റുതിരുത്തൽ സമീപനവുമായി പോകുന്ന സമയത്താണ് പി.എസ്.സി. അംഗത്വം വാഗ്ദാനം ചെയ്ത് ഒരു പ്രമുഖ വ്യക്തി 22 ലക്ഷം രൂപ കോഴ വാങ്ങിയത്. അത് ചെറിയ ആളൊന്നുമല്ല, ചെറിയ മീനൊന്നുമല്ല. സി.ഐ.ടി.യു.-ന്റെ ജില്ലാ സെക്രട്ടറിയും സംസ്ഥാന ജോയിന്റ് സെക്രട്ടറിയും ആയിരുന്ന വ്യക്തിയാണ്. ആ പാർട്ടി എവിടെയെത്തി നിൽക്കുന്നുവെന്ന് ഇത്

മനസ്സിലാക്കിത്തരും. ഇതൊക്കെയാണ് തുടക്കത്തിൽ ടി.പി. ചന്ദ്രശേഖരനൊക്കെ പറഞ്ഞത്. ഈ പാർട്ടിയുടെ അപചയത്തെ സംബന്ധിച്ചും പാർട്ടി എങ്ങോട്ടാണ് പോകുന്നതെന്നതിനെ സംബന്ധിച്ചും ഓരോ ഉദാഹരണങ്ങൾ തുടരുകയാണ്.

അവശ്യവസ്തുക്കളില്ലാതെ സപ്ലൈകോ-യിലെ അലമാരകൾ ഒഴിഞ്ഞുകിടക്കുകയാണ്. സപ്ലൈകോ-യുടെ അൻപതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന അവസ്ഥയാണ്. എന്നാൽ, ആഘോഷങ്ങൾക്ക് ഒരു മുടക്കവുമില്ല. കഴിഞ്ഞ നവംബറിൽ സംഘടിപ്പിച്ച കേരളീയം വീണ്ടും പ്രഖ്യാപിച്ചിരിക്കുകയാണ്. കഴിഞ്ഞ കേരളീയം പരിപാടിയിൽ പരിപാടികൾ അവതരിപ്പിച്ച കലാകാരന്മാർക്ക് ഇനിയും പ്രതിഫലം നൽകിയിട്ടില്ല. പണം ലഭിക്കാത്ത കലാകാരന്മാർ ഇപ്പോഴും ഞങ്ങളെ സമീപിക്കുകയാണ്. അതൊന്നും സർക്കാരിന് വിഷയമല്ല. സ്പോൺസർഷിപ്പിലൂടെ പണം കണ്ടെത്തണമെന്നാണ് സർക്കാർ പറയുന്നത്. കഴിഞ്ഞ കേരളീയം പരിപാടിയുടെ കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്ന എന്നാണ് ജനുവരി 29-ലെ ചോദ്യത്തിന് മറുപടിയായി

ലഭിച്ചത്. ആ കണക്കുപോലും കൃത്യമായി ജനങ്ങൾക്കുമുന്നിൽ അവതരിപ്പിക്കാൻ കഴിയാതെയാണ് വീണ്ടും ഈ പരിപാടി സംഘടിപ്പിക്കുന്നത്.

ക്രമസമാധാനനിലയെ സംബന്ധിച്ച് പറയേണ്ടതില്ല; ഗുണ്ടാവിളയാട്ടമാണ് ഇവിടെ നടക്കുന്നത്. പ്രിൻസിപ്പാളിന്റെ കാൽ തല്ലിയൊടിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന കുട്ടിഗുണ്ടാനേതാവും പോലീസുകാരെ ഭീഷണിപ്പെടുത്തുന്ന നേതാക്കളും ജനജീവിതം ദുഃസ്സഹമാക്കിയിരിക്കുകയാണ്. കുറ്റവാളികളെ ജയിലിലടച്ചാൽപോലും നമുക്ക് ആശ്വാസമില്ല. കാരണം നമ്മുടെ ജയിലുകൾ ഭരിക്കുന്നത് ഗുണ്ടാസംഘങ്ങളും കൊലയാളിക്കൂട്ടങ്ങളുമാണ്. ജയിൽ ഉദ്യോഗസ്ഥർക്ക് ഗുണ്ടാപ്പടകളിൽനിന്ന് മർദനമേൽക്കുന്ന സാഹചര്യംപോലുമുണ്ട്. ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കാത്തതുകാരണം സ്ഥിതി വളരെ വഷളാകുകയാണ്. വടക്കൻ മേഖലകളിലൊക്കെ പല ജയിലുകളും ഭരിക്കുന്നത് ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളാണ്. ഉദ്യോഗസ്ഥരെ മാത്രമല്ല, സർക്കാരിനെപ്പോലും മുൾമുനയിൽ നിർത്താൻ ശേഷിയുള്ളവരാണ് ഈ ക്രിമിനലുകൾ.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുണ്ടായിട്ടും അതിനെപ്പോലും മറികടന്നുകൊണ്ടാണ് വിട്ടയയ്ക്കാനുള്ളവരുടെ ലിസ്റ്റിൽ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചത്. നിങ്ങളുടെ നിർദേശമില്ലാതെ എങ്ങനെയാണ് ഉദ്യോഗസ്ഥർക്ക് ഈ പ്രതികളെ ലിസ്റ്റിൽ ചേർക്കാൻ സാധിക്കുന്നത്; നിങ്ങളുടെ രാഷ്ട്രീയ തീരുമാനമാണ് ഈ പ്രതികളെ വിട്ടയയ്ക്കണമെന്നുള്ളത്. അതുകാരണമാണ് വിട്ടയയ്ക്കുന്നവരുടെ ലിസ്റ്റിൽ ഇവരെയും ഉൾപ്പെടുത്താനിടയായത്. ഈ സംഭവങ്ങൾ മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നപ്പോൾ ഉദ്യോഗസ്ഥരെ ബലിയാടാക്കുകയാണ് സർക്കാർ ചെയ്തത്. എന്റെ മൊഴിയെടുത്ത ഒരു പോലീസുദ്യോഗസ്ഥനെ വയനാട് ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയിരിക്കുകയാണ്. ആ ഉദ്യോഗസ്ഥൻ എന്താണ് ചെയ്തത്; അദ്ദേഹത്തിന്റെ ഡ്യൂട്ടിയാണ് ചെയ്തത്. ഉദ്യോഗസ്ഥനോട് മൊഴിയെടുക്കാൻ ആവശ്യപ്പെട്ടപ്പോൾ അത് നിറവേറ്റുകയാണ് അദ്ദേഹം ചെയ്തത്. എന്നാൽ അദ്ദേഹത്തെ മറ്റൊരിടത്തേയ്ക്ക് സ്ഥലം മാറ്റിക്കൊണ്ട് പ്രതികാരനടപടി സ്വീകരിക്കുകയാണ് സർക്കാർ ചെയ്തത്. നിങ്ങളാണ് ഇക്കാര്യങ്ങൾ തീരുമാനിച്ചിരിക്കുന്നത്. സർക്കാരിന്റെ മുഖം രക്ഷിക്കാനുള്ള

നീക്കങ്ങൾ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളം കണ്ട ഏറ്റവും ക്രൂരമായ കൊലപാതകമായിരുന്നു ടി. പി. ചന്ദ്രശേഖരന്റേത്. അദ്ദേഹത്തിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2024 ഫെബ്രുവരി 27-ാം തീയതി ശിക്ഷ വർധിപ്പിച്ചുകൊണ്ട് വിധി പ്രഖ്യാപിച്ചു. വിധി പ്രഖ്യാപിച്ച് 5 മാസങ്ങൾ കഴിഞ്ഞിട്ടും അതിൽ സർക്കാർ അപ്പീൽ പോയിട്ടില്ല. സംസ്ഥാന സർക്കാരാണ് അപ്പീൽ പോകേണ്ടത്. അപ്പീൽ പോകണമെന്നാവശ്യപ്പെട്ട പ്രോസിക്യൂട്ടറുടെ കത്തും ഞങ്ങളുടെ കത്തും സർക്കാരിന്റെ കൈവശമുണ്ട്. എന്നിട്ടും അത് മുഖ്യമന്ത്രിയുടെ മേശപ്പുറത്ത് തന്നെയിരിക്കുകയാണ്. അതിന് ഒരു തീരുമാനവുമെടുത്തിട്ടില്ല. ഈ പ്രതികളെ രക്ഷപ്പെടുത്താൻ വേണ്ടിതന്നെയാണ് കേസിൽ അപ്പീൽ പോകാൻ സർക്കാർ തീരുമാനിക്കാത്തത്. അക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. മറ്റൊന്ന്, ഈ കേസിലെ പ്രതികൾ സുപ്രീംകോടതിയിൽ അപ്പീൽ പോയിരിക്കുകയാണ്. കഴിഞ്ഞ 12 കൊല്ലമായി ജയിലിൽ കഴിയുന്ന ഈ പ്രതികൾ ഇപ്പോൾ ഹൈക്കോടതിയിലും മികച്ച

അഭിഭാഷകരെ വച്ച് കേസ് നടത്തി; സുപ്രീം കോടതിയിലും ഇപ്പോൾ അതിനെക്കാൾ മികച്ച അഭിഭാഷകരെ വച്ച് കേസ് നടത്താൻ പോകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി കെ. കെ. രമ: സർ, എവിടെ നിന്നാണ് ഈ കൊലയാളികൾക്ക് പണം ലഭിക്കുന്നത്; പാർട്ടിയാണ് ഇവർക്ക് പണം കൊടുക്കുന്നത്. പാർട്ടിയുടെ സംരക്ഷണത്തിൽ കൊലയാളികൾക്ക് വളരാനുള്ള സഹായങ്ങളെല്ലാം സർക്കാർ ചെയ്തുകൊടുക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി കെ. കെ. രമ: സർ, പിണറായി സർക്കാർ അടുത്ത രണ്ടുവർഷം കഴിഞ്ഞാൽ അധികാരത്തിൽ വരില്ലെന്ന് അവർക്ക് നന്നായിട്ടറിയാം. അധികാരത്തിൽനിന്നും ഇറങ്ങുന്നതിനുമുൻപ് ഈ പ്രതികളെ ജയിലിൽനിന്ന് പുറത്തുകടത്തണമെന്നാണ് സർക്കാരിന്റെ അജണ്ട. അതിന്റെ ഭാഗമായിട്ടുള്ള നീക്കങ്ങളാണ് നടക്കുന്നത്. അതുകൊണ്ടാണ് അപ്പീലിനുപോലും പോകാതെ ഈ കേസിനുമേൽ അടയിരിക്കുന്നത്. അക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നടപടിയുണ്ടാകണം.

ആരോഗ്യരംഗത്തെക്കുറിച്ച് പറയേണ്ടതില്ല. വലിയതോതിലുള്ള ബുദ്ധിമുട്ടുകൾ ഓരോ സ്ഥലത്തും അനുഭവിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ധാരാളം ബിൽഡിംഗുകൾ ഉണ്ട്. ഒരു ബിൽഡിംഗ് ഏകദേശം 5 കോടിയോളം രൂപ ചെലവ് വരുന്നതാണ്. ഈ ബിൽഡിംഗിൽ അത്യാവശ്യ സൗകര്യങ്ങളുണ്ടെങ്കിലും അതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ ഇല്ല. മതിയായ സ്റ്റാഫും ഡോക്ടർമാരും നഴ്സുമാരും അവിടെയില്ല. സർക്കാർ കഴിഞ്ഞ പ്രാവശ്യം എം.എൽ.എ. ഫണ്ടുപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് എല്ലാ എം.എൽ.എ.-മാരുടെ ഫണ്ടിൽനിന്നും നാലു കോടി രൂപ പിരിച്ചെടുത്തിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലും ഒരു ഐസൊലേഷൻ വാർഡ് സ്ഥാപിച്ചു. ഏകദേശം ഒന്നേമുക്കാൽ കോടി രൂപ ചെലവുവരുന്ന വാർഡിന്റെ പകുതി കിഫ്ബി ഫണ്ടും പകുതി എം.എൽ.എ. ഫണ്ടും ഉപയോഗിച്ചാണ് നിർമ്മിച്ചത്. എന്നാൽ നിർമ്മാണം പൂർത്തിയായി ഒരു മാസത്തിനുള്ളിൽ ഐസൊലേഷൻ വാർഡ് ഇടിഞ്ഞുവീഴുന്ന ഒരു സാഹചര്യമുണ്ടായി. ഇതിൽ വൻ അഴിമതിയാണ് നടക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി കെ. കെ. രമ: സർ, എന്തെങ്കിലുമൊരു മേൽനോട്ടം ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ടോ. ഇത്തരത്തിലുള്ള വിഷയങ്ങൾ ഗൗരവത്തോടെ കാണാൻ കഴിയാത്ത ഈ ബജറ്റിനെ എങ്ങനെയാണ് പിന്തുണയ്ക്കുന്നത്. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായി അംഗീകരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയത് കേരള മോഡൽ വികസന പദ്ധതിയുടെ വിജയമാണ്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും സുസ്ഥിര വികസന സൂചികയിലുമൊക്കെ നിരന്തരമായി കേരളംതന്നെ ഒന്നാമതായി നിൽക്കുന്നുവെന്നതും കേരള മോഡൽ വികസനത്തിന്റെ പ്രത്യേകതയാണ്. അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. ഈ അടുത്ത് യുനെസ്കോയുടെ റിപ്പോർട്ടിൽ പ്രത്യേക പരാമർശം വന്നിരുന്നു. വിദ്യാഭ്യാസ വകുപ്പ് 2018 മുതൽ നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ് പദ്ധതി' ലോകത്തിനുതന്നെ

മാതൃകയായ മികച്ച പദ്ധതിയാണെന്ന് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. നമ്മുടെ മറ്റൊരു അഭിമാന പദ്ധതിയായ, രാജ്യത്തെ ആദ്യത്തെ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമായ വിഴിഞ്ഞം തുറമുഖത്തിന് ഷിപ്പിംഗ് മന്ത്രാലയത്തിന്റെ അനുമതിയും കസ്റ്റംസിന്റെ അംഗീകാരവും ലഭിച്ച് അന്താരാഷ്ട്ര തുറമുഖമായി ഇപ്പോൾ പ്രവർത്തനക്ഷമമാകുകയാണ്. ജൂലൈ 12-ന് ആദ്യത്തെ ജംബോ കണ്ടെയ്നർഷിപ്പ് വന്നുകൊണ്ട് ആ വലിയ പദ്ധതി യാഥാർത്ഥ്യമാകുന്നതിലുള്ള സന്തോഷം ഞാൻ അറിയിക്കുകയാണ്. സംസ്ഥാനത്ത് സാമ്പത്തികമായും വ്യാവസായികമായും ടൂറിസം മേഖലയിലും വലിയ മാറ്റമുണ്ടാക്കാൻ ഇതിലൂടെ കഴിയുന്നതാണ്. സമയബന്ധിതമായി അത് പൂർത്തീകരിക്കാൻ സർക്കാർ കാണിക്കുന്ന ഈ മിടുക്കിനെ ഞാൻ അഭിനന്ദിക്കുന്നു. കേന്ദ്രം നൽകാനുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുകയും എൻ.എച്ച്.എം. ഉൾപ്പെടെയുള്ള പല പദ്ധതികൾക്കും നൽകാനുള്ള വിഹിതവും നെൽകർഷകർക്ക് കൊടുക്കാനുള്ള വിഹിതമടക്കം കുടിശ്ശികയാക്കുകയും ചെയ്യുന്നത് വലിയ രീതിയിൽ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വളരെ തുച്ഛമായ തുകയാണ് നൽകുന്നതെങ്കിലും അതിന് കേന്ദ്ര ലേബൽ കൊടുത്തിട്ടില്ലെങ്കിൽ

ആ തുകയും നൽകില്ലെന്നാണ് ഇപ്പോൾ പറയുന്നത്. നിലവിൽ നൽകുന്ന വിഹിതംപോലും നൽകാതിരിക്കാനുള്ള ചില ശ്രമങ്ങൾ നടക്കുകയാണ്. കേരളം കൈവരിച്ച നേട്ടങ്ങൾ നമുക്ക് അറിയാവുന്നതാണ്. സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്തി കൈവരിക്കുന്നതിനായി എല്ലായിടത്തും ടോയ്‌ലറ്റ് സൗകര്യങ്ങളുള്ള സംസ്ഥാനമായി കേരളം മാറിയതുകൊണ്ടുതന്നെ ഇവിടെ ശുചിത്വത്തിനുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തിരിക്കുന്നത്. വിവിധ ഫണ്ടുകൾ പൂൾ ചെയ്തുകൊണ്ട് ഇന്ത്യയിലൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്ത രീതിയിൽ അടുത്ത വർഷത്തോടെ 5 ലക്ഷം ആളുകൾക്ക് വീട് ലഭ്യമാകുന്ന കേരള ഗവൺമെന്റിന്റെ ഏറ്റവും മികച്ച പദ്ധതിയായ ലൈഫ് പദ്ധതിയിലും കേന്ദ്രവിഹിതം വളരെ കുറഞ്ഞു. ഗ്രാമപ്രദേശങ്ങളിൽ PMAY പദ്ധതിയിൽ 35000 വീടുകൾക്ക് മാത്രമാണ് കേന്ദ്രവിഹിതം ലഭിച്ചത്. അതിന് കേന്ദ്രം നൽകുന്ന തുക വളരെ കുറവാണ്. സംസ്ഥാന സർക്കാർ 4 ലക്ഷം രൂപ ഒരു വീടിന് ലഭ്യമാക്കുമ്പോൾ അതിൽ 72,000/- രൂപയാണ് കേന്ദ്രം നൽകുന്നത്. ഏകദേശം 4 ലക്ഷത്തോളം വീടുകൾ പൂർത്തീകരിച്ചതിൽ കേന്ദ്രത്തിൽനിന്നും ആ തുക ലഭ്യമായത് 35000

വീടുകൾക്കാണ്. എന്നിട്ടുപോലും കേന്ദ്രസഹായം ലഭിക്കുന്ന വീടുകളിൽ കേന്ദ്രത്തിന്റെ ലേബൽ നൽകിക്കൊണ്ട് ഉപഭോക്താക്കളെ മോശമാക്കുന്ന രീതിയിലുള്ള നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ലേബൽ നൽകിയില്ലെങ്കിൽ കേന്ദ്രസഹായം ലഭിക്കില്ലെന്ന് പറയുന്ന ഏറ്റവും വൃത്തികെട്ട സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ എം.പി.-മാർ പാർലമെന്റിൽ വളരെ ശക്തമായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം മികച്ച പ്രവർത്തനങ്ങളാണ് വൈദ്യുതി മേഖലയിൽ നടത്തിയിട്ടുള്ളത്. ഉത്തർപ്രദേശ്, ഹരിയാന, ഉത്തരാഖണ്ഡ്, ആന്ധ്രാപ്രദേശ്, ബീഹാർ, രാജസ്ഥാൻ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ലോഡ്ഷെഡിംഗും പവർകട്ടും ഏർപ്പെടുത്തുന്നുണ്ട്. രാജസ്ഥാനിലടക്കം ചില സംസ്ഥാനങ്ങളിൽ അഞ്ച് മുതൽ ഏഴ് മണിക്കൂർ വരെ ലോഡ്ഷെഡിംഗും പവർകട്ടുമുണ്ടാകുന്ന സ്ഥിതിയാണുള്ളത്. എന്നാൽ ഈ സാഹചര്യത്തിലൂൾപ്പെടെ കേരളത്തിനെ ഇരുട്ടിലാക്കാതെ എട്ടുവർഷമായി നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദിക്കേണ്ടതാണ്. സംസ്ഥാനത്ത്

ലോഡ്ഷെഡിംഗും പവർകട്ടുമുണ്ടാകില്ലായെന്ന് ഈ ഗവൺമെന്റ് പറയുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സോളാർ നിലയങ്ങൾ സ്ഥാപിച്ചതിലൂടെ വൈദ്യുതി മേഖലയിൽ വലിയരീതിയിലുള്ള മാറ്റമാണുണ്ടായിട്ടുള്ളത്. 2015-ൽ ഇവിടെ 16.49 മെഗാവാട്ട് വൈദ്യുതിയുല്പാദനം മാത്രമാണുണ്ടായിരുന്നത്. എന്നാൽ

2024-ൽ സോളാർ പദ്ധതിയിലൂടെ 16.49 മെഗാവാട്ടിൽനിന്ന് 1000 മെഗാവാട്ടിലേയ്ക്ക് കേരളം കൈവരിച്ച നേട്ടം അഭിമാനകരമാണ്. പുരപ്പുറ സോളാർ വൈദ്യുതി, ഗ്രിഡിലേയ്ക്ക് വാങ്ങുന്നതുമായി ബന്ധപ്പെട്ട് എനിക്കൊരു നിർദേശമുണ്ട്. വൈദ്യുതി വാങ്ങുമ്പോഴുള്ള കുറഞ്ഞ നിരക്കിലെ നികുതി ചെറിയ രീതിയിൽ വർദ്ധിപ്പിക്കാൻ നീക്കമുണ്ടായിരുന്നല്ലോ; അത് ഒഴിവാക്കാൻ തീരുമാനിച്ചെന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. അതിൽ വളരെ സന്തോഷമുണ്ട്. അതോടൊപ്പംതന്നെ പുരപ്പുറ സോളാറിന് നിലവിൽ 2.69 രൂപയാണ് ഒരു യൂണിറ്റിന് വാങ്ങുന്നത്. ആ തുക വർധിപ്പിച്ചാൽ കൂടുതൽ ആളുകൾ സൗരോർജ പദ്ധതിയിലേയ്ക്ക് മാറുന്നതിന് താല്പര്യം കാണിക്കും. അതോടൊപ്പം വാർഷിക സെറ്റിൽമെന്റ് മാർച്ചിലേയ്ക്ക് മാറ്റിയതുകൊണ്ടുള്ള

ബുദ്ധിമുട്ട് മാറ്റാൻ ഫ്ലക്സിബിളായി സെറ്റിൽമെന്റ് വരുത്താനുള്ളൊരു സമീപനം സ്വീകരിക്കണം. കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിൽ ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ നടത്തുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടത്തുന്നതിനുപകരം യുവാക്കൾക്ക് ഒരു സംരംഭമായി നൽകുകയാണെങ്കിൽ ഫാസ്റ്റ് ചാർജ്ജിംഗിനും കുറച്ചുകൂടി വ്യത്യസ്തമായ രീതിയിൽ നടത്തുന്നതിനും കഴിയും. കൂടാതെ, പ്രസ്തുത സംരംഭം ഒരു തൊഴിൽ മേഖല കൂടിയാക്കി മാറ്റുന്നതിനും നമുക്ക് സാധിക്കും.

വരുമാനവുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. 2018-ലെയും 2019-ലെയും പ്രളയങ്ങൾക്കുശേഷം നമ്മുടെ ഡാമുകളും പുഴകളുമെല്ലാം മണ്ണും മണലും എക്കലും മാലിന്യങ്ങളുമൊക്കെയായി നിറഞ്ഞുകിടക്കുന്നത് അതിന്റെ സ്വാഭാവികമായ ഒഴുക്കിനെപോലും ബാധിക്കുന്നുണ്ട്. പലയിടത്തും അതിൽനിന്ന് ആ മാലിന്യങ്ങൾ നീക്കം ചെയ്യാനും വരുമാനമുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും വേണ്ടത്ര വിജയിച്ചിട്ടില്ല. പ്രളയ സാധ്യത കുറയ്ക്കാനും കൂടുതൽ ജലം സംഭരിക്കാനും വരുമാനം വർധിപ്പിക്കാനുമായി വളരെ വേഗത്തിൽ ആ മാലിന്യങ്ങൾ

നീക്കംചെയ്യുന്ന പ്രവൃത്തി ഒരു പ്രത്യേക മിഷനായി ഏറ്റെടുത്തുനടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭാരതപ്പുഴയുടെ സൈഡ് കെട്ടുന്നതുമായി ബന്ധപ്പെട്ടുള്ള ചില പ്രശ്നങ്ങളുണ്ട്. അതിനുംകൂടി ഫണ്ട് അനുവദിക്കുന്ന നടപടി സ്വീകരിക്കണം.

കേന്ദ്രസർക്കാർ വിഹിതം നൽകാത്തതുകൊണ്ട് ഗ്രാമീണ വീടുകൾക്ക് കുടിവെള്ളമെത്തിക്കുന്ന 'ജൽജീവൻ പദ്ധതി' ഇപ്പോൾ പ്രതിസന്ധിയിലാണ്. ആ പദ്ധതി വളരെ വേഗത്തിൽ യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. ഗ്രാമീണ റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും പല സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അത് വേഗത്തിൽ പൂർത്തീകരിച്ച് ഗ്രാമീണ റോഡുകൾ നവീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ആയിരം കോടി രൂപയാണ് അതിനായി മാറ്റി വയ്ക്കുന്നുവെന്ന് പറഞ്ഞിരുന്നത്. ആ തുകയിലൂടെ എല്ലാ ഗ്രാമീണ റോഡുകളും നവീകരിക്കേണ്ട നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിന്റെ ഫണ്ടുകൂടി ഉള്ളതുകൊണ്ട് ജൽജീവൻ മിഷൻ പദ്ധതി സ്വകാര്യവൽക്കരിക്കുമോയെന്ന് പലർക്കും ആശങ്കയുണ്ട്. ശ്രീ. സുരേഷ് ഗോപി തൃശ്ശൂരിൽനിന്ന് ലോക്സഭ ഇലക്ഷനിൽ

ജയിക്കുന്നതുവരെ പറഞ്ഞതുപോലെയല്ല ഇപ്പോൾ പറയുന്നത്. ജയിച്ചപ്പോൾ ഉദ്ഘാടനത്തിനുപോലും ലക്ഷങ്ങൾ കൊടുക്കണമെന്നുള്ള രീതിയിലാണ് ജനപ്രതിനിധിയായൊരു എം.പി. പറയുന്നത്. തൃശ്ശൂർക്കാർ പലരും പറ്റിക്കപ്പെട്ടുവെന്നത് തിരിച്ചറിഞ്ഞത് ഇപ്പോഴാണ്. സിനിമാ നടനായ സ്വന്തം എം.പി.-യെ ഉദ്ഘാടനത്തിന് വിളിക്കുമ്പോൾ ഫ്രീയായി വരുമെന്നാണ് അവർ കരുതിയത്. എന്നാൽ അതിനുപോലും വലിയ ചാർജ്ജ് ഈടാക്കുന്നുവെന്നാണ് അറിയാൻ സാധിച്ചത്. അതുപോലെ ജൽജീവൻ പദ്ധതിക്കായി കേന്ദ്രം ചെറിയ വിഹിതം നൽകുകയാണ്. ഇത് പൂർത്തീകരിച്ചുകഴിഞ്ഞാൽ സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങളുണ്ടാകുകയും അതുവഴി ആളുകൾക്ക് വലിയ ചെലവുകൾ വരാനുള്ള സാധ്യതയുമുണ്ട്. അത് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രധാനപ്പെട്ട കുറച്ച് കാര്യങ്ങൾ ഇവിടെ അറിയിക്കാനുള്ളത്; പദ്ധതികൾക്ക് തുക ചെലവഴിക്കുന്ന കാര്യത്തിൽ മുൻഗണന നിശ്ചയിക്കുമ്പോൾ ഭിന്നശേഷി മേഖലകൾക്കും വയോജനങ്ങൾക്കും പ്രത്യേക പരിഗണന കൊടുക്കണം. ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ

ബാധിച്ചവർക്കും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും മൾട്ടിപ്പിൾ ഡിസെബിലിറ്റിയുള്ളവർക്കും നൽകുന്ന ഇൻഷ്വറൻസ് പദ്ധതിയായ 'നിരാമയ' പദ്ധതി വഴിയുള്ള തുക ലഭ്യമാകുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടാണത്. അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ചലന വെല്ലുവിളി നേരിടുന്നവർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തണം. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള ബസ്സുകളിൽ ഭിന്നശേഷിക്കാർക്ക് റാമ്പ് ഉണ്ടാക്കുകയാണെങ്കിൽ അത് അവർക്ക് പ്രയോജനം ചെയ്യുന്നതാണ്. കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കായി ധനസഹായം നൽകുന്ന 'ആശ്വാസകിരണം' പദ്ധതിയുടെ തുക വർധിപ്പിക്കുകയും ഫസ്റ്റ് പ്രയോറിറ്റി കൊടുത്തുകൊണ്ട് അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. ഭിന്നശേഷിക്കാരുടെ മേഖലയിൽ ബഡ്സ് സ്കൂളുകൾ വളരെ മികച്ച പ്രവർത്തനമാണ് നടത്തുന്നത്. എന്നാൽ ബഡ്സ് സ്കൂളുകളിലെ സ്റ്റാഫുകൾ നിലവിൽ സാലറി വാങ്ങുന്നത് പഞ്ചായത്തിൽ നിന്നാണ്. അവരുടെ രജിസ്ട്രേഷൻ സാമൂഹ്യനീതി വകുപ്പിലും അവരുടെ പ്രവർത്തനം കുടുംബശ്രീ വഴിയുമാണ്. ഇതുകാരണമുണ്ടാകുന്ന ചില

പ്രശ്നങ്ങളുണ്ട്; അവർക്ക് യാതൊരു തരത്തിലും ആരോഗ്യ ഇൻഷ്വറൻസ് ലഭിക്കുന്നില്ല. അവരെ എൽ.എസ്.ജി.ഡി.-യുടെ സ്റ്റാഫായി പരിഗണിച്ച് മെഡിസെപ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടിയുമുണ്ടാകണം. ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, സൈക്കോ തെറാപ്പി പോലുള്ള തെറാപ്പികൾക്ക് ഭീമമായ തുകയാണ് ഭിന്നശേഷിക്കാർ ചെലവാക്കുന്നത്. അത് ബ്ലോക്കുകളിൽതന്നെ കുറഞ്ഞ ചെലവിൽ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. ബി.ആർ.സി. വഴി സ്കൂളുകളിൽ എൻറോൾ ചെയ്യപ്പെട്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് എട്ട് വർഷമായി ശമ്പളപരിഷ്കരണം വരുത്തിയിട്ടില്ല. അക്കാര്യവും പരിഗണിക്കേണ്ടതാണ്. ഡിസെബിലിറ്റി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. ആനുകൂല്യങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ ഭിന്നശേഷിക്കാരായ ആളുകൾക്ക് സർട്ടിഫിക്കറ്റ് ആവശ്യമാണ്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ആളുകൾക്ക് ഐ.ക്യൂ.ടെസ്റ്റിന് അസസ്മെന്റ് നടത്താൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റും അതുപോലെ ന്യൂറോ വിഭാഗം ഡോക്ടർമാരും പലപ്പോഴും താലൂക്ക് ആശുപത്രിയിൽ ഉണ്ടാകില്ല. അതിനാൽ പല ആനുകൂല്യങ്ങളും

അവർക്ക് ലഭിക്കുന്നില്ല. താലൂക്ക് ആശുപത്രികളിൽ മെഡിക്കൽ ബോർഡിൽ ഇത്തരം വിദഗ്ധരെ ഉൾപ്പെടുത്താനുള്ള പ്രത്യേക സംവിധാനമുണ്ടാക്കണം. അച്ഛനമ്മമാർ മരണപ്പെട്ട ഭിന്നശേഷിക്കാരായ ആളുകളെ സംരക്ഷിക്കാൻ സംവിധാനമില്ല. എല്ലാ ജില്ലകളിലും അവരെ സംരക്ഷിക്കാൻ സാധിക്കുന്നൊരു പുനരധിവാസ കേന്ദ്രംകൂടി ഒരുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ചോ ആസ്തി വികസന ഫണ്ടുപയോഗിച്ചോ ഇപ്പോൾ മുച്ചക്ര വാഹനങ്ങൾ നൽകാൻ കഴിയില്ല. മണ്ഡലത്തിലുള്ള യാതൊരു നിർവ്വാഹവുമില്ലാത്തതും സർക്കാർ പദ്ധതിയിലൂടെ ധനസഹായങ്ങളൊന്നും ലഭിക്കാത്തതുമായ ഭിന്നശേഷിക്കാരായ ആളുകൾക്ക് മുച്ചക്ര വാഹനമോ അല്ലെങ്കിൽ അവർക്കായുള്ള ഇലക്ട്രിക്കൽ വീൽചെയറോ അഞ്ച് വർഷത്തിലൊരിക്കൽ എങ്കിലും ലഭ്യമാക്കാനുള്ള അനുമതിയുണ്ടാക്കണം. അവസാനമായി ഒരു കാര്യംകൂടി പറയുകയാണ്, എല്ലാ ദിവസവും വളരെ വിഷമമുണ്ടാക്കുന്ന ഫോൺ കോളുകളാണ് ഞങ്ങൾക്ക് വരുന്നത്. ഒന്നരയും രണ്ടും വയസ്സായ കുട്ടികൾക്കാണ് ബ്ലഡ് ക്യാൻസർ ഉണ്ടാകുന്നത്. ചില കുട്ടികൾക്ക് കരൾ മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ ചെയ്യേണ്ടതാണ്.

ഇത്തരം അസുഖമുണ്ടാകുന്ന കുട്ടികൾക്ക് ചികിത്സയ്ക്കായി പ്രൈവറ്റ് ആശുപത്രികളിൽ ഭീമമായ തുകയാണ് വേണ്ടിവരുന്നത്. അവർക്ക് പ്രയോരിറ്റി നൽകിക്കൊണ്ട് ആ ചികിത്സയ്ക്കാവശ്യമായ സംവിധാനമുണ്ടാക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. കൺക്ലൂഡ്..

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേന്ദ്രസർക്കാർ നൽകേണ്ട ആനുകൂല്യങ്ങളും ഗ്രാന്റുകളും വിഹിതങ്ങളും വെട്ടിക്കുറയ്ക്കുന്ന നടപടിയെ അപലപിച്ചുകൊണ്ട് അതിനെതിരായി ഒറ്റക്കെട്ടായി പോരാടേണ്ടതാണ്. ഇവിടെനിന്ന് ജയിച്ച മുഴുവൻ എം.പി.-മാരും പാർലമെന്റിൽ അതിശക്തമായി കേരളത്തിനുവേണ്ടി വാദിക്കുകയും കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻവേണ്ടി മുന്നിൽ നിൽക്കുകയും ചെയ്യണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ജോയി: സർ, ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന കടുത്ത സാമ്പത്തിക

ഉപരോധത്തിനിടയിലും സംസ്ഥാനം സ്ഥായിയായ വളർച്ച നേടുന്നുവെന്ന് കണക്കുകൾ കാണിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം (GSDP) 6.6 ശതമാനം വളർച്ച രേഖപ്പെടുത്തി. അഖിലേന്ത്യാതലത്തിൽ പ്രതിശീർഷവരുമാനം 5.9 ശതമാനമായിരിക്കെ നമ്മുടെ വളർച്ച ശ്രദ്ധേയമായ തോതിൽ എത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സംയോജിതമൂല്യം കണക്കാക്കുമ്പോഴും അതിൽ 6.19 ശതമാനം വളർച്ച നേടിയതായി നമുക്ക് കാണാൻ സാധിക്കും. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ഇന്ത്യൻ ശരാശരിയുടെ 1.5 മടങ്ങ് കൂടുതലാണ്. സംസ്ഥാനത്ത് പച്ചക്കറി, തെങ്ങ്, നെല്ല്, റബ്ബർ എന്നിവയുടെയെല്ലാം ഉല്പാദനം വർധിച്ചുവരികയാണ്. ക്ഷീരോല്പാദനരംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങൾ പ്രതിദിനം 20 മുതൽ 25 ലക്ഷം ലിറ്റർ വരെ പാൽ സംഭരിക്കുന്ന രീതിയിലേക്ക് കേരളം മാറുകയാണ്. ഏതാണ്ട് 139840 ചെറുകിട-ഇടത്തരം സംരംഭങ്ങളും 8,421 കോടി രൂപയുടെ നിക്ഷേപവുമുണ്ട്; ഇത് സർവകാല റെക്കോർഡ് ഭേദിക്കുകയാണ്. നാം എന്തൊക്കെ പറഞ്ഞാലും, പ്രതിപക്ഷം എത്രതന്നെ

എതിർത്താലും തനത് നികുതി വരുമാനം 60 ശതമാനത്തിലധികം വർധിച്ചു. അതുപോലെ ജി.എസ്.ടി.-യിലും വില്പന നികുതിയിലും എക്സൈസ് തീരുവയിലും വർധനവുണ്ടായി. സംസ്ഥാനത്ത് നികുതിവരുമാനത്തിൽ ശ്രദ്ധേയമായ മാറ്റമുണ്ടാക്കാൻ സാധിച്ചു. തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേരളം മുന്നിലാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രത്യേകമായി സൂചിപ്പിക്കുകയുണ്ടായി. ദേശീയ ശരാശരി 65.4 ശതമാനമാകുമ്പോൾ കേരളത്തിന്റെ ശരാശരി 78.7 ശതമാനമെന്നുള്ളത് ശ്രദ്ധേയമാണ്. പ്രതിപക്ഷത്തിന്റെ തുടർച്ചയായിട്ടുള്ള ഒരു ആക്ഷേപമാണ് കേരളം കടം വാങ്ങി കൂട്ടുന്നുവെന്നുള്ളത്. 2024 മേയ് മാസത്തിൽ ആർ.ബി.ഐ. പുറത്തുവിട്ട ഏറ്റവും പുതിയ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്, കടമെടുപ്പിൽ കേരളം ഏറ്റവും പിന്നിലാണെന്നാണ്. തമിഴ്നാട് 91,000 കോടി രൂപയും മഹാരാഷ്ട്ര 80,000 കോടി രൂപയും ആന്ധ്രാപ്രദേശ് 68,000 കോടി രൂപയും കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടക 60,000 കോടി രൂപയും കടമെടുത്തപ്പോൾ കേരളം 28,830 കോടി രൂപ മാത്രമാണ് കടമെടുത്തതെന്ന് ആർ.ബി.ഐ.-യുടെ കണക്കുകൾ

സൂചിപ്പിക്കുകയാണ്. എഫ്.ആർ.ബി.എം. (Fiscal Responsibility and Budget Management) നിയമപ്രകാരം കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും വായ്പാ പരിധി നിശ്ചയിച്ചിട്ടുണ്ട്. മൊത്തം ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനമാണത്. പക്ഷേ കേന്ദ്രത്തിന് ഇത് ബാധകമല്ല. ഏതാണ്ട് 5.9 ശതമാനത്തോളം വർധനവാണ് വരുത്തിയിട്ടുള്ളത്. ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ശ്രദ്ധേയമായ ഇടപെടലാണ് അങ്ങ് സ്വീകരിക്കുന്നത്. അത് കേരളത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കരുത്ത് നൽകുന്നതാണെന്ന് സൂചിപ്പിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് വളരെ ശ്രദ്ധേയമായ നിലപാടാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുന്നതെന്ന് നമുക്കറിയാം. കുട്ടികളുടെ ബുദ്ധി വികാസം വരുന്ന പ്രായമായതിനാൽ പ്രൈമറി തലത്തിലുള്ള വിദ്യാർഥികളെയാണ് ധാരാളം ശ്രദ്ധിക്കേണ്ടത്. ഭാഷ, ഗണിതം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പ്രത്യേകമായ ഊന്നൽ നൽകിയാണ് നിലവിൽ പദ്ധതികൾ നടത്തിവരുന്നത്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ കാര്യമാണ്. ഇക്കാര്യത്തിൽ

'സംയുക്തഡയറി' എന്ന പ്രത്യേകമായിട്ടുള്ള പദ്ധതി നടപ്പാക്കുകയാണ്. ഇപ്പോൾ ശിശുസൗഹൃദ ഗണിത ശാസ്ത്ര പഠനം - 'മഞ്ചാടി' ഏറ്റവും ശ്രദ്ധേയമായ ഒരു പരിപാടിയാക്കി മാറ്റാൻ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചിട്ടുണ്ട്. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. ഓരോ ദിവസവും നാം കേൾക്കുന്ന വാർത്തകൾ ഞെട്ടിക്കുന്നതാണ്. പക്ഷേ സ്കൂളുകളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന 'തെളിവാനം വരക്കുന്നവർ' എന്ന പ്രത്യേക പരിപാടി ഏറ്റവും ശ്രദ്ധ ആകർഷിക്കുകയാണ്. സാക്ഷരതാ പദ്ധതികളും ശ്രദ്ധേയമാകുകയാണ്. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള പ്രത്യേക സാക്ഷരത പദ്ധതിയായ 'നവചേതന', ആദിവാസികൾക്കുള്ള വയനാട്-അട്ടപ്പാടി പദ്ധതികൾ, ട്രാൻസ്ജെൻഡറുകൾക്കുവേണ്ടിയുള്ള 'സമന്വയ പദ്ധതി' എന്നിങ്ങനെ ഓരോ മേഖലയിലും ശ്രദ്ധേയമായിട്ടുള്ള നിരവധി കാര്യങ്ങൾ നമ്മുടെ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുകയാണ്.

ഇവിടെ ചില കാര്യങ്ങൾകൂടി സൂചിപ്പിച്ചുപോകണമെന്ന് ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ ചെലവിലാണ് നിങ്ങളുടെ ചില

എം.പി.-മാർ വന്നത് എന്നാണ് ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. അതിനെക്കുറിച്ച് ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ 19 സീറ്റുണ്ടായിരുന്നത് പതിനെട്ട് സീറ്റായി കുറഞ്ഞുവെന്നാണ്. പത്തൊൻപതുണ്ടായിരുന്നു; പിന്നീട് ഒന്ന് മാറിയതാണ്. അത് 18 സീറ്റായി കുറഞ്ഞു; ജയിച്ചപ്പോൾ 19 ആയിരുന്നു. ഇപ്പോൾ പതിനെട്ട് കിട്ടിയതിന്റെ അഹങ്കാരം അദ്ദേഹം പറയുകയാണ്; നിങ്ങളുടെ ചെലവിലാണെന്ന്. അദ്ദേഹം സൂചിപ്പിച്ചതിന്റെ ചെറിയൊരു മറുപടി പറയാം; രാജസ്ഥാനെ സംബന്ധിച്ച് അങ്ങ് പറഞ്ഞൊരു കാര്യം ഞാൻ പറയാം. രാജസ്ഥാനിൽ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ശെഖാവതി-ബീക്കാനീർ മേഖലകളിലായി പതിനേഴ് സീറ്റുകളിൽ സി.പി.ഐ.(എം.) മത്സരിച്ചിരുന്നു. രണ്ട് സീറ്റിൽ രണ്ടാമതും നാല് സീറ്റിൽ മൂന്നാമതും സി.പി.ഐ.(എം.) ആണ് വന്നത്. ചുരു ലോക്സഭാ മണ്ഡലത്തിലുൾപ്പെടുന്ന ഭാദ്രയിൽ സി.പി.ഐ.(എം)-ന്റെ ശ്രീ. ബൽവാൻ പൂനിയ ഒരുലക്ഷത്തിലധികം വോട്ടുകൾ നേടി രണ്ടാം സ്ഥാനത്ത് വന്നു. അവിടെ വിജയിച്ച ആൾ സി.പി.ഐ.(എം.)-ന് ലഭിച്ചതിനേക്കാൾ 1132 വോട്ടുകൾ നേടിയാണ് വിജയിച്ചത്. കോൺഗ്രസിന്

അവിടെ ലഭിച്ചത് 3771 വോട്ടുകൾ മാത്രമാണ്. ചുരു മണ്ഡലത്തിൽ കോൺഗ്രസ് ഇപ്പോൾ ജയിച്ചത് 72,737 വോട്ടിനാണ്. നേരത്തെ മത്സരിച്ച ഞങ്ങൾക്ക് ഒരുലക്ഷത്തിലധികം വോട്ട് കിട്ടിയ മണ്ഡലത്തിലെ വോട്ടുകൂടി കോൺഗ്രസിന് കിട്ടിയെന്നുള്ളത് നിങ്ങൾ മറക്കരുത്. അതായത് ഞങ്ങളുടെ ചെലവിലല്ല എന്നുള്ളത് സൂചിപ്പിക്കുകയാണ്. നിങ്ങളുടെ ചെലവിൽ ജയിച്ചൊരു മണ്ഡലമുണ്ടെന്നുള്ളത് മറക്കരുത്. ഞാനത് സൂചിപ്പിക്കുകയല്ല; കേരളത്തിൽ ഒരു മണ്ഡലത്തിൽ 86,000 വോട്ടുകൾ ബി.ജെ.പി.-യുടെ പെട്ടിയിലേക്ക് കൊടുത്തവരാണ് നിങ്ങളെന്നുള്ള വസ്തുത നിങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇവിടെ എസ്.എഫ്.ഐ.-യെ വളഞ്ഞിട്ട് ആക്രമിക്കുന്നൊരു സ്ഥിതി പ്രതിപക്ഷവും കുറച്ച് മാധ്യമങ്ങളും നടത്തുകയാണ്. (....ബഹളം.....) അതിൽ സി.പി.ഐ.(എം) കൂട്ട് പിടിക്കേണ്ട കാര്യം നിങ്ങൾക്കില്ല. കാര്യവട്ടം ക്യാമ്പസിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഒരു വാർത്ത വന്നിരുന്നു. എന്തായിരുന്നു പ്രതിപക്ഷ നേതാവ് പറഞ്ഞത്; അവിടെ 121-ാം നമ്പർ മുറി ഇടിമുറിയെന്നാണ് ഇവിടെ സൂചിപ്പിച്ചത്. നിങ്ങൾ പറയുന്നത് നിങ്ങൾക്ക് വിഴുങ്ങേണ്ടി വരുന്നുവെന്നുള്ളതിന് എത്രയോ അനുഭവങ്ങൾ നിങ്ങളുടെ

മുമ്പിൽത്തന്നെയുണ്ട്. കേരളത്തിലെ ഏതെങ്കിലും ഒരു ക്യാമ്പസിൽ അത് കാണിച്ചുതരാൻ സാധിക്കുമോ? പ്രസ്തുത മുറി തുറന്നിട്ട് മൂന്ന് മാസമായി. ആ മുറി അനുവദിച്ചിരിക്കുന്ന വ്യക്തി കാര്യവട്ടത്തെ ക്യാമ്പസിൽനിന്നും മുംബൈയിൽ ഒരു പ്രോജക്ടിനുവേണ്ടി പോയിരിക്കുകയാണ്. ഞാൻ ശ്രീ. വിൻസെന്റിനോട് പറയാം; അവിടെ എന്താണ് സംഭവം, നവാഗതരെ സ്വാഗതം ചെയ്യുന്നതിനുവേണ്ടി എസ്.എഫ്.ഐ. രാത്രിയിൽ കൊടിതോരണങ്ങൾ കെട്ടുന്ന സമയത്താണ് കെ.എസ്.യു. വിദ്യാർഥി മറ്റൊരാളെക്കൂട്ടി മദ്യപിച്ച് ബൈക്കിൽവന്ന് പ്രശ്നമുണ്ടാക്കുന്നത്. അത് അങ്ങോട്ടും ഇങ്ങോട്ടും പ്രശ്നങ്ങളുണ്ടായി. ആ പ്രശ്നമെന്നത് ആസൂത്രിതമാണ്. (.....ബഹളം......) അതെങ്ങനെയാണ് ആസൂത്രിതമായത്? ഈ സഭയിലെ രണ്ട് എം.എൽ.എ.-മാർ നടത്തിയ ഒരു നാടകത്തിന്റെ ഭാഗമായിട്ടാണ് കാര്യവട്ടം ക്യാമ്പസിൽ ഈ പ്രശ്നമുണ്ടായത്. (......ബഹളം......) ഈ സംഭവം കഴിഞ്ഞ് മിനിട്ടുകൾക്കുള്ളിൽ യൂത്ത് കോൺഗ്രസ് അവിടെയെത്തി. (......ബഹളം......) അത് ആരൊക്കെയാണ്? (.....ബഹളം......)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്.....ഇരിക്കു..

ശ്രീ. വി. ജോയി: സർ, ശ്രീ. എം. വിൻസെന്റ് എങ്ങനെയാണ് ശ്രീകാര്യം പോലീസ് സ്റ്റേഷനിലേക്ക് എത്തുന്നത്? ഇതെല്ലാം വളരെ പ്ലാനിംഗ് ആണ്. ശ്രീ. ചാണ്ടി ഉമ്മൻ എങ്ങനെയാണ് ഇവിടെയെത്തുന്നത്? (......ബഹളം......) നിയമസഭാ സമ്മേളനം നടക്കുമ്പോൾ വളരെ ആസൂത്രിതമായി ഒരു വിഷയമുണ്ടാക്കുകയെന്ന നിലയിലാണ് ഈ എം.എൽ.എ.-മാർ ഇടപെട്ടിട്ടുള്ളത് എന്നുള്ളത് കാണേണ്ടതുണ്ട്. (........ബഹളം......) നിയമസഭ നടക്കുമ്പോൾ ഒരു വിഷയം ഉണ്ടാക്കുകയെന്നുള്ള നിലയിലാണ് ഈ എം. എൽ. എ.-മാർ ഇടപെട്ടിട്ടുള്ളതെന്ന് കാണണം. ഞാൻ ഒരു കാര്യം കൂടി പറയാം, എ.കെ.ജി. സെന്റർ ആക്രമണം....., എ.കെ.ജി. സെന്ററിൽ ബോംബ് എറിഞ്ഞപ്പോൾ, അത് നിങ്ങൾ തന്നെ ചെയ്തിട്ട് വാർത്തയുണ്ടാക്കാൻവേണ്ടി ശ്രമിക്കുകയാണെന്ന് ഇവിടെ പ്രതിപക്ഷം പറഞ്ഞു. അതിന്റെ പേരിൽ വലിയ കോലാഹലമുണ്ടാക്കി; എന്തായി അവസാനം, ആരായിരുന്നു സുഹൈൽ; ആരായിരുന്നു സുബീഷ്; ഈ രണ്ടാളുകളും യൂത്ത് കോൺഗ്രസ്സിന്റെ നേതാക്കന്മാരാണ്. സംഭവം കഴിഞ്ഞ് ഒരാൾ ലണ്ടനിലേയ്ക്കും ഒരാൾ ദുബായിലേയ്ക്കും പോയി. ഇപ്പോൾ സുഹൈലിനെ തിരിച്ചുകൊണ്ടുവന്നു.

സുഹൈലിനെ അറസ്റ്റ് ചെയ്ത് ഇവിടെ കൊണ്ടുവന്ന് കോടതിയിൽ ഹാജരാക്കുമ്പോൾ സുഹൈൽ കുഴഞ്ഞുവീണു. അപ്പോൾ ജനറൽ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോകാൻ കോടതി പറഞ്ഞു; ഏത് കോടതിയാണെങ്കിലും പറയും. ഒരാൾ കോടതി മുമ്പാകെ കുഴഞ്ഞു വീണാൽ ഹോസ്പിറ്റലിൽ കൊണ്ടുപോകാൻവേണ്ടി പറയും. അങ്ങനെ ജനറൽ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോയി. ജനറൽ ഹോസ്പിറ്റലിൽ ഈ സഭയിലെ ഒരംഗം ശ്രീ. ചാണ്ടി ഉമ്മൻ എന്ത് നിലപാടാണ് എടുത്തത്; അക്രമികളെ സംരക്ഷിക്കുന്നതാര്; അക്രമികൾക്ക് കൂട്ട് നിൽക്കുന്നതാര്? ശ്രീ. ചാണ്ടി ഉമ്മൻ അവിടെ ചെന്ന് ഡോക്ടർമാരെയും ജീവനക്കാരെയും ഭീക്ഷണിപ്പെടുത്തി. അവിടെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് ഈ ഗുണ്ടാപ്പടകൾക്ക് സഹായം ചെയ്തുകൊടുക്കുന്ന ഒരംഗമായി ശ്രീ. ചാണ്ടി ഉമ്മൻ മാറുകയാണ്. അവസാനം നിവൃത്തിയില്ലാതെ അവിടെനിന്ന് ഡോക്ടർമാർ റഫർ ചെയ്ത് മെഡിക്കൽ കോളേജിലേയ്ക്ക് സുഹൈലിനെ അയയ്ക്കുന്ന സാഹചര്യം വന്നു. നിങ്ങൾ മനസ്സിലാക്കണം, ഇവിടെ ഏറ്റവും കൂടുതൽ നെറികെട്ട രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത് നിങ്ങളാണ്. ആരുടെയോ ഇൻകുബേറ്ററിൽ

വിരിയിക്കുന്ന സാധനമാണെന്ന് ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞു; അങ്ങനെയാണെങ്കിൽ ഏത് ഇൻകുബേറ്ററിലാണ് ഇവരെ വിരിയിപ്പിച്ചതെന്ന് നിങ്ങൾ പറയണം; നിശ്ചയമായിട്ടും പറയണം. നിങ്ങൾ പറയാൻ ബാധ്യസ്ഥരാണ്. നിങ്ങളതിന് ഉത്തരം പറയേണ്ടതായിട്ടുണ്ട്. എസ്.എഫ്.ഐ. രൂപം കൊണ്ടിട്ട് അൻപത്തിമൂന്ന് വർഷം കഴിഞ്ഞു. അൻപത്തിമൂന്ന് വർഷക്കാലത്തിനിടയിൽ എസ്.എഫ്.ഐ.-യുടെ ഒരു കഠാര മുനകൊണ്ട്, ഒരു ചെറിയ കത്തികൊണ്ട് ഒരു കെ.എസ്.യു.-കാരന്റെയോ മറ്റേതെങ്കിലും വിദ്യാർത്ഥി സംഘടനയിലെ പ്രവർത്തകന്റെയോ ഒരു തുള്ളി രക്തം പുറത്തുവരേണ്ടി വന്നിട്ടില്ല. നിങ്ങൾ നോക്കൂ, ഏറ്റവും അവസാനം നിങ്ങൾ കൊലപ്പെടുത്തിയ ധീരജിന്റെ കാര്യമെന്താണ്; നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് അത് ഇരന്നുവാങ്ങിയ മരണമാണെന്ന് പറഞ്ഞു. എന്റെ കുട്ടികളാണ് അത് ചെയ്തതെന്ന് നിങ്ങൾ പറഞ്ഞവരാണെന്ന് ഓർക്കണം. പ്രതിപക്ഷ നേതാവിനോടും ബന്ധപ്പെട്ടവരോടും പറയുകയാണ്, ഇപ്പോൾ ബഹുമാനപ്പെട്ട അംഗം സി. എച്ച്. കുഞ്ഞമ്പു പറഞ്ഞല്ലോ, കെ.പി.സി.സി.-യുടെ പേര് കുടോത്രം പാർട്ടിയെന്ന് മാറുകയാണ്; ആ പറയുന്നതിനോട് ഒരർത്ഥത്തിൽ

ഞാൻ യോജിക്കുന്നു. പക്ഷേ മറ്റൊരർത്ഥത്തിൽ ഞാൻ നിങ്ങളോട് പറയുകയാണ്. ഇങ്ങനെയൊരു വിവാദം വന്നാൽ ഈ ശാസ്ത്രം ഇത്രയും വികസിച്ച ഒരു കാലഘട്ടത്തിൽ നിങ്ങളതിനെ എതിർക്കണ്ടേ? നിങ്ങളുടെ ഏതെങ്കിലുമൊരു നേതാവ് എതിർത്തോ? ഇല്ല, ഒരക്ഷരം മിണ്ടിയില്ല. എനിക്ക് തോന്നുന്നത്, അബിയെന്ന് പറയുന്ന ഒരു യൂത്ത് കോൺഗ്രസ്സുകാരൻ മാത്രമാണ് ആകെ എന്തെങ്കിലും പറഞ്ഞത്. ഞാൻ അവസാനിപ്പിക്കാം..., ആകെ എതിർത്ത ഒരാളാണ്. ഇപ്പോൾ വന്നിരിക്കുന്നതെന്താ; മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരന്റെ വീട്ടിൽനിന്ന് എട്ട് പ്രാവശ്യം ഈ കൂടോത്രം എടുത്തു എന്നാണ്. എന്താണീ കേൾക്കുന്നത്; ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വണ്ടി തട്ടി, അത് കൂടോത്രമായി പരിഗണിയ്ക്കേണ്ടെന്നാണ് ഞാൻ പറയുന്നത്. ഈ വാദഗതിയ്ക്കെതിരായി, ഈ കൂടോത്രത്തിനെതിരായി അല്ലെങ്കിൽ ഈ സംവിധാനത്തിനെതിരായി ഇന്നത്തെ കാലത്ത് അറഞ്ഞു തള്ളേണ്ട ബാധ്യത കോൺഗ്രസ്സിനുണ്ടെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ മാറി നിന്നാൽ നിങ്ങൾ തന്നെയാണിതിന് ഉത്തരവാദിയെന്ന് ജനം സംശയിച്ചാൽ ആരെയും കുറ്റം പറയാൻ പറ്റില്ലെന്നത്

നിങ്ങൾ ഓർക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾ അവസാനമായി കൊന്നുതള്ളിയ ഞങ്ങളുടെ പ്രിയപ്പെട്ട എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി ധീരജ്...., ആ ധീരജിന്റെ മരണത്തിനുശേഷം ധീരജിന്റെ അച്ഛൻ എഴുതിയ ഒരു നാല് വരി നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാൻ ഈ അവസരം ആഗ്രഹിക്കുകയാണ്. "ഖദറിട്ട കാട്ടാളനാം കൊലയാളി, നിൻ കത്തി മുനയാൽ എൻ കുഞ്ഞിന്റെ ഹൃദയം കുത്തി കീറിയില്ലേ;" എന്ന് ധീരജിന്റെ അച്ഛൻ കണ്ണുനീര് കൊണ്ടെഴുതിയ ആ വരികൾ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, പോയിന്റ് ഓഫ് ഓർഡർ......., ഈ സഭയിൽ എന്റെ പേര് അനാവശ്യമായി വലിച്ചിഴച്ചിരിക്കുകയാണ്. ഞാൻ ജനറൽ ഹോസ്പിറ്റലിൽ എന്റെയൊരു സഹപ്രവർത്തകനെ കാണാൻ പോയതാണ്. ഞാൻ അവിടെ ഒരാളോടും അപമര്യാദയായി പെരുമാറിയിട്ടില്ലെന്ന് മാത്രമല്ല, വളരെ നല്ല രീതിയിലാണ് ഞാൻ എല്ലാവരോടും സംസാരിച്ചത്. ഞാൻ അവിടെ ചെന്ന് ഭീഷണിപ്പെടുത്തിയെന്നും ഞാൻ അവിടെ ചെന്ന് ഗുണ്ടായിസം കാണിച്ചുവെന്നും ഈ സഭയിലെ ഒരംഗം കള്ളം പറഞ്ഞിരിക്കുകയാണ്. അത്

സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം+.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ......., കാര്യവട്ടം ക്യാമ്പസിലെ സംഭവങ്ങൾക്കുശേഷം ആക്രമണത്തിനിരയായ വിദ്യാർത്ഥി ആശുപത്രിയിലായതിനുശേഷമാണ് ഞാൻ പോലീസ് സ്റ്റേഷന്റെ നടയിൽ പോകുന്നത്. എനിക്ക് നേരെയാണ് ആക്രമണം ഉണ്ടായിട്ടുള്ളത്. എന്നിട്ട് ആ ആക്രമണത്തെ ന്യായീകരിക്കാൻവേണ്ടി ബഹുമാനപ്പെട്ട വർക്കല അംഗം നാളിതുവരെ മദ്യപിച്ചിട്ടില്ലാത്ത ഒരു വിദ്യാർത്ഥിയെ അയാൾ മദ്യപിച്ചുവെന്നും ബഹളമുണ്ടാക്കിയെന്നും പറഞ്ഞു; ആ നാടകത്തിനെല്ലാം ആസൂത്രണം ചെയ്തത് ഞാനും ശ്രീ. ചാണ്ടി ഉമ്മനുമാണെന്ന് വരുത്തി തീർക്കുന്നത് തീർച്ചയായും ഞങ്ങളെ പൊതുരംഗത്ത് കളങ്കപ്പെടുത്താനുള്ള നടപടിയായിട്ട് മാത്രമേ കാണാൻ കഴിയുകയുള്ളൂ. അത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യുകയും അതിന് സ്പീക്കർ റൂളിംഗ് നൽകുകയും ചെയ്യണമെന്നാണ് എനിക്ക്

---

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. 11963/ഇ.ബി./2024/ലെജി. തീയതി 10/07/2024) സഭാ രേഖയിൽ നിലനിർത്തി.

പറയാനുള്ളത്. അദ്ദേഹം ഞങ്ങൾ ഇടിമുറിയുടെ കാര്യം പറഞ്ഞുവെന്ന് പറഞ്ഞു....,

മി. സ്പീക്കർ: യെസ്... പ്ലീസ്... പോയിന്റ് ക്ലീയർ ആയി.

ശ്രീ. വി. ജോയി: ബഹുമാനപ്പെട്ട എം. വിൻസെന്റ് എം.എൽ.എ. കാറിൽവന്ന് പോലീസ് സ്റ്റേഷന്റെ നടയിൽ ഇറങ്ങി ഡോർ വലിച്ച് തുറന്നിട്ട് ഞാൻ ആരെന്നറിയാമോയെന്ന് ചോദിച്ചുകൊണ്ടാണ് ആദ്യത്തെ എസ്.എഫ്.ഐ.-ക്കാരന്റെ കഴുത്തിൽ കയറി കുത്തിപ്പിടിക്കുന്നത്.

മി. സ്പീക്കർ: യെസ്.. പ്ലീസ്... പ്ലീസ്.. (...ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഇരിപ്പ് കണ്ടപ്പോൾ എനിക്ക് പുന്താനത്തിന്റെ രണ്ട് വരികളാണ് ഓർമ്മവന്നത്. "മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ" കഴിഞ്ഞ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് ചെയ്തതിന്റെ എല്ലാ മാറാപ്പും തോളിലേറ്റി ആ പാവം ഇങ്ങനെ ഇരിക്കുന്നത് കണ്ടപ്പോൾ എനിക്ക് അതിയായ സങ്കടമാണ് തോന്നിയത്. 4.25 ലക്ഷം കോടി രൂപയുടെ കടമാണ് ഇപ്പോഴുള്ളത്.

കേരളത്തിൽ ജനിച്ചുവീഴുന്ന ഓരോ കുട്ടിയും ഒന്നേകാൽ ലക്ഷം രൂപയുടെ കടക്കാരനായിട്ടാണ് കേരളത്തിൽ ജനിച്ചുവീഴുന്നത്. ധനകാര്യ മാനേജ്മെന്റ് ഇതുപോലെ തകർന്ന ഒരു കാലമുണ്ടാകില്ല. ഇതിന്റെയൊക്കെ ഉത്തരവാദിത്വം ആർക്കാണെന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഈ നിയമസഭയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം ഡോ. ടി. എം. തോമസ് ഐസക് നടത്തിയ പ്രസംഗം മാത്രം പരിശോധിച്ചാൽ മതി. നിങ്ങളിങ്ങനെ off budget borrowing എടുക്കാൻ പാടില്ലെന്ന് ഞങ്ങൾ അന്ന് പറഞ്ഞതാണ്. നിങ്ങൾ പെൻഷൻ കമ്പനി രൂപീകരിച്ച് off budget borrowing എടുത്താൽ അത് നിങ്ങളുടെ കടമെടുപ്പ് പരിധിയിൽ വരും. അന്ന് അതിനെയെല്ലാം എതിർത്ത് കടം വാങ്ങി നിങ്ങൾ 4.25 ലക്ഷം കോടി രൂപയുടെ കടബാധ്യതയിലേയ്ക്ക് കേരളത്തെ എത്തിച്ചിരിക്കുകയാണ്. കേരളത്തിൽ ഇ. എം. എസ്. മുതൽ ഉമ്മൻചാണ്ടി വരെയുള്ള ഗവൺമെന്റുകൾ എടുത്തതിന്റെ എത്രയോ ഇരട്ടിയാണ് നിങ്ങൾ കടമെടുത്തിരിക്കുന്നത്. നിങ്ങൾ കടമെടുത്തിട്ട് എന്ത് ചെയ്തു. സാധാരണഗതിയിൽ എല്ലാ ഗവൺമെന്റിനും കടമെടുക്കേണ്ടി വരും. ഒരു ഗവൺമെന്റ് കടമെടുക്കുന്നത് എന്തിന് വേണ്ടിയാണ്; റവന്യൂ

ജനറേഷനുവേണ്ടിയാണ്. കിഫ്ബി പദ്ധതിയിലൂടെ എന്ത് റവന്യൂ ജനറേഷനാണ് ഇവിടെയുണ്ടായത്? തിരിച്ചടവിനുവേണ്ടി ഇന്ന് ബഡ്ജറ്റിലെ പണം കണ്ടെത്തുകയാണ്. മസാല ബോണ്ടിന്റെ കാര്യത്തിൽ..., 2150 കോടി രൂപ, 9.723 ശതമാനം പലിശയ്ക്കാണ് നിങ്ങൾ മസാല ബോണ്ടിൽ കടമെടുത്തത്. നിങ്ങൾ ഇപ്പോൾ 3195.23 കോടി രൂപയായാണ് തിരിച്ചടച്ചത്; എന്തിനാണ് ഈ മസാല ബോണ്ട് വാങ്ങിയത്; ആർക്ക് കൊടുക്കാനായിരുന്നു? അന്ന് ഞങ്ങളതിനെ എതിർത്തു. 9.723 ശതമാനത്തിനല്ല, അതിൽ കുറഞ്ഞ ശതമാനത്തിന് ലോൺ ലഭിക്കുന്ന സാഹചര്യമുണ്ട്. അപ്പോൾ നിങ്ങൾക്ക് ചിലരെ സഹായിക്കണമായിരുന്നു. മസാല ബോണ്ട് വിൽക്കുന്നതിന് മാത്രം നിങ്ങൾ ചെലവഴിച്ചത് 2.29 കോടി രൂപയാണ്. പബ്ലിസിറ്റിക്കുവേണ്ടി മാത്രമാണ്. നിങ്ങളാണ് ഈ കേരളത്തെ കടബാധ്യതയിലേയ്ക്ക് തള്ളിവിട്ടത്. ഇവിടെ എന്താണ് സ്ഥിതി? ഇന്ന് കേരളത്തിൽ നിങ്ങൾക്ക് പെൻഷൻ നൽകാൻ കഴിയുന്നുണ്ടോ? ഇവിടെ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ പ്രസംഗം കേട്ടപ്പോൾ ഡോ. ടി. എം. തോമസ് ഐസക്കിന്റെ കൂടെ ചേർന്നതായിട്ടാണ് എനിയ്ക്ക് തോന്നുന്നത്. ഡോ. ടി. എം. തോമസ് ഐസക്ക്

ഇപ്പോൾ എല്ലാ പത്ര സമ്മേളനങ്ങളിലും ചാനൽ ചർച്ചകളിലും പറയുന്നത് ഞങ്ങൾക്ക് പ്രയോരിറ്റി വേണമെന്നാണ്. സ്വയം വിമർശനമാണ് നടത്തുന്നത്. ഇടനാഴികളെപ്പറ്റി ചിന്തിച്ച ഡോ. ടി. എം. തോമസ് ഐസക്ക് പ്രയോരിറ്റിയെപ്പറ്റി എന്തുകൊണ്ടാണ് അഞ്ചുവർഷക്കാലം ധനകാര്യമന്ത്രിയായിരുന്നപ്പോൾ ആലോചിക്കാതിരുന്നത്? അദ്ദേഹത്തിന്റെ പ്രയോരിറ്റി എന്തായിരുന്നു; അത് പ്രഖ്യാപനങ്ങൾ മാത്രമായിരുന്നു. വയനാട് പാക്കേജ് - പത്തുലക്ഷം കോടി, തീരദേശ പാക്കേജ് - പത്തുലക്ഷം കോടി, ഇടുക്കി പാക്കേജ് - പത്തുലക്ഷം കോടി..., അതിൽ ഒരു രൂപ ചെലവഴിക്കാൻ കഴിഞ്ഞോ? എന്ത് പ്രയോരിറ്റിയാണ് ഡോ. ടി. എം. തോമസ് ഐസക്കിന് ഉണ്ടായിരുന്നത്? അദ്ദേഹം ഇപ്പോൾ ടി. വി. ചാനലുകളിൽ പത്രസമ്മേളനം നടത്തുകയും അഭിപ്രായപ്രകടനം നടത്തുകയുമാണ്. ഈ ഗവൺമെന്റിന് പ്രയോരിറ്റി ഇല്ലെങ്കിൽ ശ്രീ. കെ. എൻ. ബാലഗോപാൽ പറയട്ടെ; നിങ്ങൾ തന്നെയാണ് നിങ്ങൾക്ക് പ്രയോരിറ്റിയില്ലെന്ന് പറയുന്നത്. നിങ്ങൾ മറ്റുവഴികളിലേയ്ക്ക് പോയി. ശ്രീമതി കെ. കെ. ഷൈലജ ടീച്ചറുടെ പ്രസംഗം ഇന്ന് ശ്രീ. കെ. എൻ. ബാലഗോപാലിനെതിരായിരുന്നു, അദ്ദേഹത്തെ

വിമർശിക്കുകയായിരുന്നു. ഈ ഗവൺമെന്റിന് പ്രയോരിറ്റിയില്ലെന്ന് പറയുന്നത്, അനാവശ്യ കാര്യങ്ങൾക്കുവേണ്ടിയാണെന്ന്..., ശരിയാണ്, വീണ്ടും 'കേരളീയം' പ്രോഗ്രാം നടത്താൻ പോകുകയാണെന്ന വാർത്ത കണ്ടിരുന്നു, എന്തിനാണത്? 'കേരളീയം' നടത്തി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നു; സ്പോൺസർമാരെ കണ്ടെത്തുന്നു. ഈ സ്പോൺസർമാർ ആരാണ്...? ടാക്സ് വെട്ടിക്കുന്നയാളുകൾ, കള്ളക്കച്ചവടക്കാർ, ക്വാറി മുതലാളിമാർ എന്നിവരാണ്. അവർക്ക് സൗജന്യം ചെയ്തുകൊടുത്ത് അവർ നിങ്ങൾ സ്പോൺസർ ചെയ്യുകയാണ്. ഗവൺമെന്റ് അങ്ങനെ സ്പോൺസർ ചെയ്യിക്കുന്നത് ശരിയാണോ; ഗവൺമെന്റ് പദ്ധതികൾക്ക് കള്ളക്കച്ചവടക്കാരെയും tax evade ചെയ്യുന്നവരെയും കൊണ്ട് നിങ്ങൾ സ്പോൺസർ ചെയ്യുന്നത് ശരിയാണോ? മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി നടന്നപ്പോൾ കേരളത്തിൽ ആർക്കെങ്കിലും പ്രയോജനമുണ്ടായോ? ലക്ഷക്കണക്കിന് അപേക്ഷ വാങ്ങിയില്ലേ; ആർക്ക് പ്രയോജനമുണ്ടായി? ആർക്കുവേണ്ടിയാണ് നിങ്ങളത് ചെയ്തത്? അതോടൊപ്പംതന്നെ ലോക കേരളസഭകൊണ്ട് എന്ത് പ്രയോജനമുണ്ടായി? നമ്മൾ കാണേണ്ടൊരു കാര്യമാണ്. കേന്ദ്രത്തിന്റെ

നയങ്ങളെയും കോർപ്പറേറ്റ് നയങ്ങളെയും ഞങ്ങൾ എതിർക്കുന്നുണ്ട്. പക്ഷെ നിങ്ങൾ ചെയ്തതെന്താണ്? നവലിബറൽ സമീപനങ്ങളുമായിട്ടാണ് നിങ്ങൾ മുന്നോട്ടുപോയത്. നിങ്ങളായിരുന്നു അതിന്റെ വക്താക്കൾ. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് എടുക്കുക; നിങ്ങൾ എന്ത് ബദലാണ് കൊണ്ടുവന്നത്? നിങ്ങൾ ഒരു ബദലും കൊണ്ടുവന്നില്ല. കഴിഞ്ഞ എട്ടുവർഷക്കാലമായി ഈ ഗവൺമെന്റിനെ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണെന്ന് പറയാൻപോലും കഴിയുന്നില്ല. ഡോ. ടി. എം. തോമസ് ഐസക്ക് പ്രയോരിറ്റി തെറ്റിപ്പോയെന്ന് മാറിനിന്ന് പറയുകയാണ്. ഞാൻ ചോദിക്കട്ടെ; കേരളത്തിലെ സാധാരണക്കാരന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ നിങ്ങൾ എന്തുചെയ്തു? കയർത്തൊഴിലാളികളുടെ പ്രശ്നം, കശുവണ്ടിത്തൊഴിലാളി, കൈത്തറി തൊളിലാളി എന്നിവരുടെ പ്രശ്നങ്ങൾ ഇന്ന് ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ചതുകേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. ഒരുകാലത്ത് അടിസ്ഥാന വർഗ്ഗങ്ങൾ സി.പി.എം.-നോടൊപ്പം നിന്നിരുന്നെങ്കിൽ, ഇന്ന് അവരെല്ലാം നിങ്ങളെ കൈയൊഴിയാനുള്ള കാരണം നിങ്ങളുടെ തുടർഭരണമാണ്. ഈ തുടർഭരണത്തിന്റെ പേരിൽ നിങ്ങൾ

കാണിക്കുന്ന അഹങ്കാരം, ധിക്കാരം, ധാഷ്ട്യം എന്നിവ കാരണമാണ് കേരളത്തിലെ ജനങ്ങൾ നിങ്ങൾക്കെതിരായി വോട്ട് ചെയ്തത്. ഇന്ന് നിങ്ങൾ കാണണം, നിങ്ങളുടെ വോട്ട് പോകുന്നത് എങ്ങോട്ടാണ്; ബി.ജെ.പി.-യിലേയ്ക്കാണ് പോകുന്നത്. ഞങ്ങൾക്കതിൽ സങ്കടമുണ്ട്, ഞങ്ങൾക്ക് പ്രശ്നമുണ്ട്. ഒന്നോ രണ്ടോ നേതാക്കൻമാർ കോൺഗ്രസിൽനിന്ന് ബി.ജെ.പി.-യിലേയ്ക്ക് പോയപ്പോൾ നിങ്ങൾ ആർത്തട്ടഹസിക്കുകയും ഞങ്ങളെ കളിയാക്കുകയും ചെയ്തു. ഇന്ന് സി.പി.എം.-ന്റെ ലക്ഷക്കണക്കിന് വോട്ടുകളാണ് ബി.ജെ.പി.-യിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. ആ വസ്തുത നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളതിൽ സന്തോഷിക്കുന്നില്ല. ഞങ്ങൾ ആഗ്രഹിക്കുന്നത് ഈ രാജ്യത്ത് ബി.ജെ.പി.-യെ പരാജയപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശക്തമായൊരു ദേശീയ മുന്നണിയാണ്. അതാണ് ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഉജ്ജ്വലമായ വിജയം നേടി ഇന്ന് രാജ്യത്ത് മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്ന ഇൻഡ്യ മുന്നണി. ശ്രീ. നരേന്ദ്രമോദിക്കെതിരെ പോരാടാൻ കഴിയുന്ന ഏക നേതാവ് ഇന്ന് രാഹുൽ ഗാന്ധിയാണ്. അദ്ദേഹത്തെ ഡിസ്ക്വാളിഫൈ ചെയ്തു, വീട് എടുത്തു, 52 മണിക്കൂർ ED (Enforcement Directorate) ചോദ്യം ചെയ്തു.

അങ്ങനെ നിരവധി പ്രതിരോധങ്ങളും എല്ലാ വിധത്തിലുള്ള പീഡനങ്ങളുമുണ്ടായിട്ടും ധീരമായി നിന്നുകൊണ്ട് ശ്രീ. നരേന്ദ്രമോദിക്കും ബി.ജെ.പി.-യ്ക്കുമെതിരെ പോരാടിയ ഇന്ത്യയിലെ ഒരേയൊരു നേതാവ് ശ്രീ. രാഹുൽ ഗാന്ധിയാണെന്ന കാര്യത്തിൽ തർക്കമുണ്ടോ? ഇന്ന് പ്രതിപക്ഷത്തിന് ഇത്രയും വലിയ മുന്നേറ്റമുണ്ടാക്കിയത് അദ്ദേഹം നടത്തിയ 'ഭാരത് ജോഡോ' യാത്രയായിരുന്നു. ആ 'ഭാരത് ജോഡോ' യാത്രയിലൂടെ പുതിയൊരു രാഹുൽ ഗാന്ധിയെ ഇന്ത്യയിലെ ജനങ്ങൾ കണ്ടു. കോടിക്കണക്കിന് രൂപ ചെലവഴിച്ച് ശ്രീ. രാഹുൽ ഗാന്ധിയുടെ മുഖം വികൃതമാക്കാൻവേണ്ടി ബി.ജെ.പി.-യുടെ പി. ആർ. ടീമുകൾ നടത്തിയ പ്രവർത്തനങ്ങൾ അതിജീവിച്ചുകൊണ്ടാണ് അദ്ദേഹം ഈ പോരാട്ടം നടത്തുന്നത്. ഇന്ന് ഇന്ത്യയുടെ പ്രതിപക്ഷ നേതാവ് എന്നുള്ളനിലയിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ പാർലമെന്റിനകത്തെ പ്രസംഗം ഇന്ത്യയിലെ മുഴുവൻ ജനങ്ങളും കൈനീട്ടി സ്വീകരിച്ചതാണ്. ആ പ്രസംഗം റിപ്പോർട്ട് ചെയ്ത മാതൃഭൂമി പത്രത്തെ ബഹിഷ്കരിക്കാനാണ് ബി.ജെ.പി. പറയുന്നത്. എവിടെച്ചെന്ന് നിൽക്കും നമ്മുടെ ജനാധിപത്യം? ഇന്ത്യയിൽ ഈ മതേതര ജനാധിപത്യ

മുന്നേറ്റത്തിന് നേതൃത്വം കൊടുക്കാൻ കഴിയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിനും ഇൻഡ്യ മുന്നണിക്കും മാത്രമാണെന്നുള്ളതാണ് സത്യം. ഞങ്ങൾ സി.പി.എം തകരണമെന്നാഗ്രഹിക്കുന്നവരല്ല, കമ്മ്യൂണിസ്റ്റ് പാർട്ടി അവസാനിച്ച് കാണണമെന്നാഗ്രഹിക്കുന്നവരല്ല. പക്ഷേ ബംഗാളും ത്രിപുരയും നിങ്ങൾക്കൊരു പാഠമാകണം. ബംഗാളും ത്രിപുരയും കേരളത്തിൽ ആവർത്തിക്കാൻ പാടില്ല. ബംഗാളിലും ത്രിപുരയിലും നിങ്ങളുടെ പാർട്ടി ഓഫീസുകൾ ബി.ജെ.പി. ഓഫീസുകളായി. നിങ്ങളോടൊപ്പംനിന്ന ജനവിഭാഗങ്ങൾ ബി.ജെ.പി.-യിലേക്ക് പോയതുപോലെ കേരളത്തിൽ സംഭവിക്കാൻ പാടില്ല. ഞങ്ങളും നിങ്ങളുമായി ചരിത്രപരമായ പോരാട്ടമുണ്ട്. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിൽ പരമ്പരാഗതമായിട്ടുള്ള പോരാട്ടമുണ്ട്. ആ പോരാട്ടം ഒരുഭാഗത്ത് നിൽക്കുമ്പോഴും ബി.ജെ.പി.-യ്ക്കെതിരെ ശക്തമായ പോരാട്ടത്തിലൂടെ മുന്നോട്ടുപോകണം എന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഇവിടെ ബി.ജെ.പി.-യ്ക്ക് ഒരു സീറ്റ് ഉണ്ടാകരുതെന്ന് കണ്ടുകൊണ്ടാണ് നേമത്ത് ശ്രീ. കെ. മുരളീധരൻ എന്ന മുൻ കെ.പി.സി.സി. പ്രസിഡന്റിനെ മത്സരിപ്പിക്കാനുള്ള ധീരമായ തീരുമാനം

ഞങ്ങളെടുത്തത്. ഞങ്ങളങ്ങനെ മത്സരിച്ചതുകൊണ്ടാണ് ശ്രീ. വി. ശിവൻകുട്ടി നിയമസഭയിൽ വന്നത്. ഇല്ലായിരുന്നെങ്കിൽ, ബി.ജെ.പി.-യുടെ ഒരു എം.എൽ.എ. ഇവിടെവന്ന് ഇരിക്കുമായിരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ രാഷ്ട്രീയ നിലപാട് വളരെ വ്യക്തമാണ്. ഈ രാജ്യത്ത് ബി.ജെ.പി.-യുടെ വർഗ്ഗീയതയ്ക്കെതിരായി, സ്വേച്ഛാധിപത്യത്തിനെതിരായി, കോർപ്പറേറ്റ് വൽക്കരണത്തിനെതിരായി അതിശക്തമായ നിലപാടുമായിട്ടാണ് ഇൻഡ്യ മുന്നണി മുന്നോട്ടുപോകുന്നത്. അതിലൊരു വിട്ടുവീഴ്ചയും ഞങ്ങൾ ചെയ്യാറില്ല.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി)</u>: ...മൈക്ക് ഓഫ്....

<u>മി.സ്പീക്കർ</u>: അങ്ങ്, yield ചെയ്യുന്നുണ്ടോ....?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: നമ്മൾ തമ്മിൽ വേണ്ട... ശ്രീ. വി. ശിവൻകുട്ടി..... തീർച്ചയായും ഈ നാടിന്റെ ചരിത്രം എടുത്തുനോക്കിയാൽ ഇന്ത്യയുടെ സ്വാതന്ത്ര്യസമര സേനാനികളെപ്പോലും ഇല്ലായ്മ ചെയ്ത്, നെഹ്റുവിനെ, ഗാന്ധിയെ... സ്വാതന്ത്ര്യ സമര സേനാനികളുടെ ചരിത്രംപോലും

വളച്ചൊടിച്ച് അതെല്ലാം സവർക്കർക്ക് ഗീതം പാടുന്ന നാഥൂറാം വിനായക് ഗോഡ്സെയ്ക്കുവേണ്ടി സിന്ദാബാദ് വിളിക്കുന്ന ആളുകൾ ചരിത്രത്തെ വളച്ചൊടിക്കാൻ ശ്രമിക്കുന്നു. അതിനെതിരായ പോരാട്ടമാണിത്. ആ പോരാട്ടത്തിൽ ഇന്ത്യയിലെ മുഴുവൻ മതേതര ശക്തികളെയും ഒന്നിപ്പിക്കാൻ കഴിയുന്ന ഏക ശക്തി കോൺഗ്രസാണ്. നിങ്ങൾ എത്ര വിചാരിച്ചാലും.., അതിന്റെ ഏക നേതാവ് ശ്രീ. രാഹുൽ ഗാന്ധിയാണെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. അത് നാളെ തെളിയിക്കാൻ പോകുന്ന കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന് അധികം ആയുസ്സില്ല. നിങ്ങൾ പേടിക്കണ്ട, ഈ ഗവൺമെന്റ് അധികകാലം മുന്നോട്ടുപോകില്ല. അധികനാൾ ഇന്ത്യ ഭരിക്കാൻ പോകുന്നില്ല. അവിടെ രണ്ട് crutches-കളുടെ സഹായത്തോടെ ഭരിക്കുന്നൊരു മുന്നണി ഗവൺമെന്റാണ്. പഴയതുപോലെ ശ്രീ. നരേന്ദ്രമോദിയ്ക്ക് എല്ലാവരെയും ഭീഷണിപ്പെടുത്താൻ കഴിയില്ല. അതിശക്തമായ ജനകീയ പോരാട്ടങ്ങളിലൂടെ ഈ ഗവൺമെന്റിനെ നിലയ്ക്കുനിർത്താൻ നമുക്ക് സാധിക്കും. അതിനുവേണ്ടിയുള്ള പോരാട്ടമാണ് തുടരേണ്ടത്. നിങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കണം. സർക്കാർ ജീവനക്കാർക്ക്

ഡി.എ. കൊടുക്കുന്നില്ല, സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് പുതിയ കമ്മീഷനെ ഏപ്പോൾ നിയോഗിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പ്രഖ്യാപിക്കുമോ? പങ്കാളിത്ത പെൻഷൻ ഉപേക്ഷിച്ച് റഗുലർ പെൻഷൻ സ്കീമിലേയ്ക്ക് മാറുമെന്ന് അദ്ദേഹം പറയുമോ? പെൻഷൻ കുടിശ്ശിക നൽകുമെന്ന് അദ്ദേഹം പറയുമോ? സാമ്പത്തിക തകർച്ചയിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിച്ചേർന്നതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കുതന്നെയാണ്. കേന്ദ്രത്തിനുമാത്രമല്ല, നിങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. കേന്ദ്രം ചെയ്യേണ്ടത് കേന്ദ്രം ചെയ്യണം, നിങ്ങൾ ചെയ്യേണ്ടത് നിങ്ങൾ ചെയ്യണം. അതുചെയ്യാതെ കുറ്റങ്ങൾ മറ്റുള്ളവരുടെ തലയിൽ കെട്ടിവച്ച് രക്ഷപ്പെടാനുള്ള നിങ്ങളുടെ നീക്കം ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി വസ്തുതാപരമായി കാര്യങ്ങൾ മനസ്സിലാക്കുകയും പാർട്ടി തെറ്റുകൾ തിരുത്തി മുന്നോട്ടുപോകുകയും ചെയ്താൽ നിങ്ങൾക്ക് ജനവിശ്വാസം ആർജ്ജിക്കാൻ കഴിയും. നിങ്ങൾ തകർന്നുപോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അത് നിങ്ങളുടെ തെറ്റായ ധാരണയാണ്. കോൺഗ്രസ്സിനും യു.ഡി.എഫ്.-നും അങ്ങനെയൊരു താൽപര്യമേയില്ല. വസ്തുതകളെ വസ്തുതകളായി കാണാൻ

നിങ്ങൾക്ക് കഴിയണം. നിങ്ങൾ സ്വയം തിരുത്തണം. അങ്ങനെ തിരുത്തി മുന്നോട്ടുപോകാൻ കഴിയണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, കഴിഞ്ഞ അസംബ്ലി സെഷനിൽ അവതരിപ്പിച്ച്, ഈ സെഷനിലെ ചർച്ചകളിൽക്കൂടി പൂർത്തിയാക്കി വിവിധ വകുപ്പുകളെ സംബന്ധിച്ച എല്ലാ ചെലവുകളും അംഗീകരിക്കണമെന്നാവശ്യപ്പെടുന്ന ഒരു ബില്ലാണ്. ഓരോ വകുപ്പുകളും വകുപ്പടിസ്ഥാനത്തിൽ വളരെ വിപുലമായ ചർച്ചകൾ നടത്തിയിരുന്നു. അതിന്റെയെല്ലാം ക്രോഡീകരണമാണ് ഈ ബിൽ. എങ്കിലും പ്രധാനമായും ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയപരമായ നിലപാടുകൾ എല്ലാ അംഗങ്ങളും ആവർത്തിച്ച് പറയുകയാണുണ്ടായത്. കൂടാതെ പുതിയ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. മുമ്പ് ഓരോ വകുപ്പുകളുടെ അടിസ്ഥാനത്തിൽ നടത്തിയ ചർച്ചയിൽ ചില മന്ത്രിമാർ പറഞ്ഞ വിഷയങ്ങളുള്ളതിനാൽ ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല.

പ്രധാനമായും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെയും ഭാവിയെയും സംബന്ധിച്ചുള്ള ചർച്ചകളാണ് ഇത്തരം ബജറ്റിന്റെ ഭാഗമായി ഉണ്ടാകേണ്ടത്. സ്വാഭാവികമായും അത്തരം കാര്യങ്ങളിൽ പ്രതിപക്ഷം വിമർശനമുന്നയിക്കുകയും ഭരണപക്ഷം പുതിയ നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. കൂടാതെ ഭരണപക്ഷത്തുനിന്നും ചില പുതിയ കാര്യങ്ങൾ ചെയ്യണമെന്നുള്ള ആവശ്യങ്ങളുമുണ്ടാകും. കേരളത്തിന്റെ ഭാവിയെ കരുതി തന്നെയാണ് നമ്മളെല്ലാം കേൾക്കുന്നതും കണക്കാക്കുന്നതും. രാഷ്ട്രീയ പരിമിതികൾ നമ്മുടെ പൊതുവായ കാഴ്ച്ച പ്പാടുകളെ ബാധിക്കരുതെന്നുള്ളതാണ് നമ്മുടെ കാഴ്ച്ച പ്പാടും ധാരണയും. പലപ്പോഴും അങ്ങനെയുണ്ടാകുന്നില്ലെന്നതാണ് പ്രശ്നം. പല ചർച്ചകളും നടക്കുന്ന സന്ദർഭങ്ങളിൽ....., നാടൻ ഭാഷയിൽ പറയുന്ന പ്രയോഗം ഉണ്ട്. നമുക്ക് ഇഷ്ടമില്ലാത്ത ആരെന്ത് ചെയ്താലും അതിനെയെല്ലാം കുറ്റം പറയുക മാത്രമാണ് പ്രതിപക്ഷത്തിന്റെ കടമയെന്ന് നിങ്ങൾ ധരിക്കരുത്. നാടൻ ഭാഷയിലുള്ള പഴയൊരു പ്രയോഗമാണ് 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം' എന്നുള്ളത്. ഭരണപക്ഷത്തെ ഇങ്ങനെ കുറ്റം പറയുന്നതാണോ അവരുടെ ജോലിയെന്നത് അവർ ചിന്തിക്കണം. ഈ

ഘട്ടത്തിൽ വളരെയേറെ കാര്യങ്ങൾ പറയേണ്ടതില്ല. ധനകാര്യ കാര്യങ്ങളിൽ, കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് ആകെ തകർന്നുപോയെന്ന് പറയുന്നതിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ? കേരളത്തിന്റെ ധനകാര്യവുമായി ബന്ധപ്പെട്ട് പ്രധാനമായും പരിശോധിക്കേണ്ടത് സംസ്ഥാനത്തിന്റെ വരുമാനം സംബന്ധിച്ചാണ്. നേരത്തെ പല തവണ നികുതി-നികുതിയേതര വരുമാനത്തെയും പറ്റി പ്രത്യേകം പറഞ്ഞിട്ടുള്ളതുകൊണ്ട് അവ ഓരോന്നും ഇനിയും ആവർത്തിക്കുന്നില്ല. 2020-21-ൽ സംസ്ഥാനത്തിന്റെ നികുതി വരുമാനം 47,000 ചില്ലാനം കോടി രൂപയായിരുന്നു. കോവിഡ് പകർച്ച വ്യാധി കഴിഞ്ഞുള്ള സമയത്ത് സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനവുംകൂടി ആകെ 55,008 കോടി രൂപയായിരുന്നു. 2021-22-ൽ അത് 68,804 കോടി രൂപയായും 2022-23-ൽ 87,086 കോടി രൂപയായും 2023-24-ൽ 90,674 കോടി രൂപയായും നികുതി-നികുതിയേതര വരുമാനം വർദ്ധിച്ചു. മൂന്ന് വർഷംകൊണ്ട് സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിൽ 65 ശതമാനത്തിന്റെ വർദ്ധനയാണുണ്ടായത്. ഇത് നല്ലൊരു വർദ്ധനയാണെന്ന

മാത്രമല്ല, ഇന്ത്യയിലെതന്നെ റിക്കോർഡ് വർദ്ധനവാണ്. പക്ഷെ സ്വാഭാവികമായും അത്തരം കാര്യങ്ങൾ അംഗീകരിക്കാൻ പ്രതിപക്ഷത്തിന് വിഷമമുണ്ടാകും. കാരണം മറ്റ് വിഷയങ്ങൾ പറയാനില്ലാത്തതു കൊണ്ട് വിഷമിച്ച് ഇതിനെ എതിർക്കുകയെന്നല്ലാതെ വേറെ മാർഗ്ഗമില്ല. ഓരോ മേഖല പരിശോധിക്കുമ്പോഴും നമ്മുടെ നാടിന് ഇങ്ങനെയൊരു നേട്ടമുണ്ടാകുന്നല്ലോ; ഇനിയും ധാരാളം മേഖലകളിൽ കേരളം മെച്ചപ്പെടാനുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. കാരണം എല്ലാം പൂർണ്ണമായെങ്കിൽ നമുക്ക് എത്താൻ കഴിയില്ലല്ലോ; അതിനാൽ നികുതിയുടെ കാര്യത്തിൽ സംസ്ഥാനത്തിന് നല്ല വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന് ലഭിക്കാനുള്ള കേന്ദ്ര വിഹിതത്തിൽ വലിയ കുറവുണ്ടായിട്ടുണ്ടെന്ന കാര്യം ഞാൻ ആവർത്തിക്കുന്നില്ല. പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ നികുതി വിഹിതം 50 ശതമാനമായി വെട്ടിച്ചുരുക്കേണ്ടതിന്റെയും പതിനാലാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.5 ശതമാനത്തിന് മുകളിലുണ്ടായിരുന്ന വിഹിതം 1.9 ശതമാനമായും കുറയ്ക്കേണ്ടതിന്റെയും ആവശ്യകതയുണ്ടായിരുന്നില്ല. 0.7 ശതമാനമെന്നത്

ഇപ്പോഴത്തെ കണക്കനുസരിച്ച് 8,000-9,000 കോടി രൂപയുടെവരെ കുറവാണ് വരുത്തിയിട്ടുള്ളത്. എന്നുമാത്രമല്ല, രണ്ടുവർഷം മുമ്പ് കേരളത്തിന് പലയിനത്തിൽ നൽകേണ്ട ഗ്രാന്റുകളുണ്ട്. അത് നമുക്ക് ഔദാര്യമായി നൽകിക്കൊണ്ടിരുന്ന ഗ്രാന്റല്ല, നമ്മുടെ അവകാശമാണ്. 33000 കോടിയോളം രൂപ ലഭിച്ചിരുന്നത് തൊട്ട് മുമ്പത്തെ വർഷം 11,000 കോടി രൂപയായി കുറയുന്നത് സംസ്ഥാനത്തിന് അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ? രണ്ടുവർഷംകൊണ്ട് 22,000 കോടി രൂപ ഗ്രാന്റിനത്തിൽ വെട്ടിക്കുറച്ചുവെന്നുള്ളത് കണക്കിലുള്ള കാര്യമാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധി വെട്ടിക്കുറച്ചു. കടമല്ല നമുക്ക് വേണ്ടത്, കടമെടുക്കണമെന്ന് പറഞ്ഞല്ല സർക്കാർ മുന്നോട്ടുപോകുന്നത്. നമുക്ക് ലഭിക്കാനുള്ള പണം അനുവദിച്ചാൽ കടമെടുക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ്സിലെ വിവരങ്ങളെപ്പറ്റി ചോദിച്ചതിന് അംഗങ്ങൾക്ക് മറുപടി നൽകിയതാണ്. കിഫ്ബി, കെ.എസ്.എസ്.പി.എൽ. മുതലായ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23, 2023-24 സാമ്പത്തിക

വർഷങ്ങളിലും പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ്, സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധിയിലുൾപ്പെടുത്തി 2017 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷംവരെ യഥാക്രമം 15,895 കോടി രൂപയും 91,617.59 കോടി രൂപയും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവുവരുത്തിയിട്ടുണ്ടെന്നാണ് സുപ്രീം കോടതിയിൽ സംസ്ഥാനം ഫയൽ ചെയ്ത OS No.1/2024 - 'സ്റ്റേറ്റ് ഓഫ് കേരള Vs യൂണിയൻ ഓഫ് ഇന്ത്യ' എന്ന കേസ്സിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ രണ്ട് തുകകളുംകൂടി ആകെ 1,07,513 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. 2017 മുതലാണ് പബ്ലിക് അക്കൗണ്ട്സ് സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ ഭാഗമാക്കിയത്, അതിന് മുമ്പുള്ള സർക്കാരുകൾക്കൊന്നും ആ നിയമം ബാധകമായിരുന്നില്ല. നേരത്തെ ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല കിഫ്ബിയെയും പെൻഷൻ കമ്പനികളെയും കൊണ്ട് കടമെടുപ്പിച്ചെന്ന് പറഞ്ഞു.... ഞങ്ങൾ അന്ന് കടമെടുക്കുമ്പോഴുണ്ടായിരുന്ന നിയമമെന്തായിരുന്നു? SOE (State-Owned Enterprise)-ന് കടമെടുത്താൽ നമ്മുടെ സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധിയിൽ ഉൾപ്പെടില്ലെന്നതായിരുന്നു

അന്നത്തെ നിയമം. അതിനുശേഷമാണ് SOE എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത്. കേന്ദ്ര സർക്കാരിന്റെ ആ നയത്തോട് യോജിക്കാൻ കഴിയാത്തതിനാലാണ് സംസ്ഥാന സർക്കാർ കോടതിയെ സമീപിച്ചത്. അത് നിങ്ങളുടെ സർക്കാർ ഭരിക്കുന്ന സമയത്തായാലും ഞങ്ങളുടെ സർക്കാർ ഭരിക്കുന്ന സമയത്തായാലും സാധാരണയായി ഏത് നിയമവും അവർ നടപ്പിലാക്കിയാലും പ്രോസ്പെക്ടീവാക്കേണ്ടതല്ലേ? ഈ നിയമമെല്ലാം റിട്രോസ്പെക്ടീവ് ആയാണ് നടപ്പിലാക്കിയത്. സർക്കാർ ഗ്യാരന്റി നിൽക്കുന്ന ധാരാളം പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ആ കടമെല്ലാം സംസ്ഥാനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോ? കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., കെ. എസ്. എഫ്. ഇ., കെ.എഫ്.സി. (കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ), ഹാന്റെക്സ്, ഹാന്റ്‌വീവ് തുടങ്ങിയ സ്ഥാപനങ്ങൾക്കെല്ലാം സർക്കാർ ഗ്യാരന്റി നിൽക്കുന്നുണ്ട്. അങ്ങനെ ഗ്യാരന്റി നിൽക്കുന്നത് ലാഭകരമായി ആ സ്ഥാപനങ്ങൾ നടത്തി ലഭിച്ച വരുമാനത്തിൽനിന്നും തിരിച്ചടയ്ക്കുമെന്ന വിശ്വാസത്തിലാണ്. സംസ്ഥാനം കഴിഞ്ഞ വർഷമെടുത്ത കടങ്ങളെല്ലാം

പ്രോസ്പെക്ടീവായി വെട്ടിക്കുറയ്ക്കുമെന്നാണ് 2021-22 മാർച്ച് മാസത്തിൽ കേന്ദ്ര സർക്കാർ അറിയിക്കുന്നത്. ഈ വർഷവും 4,700 കോടി രൂപ അങ്ങനെ കുറയ്ക്കുകയുണ്ടായി. കിഫ്ബി എടുത്ത കടത്തിന്റെ പേരിൽ കേസ്സിന് പോയി. സംസ്ഥാനത്തിന്റെ വികസനം തടയാൻ ആഗ്രഹിക്കുന്നവരെല്ലാം ഇവിടെയിരിപ്പുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ ഏറ്റവും കൂടുതൽ പദ്ധതികൾ നടപ്പാക്കിയവരിൽ ഭരണ പക്ഷത്തും പ്രതിപക്ഷത്തുമുണ്ട്. കിഫ്ബിയുടെ പ്രവർത്തനം വലിയ തോതിൽ നടക്കുന്നതിനാൽ ഭരണപക്ഷത്തിരിക്കുന്നവരേക്കാൾ കൂടുതൽ സഹായം ലഭിച്ചവർ പ്രതിപക്ഷത്താണുള്ളത്. കട പരിധി റിട്രോസ്പെക്ടീവ് ഇഫക്ടിൽ വെട്ടിക്കുറക്കുകയും പബ്ലിക് അക്കൗണ്ട് ഉൾപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ വെട്ടിക്കുറവുകൾ വരുത്തുമെന്ന് പ്രതിപക്ഷം വിചാരിച്ചിരുന്നോ? ഇതിനെതിരെ അന്ന് നിങ്ങൾ പ്രതികരിച്ചിരുന്നു, എന്നിട്ട് ഇപ്പോൾ നിങ്ങൾ കേരളത്തിലെ ജനങ്ങളോട് പറയുന്നതെന്താണ്? ഈ ഗവൺമെന്റ് ശരിയല്ലെന്ന് പറയുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, നിങ്ങൾ ഇങ്ങനെ ലെക്കും ലെഗാനുമില്ലാതെ off budget borrowing എടുക്കരുതെന്ന് മുമ്പ് ഈ സഭയിൽ അന്ന് ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മസാല ബോണ്ടിന്റെ കാര്യം ഞാൻ ഇവിടെ വിശദീകരിച്ചിരുന്നു. 2,500 കോടി രൂപയെടുത്തിട്ട് 3,500 കോടി രൂപയായി തിരിച്ചടയ്ക്കേണ്ടിവന്നില്ലേ? ആയിരം കോടി രൂപ സർക്കാരിന് അധികമായി തിരിച്ചടയ്ക്കേണ്ടിവന്നു. ആ പണം നിങ്ങൾ റവന്യൂ ജനറേഷനുവേണ്ടി ഉപയോഗിക്കുന്നില്ല. നിങ്ങളുടെ ഗവൺമെന്റ് ഇതുപോലുള്ള കാര്യങ്ങൾ ചെയ്യരുതെന്ന് മുമ്പും വ്യക്തമാക്കിയിട്ടുള്ളതാണ്. അങ്ങയുടെ മുൻഗാമി ഇതൊന്നും ശ്രദ്ധിച്ചില്ല. ഇപ്പോൾ അങ്ങയുടെ മുൻഗാമിക്ക് പ്രയോരിറ്റിയില്ല. ഞങ്ങൾക്കല്ല, അങ്ങേയ്ക്കും പ്രയോരിറ്റിയില്ലെന്നാണ് പറയുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അന്നത്തെ നിയമമനുസരിച്ച് ബജറ്റിന് പുറത്തുള്ള കടം കൃത്യമായി തിരിച്ചടച്ചാൽ മതിയായിരുന്നു, അത് സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ പരിധിയിൽ വരില്ലായിരുന്നു. 20 വർഷക്കാലയളവിലേയ്ക്ക് 100 കോടി രൂപയുടെ ദീർഘകാല വായ്പയെടുത്ത്

പൂർത്തിയാക്കുന്ന ഒരു പദ്ധതി, പത്ത് വർഷം കഴിഞ്ഞ് ചെയ്യുകയാണെങ്കിൽ അതിന് മുന്നൂറ് കോടി രൂപ ചെലവാക്കേണ്ടതായിവരും. നമ്മൾ ഓരോരുത്തരും ഹൗസിംഗ് ലോണും മറ്റ് വായ്പകളെല്ലാമെടുത്ത് ചെയ്യുന്നത് അങ്ങനെയാണ്. ഇപ്പോൾ പണം മുടക്കി പതിനഞ്ചും ഇരുപതും വർഷംകൊണ്ട് അടച്ചുതീർക്കുന്നു. അതൊരു നല്ല മോഡലാണ്. അങ്ങനെ ചെയ്താൽ നമ്മുടെ നാടിന് വരുമാനമുണ്ടാകുന്ന പല പദ്ധതികളും നടപ്പാക്കാൻ കഴിയും. ഒന്നാംതരം നാഷണൽ ഹൈവേകളും എയർപോർട്ടുകളും തുറമുഖങ്ങളും ഫാക്ടറികളും സ്ഥാപിച്ചാൽ ധാരാളം തൊഴിലവസരങ്ങളുണ്ടാകും. അങ്ങനെ വരുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനം കൂടുകയും ഇതുപോലുള്ള തിരിച്ചടവുകൾ നടത്താനും കഴിയും. ഇതാണ് ഏത് കാര്യങ്ങളിലും സർക്കാർ സ്വീകരിക്കുന്ന സമീപനം. മസാല ബോണ്ട് എടുത്തതും ആ കണ്ടീഷൻ അനുസരിച്ചാണ്. അതിനകത്ത് വേറെ കാര്യമില്ല, പലിശ അടച്ചു. പലിശ കൊടുക്കാതെ ഒന്നും എടുക്കാൻ കഴിയില്ലല്ലോ; ഏത് ബോറോയിംഗ് ആയാലും പലിശ അടയ്ക്കണം. അതിനകത്ത്, കേന്ദ്ര ഗവൺമെന്റ് അങ്ങനെ വരുന്നതിന് പ്രോസ്പെക്ടീവായി വന്നു എന്നുള്ളതുകൊണ്ടാണല്ലോ ഈ പ്രശ്നം വന്നത്. ഇപ്പോഴായാലും ഞങ്ങൾ

കോടതിയിൽ പറയുന്നതെന്താണ്; ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ വാദം പൂർണ്ണമായി അംഗീകരിക്കാതെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത് കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന് വിട്ടിരിക്കുകയാണല്ലോ; കേരളത്തിനോടെടുത്ത സമീപനം ശരിയല്ലെന്നതുകൊണ്ട് തന്നെയാണ് ഭരണഘടനാ ബെഞ്ചിന് വിട്ടത്. ഇത് മാത്രമല്ല, അങ്ങ് പറഞ്ഞ ഒരു കാര്യത്തിനോട് യോജിക്കാതിരിക്കാൻ കഴിയില്ല. ഇപ്പോൾ കേന്ദ്രത്തിലുള്ളത് പഴയതുപോലുള്ളൊരു ഗവൺമെന്റല്ല. നരേന്ദ്ര മോദി ഗവൺമെന്റ് പഴയതുപോലെയല്ല. രണ്ട് സഹായികളുടെ കൂടെയാണ് അവർ നിൽക്കുന്നത്. അതുകൊണ്ടുതന്നെ ആ സ്റ്റേറ്റുകളെല്ലാം എന്താണ് പറയുന്നത്; അവരെല്ലാം പറയുന്നു, കഴിഞ്ഞ ഫിനാൻസ് മിനിസ്റ്റേഴ്സിന്റെ പ്രീ-ബജറ്റ് മീറ്റിംഗിൽ കുറെ സംസ്ഥാനങ്ങളിലെ ഫിനാൻസ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിമാരും ഫിനാൻസ് മിനിസ്റ്റേഴ്സും ഉണ്ടായിരുന്നു. അവിടെ ഉയർന്നുവന്ന ആവശ്യം, ബോറോയിംഗിന്റെ കാര്യത്തിലായാലും മറ്റ് കാര്യത്തിലായാലും ആവശ്യമില്ലാത്ത ശ്വാസം മുട്ടിക്കൽ ഒഴിവാക്കണം എന്നതായിരുന്നു. അപ്പോൾ സംസ്ഥാനങ്ങൾ ആകെ ഇക്കാര്യം പറയുകയാണ്. ഞാൻ പ്രതീക്ഷിക്കുന്നത്,

കളക്ടീവായി നമ്മൾ ഒരുമിച്ച് നിന്നാൽ കേരളത്തിന് മാത്രമല്ല അതുകൊണ്ട് പ്രയോജനം ലഭിക്കുന്നത്. കേരളത്തിന് മാത്രം എന്തെങ്കിലും ഗുണം ലഭിക്കുമെന്ന് പറഞ്ഞാൽ നിങ്ങളതിനെ തടയുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. പക്ഷേ, കർണ്ണാടകത്തിനും തെലുങ്കാനയ്ക്കും മറ്റ് സ്റ്റേറ്റുകൾക്കുമൊക്കെ പ്രയോജനം ലഭിക്കും. അവരൊക്കെ ഇത് ആവശ്യപ്പെടുന്നുണ്ട്. അങ്ങനെയൊരു സമീപനത്തിന്റെ പ്രശ്നമാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞതിൽ കേരളം അന്നെടുത്തതിന്റെ നിലപാടിന്റെ കാര്യം പറയുന്നത് ശരിയല്ല. അതിനകത്ത് കേന്ദ്രമെടുത്ത സമീപനമാണ്. ഞാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കൊടുത്ത കേസിന്റെ കാര്യം പറഞ്ഞു. ഇത്രയും കാര്യങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ട്, അതാണ് പ്രശ്നം.

ഈ ഗവൺമെന്റ് വന്നിട്ട് കാര്യങ്ങളൊന്നും ചെയ്യുന്നില്ലെന്ന് എത്രപ്രാവശ്യമാണ് പറയുന്നത്. നേരത്തെയുള്ള ഗവൺമെന്റിന്റെ സമയത്തും നിങ്ങൾ വേറൊന്നുമല്ല പറഞ്ഞത്. ഏറ്റവും അവസാനം നിങ്ങൾ പറഞ്ഞത്, കിഫ്ബിയും പെൻഷൻ കമ്പനിയും വേണ്ട എന്നാണ്. കാരണം, നിങ്ങൾക്ക് പെൻഷൻ കുറെക്കാലം കൊടുക്കാൻ സാധിച്ചിരുന്നില്ല. അങ്ങനെയൊക്കെയുള്ള

കാര്യങ്ങളുണ്ട്. അത് ചെയ്യാൻ പോയപ്പോൾ നിങ്ങൾ തടസ്സം പറഞ്ഞു. അതിനുമുമ്പോ; കിഫ്ബി വരുന്നതിനുമുമ്പും ഞങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ആ സമയത്തും പ്രയോറിറ്റി അനുസരിച്ചുതന്നെ കാര്യങ്ങൾ ചെയ്യാനാണ് ശ്രമിച്ചത്. ഇപ്പോൾ പ്രയോറിറ്റിയെ കുറിച്ചൊക്കെ പറഞ്ഞു. ഞങ്ങളത് ചർച്ച ചെയ്തിട്ട് പറഞ്ഞതാണ്. ഇവിടെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞപ്പോൾ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ പറഞ്ഞുവെന്നാണ് പറഞ്ഞത്. എന്താണ്; പ്രയോറിറ്റി അനുസരിച്ച് ചെയ്യും. ഞങ്ങൾ റീ-പ്രയോറിറ്റൈസ് ചെയ്യും. കാരണമെന്താ; ഇത്തരം ശ്വാസം മുട്ടിക്കൽ വരുമ്പോൾ ഞങ്ങൾ കൂടുതൽ കൊടുത്തു തീർക്കേണ്ടതും നൽകിത്തീർക്കേണ്ടതുമായ കാര്യങ്ങൾ ചെയ്യും. ചെയ്യണ്ടേ; അങ്ങനെ ചെയ്യേണ്ടെന്ന് പ്രതിപക്ഷത്തിന് അഭിപ്രായമുണ്ടോ; അത് ഞങ്ങൾ ചെയ്യും. പക്ഷേ ഞങ്ങൾ ചെയ്ത കാര്യമോ; ഈ ഗവൺമെന്റ് വന്നിട്ട് മോശമായ ധനകാര്യ മാനേജ്മെന്റാണെങ്കിൽ.., ഇപ്പോൾ നിങ്ങൾ പറയുന്നല്ലോ ഡി.എ. കൊടുക്കാനുണ്ടെന്ന്. അതിനെക്കുറിച്ച് നമ്മൾ നേരത്തെ പറഞ്ഞതാണ്. ഇനിയും പറയും. ഡി.എ. കൊടുത്തു തീർക്കാനുള്ള ഉത്തരവാദിത്വമുണ്ടെന്നുള്ള സമീപനവും അത് കൊടുക്കുന്ന

കാര്യവുമൊക്കെ ഞങ്ങൾ പറയും; പറഞ്ഞിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനാണ് ആകെ കൊടുക്കാനുള്ള 5 ഡ്യൂസ് ഉള്ളത്. 5 ഡ്യൂസുള്ള സാമൂഹ്യക്ഷേമ പെൻഷനും അവസാനം കഴിഞ്ഞ പ്രാവശ്യം എന്താണ് ചെയ്തത്; കഴിഞ്ഞ നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരിയിൽ ട്രഷറി പൂട്ടുന്ന സ്ഥിതിയിലേയ്ക്ക് വന്നപ്പോൾ 13800 കോടി രൂപ തടഞ്ഞുവച്ചില്ലേ; 13800 കോടി രൂപ തടഞ്ഞുവച്ചാൽ കേരളം പോലൊരു സംസ്ഥാനത്തിന് പിടിച്ചുനിൽക്കാൻ കഴിയുമോ; അവിടുന്നല്ലേ നമ്മൾ നേരിട്ടത്; ഇതെല്ലാം ഉണ്ടായിട്ടും ശമ്പള പരിഷ്കരണം നടത്തയില്ലേ, ഇന്ത്യയിൽ ആകെ ഒറ്റ സംസ്ഥാനത്ത് മാത്രമെ കോവിഡ് സമയത്ത് ശമ്പള പരിഷ്കരണം നടത്തിയിട്ടുള്ളൂ. കേന്ദ്ര ഗവൺമെന്റ് 18 മാസത്തെ ഡി.എ. ഫ്രീസ് ചെയ്തു. ആ സമയത്തും ഇവിടെ ഡി.എ. കൊടുത്തുവെന്ന് മാത്രമല്ല, ശമ്പള പരിഷ്കരണം നടത്തി. ശമ്പള പരിഷ്കരണത്തിന് അഡീഷണലായി വന്ന വലിയ ബർഡനും ഉണ്ട്. അത് കൊടുത്തില്ലേ; ഈ ഗവൺമെന്റ് വന്നിട്ട് 2021 ഏപ്രിൽ ഒന്നിനാണല്ലോ നടപ്പാക്കി തുടങ്ങിയത്. ഇതുവരെ അക്കാര്യം നടപ്പാക്കി വരികയല്ലേ; ഇവർ ഇത്രയും വെട്ടിക്കുറയ്ക്കുന്ന സമയത്ത് ഒരു വർഷം എത്ര

ശതമാനം അധികം വന്നു; പെൻഷൻ കൊടുത്തില്ലേ; സാമൂഹ്യക്ഷേമ പെൻഷനെ കുറിച്ച് പറയുമ്പോൾ, നിങ്ങളുടെ സമയത്ത് 5 വർഷംകൊണ്ട് ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊടുത്തത് എണ്ണായിരത്തി ചില്വാനം കോടി രൂപയാണ്. ഒന്നാം പിണറായി സർക്കാർ 5 വർഷംകൊണ്ട് കൊടുത്തത് 33000 കോടി രൂപയാണ്. ഈ സർക്കാർ 3 വർഷംകൊണ്ട് ഏകദേശം ഇരുപത്തിയേഴായിരത്തോളം കോടി രൂപയാണ് നൽകിയത്. എന്നുപറഞ്ഞാൽ, 5 വർഷമാകുമ്പോൾ ഞങ്ങൾ 50000 കോടി രൂപയെങ്കിലും മിനിമം കൊടുക്കും. 8000 കോടി രൂപ നിങ്ങൾ കൊടുത്തു. 33000 കോടി രൂപ ഒന്നാം പിണറായി സർക്കാർ കൊടുത്തു. ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുമ്പോൾ 50000 കോടി രൂപ കൊടുക്കും. ഇപ്പോൾ 27000 കോടി രൂപ കൊടുത്തു. അവിടെയാണ് ഞങ്ങൾ ഈ 5 മാസം... ഞങ്ങൾ ആകെ കൊടുക്കാതിരുന്നതല്ല. കൊടുക്കും. അത് കൊടുക്കുന്ന കാര്യം പറഞ്ഞല്ലോ; ഇങ്ങനെ ആകെ എക്സ്പെൻഡിച്ചറിന്റെ കാര്യമെടുത്താൽ ഓരോന്നും ഓരോ ഹെഡ്ഡും പരിശോധിച്ചാൽ അറിയാൻ സാധിക്കും. എല്ലാ കണക്കുകളും അതിൽ പറയുന്നുണ്ട്. ധനകാര്യ ബിൽ സംബന്ധിച്ചൊക്കെ ചർച്ച ചെയ്യുമ്പോൾ

രാഷ്ട്രീയം മാത്രംവച്ച് പറയുകയല്ലല്ലോ; കണക്കുകൾകൂടി അതിനകത്ത് പ്രധാനമാണല്ലോ; കേന്ദ്ര ഗവൺമെന്റിന് ഇപ്പോൾ കൊടുത്ത കണക്കനുസരിച്ച്, ധനകാര്യ മന്ത്രിക്ക് കൊടുത്ത കണക്കാണ്. ഞങ്ങൾ ഓൺ ടാക്സ് റവന്യൂവിന്റെ വർധനവ് പറഞ്ഞിട്ടുണ്ട്. ഓൺ ടാക്സും നോൺ ടാക്സുംകൂടി, ടാക്സും ടാക്സിതര വരുമാനവും 65 ശതമാനം വർധിച്ചു. ഓൺ ടാക്സ് മാത്രം 55.8 ശതമാനം വർധിച്ചു. നോൺ ടാക്സ് റവന്യൂ മാത്രം നോക്കുകയാണെങ്കിൽ 122 ശതമാനം വർധിച്ചു. എപ്പോഴും പറയുന്നൊരു പ്രശ്നം റവന്യൂ ഡെഫിസിറ്റാണ്. അതിന്റെ കാര്യത്തിൽ കുറവുവന്നു. റവന്യൂ ഡെഫിസിറ്റ് 2.6 ശതമാനത്തിൽനിന്നും 1.48 ശതമാനമായി കുറഞ്ഞു. ഇത് കേന്ദ്ര ഗവൺമെന്റിന് കൊടുത്ത കണക്കാണ്. ഞാൻ വെറുതെ പറയുന്നതാണെന്ന് പറയാൻ കഴിയില്ല. കാരണം ഇത് കേന്ദ്ര ഗവൺമെന്റിന് കൊടുത്ത കണക്കുകളാണ്. ഫിസ്കൽ ഡെഫിസിറ്റിന്റെ കാര്യത്തിൽ, തുകയുടെ കാര്യത്തിലും ശതമാനത്തിന്റെ കാര്യത്തിലും കുറവുവന്നു. ഏറ്റവും ബുദ്ധിമുട്ടുള്ള കോവിഡ് സമയമായ 2020-21-ൽ ജി.എസ്.ഡി.പി.-യുടെ ധനകമ്മി 4.56 ശതമാനമായിരുന്നു. അതിപ്പോൾ 2.81 ശതമാനമായി. കേന്ദ്രത്തിന്റെ എഫ്.ആർ.ബി.എം. ആക്ടും നിർദേശവുമൊക്കെ

അനുശാസിക്കുന്നതിനേക്കാളും ഇത് കുറവാണ്. കഴിഞ്ഞ വർഷം അത് 2.44 ശതമാനമേ ഉണ്ടായിരുന്നുള്ളൂ. ഇത് സി.&എ.ജി.-യുടെ ഫൈനൽ അക്കൗണ്ട് അടിസ്ഥാനപ്പെടുത്തിയിട്ടാണ് പറയുന്നത്. സി.&എ.ജി.-യുടെ ഫൈനൽ അക്കൗണ്ടും പ്രിലിമിനറി അക്കൗണ്ടും വന്നിട്ടാണ് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ കണക്കാണ് മനസ്സിലാകാത്തത്. കേരളം രൂക്ഷമായ ധനപ്രതിസന്ധിയിലൂടെ പോകുന്നു. വിവിധ വകുപ്പുകളിലായി സർക്കാരിന് ധാരാളം ഒബ്ലിഗേഷൻസുണ്ട്. ഈ സാഹചര്യത്തിൽ റവന്യൂ ഡെഫിസിറ്റ് കുറച്ചു, ഫിസ്കൽ ഡെഫിസിറ്റ് കുറച്ചു എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്; എക്സ്പെൻഡിച്ചർ ഇല്ല. എക്സ്പെൻഡിച്ചർ ഇല്ലാതാകുമ്പോൾ റവന്യൂ ഡെഫിസിറ്റും ഫിസ്കൽ ഡെഫിസിറ്റും കുറയും. അത് അഭിമാനിക്കാവുന്ന കാര്യമാണോ? കടമെടുക്കാനുള്ള അനുവാദത്തിൽ നിങ്ങൾക്ക് കടമെടുക്കാമല്ലോ; എന്നിട്ട് നിങ്ങൾ എന്തുകൊണ്ടാണ് കടമെടുക്കാത്തത്? കടമെടുത്തിട്ട് 5 മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കണം, മാവേലി സ്റ്റോറിൽ സാധനങ്ങൾ കൊടുക്കണം. ആവശ്യമായ

കാര്യങ്ങളാണത്. അത് കൊടുക്കാതെ റവന്യൂ ഡെഫിസിറ്റ് കുറയ്ക്കുകയാണ്. എക്സ്പെൻഡിച്ചറില്ല, പൈസയില്ല, അതാണ് യാഥാർത്ഥ്യം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ അങ്ങയുടെ ഈ ചോദ്യംതന്നെ സന്തോഷത്തോടെ പ്രതീക്ഷിച്ചതാണ്. വളരെ നന്നായി, എനിക്ക് പറയാൻ. 2.44 ശതമാനം എന്നുപറഞ്ഞാൽ ആ വർഷം ഞങ്ങൾക്ക് 16000 കോടി രൂപകൂടി നിലവിലുള്ള കണക്കനുസരിച്ച് എടുക്കാമായിരുന്നു. 2.8 ശതമാനം എന്നുപറയുമ്പോൾ ഈ വർഷവും അതുപോലെ ഞങ്ങൾക്കൊരു 10000 കോടി രൂപയിൽ അധികം എടുക്കാമായിരുന്നു. ഈ എടുക്കാൻ അനുവാദമുള്ള തുക, എഫ്.ആർ.ബി.എം. അനുസരിച്ച് എടുക്കാൻ അനുവാദമുള്ള തുക കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ലെന്നതാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുള്ള കേസ്. ഇനിയെങ്കിലും പ്രതിപക്ഷനേതാവിന് ഇതിന്റെകൂടെ ചേർന്നുകൂടെ; കേരളത്തിന്, എടുക്കാൻ അവകാശമുള്ള തുക 2.44 ശതമാനമായിട്ടേ അവർ തരുന്നുള്ളൂ. ഈ പ്രാവശ്യം 2.8 ശതമാനം മാത്രമേ അവർ അനുവദിക്കുന്നുള്ളൂ. അവർ പറയുന്നു, ഇന്നയിന്ന കാര്യത്തിൽ എന്നുപറഞ്ഞ് വെട്ടിക്കുറച്ചു. ആ വെട്ടിക്കുറച്ച പണംകൂടി ഉണ്ടായിരുന്നുവെങ്കിൽ

ഈ കടമൊന്നും ഉണ്ടാകുമായിരുന്നില്ല എന്നുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്തായാലും ഫലത്തിൽ, ഇത് ഞാൻ എഴുതിയതോ സംസ്ഥാനത്തെ ധനകാര്യ വകുപ്പിന്റേയോ കണക്കല്ല; ഇത് സി.&എ.ജി.-യുടെ കണക്കാണ്. സി.&എ.ജി. സർട്ടിഫൈ ചെയ്ത കണക്കാണ്. ഞങ്ങൾക്ക് ഇത്രയേ എടുക്കാൻ കഴിയുന്നുള്ളൂ. ബാക്കി കിഫ്ബിയുടെയും മറ്റും പേരിൽ വെട്ടിക്കുറച്ചു. മുമ്പ് എടുത്തു എന്നുപറഞ്ഞ് ഇപ്പോഴത്തേതിൽ വെട്ടിക്കുറയ്ക്കുകയാണ്. ഇത് എടുക്കാൻ സാധിക്കുമായിരുന്നെങ്കിൽ ഞങ്ങൾക്ക് 25000 കോടി രൂപകൂടി ഈ രണ്ട് വർഷത്തിനകത്ത് ലഭിക്കും. നിങ്ങൾ രണ്ട് വള്ളത്തിലുംകൂടി കാല് വയ്ക്കരുത്. നിങ്ങൾ എടുക്കുന്നില്ല എന്നുപറയുക, കേന്ദ്രം എടുക്കാൻ സമ്മതിക്കുന്നില്ല. ലോക്സഭയിൽ നിങ്ങളുടെ 19 എം.പി.-മാർ ഉണ്ടല്ലോ; 18-ന്റെ കൂടെ കുറച്ച് വോട്ടുകൂടി ഉണ്ടല്ലോ; പത്തൊമ്പതാമത്തെ ആൾക്ക് ഇവരുടെ കുറച്ച് വോട്ടുകൂടി ഉണ്ട്. അതുകൊണ്ടാണ് ഞാൻ പതിനെട്ടര എം.പി.-മാർ എന്ന് പറഞ്ഞത്. പതിനെട്ടര എം.പി.-മാർ ഉണ്ടല്ലോ; അവരെക്കൂടി ചേർത്ത് നമുക്കിവിടെ പറയാം. പ്രൊഫ. കെ. വി. തോമസ് എം.പി. അല്ലല്ലോ; ഞാൻ എം.പി.-മാരുടെ കാര്യമാണ് പറഞ്ഞത്. ഞാൻ ഈ

പറഞ്ഞത്, ഇപ്പോൾ കേട്ടപ്പോൾ പ്രതിപക്ഷനേതാവും അംഗീകരിച്ചു. ശരിയാണ്. ഇത്രയല്ല എടുക്കേണ്ടത്. നിങ്ങൾക്ക് എടുക്കാൻ കഴിയുന്നത് എടുക്കൂ. ഞങ്ങൾ ഇതേ പറയുന്നുള്ളൂ. ഇക്കാര്യമൊന്ന് പറയണം. ഈ ലോക്സഭാ സെഷനിൽ കുറച്ച് പറഞ്ഞാൽ ഗുണമുണ്ടാകും. കാരണമെന്തെന്നാൽ, സ്റ്റേറ്റുകൾക്ക് കുറച്ചുകൂടി റോൾ വരുന്നതാണ്. എത്ര നമ്പർ അങ്ങോട്ടുമിങ്ങോട്ടും ഉണ്ടെങ്കിലും പ്രതിപക്ഷത്ത് നമ്മൾ എല്ലാവരും ഒരുമിച്ച് തന്നെയാണല്ലോ; ഈ തരത്തിലാണ് ഇതിന്റെ കണക്ക് വരുന്നത്. ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറഞ്ഞു, കേരളത്തിൽ ആകെ കടം കൂടി നിൽക്കുകയാണെന്ന്. ശരിയാണ്. കോവിഡ് സമയത്ത് ജി.എസ്.ഡി.പി.-യുടെ 38.47 ശതമാനം ആയിരുന്നു നമ്മുടെ ടോട്ടൽ. ഇ.എം.എസ്.-ന്റെ കാലം മുതൽ ഉമ്മൻ ചാണ്ടിയുടെ കാലം വരെയുള്ള കണക്കുകൾ അങ്ങ് പറഞ്ഞു. അത് ഇടക്കാലത്ത് കൂടും. പിന്നെ കുറയും. അങ്ങനെ സംഭവിക്കാറുണ്ട്. കണക്കുകൾ നോക്കിയാൽ അക്കാര്യം അറിയാം. അത് നോക്കുന്നവർ എന്നുള്ള നിലയിൽ കൃത്യമായി നിങ്ങൾക്കറിയാം. കോവിഡ് സമയത്ത് നമുക്ക് നന്നായിട്ട് കൂടി. 38.47 ശതമാനം ആയിരുന്നു നമ്മുടെ കടം. അത് കുറഞ്ഞു, ഇതും സി.&എ.ജി.-യുടെ

കണക്കാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചതുപോലെ, ഇത് സി.&എ.ജി.-യുടെ പ്രിലിമിനറി ഓഡിറ്റിന് വിധേയമായ കണക്കാണ്. 33.09 ശതമാനമേയുള്ളൂ. ഇപ്രാവശ്യം എഫ്.ആർ.ബി.എം.-ൽ പറയുന്നതനുസരിച്ചേ വന്നിട്ടുള്ളൂ. എന്നാൽ കേന്ദ്ര ഗവൺമെന്റിന് 56 ശതമാനം ഉണ്ട്. ഇതാണ് കേരളത്തിന് സാമ്പത്തികമായി പോകാമെന്നല്ല, ഇന്ത്യയിലെ സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണെന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. പക്ഷേ നമുക്ക് കുറേക്കൂടി ലഭിക്കേണ്ടതാണ്. ഇപ്പോൾ ഒരു ശതമാനം അല്ലെങ്കിൽ അര ശതമാനമെങ്കിലും തരണം. ആന്ധ്രാപ്രദേശ്, ബീഹാർ അടക്കം പല സംസ്ഥാനങ്ങളും ഒരു ശതമാനം ചോദിച്ചിട്ടുണ്ട്. അങ്ങനെ കൂട്ടിത്തരണമെന്ന് സംസ്ഥാനങ്ങളെല്ലാം ആവശ്യപ്പെടുകയാണ്. ഈ കണക്കിന്റെ കാര്യത്തിലും വരുമാനം വർധിപ്പിക്കുന്ന കാര്യത്തിലുമൊക്കെ നമ്മൾ ഇക്കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഈ വെട്ടിക്കുറവിന്റെ ഭാഗമായി നമ്മൾ പ്രത്യേകമായി ഒരു പാക്കേജുതന്നെ ചോദിച്ചിട്ടുണ്ട്, 24000 കോടിരൂപയുടെ പാക്കേജ്. വിഴിഞ്ഞത്തിനുവേണ്ടി പ്രത്യേക പ്രോജക്ട്. മൂലധന നിക്ഷേപത്തിനുവേണ്ടി കാപെക്സ് എന്നുപറഞ്ഞ്

ഒരു പ്രോജക്ട് എല്ലാ സംസ്ഥാനത്തിനും കൊടുത്തിരുന്നു. കഴിഞ്ഞ വർഷം ഒന്നര ലക്ഷം കോടി മാറ്റിവച്ചു. ബ്രാൻഡിംഗ് പറഞ്ഞ് കേരളത്തിനെ എടുക്കാൻ സമ്മതിച്ചില്ല. വിഴിഞ്ഞത്തിനുവേണ്ടി 5000 കോടി രൂപ ചോദിച്ചിട്ടുണ്ട്. പ്രത്യേക പ്രോജക്ടായി, ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ്. വിഴിഞ്ഞം പദ്ധതി എന്നുപറഞ്ഞാൽ അതിന് അനുബന്ധമായി പല കാര്യങ്ങളും ചെയ്യാനാണ്. വയനാടിലെ ടണൽ റോഡിന്റെ ഉൾപ്പെടെയുള്ള വികസനത്തിന് പ്രത്യേകം തുക ചോദിച്ചിട്ടുണ്ട്. ഇങ്ങനെ ഓരോ മേഖലയിലും തുക ചോദിച്ചിട്ടുണ്ട്. ഇതാണ് അടിസ്ഥാനപരമായി ധനകാര്യ കാര്യങ്ങളിൽ നമ്മൾ നമ്മുടെ സ്ഥിതി മോശമാണെന്ന് പറയുന്ന ഒരു അവസ്ഥയല്ല. 'കുറേയേറെ മേഖലകളിൽ പണം കൊടുക്കാത്തതിനെക്കുറിച്ച് ' എന്നാണ് ഇവിടെ പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ 'ധനകാര്യം' സംബന്ധിച്ച് കഴിഞ്ഞ തവണ സംസാരിച്ചപ്പോൾത്തന്നെ ഞാൻ അതിനെല്ലാം മറുപടി പറഞ്ഞതാണ്. സാമൂഹ്യക്ഷേമ പെൻഷൻ, ഞങ്ങൾ പറഞ്ഞതുപോലെ 5 മാസത്തെ കുടിശ്ശിക മാത്രമേയുള്ളൂ. അതിൽത്തന്നെ നിർമ്മാണത്തൊഴിലാളികളുടേത് മാത്രമാണ് ഒരൽപ്പം കുടിശ്ശിക കൂടുതലുള്ളത്, അത് കൊടുക്കാനുള്ള മാർഗ്ഗമൊക്കെ ഞങ്ങൾ

കണ്ടെത്തുന്നുണ്ട്. ഇതെല്ലാം കൊടുക്കുന്നുണ്ടെങ്കിലും ഒന്നും കൊടുക്കുന്നില്ലെന്നാണ് പ്രതിപക്ഷം പ്രസംഗിക്കുന്നത്. ചില അംഗങ്ങളുടെ പ്രസംഗംതന്നെ "ഒന്നുമേ കൊടുക്കുന്നില്ല....കൊടുക്കുന്നില്ല" എന്നാണ്, അങ്ങനെയൊക്കെ ഇവിടെ പറഞ്ഞശേഷം നിങ്ങൾ നാട്ടിലേയ്ക്ക് ചെന്നാൽ നാട്ടുകാർ നിങ്ങളെക്കുറിച്ച് എന്ത് വിചാരിക്കുമെന്നുകൂടി നിങ്ങൾ മനസ്സിലാക്കണം. നാട്ടിലുള്ളവർ ഈ പറഞ്ഞ എല്ലാ പെൻഷനുകളും വാങ്ങിക്കുന്നവരാണ്, നിങ്ങൾ ഒന്നും കൊടുക്കുന്നില്ലെന്ന് പറയുമ്പോഴും അവർ അതെല്ലാം വാങ്ങിയവരാണെന്ന് ഓർക്കണം. പെൻഷനിലെ 18 മാസത്തെ കുടിശ്ശികയും ആ കാലത്തിന്റെ കണക്കുമെല്ലാം പറഞ്ഞ് ഇവിടെ വലിയ വിവാദമുണ്ടായി, ആ കാലയളവിൽ വളരെ പ്രായമുള്ള, വളരെയധികം ബുദ്ധിമുട്ടുന്ന ആളുകൾ **7000** രൂപയൊക്കെ ഒരുമിച്ച് വാങ്ങിച്ചതും അത്രയും തുക ലഭിച്ച സന്തോഷത്തോടെ ഇരിക്കുന്ന ഫോട്ടോയും പത്രങ്ങളിൽ അച്ചടിച്ച് വന്നിരുന്നല്ലോ. അങ്ങനെ വന്നത് ആ പണം ലഭിച്ചതുകൊണ്ടല്ലേ? പണം ലഭിച്ചിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് നിങ്ങൾ ഇങ്ങനെ പറയുന്നത്. അതുകൊണ്ട് 'ഒന്നും നടക്കുന്നില്ല... നടക്കുന്നില്ല' എന്ന് വെറുതെ

പറയുന്നതല്ലാതെ അതിന് യാതൊരു അടിസ്ഥാനവുമില്ല. ചില മേഖലകളിൽ ഉണ്ടായ കാര്യങ്ങൾ പറയുന്നതിൽ ഞങ്ങൾക്ക് യാതൊരു മടിയുമില്ല, അതിനകത്ത് കള്ളം പറയുന്ന സ്ഥിതിയുമില്ല. കേന്ദ്രം ഇത്രയേറെ ബുദ്ധിമുട്ടും തടസ്സവുമുണ്ടാക്കിയിട്ടും ഞങ്ങൾ പിടിച്ചുനിൽക്കുന്നുവെന്ന കാര്യം പൊതുവിൽ സന്തോഷത്തോടെ പറയുകയാണ്. ആകെ വരുന്ന ചെലവിന്റെ കാര്യത്തെക്കുറിച്ചാണെങ്കിൽ, ചെലവ് കുറഞ്ഞിട്ടേയില്ല. ചെലവ് വെട്ടിക്കുറച്ചിട്ടില്ല എന്നത് വളരെ കൃത്യമായ കാര്യമാണ്. കിഫ്ബി വഴി ചെലവഴിക്കുന്ന പണത്തിന്റെ കണക്ക് നോക്കിയാൽത്തന്നെ ഏകദേശം പതിനായിരം കോടി രൂപയിൽ അധികം ഓരോ വർഷവും ചെലവാകുമല്ലോ, അത് നമ്മുടെ പൊതു എക്സ്പെൻഡിച്ചറിൽ കാണിക്കുകയുമില്ല. ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിൽ വലിയ തോതിൽ നമ്മൾ മുന്നോട്ടുപോയിട്ടുണ്ട്. നാഷണൽ ഹൈവെ, 2025-ൽ പൂർത്തീകരിക്കാൻ പോകുകയാണ്, അതിനുവേണ്ടിമാത്രം 6500 കോടി രൂപ സംസ്ഥാനം നൽകികഴിഞ്ഞു. നമ്മൾ പണം നൽകിയില്ലെങ്കിൽ ഭൂമിയുടെ വില സംബന്ധിച്ച കാര്യം പറഞ്ഞ് എൻ.എച്ച്.എ.ഐ. നിർമ്മാണം നടത്താതിരിക്കും. ഈ

കാര്യങ്ങളെല്ലാം ഉണ്ടാക്കുന്ന വലിയ മാറ്റങ്ങൾ നമ്മുടെ നാട്ടിൽ സംഭവിക്കുന്നില്ലേ? അത്തരത്തിൽ ഓരോ മേഖലയിലും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പി.എസ്.സി. നിയമനത്തിന്റെ കാര്യങ്ങളും ചർച്ചയിൽ വന്നല്ലോ, പി.എസ്.സി. മുഖാന്തരം അപ്പോയിന്റ്മെന്റുകൾ നടക്കുന്നില്ല, സ്കൂളുകളിൽ ആളുകളെ പറ്റിക്കുകയാണ് എന്നൊക്കെ വടകര അംഗം സംസാരിച്ചപ്പോൾ പറഞ്ഞല്ലോ, ഞാൻ നേരത്തെ പറഞ്ഞത് വീണ്ടും ആവർത്തിക്കേണ്ടി വരികയാണ്. 2022-23 വർഷത്തിൽ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ (UPSC)-ന്റെ കണക്കനുസരിച്ച് രാജ്യമൊട്ടാകെ 51000 നിയമനങ്ങളാണ് നടന്നത്. ഇതിൽത്തന്നെ 35000-ൽ അധികം നിയമനങ്ങളും നടന്നത് കേരളത്തിലാണെന്നത് അവർതന്നെ കൊടുത്ത കണക്കാണ്. അതായത് 60 ശതമാനത്തിൽക്കൂടുതൽ നിയമനങ്ങളും നടന്നത് കേരളത്തിലാണ്. തിരഞ്ഞെടുപ്പിലെ വിജയവും പരാജയവുമല്ല ഞങ്ങൾ മുഖ്യമായി കാണുന്ന പ്രശ്നം. തിരഞ്ഞെടുപ്പിൽ ഞങ്ങൾ പരാജയപ്പെട്ടു, അതിൽ വിജയിച്ചുവെന്ന് ഞങ്ങൾ പറയുന്നില്ലല്ലോ. ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ 'അഗ്നിവീർ' സംബന്ധിച്ച വിവാദങ്ങൾ ഉണ്ടാക്കിയ

ചർച്ചകളെക്കുറിച്ചും നമുക്ക് അറിയാവുന്നതാണല്ലോ, അവിടെയുണ്ടായ കർഷക പ്രശ്നങ്ങളും നമുക്കെല്ലാം അറിയാവുന്നതാണ്. ജോലിപോലും കൊടുക്കാതിരിക്കുന്ന ബി.ജെ.പി.-യുടെ നിലപാടല്ല നമ്മുടേത്, ഇന്ത്യയിൽ ആകമാനം നടന്ന പി.എസ്.സി. നിയമനങ്ങളേക്കാൾ കൂടുതൽ നിയമനങ്ങൾ നമ്മൾ നടത്തിയെന്നതടക്കം വളരെ നല്ല കാര്യങ്ങളാണ് ചെയ്തിരിക്കുന്നതെന്ന യാഥാർത്ഥ്യവും നമ്മുടെ മുമ്പിലുണ്ട്. സപ്ലൈകോയുടെ ഇപ്പോഴത്തെ സ്ഥിതി നിങ്ങൾ നോക്കിയുണ്ടോ? വളരെകുറച്ച് പണം മാത്രമെ സപ്ലൈകോയ്ക്ക് കുടിശ്ശികയുള്ളൂ. 1200 കോടി രൂപയിൽ കൂടുതൽ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള സാഹചര്യത്തിലാണ് ഈ ചെറിയ കുടിശ്ശികയുള്ളത് എന്നുകൂടി ഓർക്കണം. സപ്ലൈകോയുടെ നല്ല രീതിയിലുള്ള പ്രവർത്തനത്തിന് യാതൊരു തടസ്സവുമില്ല.

നിങ്ങൾ അറിഞ്ഞിരിക്കാനായി മാത്രം കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള ഗ്രാന്റുകളെക്കുറിച്ച് വളരെ പെട്ടെന്ന് പറയാം. ഹെൽത്ത് ഗ്രാന്റ് -725 കോടി രൂപ, അർബൻ ലോക്കൽ ബോഡി ഗ്രാന്റ്-513 കോടി രൂപ, സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് 34.7 കോടി രൂപ (ഇത്രയും ധനകാര്യ കമ്മീഷൻ

അനുസരിച്ച് ലഭ്യമാകേണ്ടവയാണ്). അടുത്തതായി പറയുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭ്യമാകാനുള്ള വിഹിതത്തെക്കുറിച്ചാണ്, സമഗ്ര ശിക്ഷാ കേരളം-188 കോടി രൂപ. വിദ്യാഭ്യാസ മേഖലയിലെ ആവശ്യത്തിനായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ആവശ്യപ്പെടുമ്പോൾ പണം നൽകാതിരിക്കാൻ സാധിക്കുമോ? കേന്ദ്രത്തിൽനിന്നും പണം ലഭ്യമാകുന്നില്ലെന്ന് പറഞ്ഞ് ഇവിടെ ശമ്പളം കൊടുക്കാതിരിക്കാൻ സാധിക്കില്ല. എല്ലാ മേഖലയിലും ലഭ്യമാകേണ്ട തുകയെക്കുറിച്ച് കേന്ദ്രത്തിൽ കൃത്യമായ കണക്ക് കൊടുത്തുകഴിഞ്ഞതാണ്. പ്രധാനമന്ത്രി മത്സ്യസമ്പത്ത് യോജന-164 കോടി രൂപ, നാഷണൽ ഹെൽത്ത് മിഷൻ-636 കോടി രൂപ (ഇത് ഒരു സെക്ടറിലേത് മാത്രമാണ്). കഴിഞ്ഞവർഷം മുഴുവനും ഈയിനത്തിൽ കേന്ദ്രം നൽകേണ്ട വിഹിതംകൂടി സംസ്ഥാനമാണ് വഹിച്ചത്. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്, കഴിഞ്ഞ മാസത്തെ വിഹിതംകൂടി കൊടുത്തുകഴിഞ്ഞു. യഥാർഥ അവസ്ഥ ഇങ്ങനെയാണെന്നിരിക്കെ കേന്ദ്രഗവൺമെന്റാണ് ഒന്നും ചെയ്യാതിരിക്കുന്നതെന്ന് ഇവിടെ പറയണ്ടേ? ഇത്തരത്തിൽ കേന്ദ്രത്തിൽനിന്നും ന്യായമായും നമുക്ക് ലഭ്യമാകേണ്ട പണം ലഭ്യമാകുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ

220 കോടി രൂപ ലഭ്യമാകാനുണ്ട് (ഇത് സാലറി പോർഷൻ അല്ല, സാധനങ്ങൾ വാങ്ങുന്ന വകയിൽ ലഭ്യമാകേണ്ടതാണ്), 'പോഷൺ അഭിയാൻ' 141-കോടി രൂപ, നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാമിലേയ്ക്ക്, അതായത് സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതിയിലേയ്ക്ക് ലഭ്യമാകാനുള്ള വിഹിതം 225 കോടി രൂപയാണ്. NFSA (Inter State movement of Food Grains) ഇനത്തിൽ-74 കോടി രൂപ, സ്കൂൾ ഉച്ചഭക്ഷണ പരിപാടിക്ക് ഈയടുത്ത സമയത്ത് ഒരു ഗഡു ലഭ്യമായി, ബാക്കി 11 കോടി രൂപ ലഭിക്കാനുണ്ട്. UGC-750 കോടി രൂപ, ഇതെല്ലാം ചേർത്താൽത്തന്നെ 3951 കോടി രൂപയോളം വരും. ഇത്തരത്തിൽ ധാരാളം തുക കേന്ദ്രത്തിൽനിന്നും നമുക്ക് ലഭ്യമാകാനുണ്ട്. ഈ വിഷയങ്ങളെല്ലാം എം.പി.-മാരുമായി സംസാരിച്ചിട്ടുണ്ട്, വീണ്ടും നമുക്ക് ഈ പ്രശ്നങ്ങളെല്ലാം പാർലമെന്റിൽ ഉയർത്തിക്കൊണ്ടുവരാം, അതിനായി എല്ലാവരും ഇടപെടുമെന്നുതന്നെയാണ് കരുതുന്നത്.

നേരത്തെ വിശദമായി ചർച്ച ചെയ്ത കാര്യങ്ങളായതിനാൽ ഓരോ മേഖലയെക്കുറിച്ചും പറയുന്നില്ല. ടാക്സ് കളക്ഷൻ സംബന്ധിച്ചാണല്ലോ നിങ്ങൾ ആവർത്തിച്ച് പറയുന്നത്, ഇപ്പോൾ നടത്തുന്ന പ്രത്യേക

പരിശോധനകളെക്കുറിച്ച് വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. സാധ്യമായ കാര്യങ്ങളെല്ലാം നമ്മൾ ചെയ്യുന്നുണ്ട്. ഐ.ജി.എസ്.ടി, ഓൺലൈൻ ട്രേഡിംഗ് തുടങ്ങിയ സംവിധാനങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ നേരത്തെ വളരെ വിശദമായി സഭയിൽ പറഞ്ഞുകഴിഞ്ഞതാണ്. ആ മേഖലയിലും വളരെ നല്ല രീതിയിൽ മുന്നോട്ടുവരാൻ സാധിച്ചിട്ടുണ്ട്. ലേബലിംഗ്, ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള വിഷയങ്ങൾ ഇന്ന് രാവിലെ ഇവിടെ ചർച്ച ചെയ്തതിനാൽ കൂടുതൽ പറയുന്നില്ല. ആശുപത്രി മേഖലയിലെ കാര്യങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു കഴിഞ്ഞതാണ്, ചില മേഖലകളിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് മന്ത്രി പറഞ്ഞത് ശ്രദ്ധിച്ചിട്ടുണ്ട്, പരമാവധി എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടുതന്നെ മുന്നോട്ടുപോകാം. മരുന്നിന്റെ കാര്യത്തിൽ തടസ്സം വരാത്ത വിധത്തിൽ നടപടി സ്വീകരിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സൂചിപ്പിക്കുന്നത്, മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയകൾ നടക്കുന്നില്ല, ഹെൽത്ത് കാർഡ് സ്വീകരിക്കുന്നില്ല, സ്റ്റെന്റ് ഉറപ്പുവരുത്തിയാലേ ഓപ്പറേഷൻ നടക്കുകയുള്ളൂ, ഹൃദ്രോഗികളുടെ പ്രശ്നമായതിനാൽ ആ

കാര്യത്തിലെങ്കിലും അങ്ങ് അടിയന്തരമായി ഇടപെടണം, മെഡിക്കൽ കോളേജിൽ സ്റ്റെന്റ് വിതരണം ചെയ്തിരുന്ന ഏജൻസികൾക്ക് പണം നൽകാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. എല്ലാ മെഡിക്കൽ കോളേജിലും ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്, ഇക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, KASP (Karunya Arogya Suraksha Padhathi) ഉൾപ്പെടെ ആരോഗ്യ പരിരക്ഷയുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം മാത്രം ധനകാര്യ വകുപ്പ് 444 കോടി രൂപ നൽകിയിട്ടുണ്ട്. നമ്മൾ നേരിടുന്ന പ്രതിസന്ധി ഈ സഭയിൽത്തന്നെ കഴിഞ്ഞ ദിവസം പറഞ്ഞതാണ്. നേരത്തെ ഒരു കുടുംബത്തിന് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് മുഖാന്തരം ഒരു വർഷം നൽകിയിരുന്നത് 30000 രൂപയുടെ പരിരക്ഷയായിരുന്നെങ്കിൽ ഇന്നത് 5 ലക്ഷം രൂപ എന്ന നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. നേരത്തെയുള്ളതിൽനിന്നും മൂന്നിരട്ടിയിലധികം ആളുകൾ ഗുണഭോക്താക്കളായുണ്ട്, ഏകദേശം 6.5 ലക്ഷത്തോളം ആളുകൾക്ക് ചികിത്സാ സഹായം കൊടുക്കുന്നുണ്ട്.

സ്വാഭാവികമായും പ്രതിവർഷം 1600 കോടി രൂപ ആരോഗ്യ പരിരക്ഷയിൽ നമുക്ക് ചെലവാകുന്നുണ്ട്. അതെല്ലാം കൊടുത്തുകൊണ്ട് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. ഓരോ സമയത്തും ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് മുന്നോട്ടുപോകാനുള്ള ശ്രമം നല്ലനിലയിൽ നടക്കുന്നുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രസ്തുത പ്രശ്നത്തെക്കുറിച്ചുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തിന് ലഭ്യമായതിനുശേഷവും 200 കോടി രൂപയുക്കൂടുത്ത് ഈയിനത്തിൽ നൽകിയിട്ടുണ്ട്. ഭാവിയിലും അതിനാവശ്യമായ പണം നൽകിക്കൊണ്ടിരിക്കുമെന്നതിൽ തർക്കമില്ല, വളരെ പ്രധാനപ്പെട്ട ഒരു കാര്യമായിത്തന്നെ അത് പരിഗണിക്കുന്നതാണ്, മരുന്നിന്റെ കാര്യത്തിലും അങ്ങനെതന്നെയാണ്. ബഡ്ജറ്റിന്റെ പൊതു കാഴ്ചപ്പാടുകളെക്കുറിച്ച് ഇങ്ങനെ പറഞ്ഞുപോയാൽ മതിയാകില്ല, ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ എന്താണ് ചെയ്യേണ്ടത് എന്നുകൂടി ചിന്തിക്കണ്ടേ? അതിനുവേണ്ടിയുള്ള പൊതുകാഴ്ചപ്പാടുകളെക്കുറിച്ച് ബജറ്റിലും ബജറ്റ് സ്പീച്ചിലും സൂചിപ്പിച്ചതാണ്. വിഴിഞ്ഞം പോലുള്ള വലിയ പദ്ധതികൾ, രാവിലെ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ തരത്തിലുള്ള വ്യാവസായിക മേഖലയിലെ

പുതിയ കാഴ്ചപ്പാടുകൾ, അതോടനുബന്ധിച്ച് ഓരോ മേഖലയിലും പുതുതായി വരുന്ന സംരംഭങ്ങൾ, കൃഷി വകുപ്പുമന്ത്രി സൂചിപ്പിച്ച കാർഷിക മേഖലയിലെ 'കേര' പദ്ധതി, സഹകരണ മേഖലയിലെ മൂലധനം ഉപയോഗിച്ചുകൊണ്ട് ചെയ്യാവുന്ന പുതിയ കാര്യങ്ങൾ എന്നിങ്ങനെ ഓരോ രംഗത്തും എന്തൊക്കെ ചെയ്യാമെന്നതിനെക്കുറിച്ചുള്ള ആശയങ്ങളും പദ്ധതികളും നമ്മൾ രൂപീകരിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലുള്ള ചെറുപ്പക്കാർക്ക് സ്റ്റാർട്ടപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വലിയ ഇൻവെസ്റ്റ്മെന്റ് നടത്തേണ്ടതുണ്ട്. നമ്മൾ എല്ലാവരുംചേർന്ന് ചെയ്യുന്ന കാര്യങ്ങളായേ അതിനെയെല്ലാം ഞങ്ങൾ കാണുന്നുള്ളൂ. അയ്യായിരത്തോളം സ്റ്റാർട്ടപ്പുകൾ വിവിധ മേഖലകളിലായി കേരളത്തിൽ ഇന്നുണ്ട്. ഏറ്റവും നല്ല FinTech (Financial Technology)-ൽ ഒന്ന് മഞ്ചേരിയിൽ ഇല്ലേ? പെരിന്തൽമണ്ണ, മഞ്ചേരി, കാസർഗോഡ്, സുൽത്താൻ ബത്തേരി, ചാലക്കുടി തുടങ്ങി ഓരോ സ്ഥലത്തും ഇതുണ്ട്. ഈ വിഷയത്തിൽ എനിക്കും സന്തോഷമുണ്ട്, എന്റെ മണ്ഡലമായ കൊട്ടാരക്കരയിൽ Zoho Corporation പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ഒരു മൾട്ടിനാഷണൽ കമ്പനിയാണ്. ലോക്കൽ ഏരിയയിലാണ് അവർക്ക് കൂടുതൽ

യൂണിറ്റുകൾ ഉള്ളത്, തെങ്കാശിയിലെ യൂണിറ്റിൽ അവർ ഒരു R&D Centre (Research and Development) തുടങ്ങിയിട്ടുണ്ട്. നമ്മൾ പ്രതീക്ഷിക്കാത്ത ചെറു പട്ടണങ്ങളിൽ ഉൾപ്പെടെ ധാരാളം സ്ഥാപനങ്ങൾ പല മേഖലയിലും വരുന്നുണ്ട്. നമ്മുടെ ചെറുപ്പക്കാർക്ക് ഈ നാട്ടിൽ ജോലിചെയ്യാൻ സാധിക്കുകയെന്നത് ചെറിയ കാര്യമല്ല, അതിനുള്ള അടിസ്ഥാന സൗകര്യങ്ങളും കാര്യങ്ങളും വരിക എന്നത് പ്രധാനമാണ്. ഞാൻ പറഞ്ഞതിനകത്ത് എത്രയോ സ്ഥലങ്ങൾ ഇനിയും വരാനുണ്ട്, വലിയ കേന്ദ്രങ്ങളെക്കുറിച്ച് ഞാൻ പറയുന്നുപോലുമില്ല. ഇതിനൊക്കെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമായും വന്നേ പറ്റൂ. 'Work Near Home' എന്ന കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. ചെറുപ്പക്കാർ പുറത്ത് പോയി 22 വയസ്സിലും മറ്റും ജോലി ചെയ്തു തുടങ്ങി, 25-30 വയസ്സുവരെ ജോലിചെയ്ത്, കല്യാണമൊക്കെ കഴിച്ച് വീട്ടിലെ ചുമതലകൾ കാരണം നാട്ടിൽ നിൽക്കേണ്ട സാഹചര്യം വരുമ്പോൾ, ജോലിചെയ്യാൻ മനസ്സുണ്ടാകും പക്ഷേ പുറത്ത് പോയി നിൽക്കാൻ സാധിക്കില്ലെന്ന അവസ്ഥ ഭാര്യയ്ക്കായാലും ഭർത്താവിനായാലും ഉണ്ടാകുമ്പോൾ, വീടിന് അടുത്തായി ഇതിന് ഒരു സൗകര്യമുണ്ടാകേണ്ടത് അത്യാവശ്യമാണ്.

ഇപ്പോൾ അതിന് സൗകര്യപ്രദമാകുന്ന തരത്തിൽ ഐ.ടി., ഐ.ടി. റിലേറ്റഡ് മേഖലയിൽ ജോലി ചെയ്യുന്ന ധാരാളം ആളുകളുണ്ട്, ഇത് സാധ്യമാകുന്നത് 'Work Near Home' എന്ന ആശയത്തിലൂടെയാണ്. കുവൈറ്റിൽനിന്നും ആശുപത്രി രംഗത്ത് മുതൽമുടക്കാനായി ചിലരൊക്കെ വരുന്ന കാര്യം നേരത്തെ നമ്മുടെ ബഹുമാനപ്പെട്ട കുട്ടനാട് അംഗം പറയുകയുണ്ടായി. ഹെൽത്ത് ഹബ്ബ് പോലുള്ള കാര്യങ്ങൾ നമുക്ക് നടപ്പിലാക്കാൻ സാധിക്കും. കേരളത്തിനുപുറത്തുനിന്നും ആളുകൾ ഇവിടെ വന്ന് ചികിത്സ തേടുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെ സജ്ജീകരിക്കാൻ സാധിക്കും. മെഡിക്കൽ കോളേജ്/സ്വകാര്യ മെഡിക്കൽ കോളേജുകളോട് ചേർന്നുകൊണ്ടുതന്നെ ഇതിന് സൗകര്യമുണ്ടാക്കാൻ കഴിയും. ഹെൽത്ത് ഹബ്ബ്, എഡ്യൂക്കേഷൻ ഹബ്ബ് തുടങ്ങിയവ ഇവിടെ പ്രാവർത്തികമാക്കാൻ സാധിക്കും. വിഴിഞ്ഞം പോലുള്ള പദ്ധതികൾ നമുക്കുണ്ട്, വിഴിഞ്ഞം മാത്രമല്ല, പക്ഷേ ഏറ്റവും പുതിയ വികസന സാധ്യത വന്ന സ്ഥലം എന്ന നിലയിൽ പറഞ്ഞതാണ്. ഇത്രയും വലിയ ഒരു വികസനം നടന്നിട്ടും പ്രതിപക്ഷത്തുനിന്നും ആരും അതൊന്നും സൂചിപ്പിച്ചില്ല. വിഴിഞ്ഞത്ത് മറ്റന്നാൾ ഞങ്ങളുംകൂടി വരാമെന്ന് ആരും പറഞ്ഞില്ലല്ലോ, ഞാൻ

ഏതായാലും നിങ്ങളെ എല്ലാവരെയും ക്ഷണിക്കുകയാണ്, വകുപ്പുമന്ത്രി ഔദ്യോഗികമായി എല്ലാവരെയും ക്ഷണിക്കുന്നതായിരിക്കും. ലോകത്തെ ഏറ്റവും വലിയ കപ്പൽ ജൂലൈ 12-ാം തീയതി വിഴിഞ്ഞം തുറമുഖത്ത് എത്തുകയാണ്. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. എങ്കിലും ആ സന്തോഷം സഭയെ അറിയിക്കേണ്ടതായിരുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ആ കപ്പലിനെ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിമാരും എം.എൽ.എ.-മാരും അടക്കം സ്വാഗതസംഘം രൂപീകരിച്ച് നമ്മൾ ഒരുമിച്ച് മുന്നോട്ടുപോകുകയാണ്. ഞങ്ങൾ ഒരുകാലത്തും ഇതിനെ ബഹിഷ്കരിക്കുകയോ എതിർക്കുകയോ ചെയ്തിട്ടില്ല. ഇനി ചെയ്യുകയുമില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. വിഴിഞ്ഞത്തെ ജനങ്ങളുടെ മുമ്പിൽവച്ച് കപ്പൽ വരുന്നതൊക്കെ നല്ല കാര്യമാണെന്ന് പറയും. അവിടെ നിങ്ങൾക്ക് അങ്ങനെ പറയാനെ സാധിക്കുകയുള്ളൂ. എന്നാൽ നിങ്ങൾ സഭയിൽ വന്ന് പറയുന്നത് ഇത് മൊത്തം നാശം, ഇത് മൊത്തം നാശമെന്നാണ്. ഇവിടെ വരുമ്പോൾ കേരളത്തിലെ

ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന് പറയുന്നതാണ് ശരിയല്ലാത്ത കാര്യമെന്നാണ് ഞാൻ പറഞ്ഞത്. രണ്ടാഴ്ചയ്ക്കകം വീണ്ടും ഒരു കപ്പൽകൂടി വരും. ലോകത്തെ ഏറ്റവും വലിയ കപ്പൽ വിഴിഞ്ഞം തുറമുഖത്ത് എത്തുന്നുവെന്നത് നമുക്കൊക്കെ അത്ഭുതമാണ്. കാരണം നമ്മൾ സ്വപ്നം കണ്ടിരുന്നതാണ്. ഇതൊരു ചെറിയ കാര്യമല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വിഴിഞ്ഞം തുറമുഖം പൂർത്തിയാകുന്നുവെന്നത് മലയാളികൾക്ക് മുഴുവൻ അഭിമാനകരമാണ്. ഇത് യു.ഡി.എഫ്. സർക്കാർ ഭരിച്ച സമയത്ത് കൊണ്ടുവന്ന പ്രോജക്ടാണ്. അങ്ങ് ഇപ്പോൾ ആ പ്രോജക്ടുമായി ബന്ധപ്പെട്ട് ഞങ്ങളെ പരിഹസിച്ച് പറയുകയാണ്. ഈ പ്രോജക്ട് ഞങ്ങൾ ആരംഭിക്കുന്ന സമയത്ത് ഇത് ആറായിരം കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് ഏർപ്പാടാണെന്ന് പറഞ്ഞ ആൾ അല്ലേ മുഖ്യമന്ത്രി? എന്നിട്ടും വിഴിഞ്ഞം തുറമുഖം ഉദ്ഘാടനം ചെയ്യാൻ പോകുകയാണെന്നുപറഞ്ഞ് ഞങ്ങളെ പരിഹസിക്കുകയാണ്. ഇത് എന്ത് മര്യാദയാണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വിഴിഞ്ഞം തുറമുഖത്തിന് വലിയ ചരിത്രമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിഴിഞ്ഞം തുറമുഖം

വേണമെന്ന് ആവശ്യപ്പെട്ട് മാർച്ച് സംഘടിപ്പിച്ചപ്പോൾ ഞാൻ അന്ന് ഡി.വൈ.എഫ്.ഐ. പ്രവർത്തകനായിരുന്നു. ആ മാർച്ചിൽ ഇടപെടാൻ വന്ന വ്യക്തിയായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി. കൂടാതെ വിഴിഞ്ഞം പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് നടത്തിയ ജനകീയ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുകയും അന്ന് ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രി മനുഷ്യച്ചങ്ങല അടക്കമുള്ള പരിപാടികളിൽ പങ്കെടുത്തിട്ടുള്ളതുമാണ്. ടി പദ്ധതിയുടെ കരാറുകളുടെ കാര്യം ചർച്ച ചെയ്യു ഘട്ടത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. അവിടെയും നമ്മൾ കളക്ടീവായി ചർച്ച ചെയ്യേണ്ട കാര്യങ്ങളുണ്ടായിരുന്നു, അതൊക്കെ ചരിത്രമാണ്, അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. വിഴിഞ്ഞം പദ്ധതിക്കുവേണ്ടി പണമെടുക്കുന്നതുപോലും സംസ്ഥാനത്തിന്റെ കടപരിധിയിൽപ്പെടുത്തണമെന്ന തരത്തിലാണ് പറയുന്നത്. അത് വേറൊരു വിഷയമാണ്. അതൊരു കൊമേഴ്സ്യൽ പ്രോജക്ടാണ്. ഈ പദ്ധതി വൈകിപ്പിക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞുകൊണ്ട് ആദ്യംതന്നെ Kerala Financial Corporation (KFC) വഴി പണം ക്രമീകരിച്ചുകൊടുത്തത് കൂടാതെ ഇപ്പോൾ നബാർഡിൽനിന്നും

പണമെടുത്ത് മുന്നോട്ടുപോകുകയാണ്. അത്രയും വലിയ പദ്ധതി വരുമ്പോൾ അവിടെ തുറമുഖം മാത്രം പോരാ. തുറമുഖത്തിനടുത്ത് പതിനായിരക്കണക്കിനല്ല, ലക്ഷക്കണക്കിന് ആളുകൾക്ക് ജോലി ചെയ്യാൻ കഴിയുന്നരീതിയിലുള്ള ടൗൺഷിപ്പ് വേണം. വലിയ രീതിയിലുള്ള സൗകര്യങ്ങളുണ്ടാക്കാൻ സജീവമായ ചില പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അപ്പുറവും ഇപ്പുറവുമുള്ള സംസ്ഥാനങ്ങൾക്ക് ഇതിന്റെ ഫലമായി വികസനമുണ്ടാകാം. എന്നാൽ കേരളത്തിനകത്ത് തന്നെ ഇത്തരത്തിലുള്ള വികസന പ്രവർത്തനങ്ങളുണ്ടാകണം. ഇതുപോലുള്ള ധാരാളം കാര്യങ്ങൾ ചെയ്യാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, വിഴിഞ്ഞം തുറമുഖം കേരളത്തിലായതുകൊണ്ട് മാത്രം നമുക്ക് പ്രയോജനം ലഭിക്കണമെന്നില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധമായി വരേണ്ട ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കാര്യമായ പ്രവർത്തനങ്ങളൊന്നും ഇപ്പോഴും കേരളത്തിൽ നടന്നിട്ടില്ല. നടന്നതെല്ലാം തമിഴ്നാട്ടിലാണ്. ഇതിന്റെ പ്രയോജനം അവസാനം വരാൻപോകുന്നതും അങ്ങോട്ടായിരിക്കും;

കേരളത്തിലുണ്ടാകില്ല എന്ന റിപ്പോർട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അനുബന്ധമായി വരേണ്ട ധാരാളം കാര്യങ്ങൾ കേരളത്തിൽ കാണുന്നില്ല. തുറമുഖം ഇവിടെയായതുകൊണ്ട് കപ്പൽ വരുന്നു. അതുമായി ബന്ധപ്പെട്ട് വരുന്ന അനുബന്ധ വ്യവസായങ്ങളും ട്രേഡുകളുമൊക്കെ തമിഴ്നാട്ടിലേയ്ക്കുപോയാൽ കേരളത്തിൽ വികസനപ്രവർത്തനങ്ങളൊന്നും ഉണ്ടാകില്ല. ശരിയായ രീതിയിലുള്ള റോഡോ ഇൻഫ്രാസ്ട്രക്ചറോ റെയിൽ സൗകര്യങ്ങളോ ചെയ്തിട്ടില്ലെന്ന റിപ്പോർട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, അങ്ങ് സൂചിപ്പിച്ച കാര്യം ശരിയല്ല. 1.7 കിലോമീറ്റർ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണതയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നു. റെയിൽവെ കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് 10.7 കിലോമീറ്ററിന്റെ പാരിസ്ഥിതിക ആഘാത പഠനവും സാമൂഹിക ആഘാതപഠനവും നടത്തിയിട്ടുണ്ട്. 9.2 കിലോമീറ്ററിന്റെ തുരങ്കപാതയുടെ നിർമ്മാണംകൂടി പൂർത്തീകരിക്കുമ്പോൾ റെയിൽവെ കണക്ടിവിറ്റിയാകും. റിംഗ് റോഡിന്റെ കാര്യത്തെ സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ

കമ്മിറ്റിയിൽ അതുമായി ബന്ധപ്പെട്ട അധികാരികളെയും എൻ.എച്ച്.-ന്റെ അധികാരികളെയും ഉൾപ്പെടുത്തി മീറ്റിംഗ് നടത്തി അതിന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവെ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഇപ്പോൾ കേന്ദ്ര റെയിൽവെ അംഗീകരിച്ചതിനെത്തുടർന്ന് അതിന്റെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. അങ്ങ് ഇതൊന്നും ആരംഭിച്ചിട്ടില്ലെന്ന് പറഞ്ഞത് ശരിയല്ല. പശ്ചാത്തല സൗകര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് പറഞ്ഞ കാര്യം വളരെ ഗൗരവമായിത്തന്നെയാണ് കാണുന്നത്. റിംഗ് റോഡിന്റെ പ്രവൃത്തികൾ നടക്കുന്നുണ്ട്. 2300 കോടി രൂപ നബാർഡിൽനിന്നും ലോണെടുക്കുന്നത് തുരങ്കപാതയ്ക്കും ബാക്കി വികസന കാര്യങ്ങൾക്കുമാണ്. സംസ്ഥാന സർക്കാർ പണമെല്ലാം മുടക്കി ഇക്കാര്യങ്ങൾ ചെയ്യാമെന്ന ധാരണയും ഞങ്ങൾക്കില്ല. സിയാൽ മോഡലോ അല്ലാതെയുള്ളതോ ആയ പലതരത്തിലുള്ള മോഡലുണ്ട്. ബജറ്റിൽ വിഴിഞ്ഞം പദ്ധതി സംബന്ധിച്ച് പറയുന്ന ഭാഗത്ത് ഇതിനെക്കുറിച്ചെല്ലാം പറഞ്ഞിട്ടുണ്ട്. സ്വകാര്യ മൂലധനം പലവിധത്തിൽ

വരാവുന്ന തരത്തിലേയ്ക്ക് സാഹചര്യങ്ങൾ വിപുലമായിട്ടുണ്ട്. പതിനായിരത്തോളം ഏക്കർ സ്ഥലവും വിവിധ തരത്തിലുള്ള സംവിധാനങ്ങളും വരേണ്ടി വരും. വിഴിഞ്ഞത്തിന്റെ ചുറ്റുപാടുമായി വിവിധ തരത്തിലുള്ള ഫാക്ടറി പോലുള്ള സംവിധാനങ്ങളും ലോജിസ്റ്റിക്സ് അടക്കമുള്ള പല കാര്യങ്ങളും വരണമെന്നുള്ളതുതന്നെയാണ് നമ്മുടെ കാഴ്ചപ്പാട്. അതിൽ നമുക്ക് യുണൈറ്റഡായി മുന്നോട്ടുപോകുക സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഈ കാര്യങ്ങളെല്ലാം ചെയ്ത് മുന്നോട്ടുപോകുകയാണ്. കേരളത്തിന്റെ സാമ്പത്തിക രംഗത്തെ ഡിസ്സ്റ്റെബിലൈസ് ചെയ്തിട്ടില്ല. കേരളത്തിന്റെ സാമ്പത്തികരംഗത്തെ ഡിസ്സ്റ്റെബിലൈസ് ചെയ്യാൻ ഇലക്ഷനുമുമ്പ് കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടായി. അങ്ങനെ സംഭവിച്ചില്ല എന്നതുകൊണ്ട് മാത്രം കാര്യമില്ല. നമുക്ക് കിട്ടാനുള്ള പണം ഇപ്പോൾ ലഭിക്കാതിരുന്നാൽ പിന്നീട് ഭാവിയിൽ കിട്ടുമോ? ഇവിടെ തട്ടിയുരുട്ടി കാര്യങ്ങൾ കൊണ്ടുപോകലല്ല വേണ്ടത്; ലഭിക്കാനുള്ള അർഹമായ പണം വാങ്ങണം. നമുക്കൊരുമിച്ചുനിന്ന് കേരളത്തിലെ എം.പി.-മാർ അവിടെ പറയുകയും പുറത്തുപറയുകയും ചെയ്താൽ

അത് ലഭിക്കും. അക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകണമെന്നുള്ളതാണ്. ഇതെല്ലാമുള്ളപ്പോൾ നമുക്ക് രാഷ്ട്രീയം അമിതമായി പോകുന്നു. രാഷ്ട്രീയം ഏറ്റവും നന്നായിട്ടുള്ളതാണ്. പക്ഷേ രാഷ്ട്രീയത്തിന്റെ ലെവൽ അങ്ങനെയാണ്. അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് ആളുകളെ മോശപ്പെടുത്താൻവേണ്ടി എത്രയെത്ര കഥകളുണ്ടാക്കുകയാണ്. അതുകൊണ്ട് പൊതുവെ രാഷ്ട്രീയത്തിന് എന്തുഗുണമുണ്ടാകും?

സോഷ്യൽ മീഡിയയിൽ ഇന്ന് നിങ്ങളെക്കുറിച്ചാണല്ലോ കഥകൾ വരുന്നതെന്ന് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞപ്പോൾ ഞാൻ അത് പരിശോധിച്ചു. ചികിത്സയ്ക്കുവേണ്ടി ഒരു ദിവസം ഞാൻ മെഡിക്കൽ കോളേജിൽ ആശുപത്രിയിൽ പോയിരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയതുകൊണ്ടാണ് ഇത് പുറത്തറിഞ്ഞത്. പെട്ടെന്ന് ഒരു അസുഖമുണ്ടായാൽ വ്യക്തിപരമായ ചികിത്സയ്ക്കുവേണ്ടി മെഡിക്കൽ കോളേജിൽ പോകുന്നത് ആളുകൾ അറിയേണ്ട കാര്യമില്ല. പക്ഷേ ആശുപത്രിയിൽ പോയ കാര്യങ്ങളെല്ലാം പത്രത്തിൽ വരുമല്ലോ. അവിടെനിന്നു ചികിത്സയെല്ലാം കഴിഞ്ഞു. കേരളത്തിലെ 42 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ

പദ്ധതിയനുസരിച്ച് ലഭിക്കുന്ന അതേ ഐ.സി.യു.-വിലാണ് ഞാനും അഡ്മിറ്റായത്. ഞാൻ ഉൾപ്പെടെയുള്ള മറ്റ് മന്ത്രിമാരും ഇപ്പോഴും അവിടെ ചികിത്സയ്ക്കായി പോകുന്നുണ്ട്. 'ധനകാര്യ മന്ത്രി ഒരു ദിവസത്തെ ആശുപത്രി വാസത്തിന് 1,90,000 രൂപ എഴുതിയെടുത്തു' എന്ന തരത്തിലാണ് സോഷ്യൽ മീഡിയയിൽ വാർത്തകൾ വന്നത്. ചില പ്രമുഖമായ മീഡിയകളൊക്കെ അങ്ങേയ്ക്കറിയാവുന്നതാണ്. കേരളത്തിലുള്ളത് നല്ല ഒന്നാംതരം മെഡിക്കൽ കോളേജുകളാണെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. അവിടെ എനിക്ക് നേരിട്ടുണ്ടായ അനുഭവം പറയട്ടെ, മെഡിക്കൽ കോളേജിൽ പലതരം രോഗങ്ങൾക്ക് ചികിത്സയ്ക്കുവരുന്ന 42 ലക്ഷം പേർക്ക് കാരുണ്യ പദ്ധതിയനുസരിച്ചുള്ള ഇൻഷ്വറൻസ് ലഭിക്കും. അങ്ങനെയല്ലാത്ത ആളുകൾ, ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സയ്ക്ക് വരുന്നവരാണെന്ന് ഇരിക്കട്ടെ, ഞാൻ കിടക്കുന്ന സമയത്ത് ഐ.സി.യു.-വിൽ രണ്ട് രോഗികൾ വന്നു. അതിലൊരാൾ ബംഗാളി തൊഴിലാളിയാണ്. വഴിയിൽവച്ച് പെട്ടെന്ന് അസുഖ ബാധിതനായതിനാൽ മെഡിക്കൽ കോളേജിൽ എത്തിയതാണ്, അയാളുടെ പക്കൽ കാരുണ്യ ഇൻഷ്വറൻസ് കാർഡ് ഇല്ല.

ശ്രീ. ജി. എസ്. ജയലാൽ: സർ, മുമ്പ് ഒരു ആരോഗ്യ വകുപ്പുമന്ത്രി എന്റെ ജീവൻ രക്ഷിക്കണമെങ്കിൽ മെഡിക്കൽ കോളേജിൽ നിന്ന്കൊണ്ടുപോകണമെന്ന് പറഞ്ഞ് ഇറങ്ങിപ്പോയത് ഓർമ്മയുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മെഡിക്കൽ കോളേജ് അല്ലാത്ത ആശുപത്രിയിൽ പോകുന്നതിനെക്കുറിച്ച് അല്ല, അസുഖം വന്നാൽ ആശുപത്രിയിൽ പോകേണ്ടി വരില്ലേ? കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് എല്ലാ ചികിത്സയും നൽകും. അയാൾക്ക് കാരുണ്യയുടെ ചികിത്സാ കാർഡ് ഇല്ലെങ്കിലും 35,000 രൂപയുടെ ഇഞ്ചക്ഷൻ സൗജന്യമായാണ് നൽകുന്നത്. അതിനുശേഷം തമിഴ്നാട്ടിൽനിന്നുള്ള ഒരു രോഗി വന്നു. ഇവർക്ക് രണ്ടുപേർക്കും അവിടെ ഒരേ തരത്തിൽ തന്നെയാണ് ചികിത്സ ലഭിച്ചത്. നമ്മളെല്ലാവരും പണമടച്ചിട്ടുതന്നെയാണ് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് വാങ്ങുന്നത്. സാധാരണ കാരുണ്യ കാർഡ് ഉണ്ടെങ്കിൽ അതിന്റെ ആവശ്യമില്ല. കേരളത്തിലെ മെഡിക്കൽ കോളേജും ആശുപത്രികളും ഏറ്റവും നല്ല ആശുപത്രികളാണെന്ന് പറയാൻവേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്. അവിടെ ഇനിയും കൂടുതൽ സൗകര്യങ്ങൾ വേണമെങ്കിൽ കൊടുക്കാം.

ബില്ലിന്റെ ചൂട് ഉണങ്ങുന്നതിനുമുമ്പ് പുറത്തുകൊടുക്കണമെങ്കിൽ ഭരണകക്ഷിക്കല്ലേ എളുപ്പം? ഞാൻ പറഞ്ഞു എന്നേയുള്ളൂ. ഇതൊരു ചെറിയ കാര്യമാണ്. ഇവിടെ പി.എസ്.സി.-യുടെ കാര്യം പറഞ്ഞു. എപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരുപറഞ്ഞ് അപമാനിക്കാൻ ശ്രമം നടത്തുന്നത് എന്തിനാണ്? ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ പേരും ഇവിടെ പറയുകയുണ്ടായി. ഇതെല്ലാം അപ്പോൾത്തന്നെ സോഷ്യൽ മീഡിയയിലേക്ക് എത്തുകയല്ലേ ചെയ്യുന്നത്; രാവിലെ ഇവിടെ പരാമർശിച്ച പേരുണ്ട്. കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളിൽ അത് വന്നതാണ്. എസ്.എഫ്.ഐ. പ്രവർത്തകനായിരുന്ന സമയത്താണ് ശ്രീ. പി. എ. മുഹമ്മദ് റിയാസുമായി ഞാൻ പരിചയപ്പെടുന്നത്. ഞാൻ എസ്.എഫ്.ഐ.-യുടെ ഓൾ ഇന്ത്യാ പ്രസിഡന്റും സംസ്ഥാന സെക്രട്ടറിയുമായിരിക്കുമ്പോൾ മുതൽ എനിക്ക് അദ്ദേഹത്തെ പരിചയമുണ്ട്. ഓരോരുത്തരും അന്നുമുതൽ പ്രവർത്തിക്കുന്നവരാണ്. ഞങ്ങളെല്ലാം ഈ സംഘടനയിൽ പ്രവർത്തിച്ചുവന്നവരാണ്. എം.എൽ.എ.-മാരെയും മന്ത്രിമാരെയും രാഷ്ട്രീയ നേതാക്കളെയും അകത്തില്ലാത്തവരെയും പുറത്തുള്ളവരെയുമെല്ലാം പറയുമല്ലോ;

ഇങ്ങനെ വസ്തുതയില്ലാതെ അങ്ങോട്ടുമിങ്ങോട്ടും ആരോപണമുന്നയിച്ചാൽ എങ്ങനെയാണ്? വിദ്യാർഥിരംഗം മുതൽ പ്രവർത്തിച്ചുവരുന്ന ഒരാളെക്കുറിച്ചാണ് പറയുന്നത്. ഓരോ കാര്യവും പത്രത്തിൽ വരുന്നുണ്ടല്ലോ, ഒരാളുടെ പേര് ഞാൻ പറഞ്ഞെന്നേയുള്ളൂ. ഒരാളുടെ മാത്രമല്ല, എല്ലാ ആളുകളെയുംകുറിച്ച് പറയുന്നതാണല്ലോ; കേരളത്തിലെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന ഫോട്ടോ മോർഫ് ചെയ്ത് പ്രചരിപ്പിക്കുന്നില്ലേ; ഓരോന്നും നമുക്ക് ഇല്ലാതാക്കാനൊന്നും കഴിയില്ല. അത്തരത്തിലുള്ള പ്രചരണ രീതിയല്ല നമുക്ക് വേണ്ടത്. ഒരു കാര്യം ഞാൻ പറയാം, നമ്മുടെ നാട്ടിൽ ഇത്തരത്തിൽ വ്യക്തികളെ അപമാനിക്കുന്ന തരത്തിലുള്ള അനാവശ്യ പ്രചരണങ്ങൾ ജനങ്ങൾ വിശ്വസിക്കില്ല. ഒന്നും കിട്ടില്ലെന്നുപറഞ്ഞാൽ കിട്ടുന്ന ആളുകൾ നിങ്ങളെ വിശ്വസിക്കുമോ? കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് നിങ്ങൾ എന്തൊക്കെ കഥകളുണ്ടാക്കി? ജനങ്ങൾ അതൊന്നും വിശ്വസിക്കില്ല. നമുക്ക് കേരളത്തിനുവേണ്ടി സംസാരിക്കാം. അതിന് യാതൊരു തർക്കവുമില്ല. പക്ഷേ ഇത്തരത്തിൽ വ്യക്തികളെ ഡീഫേം ചെയ്യുന്ന തരത്തിലേക്ക്, എല്ലാ പാർട്ടി നേതാക്കളെയും മന്ത്രിമാരെയും രാഷ്ട്രീയ

നേതാക്കളെയും എം.എൽ.എ.-മാരെയുമെല്ലാം ഇങ്ങനെ അപമാനിക്കുന്ന തരത്തിലുള്ള വാർത്താ പ്രചരണത്തിന്റെ രീതിയുണ്ട് എന്നുള്ളതുകൊണ്ട് ഞാൻ പറഞ്ഞെന്നേയുള്ളൂ. ഞാൻ പറഞ്ഞതുകൊണ്ട് എല്ലാം ഇല്ലാതാകുമെന്നല്ല. ഇത്തരം രീതിയിലുള്ള പ്രചരണങ്ങൾ നടത്തുന്ന തരത്തിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. പൊതുവിൽ ഇത് നല്ല കാര്യമല്ല.

വിദ്യാർഥി രംഗത്തെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഞാൻ വിദ്യാർഥി രംഗത്തുനിന്നുവന്ന ആളാണ്. എസ്.എഫ്.ഐ. പ്രവർത്തകനായിരുന്ന ഒരാളാണ് ഞാൻ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് NSUI (National Students' Union of India)-ന്റെ ജനറൽ സെക്രട്ടറിയായിരിക്കുന്ന സമയത്ത് ഞാൻ എസ്.എഫ്.ഐ.-യുടെ അഖിലേന്ത്യാ പ്രസിഡന്റായിരുന്നു. ആസൂത്രിതമായല്ലേ വിദ്യാർഥി സംഘടനകൾ എന്ന നിലയിൽ..... ഒരു മുൻകാല എസ്.എഫ്.ഐ. പ്രവർത്തകനെന്ന നിലയിൽ, വിദ്യാർഥി രാഷ്ട്രീയത്തിലൂടെയാണ് ഞങ്ങളൊക്കെ ഇന്നത്തെ നിലയിലുള്ള രാഷ്ട്രീയ കാഴ്ചപ്പാടിലും പ്രവർത്തനത്തിലും എത്തിച്ചേർന്നതെന്ന് പറയാൻ കഴിയും. ശ്രീ. മോൻസ് ജോസഫ് കെ.എസ്.സി.-യുടെ സംസ്ഥാന പ്രസിഡന്റായിരുന്ന

സമയത്ത് ഞങ്ങൾ ഒരുമിച്ച് നിരാഹാരം കിടന്നിട്ടുണ്ട്. വിദ്യാർഥി സംഘടനാ പ്രവർത്തനമെന്ന് പറയുന്നതിൽ ഒരു വിലയും മാതൃകയുമുണ്ട്. ഞങ്ങൾ വിദ്യാർഥികളെയും അധ്യാപകരുരെയും അപമാനിക്കുന്ന നിലയിൽ അങ്ങോട്ടുമിങ്ങോട്ടും പറയാറില്ല. എത്ര എസ്.എഫ്.ഐ. പ്രവർത്തകരെയാണ് നിങ്ങൾ കേരളത്തിൽ കൊല ചെയ്തത്? എസ്.എഫ്.ഐ. പ്രവർത്തകർ ഒരു കെ.എസ്.യു. പ്രവർത്തകനെയെങ്കിലും കൊലപ്പെടുത്തിയ കേസുണ്ടോ? ക്യാമ്പസുകളിൽ കെ.എസ്.യു. പ്രവർത്തകർ മരണപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ അതെല്ലാം പരസ്പര സംഘർഷത്തിലൂടെയായിരുന്നു. പേരുകൾ ഞാൻ പറയുന്നില്ല. പരസ്പരം സംഘർഷമുണ്ടായതിനെ തുടർന്നുള്ള സംഭവങ്ങളാണ് നടന്നിട്ടുള്ളത്. എം.എസ്.എഫ്. പ്രവർത്തകർ അധ്യാപകനെ ചവിട്ടിക്കൊന്ന സംഭവമില്ലേ? പഴയ പത്രകട്ടിംഗ് എടുക്കാം. .........(ബഹളം).......... അതുപറയുമ്പോൾ എന്താണ് ബഹളമുണ്ടാക്കുന്നത്? ......... (ബഹളം)..........

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്..... ശ്രീ. പി. കെ. ബഷീർ, പ്ലീസ്..... ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് കൺക്ലൂഡ് ചെയ്യുക.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പി. കെ. ബഷീർ, ഞാൻ വ്യക്തമായി പറയാം. മട്ടന്നൂർ പഴശ്ശിരാജ കോളേജിൽ കെ.എസ്.യു. നേതാവും മാഗസിൻ എഡിറ്ററുമായിരുന്ന പുതിയ വീട്ടിൽ ബഷീറിനെ ആരാണ് കൊലപ്പെടുത്തിയതെന്ന് അന്വേഷിച്ചാൽ മതി. ഇത്തരം സംഭവങ്ങളുണ്ട്. ഏത് വിദ്യാർഥി സംഘടനകളായാലും.....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എം.എസ്.എഫ്. പ്രവർത്തകർ ഒരു അധ്യാപകനെ ചവിട്ടിക്കൊന്നുവെന്ന് ഇവിടെ പറഞ്ഞു. അത് എവിടെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ............ (മൈക്ക് ഓഫ്) ...............

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ ചോദിച്ചതിന് മറുപടി കിട്ടിയില്ലല്ലോ; എന്റെ ചോദ്യം ബഹുമാനപ്പെട്ട മന്ത്രി കേട്ടതുപോലെയല്ല തോന്നുന്നത്. ചോദ്യം ഉന്നയിച്ച് കഴിയുന്നതിന് മുമ്പുതന്നെ അദ്ദേഹം എഴുന്നേറ്റു. അതുകൊണ്ട് ചോദിക്കുകയാണ്. എം.എസ്.എഫ്. പ്രവർത്തകർ ഒരു അധ്യാപകനെ ചവിട്ടിക്കൊന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത്

എവിടെയാണെന്ന് വ്യക്തമാക്കണം. ഇല്ലാത്ത കാര്യമാണെങ്കിൽ അത് സഭാ രേഖയിലുണ്ടാകാൻ പാടില്ലല്ലോ; അതുകൊണ്ട് ചോദിച്ചതാണ്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ശ്രീ. പി. കെ. ബഷീർ ഉൾപ്പെടെയുള്ളവരും ഇക്കാര്യം ആദ്യമായി കേൾക്കുന്നതുപോലെ എന്തിനാണ് ഇത്ര ക്ഷുഭിതരായി ചാടിയെഴുന്നേറ്റതെന്ന് മനസ്സിലായില്ല. കഴിഞ്ഞ ദിവസം ഈ സഭയിൽ ഞാൻ ഇക്കാര്യം പറയുകയും ആ പത്രവാർത്തയും മരിച്ചയാളുടെ ഫോട്ടോയുമെല്ലാം കാണിക്കുകയും ചെയ്തതാണ്. അതെല്ലാം സഭാ രേഖയിലുണ്ട്. അന്ന് അനങ്ങാതിരുന്ന ആളുകൾക്ക് ഇപ്പോൾ ക്ഷോഭം വരുന്നതെന്തുകൊണ്ടാണ്; ഒരാഴ്ച കഴിഞ്ഞാണോ ക്ഷോഭം വരേണ്ടത്? ഞാൻ പേര് പറഞ്ഞുതരാം. അങ്ങ് വളരെ സദുദ്ദേശ്യത്തിൽ ചോദിച്ചതാണെന്ന് മനസിലായി. കൊല ചെയ്യപ്പെട്ട അധ്യാപകന്റെ പേര് ജെയിംസ് അഗസ്റ്റിൻ എന്നാണ്. ക്ലസ്റ്റർ മീറ്റിംഗിനിടയിലാണ് ഈ സംഭവമുണ്ടായത്. ............(ബഹളം)....... അങ്ങ് ചോദിച്ചതിനല്ലേ മറുപടി പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ശ്രീ. പി. കെ. ബഷീർ അവിടെയിരിക്കു..... കൺക്ലൂഡ് ചെയ്യട്ടെ. .........(ബഹളം).......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല. ഈ വസ്തുതകൾ പറയാൻ എന്നെ നിർബന്ധിതനാക്കിയതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, .............

മി. സ്പീക്കർ: പ്രതിപക്ഷ അംഗങ്ങളോട് സീറ്റിലിരിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയൂ. എങ്കിൽ മൈക്ക് നൽകാം. പ്ലീസ്..... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു അടിസ്ഥാനവുമില്ലാതെ യാതൊരു തെളിവുകളുടെയും പിൻബലമില്ലാതെ എം.എസ്.എഫ്. പ്രവർത്തകർ ഒരു അധ്യാപകനെ ചവിട്ടിക്കൊന്നുവെന്ന് ഒരു ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ പറയുകയാണ്. ഇക്കാര്യം പറഞ്ഞ ധനകാര്യ വകുപ്പുമന്ത്രിക്ക് ആര് മരിച്ചെന്നോ ആര് ചവിട്ടിക്കൊന്നെന്നോ ഒരു പിടിയുമില്ല. ഗുരുതരവും അടിസ്ഥാനരഹിതവുമായ ആരോപണമുന്നയിച്ച് ഈ നിയമസഭാ വേദിയെ കളങ്കപ്പെടുത്തുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തത്. ഇതിൽ ഞങ്ങൾ

അതിശക്തമായി പ്രതിഷേധിക്കുന്നു. ഇത് സഭാ രേഖകളിലുണ്ടാകാൻ പാടില്ല. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ധനകാര്യ വകുപ്പുമന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്നും പുറത്തുപോയി)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞ കാര്യംതന്നെ ഞാൻ ആവർത്തിക്കുകയാണ്. ആ പത്രവും പത്രകട്ടിംഗും വാർത്തകളുമൊക്കെയുണ്ട്. എന്തായാലും രാഷ്ട്രീയമായി അവർക്കത് ചെയ്യാതിരിക്കാൻ കഴിയില്ല. നാം ഇവിടെ ആവശ്യമില്ലാത്ത രാഷ്ട്രീയ കാര്യങ്ങളും വിദ്യാർഥി രംഗത്ത് ഇല്ലാത്ത കഥകളുമെല്ലാം സൃഷ്ടിക്കുകയാണ്. ഇന്ന് ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട സർവകലാശാലകളിലും ഏറ്റവും പ്രധാനപ്പെട്ട വിദ്യാർഥി സംഘടനയായി എസ്.എഫ്.ഐ. പ്രവർത്തിക്കുന്നുണ്ട്. അത് ഈ പ്രവർത്തനത്തിന്റെ ഭാഗമായാണ്. അത്തരം കാര്യങ്ങളെല്ലാം ഞാൻ ചൂണ്ടിക്കാണിച്ചെന്നേയുള്ളൂ. ഇവിടെ നടന്ന ചർച്ചകളിൽ പോസിറ്റീവായ കാര്യങ്ങൾ പലതും വന്നു. അതെല്ലാം ഉൾക്കൊള്ളുന്നുണ്ട്.

അതിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. തെറ്റായ പല കാര്യങ്ങളും പറഞ്ഞു. അതുസംബന്ധിച്ച ചില പരാമർശങ്ങൾ ഞാൻ പറഞ്ഞു. 2024-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: 2024-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ.................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്
(ഭേദഗതി ഇല്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്
(ഭേദഗതി ഇല്ല)

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക
(ഭേദഗതി ഇല്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും
(ഭേദഗതി ഇല്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ പാസാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ പാസാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ......

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസായിരിക്കുന്നു.